ഇളമ്മാട് ഗ്രാമപഞ്ചായത്ത്

സമഗ്രവികസനരേഖ

അധികാരം ജനങ്ങളിലേക്ക്

ഇളമാട് ഗ്രാമപഞ്ചായത്താഫീസ്

25-6



അധികാരം ജനങ്ങളിലേക്ക്

രണ്ടാം പദ്ധതി
ജനകീയ പദ്ധതി

ഇളമ്മാട് ഗ്രാമപഞ്ചായത്ത്

ജനകീയ ആസൂത്രണം

വികസന റിപ്പോർട്ട്

'ഏറ്റവും അടിത്തട്ടിലുള്ളവർക്ക്
പോലും ഇതെന്റെ നാടാണെന്നും
ഇതിന്റെ നിർമ്മിതിയിൽ എനിക്കും
പങ്കുണ്ടെന്നും ബോദ്ധ്യമാവണം'
അതാണ് സ്വരാജിലേക്കുള്ള വഴി



ഇ.എം.എസ്. നമ്പൂതിരിപ്പാട്
ചെയർമാൻ
ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതി
ജനകീയാസൂത്രണപ്രസ്ഥാനം

ജാതിയുടേയും മതസമുദായത്തിന്റേയും രാഷ്ട്രീയപാർട്ടികളുടേയും പേരിൽ ഭിന്നിച്ചുനിൽക്കുന്ന കേരള ജനതയ്ക്ക് വികസനത്തിന്റെ കാര്യത്തിൽ ഒന്നിക്കാൻ കഴിയുമെന്ന് ജനകീയാസൂത്രണത്തിന്റെ അനുഭവം തെളിയിക്കുന്നു. യോജിച്ച പ്രവർത്തനത്തിന്റെ മേഖല വികസിപ്പിക്കാനുള്ള സാധ്യത വളർന്നുവരികയാണെന്നർത്ഥം. അതു തികച്ചും ഉപയോഗപ്പെടുത്താൻ ബന്ധപ്പെട്ടവരെല്ലാം ശ്രമിക്കണമെന്നാണ് എന്റെ ആഗ്രഹം.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ വിജയഭേരി മുഴങ്ങട്ടെ

ശ്രീ. ഇ.കെ. നായനാർ
ബഹു: കേരളമുഖ്യമന്ത്രി
സംസ്ഥാന പ്ലാനിംഗ് ബോർഡ് ചെയർമാൻ



ശ്രീ. കെ. കരുണാകരൻ
വൈസ്ചെയർമാൻ, ജനകീയാസൂത്രണ സമിതി



ശ്രീ. പി.കെ. വാസുദേവൻനായർ
വൈസ്ചെയർമാൻ, ജനകീയാസൂത്രണ സമിതി



ശ്രീ. എ.കെ. ആന്റണി
വൈസ്ചെയർമാൻ, ജനകീയാസൂത്രണ സമിതി

പിറന്ന നാടിന്റെ മക്കളാവുക

ജനിച്ച മണ്ണിന്റെ ഉപ്പാവുക

ജനകീയാസൂത്രണത്തിന്റെ സംസ്ഥാനതല ഉൽഘാടനം

മുൻകാലസാരഥികൾ

1962 ൽ രൂപംകൊണ്ട ഇളമാട് ഗ്രാമപഞ്ചായത്തിൽ അന്ന് 6 വാർഡുകളും 8 മെമ്പർമാരും ഉണ്ടായിരുന്നു. ഇളമ്മാട് 1, ഇളമ്മാട് 2 അർക്കന്നൂർ, നെട്ടയം, പാറങ്കോട്, വേങ്ങൂർ എന്നിവയായിരുന്നു വാർഡുകൾ. ഈ ആറ് വാർഡ് മെമ്പർമാർക്കുപുറമേ പട്ടികജാതി പട്ടികവർഗ്ഗത്തിൽനിന്നും ഒരു പ്രതിനിധിയെ തെരഞ്ഞെടുത്തിരുന്നു. അതുപോലതന്നെ, ഒരു വനിതയേയും നോമിനേറ്റ് ചെയ്തിരുന്നു.

ശ്രീ.നെട്ടയം ആർ.പത്മനാഭൻനായർ പ്രസിഡന്റും ശ്രീ.ജി.കുഞ്ഞുകൃഷ്ണപിള്ള വൈസ്പ്രസിഡന്റുമായിരുന്ന ഭരണസമിതിയായിരുന്നു ആദ്യത്തേത്. ഈ ഭരണസമിതിയിൽ സർവ്വശ്രീ. ആർ. ബാലകൃഷ്ണപിള്ള. (ഇളമ്മാട് 1), എം.സി.തോമസ് (വേങ്ങൂർ), ജി.ജോർജ്ജ് (ഇളമ്മാട് 2), എം.പി.ആനന്ദഭായിഅമ്മ (വനിത), പി.ഗോപാലൻ (ചെറുവക്കൽ), അബ്ദുൾ ഹമീദ് റാവുത്തർ (അർക്കന്നൂർ) എന്നിവർ അംഗങ്ങളായിരുന്നു. ഈ ഭരണസമിതിയുടെ അവസാനഘട്ടത്തിൽ ശ്രീ.ആർ.പത്മനാഭൻ നായർ പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കുകയും തുടർന്ന് വൈസ് പ്രസിഡന്റായിരുന്ന ശ്രീ.ജി.കുഞ്ഞുകൃഷ്ണപിള്ള പ്രസിഡന്റായും ശ്രീ. അബ്ദുൾ ഹമീദ് റാവുത്തർ വൈസ് പ്രസിഡന്റായും ഭരണസമിതി പുനഃസംഘടിപ്പിച്ചു.

രണ്ടാമത്തെ ഭരണസമിതിക്ക് പ്രസിഡന്റായി ശ്രീ.വി.ചെല്ലപ്പൻപിള്ളയും വൈസ് പ്രസിഡന്റായി അഡ്വ: എ.പി.ശശിധരനും നേതൃത്വം നൽകി. ശ്രീ.ജി.ബാലകൃഷ്ണപിള്ള, ശ്രീ.എം.എ.സത്താർ, ശ്രീ.സുകുമാരൻ, ശ്രീ.എം.ബാലചന്ദ്രൻ, ശ്രീ.ജി.കുഞ്ഞുകൃഷ്ണപിള്ള, ശ്രീ.സി.ജോർജ്ജ്, ശ്രീമതി.പാറുക്കുട്ടിയമ്മ എന്നിവർ ഈ ഭരണസമിതിയിൽ അംഗങ്ങളായിരുന്നു. പുതുതായി രൂപംകൊണ്ട തേവന്നൂർ കണ്ണംകോട്, ചെറുവക്കൽ വാർഡുകളടക്കം 9 വാർഡുകളാണ് ഉണ്ടായിരുന്നത്.

തദ്ദേശസ്വയംഭരണസമിതികളെ 1985ൽ ഗവ: പിരിച്ചുവിട്ടതോടുകൂടി തുടർന്നുവന്ന 2 വർഷക്കാലം ഈ പഞ്ചായത്തിലും ഉദ്യോഗസ്ഥ ഭരണമായിരുന്നു നിലവിലുണ്ടായിരുന്നത്.

1988 ൽ നടന്ന തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന ഭരണസമിതിയുടെ പ്രസിഡന്റായി ശ്രീ.എം.എ.സത്താറും വൈസ് പ്രസിഡന്റായി ശ്രീ.കെ.തോമസും അധികാരമേറ്റു. സർവ്വശ്രീ. മധുസൂദനൻപിള്ള, കെ.രാജേന്ദ്രൻപിള്ള, നബീസത്ത് ബീവി, സി.ഡി.ആനന്ദൻ, എം.ബാലചന്ദ്രൻ, പാറങ്കോട് ശിവൻ, സി.ഗീവർഗ്ഗീസ്, പി.വിജയമ്മ, എന്നിവർ ഈ ഭരണസമിതിയിൽ അംഗങ്ങളുമായിരുന്നു. പുതുതായി രൂപംകൊണ്ട ഇളമ്മാട് വെസ്റ്റ് വാർഡ് ഉൾപ്പെടെ അന്ന് 10 വാർഡുകൾ ഉണ്ടായിരുന്നു.

ഇളമാട് പഞ്ചായത്ത് മുൻകാല സാരഥികൾ

ഒരു രേഖാചിത്രം

1962-ൽ ഇളമാട് പഞ്ചായത്ത് രൂപീകരിച്ചു

63

64

65

66

67 പ്രസിഡന്റ് ശ്രീ. പത്മനാഭപിള്ള

68 വൈസ്പ്രസിഡന്റ് ശ്രീ. ജി. കുഞ്ഞുപിള്ള

69

70

71

72

73

74

75

76 പ്രസിഡന്റ് ശ്രീ. ജി. കുഞ്ഞുകൃഷ്ണപിള്ള

77 വൈസ്പ്രസിഡന്റ് ശ്രീ അബ്ദുൽ ഹമീദ് റാവുത്തർ

78

79

80 പ്രസിഡന്റ് ശ്രീ. വി. ചെല്ലപ്പൻ പിള്ള

81 വൈസ്പ്രസിഡന്റ് അഡ്വ: എ.പി. ശശിധരൻ

82

83

84

85

86

87 ഉദ്യോഗസ്ഥഭരണം

88

89 പ്രസിഡന്റ് ശ്രീ. എം.എം. സത്താർ

90 വൈസ്പ്രസിഡന്റ് ശ്രീ. കെ. തോമസ്

91

92

93

94

95

96 പ്രസിഡന്റ് ശ്രീ. ടി.കെ. നരേന്ദ്രൻ നായർ

97 വൈസ്പ്രസിഡന്റ് ശ്രീ. എം. ഷെരീഫ്

98 സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എഡ്വ: എ.പി. ശശിധരൻ

99

ഇളമ്മാട് പഞ്ചായത്ത് പ്രദേശം ഉൾക്കൊള്ളുന്ന നിയമസഭാ പാർലമെന്റ് മണ്ഡലത്തിലെ മുൻ പ്രതിനിധികൾ

1.	സ്പീക്കർ	(1) വി.ഗംഗാധരൻ (2) ഡി.ദാമോദരൻ പോറ്റി
2.	എം.എൽ.സി.	(1) ഏ. ഈശ്വരൻപിള്ള (2) ഡി.കൃഷ്ണൻപോറ്റി
3.	മന്ത്രിമാർ	(1) എം.എൻ.ഗോവിന്ദൻനായർ (2) ഈ.ചന്ദ്രശേഖരൻ നായർ
4.	എം.പിമാർ	(1) വി.പി.നായർ (2) എം.കെ.കുമാരൻ (3) പി.കെ.കൊടിയൻ (4) കെ.കുഞ്ഞമ്പു (5) കൊടിക്കുന്നിൽ സുരേഷ്
5.	എം.എൽ.എ.	(1) ഉദിയന്നൂർ കേശവപിള്ള (2) പി.ഗംഗാധരൻ (3) ഡി.ദാമോദരൻപോറ്റി (4) വെളിയം ഭാർഗ്ഗവൻ (5) എം.എൻ.ഗോവിന്ദൻ നായർ (6) ഈ.ചന്ദ്രശേഖരൻ നായർ (7) കെ.ആർ.ചന്ദ്രമോഹനൻ (8) ഈ.രാജേന്ദ്രൻ (9) ആർ.ലതാദേവി

ജനപ്രതിനിധികൾ

ശ്രീ. ടി.കെ. നരേന്ദ്രൻനായർ
പ്രസിഡന്റ്



ശ്രീ. എം. ഷെരീഫ്
വൈസ് പ്രസിഡന്റ്



അഡ്വ: എ.വി. ശശിധരൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

ശ്രീമതി സി.ജി. ചന്ദ്രമതി
അമ്മ
മെമ്പർ



ശ്രീ. എസ്. സുരേഷ്
മെമ്പർ



ശ്രീ. കെ. തോമസ്
മെമ്പർ

ശ്രീമതി ചന്ദ്രവല്ലിയമ്മ
മെമ്പർ



ശ്രീ. കെ. രാഘവൻ
മെമ്പർ



ശ്രീ. പാറംകോട് ശിവൻ
മെമ്പർ

ശ്രീമതി ഷീബാജോൺ
മെമ്പർ

കുമാരി ഫസീലത്ത് ബീവി
മെമ്പർ



ശ്രീ. കൊടിക്കുന്നിൽ സുരേഷ്
(എം.പി.)

ശ്രീമതി ആർ. ലതാദേവി
(എം.എൽ.എ.)

ശ്രീമതി എൽ.ബി. വിമലാദേവി
ജില്ലാപഞ്ചായത്ത് മെമ്പർ

ശ്രീ. എസ്. അഷറഫ്
ബ്ലോക്ക് വൈസ് പ്രസിഡന്റ്



ശ്രീ. ഡി. തങ്കപ്പൻ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

ജില്ലാതല റിസോഴ്സ് പേഴ്സൺ

1. ടി.കെ.നരേന്ദ്രൻനായർ
2. എസ്.അഷറഫ്
3. ഡി.തങ്കപ്പൻ
4. അഡ്വ: ഏ.പി.ശശിധരൻ
5. കെ.ബി.അജയകുമാർ
6. വി.അനിൽകുമാർ
7. ടി.ഗിരിജാകൃഷ്ണൻ
8. റെജി ജോർജ്ജ്
9. ഏ.ജാഫർഖാൻ
10. ഇ.ഫസിലുദ്ദീൻ
11. സി.ബിനുകുമാർ
12. ബി.ഉണ്ണിക്കൃഷ്ണൻ
13. ജി.വിക്രമൻപിള്ള
14. എം.ബാലചന്ദ്രൻ
15. പ്രസാദ് വർഗ്ഗീസ്
16. എം.വിജയകുമാർ
17. ജെ.വിക്രമൻപിള്ള
18. പി.എൻ.ശശിധരൻപിള്ള

എഡിറ്റോറിയൽ ബോർഡ്

1. ടി.കെ.നരേന്ദ്രൻനായർ (പ്രസിഡന്റ്)
2. അഡ്വ: ഏ.പി.ശശിധരൻ (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
3. എം.ഷെരീഫ് (വൈസ് പ്രസിഡന്റ്)
4. കെ.ബി.അജയകുമാർ (കൺവീനർ)
5. വി.അനിൽകുമാർ (ജോ: കൺവീനർ)
6. പാറങ്കോട് ശിവൻ (പഞ്ചായത്ത് മെമ്പർ)
7. കെ.തോമസ് (പഞ്ചായത്ത് മെമ്പർ)

ഉപദേശകസമിതി അംഗങ്ങൾ

1. കെ. ജനാർദ്ദനക്കുറുപ്പ്
2. എസ്.ശ്രീധരൻ നായർ
3. എൻ.കൃഷ്ണൻ നായർ
4. വി.ചെല്ലപ്പൻപിള്ള
5. ജി.വിക്രമൻപിള്ള
6. എം.ബാലചന്ദ്രൻ
7. എൻ.പുരുഷോത്തമൻ
8. നാസ്സറുദ്ദീൻ (കൃഷി ആഫീസർ)
9. എം.വിജയകുമാർ

കെ.ബി.അജയകുമാർ
പഞ്ചായത്ത് ജനകീയ ആസൂത്രണ സമിതി കൺവീനർ

വി.അനിൽകുമാർ
ജോയിന്റ് കൺവീനർ

കോർഗ്രൂപ്പ് കൺവീനർമാർ

1.	കൃഷി, ജലസേചനം	വി.എൻ.ശശിധരൻപിള്ള
2.	മൃഗസംരക്ഷണം, മത്സ്യബന്ധനം	റെജി ജോർജ്ജ്
3.	വ്യവസായം	ഇ.ഫസിലുദ്ദീൻ
4.	വിദ്യാഭ്യാസം	എം.വിജയകുമാർ
5.	കുടിവെള്ളം, പൊതുജനാരോഗ്യം	ഏ.ജാഫർഖാൻ
6.	ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	ജി.വിക്രമൻപിള്ള
7.	പാർപ്പിടവും, സാമൂഹ്യക്ഷേമവും	എം.ബാലചന്ദ്രൻ
8.	സംസ്ക്കാരം	പ്രസാദ് വർഗ്ഗീസ്
9.	വനിത	ടി.ഗിരിജാ കൃഷ്ണൻ
10.	സഹകരണം	ജെ.വിക്രമൻപിള്ള
11.	പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം	ഡി.തങ്കപ്പൻ
12.	വിഭവസമാഹരണം	അഡ്വ: ഏ.പി.ശശിധരൻ

ഇളമാട് പഞ്ചായത്ത് സ്റ്റാഫ്

ബി.ഉണ്ണിക്കൃഷ്ണൻ	–	സെക്രട്ടറി
വി.ബാലകൃഷ്ണൻ	–	ഹെഡ് ക്ലാർക്ക്
എം.ഗോപാലൻ	–	യു.ഡി.ക്ലാർക്ക്
ആർ.നകുലൻ	–	യു.ഡി.ക്ലാർക്ക്
കെ.മാധവൻനായർ	–	യു.ഡി.ക്ലാർക്ക്
എൻ.ലീല	–	എൽ.ഡി.ക്ലാർക്ക്
ബി.ചന്ദ്രമോഹനൻനായർ	–	എൽ.ഡി.ക്ലാർക്ക്
വി.സദാനന്ദൻ	–	പ്യൂൺ
കെ.സരസ്വതിഅമ്മ	–	പ്യൂൺ
എച്ച്.ഹമീദാബീവി	–	പാർട്ട്ടൈം ലൈബ്രേറിയൻ
റ്റി.കോമളകുമാരിഅമ്മ	–	പി.റ്റി.എസ്.


ഇൻഡ്യ
72°
88°
28°
12°
0 500 കി.മി.
കേരളം


കേരളം
75°
76°
77°
12°
11°
10°
9°
0 80 കി.മി.
കൊല്ലം


QUILON DISTRICT
കൊല്ലം
MAP SHOWING PANCHAYATS
1: 250,000
0 2500 5000 m
0 10 കി.മി.
9°
8° 30'
ഇളമ്മാട് പഞ്ചായത്ത്.
ചടയമംഗലം ബ്ലോക്ക്


76°47'11"
76°51'25"
8°54'12"
N
500m 0 500m
ഇളമ്മാട് ഗ്രാമ പഞ്ചായത്ത്



താളുകൾ മറിക്കുമ്പോൾ

1. ആമുഖം	16
2. പഞ്ചായത്ത് പൊതുവിതരണം	17
3. സാമൂഹ്യ സാംസ്കാരിക ചരിത്രം	20
4. ഭൂപ്രകൃതി - ജനപ്രകൃതി - ജലവിഭവം	26
5. സാമൂഹിക സാമ്പത്തിക മേഖലകൾ	
5-1 കൃഷിയും ജലസേചനവും	37
5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും	44
5-3 വ്യവസായം	48
5-4 വിദ്യാഭ്യാസം	52
5-5 കുടിവെള്ളവും പൊതുജനാരോഗ്യവും	56
5-6 ഗതാഗതം. ഊർജ്ജം. മാർക്കറ്റ്	61
5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും	77
5-8 സംസ്കാരം	81
5-9 വനിതാക്ഷേമം	87
5-10 സഹകരണം	91
5-11 പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം	94
5-12 വിഭവസമാഹരണം	99

മുഖചിത്രവും ലേഔട്ടും - കെ.ബി. അജയകുമാർ
ഡി.റ്റി.പി. - മാസ് ഡി.റ്റി.പി., കൊല്ലം. ഫോൺ : 740120
അച്ചടി - സന്തോഷ് ഇൻഡസ്ട്രീസ്, കൊല്ലം.

1

ആമുഖം

ഇന്ത്യയുടെ ആസൂത്രണചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് വഴിതുറക്കുന്ന ഒരു നൂതന സംരംഭമാണ് ജനകീയ ആസൂത്രണ പ്രസ്ഥാനം. കഴിഞ്ഞ എട്ട് പഞ്ചവത്സര പദ്ധതി കാലയളവിലും നാം തുടർന്നുവന്ന ആസൂത്രണസമ്പ്രദായത്തിൽ ചില അടിസ്ഥാന വൈകല്യങ്ങൾ ഉണ്ടായിരുന്നു. അതിൽ ഒന്ന് : വികസന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങളെല്ലാം ആദ്യം കേന്ദ്രത്തിലും പിന്നെ സംസ്ഥാനതലസ്ഥാനത്തും തീരുമാനങ്ങൾ എടുത്ത് വിവിധ വകുപ്പുകൾവഴി നടപ്പാക്കുകയാണ് ചെയ്തത്. ഈ അതിരുകവിഞ്ഞ കേന്ദ്രീകരണംമൂലം ഓരോ പ്രദേശത്തിന്റെയും ഭൂപ്രകൃതിക്കോ ജനകീയ ആവശ്യങ്ങൾക്കോ അനുസൃതമായ സ്ക്കീമുകളല്ല പദ്ധതിയുടെ ഭാഗമായി യഥാർത്ഥത്തിൽ നടപ്പാക്കപ്പെട്ടത്. രണ്ട് : ആസൂത്രണം അതിന്റെ പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്ക്കീമുകൾ തയ്യാറാക്കലായി അധഃപതിച്ചു. മൂന്ന് : പദ്ധതിയുടെ ആസൂത്രണത്തിലോ, നിർവ്വഹണത്തിലോ ജനപങ്കാളിത്തം ഉണ്ടായിരുന്നില്ല. തന്മൂലം ജനങ്ങളിൽ നിന്നും അന്യവൽക്കരിക്കപ്പെട്ടു.

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പരമാവധി ജനപങ്കാളിത്തത്തോടെ അതാത് പ്രദേശത്തെ പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് വികസന സ്ക്കീമുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കുകയും അവയുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും ചെയ്യുന്നതുവഴി ഒമ്പതാം പദ്ധതിയെ ഒരു ജനകീയ പദ്ധതിയാക്കുകയാണ് ലക്ഷ്യം. ജനകീയ ആസൂത്രണത്തിന്റെ ലക്ഷ്യം ഉൽപ്പാദനം വർദ്ധിപ്പിക്കലാണ്.

ഈ ലക്ഷ്യം സാധിത പ്രായമാക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് ജനപങ്കാളിത്തത്തോടെ ഇളമാട് പഞ്ചായത്തിൽ നടന്നുവരുന്നത്. കൊട്ടാരക്കര E.T.C.യിൽ വച്ചുനടന്ന ജില്ലാതല റിസോഴ്സ് പേഴ്സന്റെ ഒന്നാംഘട്ട ട്രെയിനിംഗിൽ 10പേരും ചടയമംഗലത്തുവച്ചുനടന്ന രണ്ടാംഘട്ട ട്രെയിനംഗിൽ 18പേരും പരിശീലനം നടത്തി. ആസൂത്രണ പദ്ധതികൾ രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള പഞ്ചായത്തല L.R.P. മാരുടെ ഒന്നാം ഘട്ട പരിശീലനത്തിൽ 80 പേരും രണ്ടാംഘട്ട പരിശീലനത്തിൽ 70പേരും പങ്കെടുത്തു. രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം പഞ്ചായത്തടിസ്ഥാനത്തിൽ ചേരുകയും അവരുടെ നിർലോഭമായ സഹകരണം ഈ സ്ഥാപനത്തിന് നാളിതുവരെ ലഭിച്ചിട്ടുണ്ട്. ആവേശപൂർവ്വം ഏറ്റെടുത്ത ഒന്നാംഘട്ട പ്രവർത്തനം പൂർത്തീകരിക്കപ്പെടുന്നതിന് മുമ്പുതന്നെ നെട്ടയം വാർഡ് നിയോജകമണ്ഡലത്തിലേയ്ക്ക് നടന്ന ഉപതെരഞ്ഞെടുപ്പ്മൂലം ഒന്നരമാസക്കാലം ഇതിന്റെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ടിവന്നു. നവംബർ 18നും 25നുമിടയിൽ 11 ഗ്രാമസഭകളും ഫലപ്രദമായി ചേർന്നു. ഗ്രാമസഭയിൽ 86 മുതൽ 200 വരെ ആളുകൾ പങ്കെടുത്തിരുന്നു. സ്ത്രീകളുടെ മെച്ചപ്പെട്ട പങ്കാളിത്തമുണ്ടായിരുന്നു. 6 ഗ്രൂപ്പുകളായി തിരിഞ്ഞ് വിശദമായ ചർച്ചകൾ നടത്തി റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്.

ജില്ലാതല റിസോഴ്സ് പേഴ്സൺസ് കൺവീനർമാരും പഞ്ചായത്തല റിസോഴ്സ് അംഗങ്ങളുമായി പന്ത്രണ്ട് ഗ്രൂപ്പുകളായി തിരിച്ച് തയ്യാറാക്കിയ റിപ്പോർട്ടും സ്ഥിതി വിവര കണക്കുകളും കാരണവന്മാരിൽനിന്നും വായ്മൊഴിയായി ലഭിച്ച വിവരങ്ങളും ഉദ്യോഗസ്ഥന്മാരിൽ നിന്നും ലഭിച്ച വിവരങ്ങളുമാണ് ഈ റിപ്പോർട്ടിന് അടിസ്ഥാനപരമായി സ്വീകരിച്ചിട്ടുള്ളത്. "ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി" എന്ന അദ്ധ്യായം തയ്യാറാക്കുന്നതിനാവശ്യമായ വിവരങ്ങളും ബന്ധപ്പെട്ട ഗ്രാഫുകളും തന്ന് സഹായിച്ച സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിലെ (CESS) ശാസ്ത്രജ്ഞൻ ശ്രീ. ജഗദീഷ് ബാബു വിവിധതലങ്ങളിലായി നടന്ന പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായ സഹകരണം നൽകിയവർ – ഇവരെ നന്ദിപൂർവ്വം സ്മരിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ ആസൂത്രണപ്രക്രിയയുടെ കേന്ദ്രബിന്ദുവായ വികസനസെമിനാറിൽ ചർച്ചയ്ക്കുവേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്. കൂടുതൽ പരിശോധനയ്ക്കും വിശദമായ ചർച്ചയ്ക്കും ക്രിയാത്മകമായ നിർദ്ദേശങ്ങൾക്കും വേണ്ടി ഈ വികസനറിപ്പോർട്ട് പഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ

ടി.കെ.നരേന്ദ്രൻനായർ
(ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്)

കെ.ബി.അജയകുമാർ
(പഞ്ചായത്ത് ജനകീയ ആസൂത്രണ സമിതി കൺവീനർ)

ഇളമാട്
20-12-1196

2

പൊതുവിവരണം

ഇടനാട് ഭൂമേഖലയിൽ ഉൾപ്പെടുന്ന ഇളമാട് പഞ്ചായത്ത് കാർഷികസമൃദ്ധമായ സുന്ദര പ്രദേശമാണ്. പച്ചക്കുടകൾ നിവർത്തി ഗജരാജനപ്പോലെ തലയുയർത്തിനിൽക്കുന്ന തെരുവിൽ ഭാഗം പ്ലാന്റേഷനും കുന്നിൻ പ്രദേശങ്ങളിലും സമതലപ്രദേശങ്ങളിലും ഇടതൂർന്ന് നിബിഡമായ റബ്ബർ തോട്ടങ്ങളും പച്ചപ്പട്ട് വിരിച്ച നെൽപ്പാടങ്ങളും ചെമ്പഴുക്കാക്കുലകൾ തോളിലേറ്റി കാറ്റത്ത് കാവടിയാടുന്ന കവുങ്ങിൻ തോട്ടങ്ങളും പവിഴമുത്തുകളും മരതകമണികളും ചാർത്തിയ കുരുമുളകിൻ കൊടികളും ഇടവിള കൃഷികളും കനകക്കുടങ്ങൾ ശിരസിലേറ്റിയ കേരവൃക്ഷങ്ങൾ തലയാട്ടുന്ന നാട്ടിൻപുറവും അടങ്ങുന്നതാണ് ഇളമാട് പഞ്ചായത്തിന്റെ കാർഷികമേഖല.

ചടയമംഗലം ബ്ലോക്കിന്റെ വടക്കുപടിഞ്ഞാറുമാറി സ്ഥിതിചെയ്യുന്നതും കുന്നുകളും താഴ്വരകളും ഉൾപ്പെടുന്നതുമായ ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം 30.2 ച.കി.മി ആണ്. വെളിനല്ലൂർ പഞ്ചായത്ത് വിഭജിച്ചാണ് ഇളമാട് പഞ്ചായത്ത് രൂപീകരിക്കുന്നത്. 1962 ഫെബ്രുവരി 17 ന് പഞ്ചായത്ത് ഡയറക്ടറുടെ (No. EL-14448/A/61) ഇളമാട് പഞ്ചായത്ത് രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവോടുകൂടിയാണ് ഇന്നത്തെ ഇളമാട് ഗ്രാമപഞ്ചായത്ത് രൂപംകൊണ്ടത്. പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവിന്റെ ഗസറ്റ് വിജ്ഞാപനം No : 8 ആയി 20-21962 ന് പുറപ്പെടുവിച്ചിരുന്നു. രൂപീകരിക്കുമ്പോൾ 6 വാർഡുകൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. 1961 ലെ സെൻസസ് പ്രകാരം അന്നുണ്ടായിരുന്ന ജനസംഖ്യ 12790 ആയിരുന്നു.

1	പഞ്ചായത്തിന്റെ പേര്	:	ഇ ള മ ാ ട്
2	ഉൾപ്പെടുന്ന വില്ലേജ്	:	ഇ ള മ ാ ട്
3.	വിസ്തീർണ്ണം	:	30.2 Sq. Km.
4.	താലൂക്ക്	:	കൊട്ടാരക്കര
5.	ജില്ല	:	കൊല്ലം
6.	പാർലമെന്റ് മണ്ഡലം	:	അടൂർ
7.	അസംബ്ലി മണ്ഡലം	:	ചടയമംഗലം
8.	ജില്ലാ പഞ്ചായത്ത് മണ്ഡലം	:	ചടയമംഗലം
9.	ബ്ലോക്ക് പഞ്ചായത്ത് മണ്ഡലം	:	ചടയമംഗലം
10.	ബ്ലോക്ക് പഞ്ചായത്ത് വാർഡുകൾ	:	1. ഇളമാട് 2. വെളിനല്ലൂർ B (ഭാഗികം)
11.	വാർഡുകളുടെ എണ്ണം	:	11
12.	സംവരണ വാർഡുകൾ	:	5
	(1) വനിതാസംവരണം	:	ഇളമാട് നോർത്ത്, ചെറുവക്കൽ, വേങ്ങൂർ, തേവന്നൂർ, നെട്ടയം
	(2) പട്ടികജാതി പട്ടികവർഗ്ഗസംവരണം	:	
13.	പഞ്ചായത്തിന്റെ അതിരുകൾ	:	വടക്ക്-ഉമ്മന്നൂർ പഞ്ചായത്ത് കിഴക്ക്-ഇടമുളയ്ക്കൽ പഞ്ചായത്ത് പടിഞ്ഞാറ്-വെളിനല്ലൂർ,വെളിയം, പുയപ്പള്ളി പഞ്ചായത്തുകൾ തെക്ക് 2.5 കി.മി. ദൂരത്തിൽ ഇത്തിക്കര നദി

14. ജനസംഖ്യ (91ലെ സെൻസസ്)	:	23941
		പുരുഷന്മാർ : 11, 638
		സ്ത്രീകൾ : 12,303
		പട്ടികജാതി പട്ടികവർഗ്ഗം : 3152
		പുരുഷന്മാർ : 1537
		സ്ത്രീകൾ : 1615
		പട്ടികവർഗ്ഗം : 5
		പുരുഷന്മാർ : 3
		സ്ത്രീകൾ : 2
14. 6 വയസ്സിനുതാഴെ പ്രായമുള്ള		
കുട്ടികളുടെ എണ്ണം	:	2964
		ആൺകുട്ടികൾ 1508
		പെൺകുട്ടികൾ 1456
15. സാക്ഷരർ	:	18,987 പേർ
നിരക്ഷരർ	:	4954
16. സ്വന്തമായി ആഫീസ് കെട്ടിടമുണ്ടോ	:	ഉണ്ട്
17. പഞ്ചായത്ത് ആഫീസ് ഉദ്യോഗസ്ഥന്മാരെ		
സംബന്ധിച്ച വിവരങ്ങൾ	:	സെക്രട്ടറി - 1
		H.C. - 1
		UDC - 3
		LDC - 2
		പ്യൂൺ - 2
		പാർട്ട് ടൈം ലൈബ്രേറിയൻ - 1
		PTS - 1
19. പൊതുകുളങ്ങളുടെ എണ്ണം	:	14
20. പൊതുകിണറുകൾ	:	49
21. കുഴൽക്കിണറുകൾ	:	22
22. തോടുകൾ	:	28
23. PWD റോഡുകൾ	:	5
24. പഞ്ചായത്ത് റോഡുകൾ	:	226
25. ഹൈസ്ക്കൂളുകൾ	:	2
(i) ഹൈസ്ക്കൂൾ (ഗവ: H.S)	:	1
(ii) U.P. സ്ക്കൂളുകൾ (ഗവ: UPS) -1	:	3
(iii) LPS (ഗവ: LPS) - 2	:	2
27. ആകെ വിദ്യാർത്ഥികളുടെ എണ്ണം	:	3705
28. അദ്ധ്യാപകരുടെ എണ്ണം	:	149
29. ലൈബ്രറികൾ	:	8
30. ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ	:	15
31. ആരോഗ്യകേന്ദ്രങ്ങൾ		
1. പ്രൈമറി ഹെൽത്ത് സെന്റർ	:	1
2. ഗവ: ഹോമിയോ ആശുപത്രി	:	1
(സ്വന്തമായി കെട്ടിടമില്ല)		

3. മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ	:	6
32. മൃഗാശുപത്രി	:	1
ICDP സബ് സെന്റർ	:	2
33. മാർക്കറ്റുകൾ	:	6
34. ചെറുകിട വ്യവസായങ്ങൾ	:	
35. ഇഷ്ടിക കമ്പനികൾ	:	6
36. കശുവണ്ടി ഫാക്ടറികൾ	:	4
37. പഞ്ചായത്തിലെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം	:	7386
ഒന്നിൽ കൂടുതൽ നിലകളുള്ള		
കെട്ടിടങ്ങളുടെ എണ്ണം	:	90
കോൺക്രീറ്റ് കെട്ടിടങ്ങൾ	:	2099
ഓട്മേഞ്ഞ കെട്ടിടങ്ങൾ	:	2276
ഓലമേഞ്ഞ കെട്ടിടങ്ങൾ	:	259
മറ്റുള്ളവ	:	320
വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ		
നിർമ്മിച്ച വീടുകളുടെ എണ്ണം	:	92
38. വികലാംഗരുടെ എണ്ണം	:	155
പുരുഷന്മാർ	:	84
സ്ത്രീകൾ	:	71
39. ആരാധനാലയങ്ങൾ		
ക്ഷേത്രങ്ങൾ	:	10
കാവുകൾ	:	22
മുസ്ലീം പള്ളികൾ	:	3
ക്രിസ്ത്യൻപള്ളികൾ	:	23

40. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന സ്ഥാപനങ്ങൾ

1. ഇളമാട് ഗ്രാമപഞ്ചായത്താഫീസ്
2. ഇളമാട് വില്ലേജാഫീസ്
3. ഇളമാട് കൃഷിഭവൻ
4. പ്രാഥമികാരോഗ്യകേന്ദ്രം, ഇളമാട്
5. സെറി കൾച്ചർ കോംപ്ലക്സ്, തോട്ടത്തറ
6. ഹോമിയോ ആശുപത്രി, ഇളമാട്
7. വെറ്റിനറി ആശുപത്രി, ചെറുവക്കൽ
8. വി.ഇ.ഒ. ആഫീസ്, ഇളമാട്
9. വാണിജ്യ ബാങ്കുകൾ : ഇന്ത്യൻ ഓവർസീസ് ബാങ്ക് അമ്പലംമുക്ക്, ഉമ്മന്നൂർ കോർപ്പറേഷൻ ബാങ്ക്
10. പോസ്റ്റാഫീസുകൾ : ഇളമാട്, അർക്കന്നൂർ, ചെറുവക്കൽ, വാളിയോട്, തേവന്നൂർ
11. മാവേലിസ്റ്റോർ, ചെറുവക്കൽ
12. ഗവ: H.S. തേവന്നൂർ
13. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്ക്കൂൾ, അർക്കന്നൂർ (മാനേജ്മെന്റ്)
15. ഐ.ഡി.ഡി.പി. സബ്സെന്റർ, കാരാളികോണം, തേവന്നൂർ
16. കെ.എസ്.ഇ.ബി. കളക്ഷൻ സെന്റർ, ഇളമാട്.

◆◆◆

3

സാമൂഹ്യ സാംസ്കാരിക ചരിത്രം



ഏതൊരു സ്ഥലത്തെയും ജനതയുടെ സംസ്ക്കാരം, കഴിഞ്ഞകാലത്ത് ആ ദേശത്തെ ചരിത്രത്തേയും മതപരമായ സൗഹൃദത്തേയും സാംസ്കാരിക ബോധത്തേയും ആശ്രയിച്ചാണ് വളർന്നുവന്നത്. ധന്യവും വർണശബളവുമായ കലാ-സാംസകാരിക ചരിത്രസമ്പത്തുകൊണ്ട് അനുഗൃഹീതമാണ് ഇളമ്മാട് ഗ്രാമപഞ്ചായത്ത്. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെയും കർഷകപ്രസ്ഥാനങ്ങളുടെയും പ്രവർത്തനം ഈ പഞ്ചായത്തിൽ അധിവസിക്കുന്ന ഹിന്ദു-ക്രിസ്ത്യൻ-മുസ്ലീം സമുദായങ്ങൾക്കിടയിൽ സാഹോദര്യവും ദേശസ്നേഹവും വളർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. മതസൗഹാർദ്ദത്തിന് പുകൾപെറ്റ പ്രദേശമാണ് ഇളമാട്.

കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിന്റെ തെക്കു-കിഴക്ക് അതിരായും ഉമ്മന്നൂർ പഞ്ചായത്ത് വടക്കേ അതിരായും വെളിയം വെളിനല്ലൂർ പഞ്ചായത്തുകൾ പടിഞ്ഞാറേ അതിരായും ഉള്ള പ്രകൃതിസുന്ദരമായ ഒരു ഗ്രാമപ്രദേശമാണ് ഇളമാട് ഗ്രാമപഞ്ചായത്ത്.

പച്ച വിരിച്ച നെൽപാടങ്ങൾ, അമൃതകുംഭം വഹിച്ചു നിൽക്കുന്ന കേരവൃക്ഷങ്ങൾ, വിവിധതരം വാഴകൾ, നാണ്യവിളകളായ കുരുമുളക്, ഇഞ്ചി, റബ്ബർ തുടങ്ങിയ കൃഷികൾ, ഭക്ഷ്യവസ്തുക്കളായ കപ്പ, ചേന, പയറുവർഗ്ഗങ്ങൾ തുടങ്ങിയ കൃഷികൾ ഇവകൊണ്ട് സമ്പുഷ്ടമായ ഈ പ്രദേശം പ്രകൃതി രമണീയമാണ്.

ഏകദേശം രണ്ട് നൂറ്റാണ്ടിന് മുമ്പുവരെ കൊട്ടാരക്കര (ഇളയിടത്ത് സ്വരൂപം) അനിഴം തിരുന്നാൾ മാർത്താണ്ഡവർമ്മ തന്റെ വിശ്വസചിവനായ രാമയ്യൻദളവയുടെ ഉപദേശപ്രകാരം തന്ത്രപൂർവ്വം യുദ്ധംകൂടാതെ ദേശിംഗനാടും ഇളയിടത്തുസ്വരൂപവും വേണാടിനോടു ചേർത്തു. അതിനു ശേഷം ഈ രണ്ടുരാജ്യങ്ങളുടെ ഭൂപ്രകൃതിയും ജനങ്ങളുടെ അഭിപ്രായവും മനസ്സിലാക്കാൻ രണ്ടുപേരും കൂടി വേഷംമാറി സഞ്ചരിച്ചു. ആ യാത്രയിൽ ഇവിടെയും വന്നു. ഇവിടുത്തെ ഭൂപ്രകൃതിയിൽ മതിപ്പു തോന്നിയ ഓരോ സ്ഥലവും ശ്രദ്ധിച്ചതിൽ മുന്ന് മഹർഷിമാരുടെ തപോവനമായ ഉമ്മന്നൂരും ആറ് കുന്നുകളുടെ മദ്ധ്യേ നദി അതിരായ അർക്കന്നൂരും ത്രേതായുഗത്തിലെ പുരാണകഥയെ അനുസ്മരിപ്പിക്കുന്ന ജഡായുവിന്റെ പതനസ്ഥലമായ പാറയുടെയും ശിവന്റെയും സാന്നിദ്ധ്യം കൊണ്ട് പവിത്രമായ ചടയമംഗലവും വടക്കുഭാഗത്തായി ശിവനും വിഷ്ണുവും ഒരു ശിലയുടെ മുകളിൽ പ്രതിഷ്ഠിക്കപ്പെട്ട അത്യുന്നതമായ മലമേൽപാറയും തെക്കുപടിഞ്ഞാറായി ത്രേതായുഗത്തിലെ കഥാപാത്രങ്ങളായ ബാലിസുഗ്രീവന്മാരുടെ വാസസ്ഥലങ്ങമായ ബാലിയാർകുന്നും ഉഗ്രംകുന്നും അവയ്ക്കിടയിൽകൂടി ഒഴുകുന്ന നദിയുടെ കരയിൽ സ്ഥിതി ചെയ്യുന്ന ശ്രീരാമക്ഷേത്രവും കണ്ട് സംതൃപ്തരായി. ഈ പ്രദേശങ്ങളുടെ മദ്ധ്യേ പ്രകൃതിസൗന്ദര്യം കൊണ്ടും ഫലപുഷ്ടി കൊണ്ടും സംസ്കാരസമ്പന്നനായ കൃഷിവലന്മാരുടെ ഈ പ്രദേശം ഇളയിടത്തുസ്വരൂപം കഴിഞ്ഞ് രണ്ടാമത്തേത് ഇവിടമാണെന്നുകണ്ട് ഇളയിടത്തുനാടിന്റെ പേരുൾപ്പെടുത്തി ഇളനാട് എന്നുപേർകൊടുത്തു. കൊല്ലത്തിന് പണ്ടെത്തെ പേർ ജയസിംഹനാട് എന്നായിരുന്നു. അതുലോപിച്ച് ദേശിംഗനാട് എന്ന് ആയതുപോലെ ഇളനാട് ലോപിച്ച് ഇളമ്മാട് ആയതാണെന്ന് പഴമക്കാർ പറയുന്നു. കൂടാതെ രാമയ്യൻ ദേശിംഗനാടു നിന്ന് സ്വദേശമായ പാണ്ടിയിലേക്ക് പോകുന്നതിന് ഇതുവഴി ഒരു ആറടിപ്പാത വെട്ടിച്ചതായും പറയപ്പെടുന്നു. കൊല്ലത്തുനിന്ന് ആയൂർ വരെയുള്ള ദൂരം 18 മൈൽ ആണെന്ന് രേഖപ്പെടുത്തിയ നാഴികക്കല്ല് 15 വർഷം മുമ്പുവരെ ഇളമ്മാട് നിന്നും എം.സി. റോഡിൽ കയറുന്ന സ്ഥലത്ത് കാണാമായിരുന്നു. ഈ റോഡ് ആയൂർ കേരളപുരം റോഡായും ആയൂർ ഇരവിപുരം റോഡായും പിരിഞ്ഞിട്ടുണ്ട്.

ഇളമാട് ഭഗവതി ക്ഷേത്രത്തിന്റെ പേരിലാണ് പുറംലോകം ഇളമാടിപറ്റി അറിഞ്ഞിരിക്കുന്നത്. ഇളമാട് ഭഗവതി ക്ഷേത്രത്തിന് ഏതാണ്ട് 800 വർഷത്തെ പഴക്കം ഉണ്ട്. വിളവംകോട് താലൂക്കിലെ പാറകോട്ട് ഉണ്ണിത്താന്മാർ ഇവിടെ വന്നു താമസിച്ചിരുന്നെന്നും അവരാണ് ഭരണിക്കാവ് ക്ഷേത്രത്തിന്റെ ഉടമാവകാശികൾ എന്നും പറയപ്പെടുന്നു. തങ്കമ്മ ഗംഗാധരന്റെ ഉടമസ്ഥാവകാശത്തിലാണ് ക്ഷേത്രഭരണം നടക്കുന്നത്.

പുള്ളുണ്ണി ക്ഷേത്രത്തിന് 1200 വർഷം പഴക്കം ഊഹിക്കുന്നു. ക്ഷേത്രോല്പത്തിയെപറ്റി ചരിത്രമോ ഐതീഹ്യങ്ങളോ അറിവിലില്ല. ഏതാണ്ടു മുപ്പത്തഞ്ചു വർഷങ്ങൾക്കുമുമ്പുവരെ വാഹനസൗകര്യം ഇല്ലാതിരുന്ന ഒരു പ്രദേശമായിരുന്നു ഇളമാട്. ആളുകൾ കാൽനടയായി സഞ്ചരിക്കുകയായി

രുന്നു. തലചുമടുമായി വരുന്ന ആളുകൾക്ക് ചുമട് ഇറക്കുവാനും തിരികെ എടുക്കുവാനും ചുമടുതാങ്ങികൾ ഉണ്ടായിരുന്നു. കൂടാതെ വിശ്രമിക്കുന്നതിന് വഴിയമ്പലങ്ങളും ഉണ്ടായിരുന്നു. ഇത് അടുത്തകാലം വരെ നിലനിന്നിരുന്നു. അപ്രകാരമുള്ള ചുമടുതാങ്ങിയും വഴിയമ്പലവും ഇളമാട് അമ്പലംമുക്കിൽ ഉണ്ടായിരുന്നു. ഇളമാട് ക്ഷേത്രത്തിന് സമീപമുള്ള വല്ലാരി വീട്ടിലെ ഒരു കാരണവർ 200 വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ചതാണ്. അപ്രകാരം വചാരി വച്ചുകെട്ടിയ അമ്പലമായതുകൊണ്ടാണ് ആ സ്ഥലത്തിന് വചാരികെട്ടി അമ്പലം എന്നു പേരുണ്ടായി. അതു ലോപിച്ചാണ് ഇപ്പോഴത്തെ അമ്പലംമുക്കായത്.

ഉദ്ദേശം 1500 വർഷങ്ങൾക്കുമുമ്പ് `ആറുകുന്ന് മുറി' എന്ന പേരിൽ അറിയപ്പെട്ടിരുന്ന പ്രദേശമാണ് ഇന്നത്തെ അർക്കന്നൂർ. ഇവിടുത്തെ ആദിമകുടിയേറ്റക്കാർ ബ്രാഹ്മണരായിരുന്നു. പോരേടം ക്ഷേത്രത്തിന്റെ ആധിപത്യം ഇവർക്കായിരുന്നു. കൂടുതൽ സൗകര്യം തേടി പോരേടത്തുനിന്നും ആറുകുന്നുകളടങ്ങിയ പ്രദേശം താമസയോഗ്യമായി കാണുകയും വനഭൂമിയായിരുന്ന സ്ഥലം കൃഷിഭൂമിയായി മാറ്റുകയും ചെയ്തു. ഇതര തൊഴിലുകൾക്കായി നിയോഗിച്ചിരുന്നവർ കൂടി ഇവിടെ താമസിക്കുകയും അങ്ങനെ അർക്കന്നൂർ ഒരു ഗ്രാമമായിരൂപപ്പെടുകയും ചെയ്തുവെന്ന് പറയപ്പെടുന്നു. ഇന്നത്തെ ഇലവിൻമൂട് മുതൽ മടവൂർ അറുകാഞ്ഞിരം വരെയുള്ള പ്രദേശത്തെ പാതകരിതട്ടിത്തെരുവ് എന്നറിയപ്പെട്ടിരുന്നു. ഈ പ്രദേശത്തെ പുരാതന ക്ഷേത്രം തോഴിക്കോട് എന്ന സ്ഥലത്തായിരുന്നു. നെടുമൺമഠത്തിന് ആധിപത്യമുണ്ടായിരുന്ന ഈ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ ഈ ഭാഗത്ത് കാണപ്പെടുന്നുണ്ട്. അടുത്ത് കാലത്ത് നിർമ്മിച്ച് പുനപ്രതിഷ്ഠ നടത്തിയതാണ് അർക്കന്നൂർ ക്ഷേത്രം.

150 വർഷം മുമ്പുതന്നെ ദേശാധിപത്യം വഹിച്ചിരുന്ന നെടുമൺമഠത്തിൽ ഗുരുകുലവിദ്യാലയം പ്രവർത്തിച്ചിരുന്നു. മുസ്ലീം സമുദായത്തിൽ പെട്ടവരടക്കം ഇവിടെ വിദ്യാഭ്യാസം നടത്തിയിരുന്നു. ഇതിൽ നിന്ന് പണ്ടുതന്നെ ഹിന്ദുമുസ്ലീം മൈത്രി നിലനിന്നിരുന്നതായി കാണാം. പിൽക്കാലത്ത് വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിക്കുകയാൽ അർക്കന്നൂരിൽ ഒരു എലിമെന്ററി സ്ക്കൂൾ സ്ഥാപിച്ചു. 1948-ൽ ഈ സ്ക്കൂൾ ഗവൺമെന്റിന് ശ്രീ. പ്രഭാകരഅവർകൾ വിട്ടുകൊടുത്തു. ആ സ്ക്കൂളാണ് അർക്കന്നൂരിലെ ഇപ്പോഴത്തെ ഗവൺമെന്റ് L.P.S.

വളരെ പുരാതനകാലത്ത് ദേവന്മാരുടെ ഊർ ലോപിച്ചാണ് തേവന്നൂർ എന്ന പേര് ഉണ്ടായത് എന്നുപറയപ്പെടുന്നു. വളരെ പഴക്കമുള്ള ക്ഷേത്രമാണ് തേവന്നൂർ തളിമാൻകുന്ന് ദേവീക്ഷേത്രം. ഇവിടുത്തെ ഉത്സവം മതമൈത്രിക്ക് പ്രതീകമാണ്. ക്ഷേത്രത്തിലെ ആദ്യകാല ഫണ്ടിൽ നിന്നാണ് തേവന്നൂർ LPS ഹൈസ്ക്കൂൾ ആരംഭിക്കുന്നതിനും വായനശാലയുടെ പ്രാരംഭപ്രവർത്തനത്തിനും സമ്പത്ത് ഉപയോഗിച്ചിരുന്നത്. തേവന്നൂർ ഹൈസ്ക്കൂൾ ആരംഭിച്ചത് 1103-ൽ ആണ് . ഇതൊരു മാനേജ്മെന്റ് സ്ക്കൂൾ ആയിരുന്നു. 1948-ൽ സർക്കാർ ഏറ്റെടുത്തു. 15 കിലോമീറ്റർ ചുറ്റളവിൽ 7-ാംക്ലാസ്സുള്ള ആദ്യസ്ക്കൂൾ ഇതായിരുന്നു. ഇളമാട് പഞ്ചായത്തിലെ ഏക ഗവൺമെന്റ് ഹൈസ്ക്കൂൾ ഇതാണ്. 300-ൽ പരം വർഷത്തെ പഴക്കമുള്ള ക്ഷേത്രമാണ് കുമ്പല്ലൂർക്കാവ് ശ്രീ ധർമ്മശാസ്താ ക്ഷേത്രം. ഇതിനോട് ചേർന്ന് ഒരു വലിയ കാവുണ്ട്. ഐതീഹ്യപരമായും ഇളമാട് പഞ്ചായത്തിന് പ്രത്യേകതകളുണ്ട്. പാറംകോട് വാർഡിൽ കടപ്പള്ളിക്കോണം ക്ഷേത്രത്തിന് പടിഞ്ഞാറുള്ള വറ്റാത്ത ജലസ്രോതസ്സ് ആരെയും ആകർഷിക്കുന്നതും അത്ഭുതകരവുമാണ്. പൂക്കുറ്റിപോലെ അടിത്തട്ടിൽ നിന്നും മുകളിലേക്കുവരുന്ന ഈ ജലധാരയോടൊപ്പം ശംഖുകളും കക്കകളും വിവിധതരം മുത്തുച്ചിപ്പികൾ എന്നിവയോടൊപ്പം കടൽതീരത്തെ മണലുകളും ഉയർന്നുവരുന്നു. നീർകുമിളകളോടൊപ്പമാണ് ഇവ പുറത്തുവരുന്നത്. ഈ സ്ഥലം പണ്ട് കടലായിരുന്നെന്നും ദേവിയുടെ ദർശനം പടിഞ്ഞാറോട്ട് അഭിമുഖമായതിനാൽ കടൽപിൻവാങ്ങിപോയതാണെന്നുമാണ് ഐതീഹ്യം. വരുണഭഗവാൻ പള്ളികൊള്ളുന്ന സ്ഥലമായതിനാലാകണം ഈ സ്ഥലത്തിന് കടപ്പള്ളിക്കോണം എന്ന് പേര് ലഭിച്ചത്.

തേവന്നൂർ വാർഡിൽ സ്ഥിതി ചെയ്യുന്ന തേവന്നൂർ ജമാ-അത്ത് മസ്ജിദ് 1966-ഏപ്രിൽ 16-ാം തീയതിയാണ് ജമാനമസ്കാരം ആരംഭിക്കുന്നത്. ജ: അബ്ദുൽഖാദർ ജമാഅത്തിന്റെ സ്ഥാപകപ്രസിഡന്റും കെ.ആർ. മുഹമ്മദ് സ്ഥാപകസെക്രട്ടറിയും ആയിരുന്നു. ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മുഹ്യുദ്ദീൻ മദ്രസ്സ എന്ന പേരിൽ ഒരു മതപാഠശാല പ്രവർത്തിക്കുന്നു. മുസ്ലീം സമുദായത്തിലെ പ്രധാനപ്പെട്ട രണ്ട് ആരാധനാലയങ്ങളാണ് കാരാളിക്കോണം പള്ളിയും കണ്ണംകോട് പള്ളിയും. ജമാഅത്തുകളുടെ ആഭിമുഖ്യത്തിൽ വിജ്ഞാനപ്രദമായ മതപ്രഭാഷണപരമ്പരകൾ വർഷംതോറും നടത്താറുണ്ട്.

പൊരിയക്കൽ പുത്തൻവീട്ടിൽ നൈനാഗീവർഗ്ഗീസും സഹോദരന്മാരായ നൈനാസ്കറിയ, നൈനാഎബ്രഹാം, നൈനാലൂക്കോസ്, നൈനാപാപ്പിയും ചേർന്ന് 20-10-1930-ൽ ആണ് തേവന്നൂരിലെ സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് സുറിയാനി പള്ളി നിർമ്മിച്ചതും മലങ്കര സഭാചരിത്രത്തിലെ ആദ്യത്തെ രക്തസാക്ഷിയും ദിവ്യപുരുഷനുമായ സ്തേഫാനോസ് സഹദയുടെ നാമധേയത്തിലാണ് പള്ളി പണികഴിപ്പിച്ചിരിക്കുന്നത്.

തിരുവനന്തപുരം ഭദ്രാസനത്തിൻ കീഴിൽ ഇളമാട് പഞ്ചായത്തിൽ ചെറുവക്കൽ ഇളവൂരിൽ സ്ഥാപിച്ചിട്ടുള്ളതാണ് സെയിന്റ് ജോർജ്ജ് പള്ളി. 1907 ഫെബ്രുവരി 23-ന് വിശുദ്ധ കത്തോലിക്കാബാവ മാർ ഗീവർഗീസിന്റെ സാന്നിദ്ധ്യത്തിൽസെയിന്റ് ജോർജ്ജ് എന്ന നാമധേയത്തിൽ പള്ളി സ്ഥാപിതമായി. ദൈവപ്രതിഭ നിറഞ്ഞ വിശുദ്ധന്മാരുടെ കൂട്ടത്തിൽ സെയിന്റ് ജോർജ്ജ് ആയതിനാൽ ആ പേരു തന്നെ പള്ളിക്കുനല്കി.

കാരാളിക്കോണത്ത് മുസ്ലീംപള്ളി നിൽക്കുന്ന സ്ഥലത്ത് 400 വർഷങ്ങൾക്കുമുമ്പ് ഒരാൽമരം നിന്നിരുന്നു. ഈ മരത്തിന്റെ ചുവട്ടിൽ എവിടെ നിന്നോ ഒരു ദിവ്യൻ വന്നുതാമസിക്കുകയും മുസ്ലീം ആചാര്യപ്രകാരമുള്ള കർമ്മങ്ങൾ നടത്തുകയും ചെയ്തിരുന്നു.

കാടുപിടിച്ചിരുന്ന ഈ പ്രദേശത്തുവച്ച് അദ്ദേഹം മരണപ്പെടുകയും കുറച്ചുദിവസങ്ങൾക്കുശേഷം ഈ മയ്യത്ത് ആളുകൾ കാണുകയും അവിടെ അടക്കംചെയ്യുകയും ചെയ്തു. അന്നുണ്ടായിരുന്നവർ ഈ സ്ഥലത്ത് ഓല കൊണ്ട് ഒരു കുടിൽ കെട്ടുകയും വെളിച്ചം കിട്ടുന്നതിനുവേണ്ടി ഒരു കല്ലിൻമേൽ എണ്ണ ഒഴിച്ച് തിരി കത്തിക്കുകയും ചെയ്തിരുന്നു. അന്നുമുതൽ ഈ സ്ഥലത്ത് മുസ്ലീംങ്ങൾ നമസ്കാരം ആരംഭിച്ചു. ഈ പള്ളിക്ക് മയ്യത്തിൻകര പള്ളി എന്ന് പേരിട്ടു. അതാണ് കാരാണിക്കോണത്ത് സ്ഥാപിതമായ ആദ്യത്തെ പള്ളി. ഇതേ സ്ഥലത്ത് ജനങ്ങളുടെ സഹായത്തോടെ പുതിയ പള്ളിയുടെ പണി പൂർത്തീകരിച്ചുവരുന്നു.

ഇളമ്മാട് സെന്റ് തോമസ് മലങ്കര കാത്തലിക് ചർച്ച് 1963-ലാണ് സ്ഥാപിച്ചത്. ആദ്യവികാരി Rev. Fr. സാമുൽ തുണ്ടിലായിരുന്നു. കാലം ചെയ്ത പരിശുദ്ധ ഗീവർഗീസ് ദ്വതീയൻ കാതോലിക്കാ ബാവ തിരുമനസ്സുകൊണ്ട് കൊല്ലം മെത്രാപ്പോലിത്ത ആയിരുന്ന 1923-ലാണ് ഇളമാട് സെന്റ് തോമസ് ഓർത്തഡോക്സ് സിറിയൻ ചർച്ച് സ്ഥാപിച്ചത്. മത്തായി അച്ചനായിരുന്നു ആദ്യവികാരി.

പാറംകോട് വാർഡിലെ ക്രിസ്തീയവിശ്വാസികളുടെ ആരാധനയ്ക്കായി മലയാളവർഷം 1078-ൽ വാർഡിന്റെ കിഴക്കുഭാഗത്ത് മാർത്തോമ്മാസഭയുടെ വകയായി ഒരു ദേവാലയം പണികഴിപ്പിച്ചിട്ടുണ്ട്. ആദ്യവികാരിയായി കൊട്ടാരക്കര ആവിയോട്ടു അച്ചനും പിന്നീട് കുണ്ടറ വടക്കനയ്ത്ത് അച്ചനും ആലാ അച്ചനും വികാരിമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ആലാ അച്ചൻ വാളകം മാർതോമ്മാ ഹൈസ്ക്കൂളിന്റെ ആദ്യഹെഡ്മാസ്റ്ററായി സേവനം അനുഷ്ഠിച്ചിരുന്നതുകൊണ്ട് ഈ വാർഡിലെ അനേകം ജനങ്ങളെ ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ട്.

1950 കാലഘട്ടത്തിൽ കോട്ടയം ജില്ലയിൽ നിന്നും കൊല്ലം ജില്ലയിൽ നിന്നും താമസമാക്കിയ സീറോമലബാർ സഭയിൽപെട്ട ക്രിസ്ത്യാനികൾക്കുവേണ്ടി1956-ൽ വെളിനല്ലൂർ വില്ലേജിൽ ചെറിയവെളിനല്ലൂർ വാർഡിൽ പെട്ട മലപ്പുറത്ത് സ്ഥാപിതമാക്കിയ ക്രിസ്തീയദേവാലയമാണ് ചെറിയവെളിനല്ലൂർ സെയിന്റ് സെബാസ്റ്റ്യൻസ് പള്ളി. കൂടുതൽ സൗകര്യാർത്ഥം 1962-ൽ ഈ ദേവാലയം ചെറിയവെളിനല്ലൂരിൽ പുതുക്കിപ്പണിതു. 1969-ൽ ഈ ദേവാലയത്തോടനുബന്ധിച്ച് ഇന്നാട്ടിലെ ആദ്യത്തെ ആശുപത്രി സ്ഥാപിച്ചു. അതിന്റെ പ്രവർത്തനം ഇന്നും തുടരുന്നു.

കലാരംഗത്തും കായികരംഗത്തും ഇളമ്മാട് പ്രസിദ്ധമാണ്. കലാസാംസ്കാരിക രംഗങ്ങളിൽ ഇന്നാട്ടുകാർ കൂടുതൽ ശ്രദ്ധിച്ചിരുന്നു. ദേവാലയത്തിൽ കലാപ്രദർശനങ്ങൾ നടത്തിയിരുന്നു. കഥകളി, ഓട്ടൻതുള്ളൽ, കമ്പടികളി, കല്യാണക്കളി, തിരുവാതിരകളി, നൊയ്യാണ്ടിക്കളി, കുത്തിയോട്ടക്കളി, കാക്കാരിശ്ശിനാടകം, കോലംതുള്ളൽ, പടയണി തുടങ്ങിയവയും കായികാഭ്യാസങ്ങളായ അടിതട, ഗുസ്തി, കിളിത്തട്ടുകളി, സർക്കസ് തുടങ്ങിയ വിവിധമേഖലയിലുള്ള സമർത്ഥന്മാർ ഇവിടെയുണ്ടായിരുന്നു. കഥകളികളരികൾ ഉണ്ടായിരുന്നത് അർക്കന്നൂർ, തേവന്നൂർ എന്നീ സ്ഥലങ്ങളിലാണ്. കലാമണ്ഡലം പ്രൊഫസർ രാജശേഖരൻ, അർക്കന്നൂർ പ്രഭ, അർക്കന്നൂർ ഗോപാലകൃഷ്ണൻ, അർക്കന്നൂർ ഗംഗാധരൻ, കേശവൻനമ്പൂതിരി, ഉണ്ണികൃഷ്ണൻ നമ്പൂതിരി, മംഗലത്തുകൃഷ്ണപിള്ള എന്നിവർ ഈ കഥകളി കളരികളിൽ നിന്നും അഭ്യാസം പൂർത്തിയാക്കി പ്രസിദ്ധരായ കഥകളിനടന്മാരാണ്. കലാമണ്ഡലത്തിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ കലാമണ്ഡലം രവികുമാറും കലാമണ്ഡലം മനോജും ഈ രംഗത്തെ പുതിയ തലമുറയിൽ പെട്ടവരാണ്.

ഓട്ടൻതുള്ളലിന്റെ ഉപജ്ഞാതാവായ കുഞ്ചൻ നമ്പ്യാരുടെ കാലശേഷം അതേരൂപത്തിൽ ഓട്ടൻതുള്ളൽ മികവോടുകൂടി അവതരിപ്പിച്ച പാറംകോട്ട് ഗോവിന്ദൻ ആശാൻ ഇളമ്മാടിന്റെ വരദാനമായിരുന്നു. തേവന്നൂർ ഗോപാലകൃഷ്ണൻ, വടമൺ ദേവകിയമ്മയും ഓട്ടൻതുള്ളലിൽ ഈ ദേശത്തിന്റെ പേര് ഉയർത്തിപ്പിടിച്ചവരാണ്.

പ്രാചീന ക്രൈസ്തവ കലാരൂപമായിരുന്ന പരിശമൂട് കളിയിൽ വിദഗ്ദ്ധരായിരുന്നു വെള്ളച്ചാൽ കെ. കുഞ്ഞാണ്ടി, ചെറുവക്കൻ എന്നിവർ. അന്ന് ഗുരുകുലസമ്പ്രദായത്തിലുള്ള വിദ്യാഭ്യാസമാണുണ്ടായിരുന്നുത്. തുടർന്ന് നാട്ടുപ്രമാണിമാരുടെ കളീലുകളിൽ നിലത്തെഴുത്താശാന്മാരുടെ മേൽനോട്ടത്തിലുള്ള നിലത്തെഴുത്താണുണ്ടായിരുന്നത്. ഇന്ന് നഴ്സറി സ്ക്കൂളുകളുടെ വരവോടുകൂടി നിലത്തെഴുത്ത് വിദ്യാഭ്യാസത്തിന്റെയും നിലത്തെഴുത്താശാന്മാരുടെയും പ്രസക്തി നഷ്ടപ്പെട്ടുപോയിരിക്കുകയാണ്. കടലാസും പേനയും വളരെ ചുരുക്കമായിരുന്നു. കടുക്ക ചുട്ട് മൺവെട്ടിത്തട്ടിൽ വച്ച് വെള്ളം ഒഴിച്ച് അരച്ചുണ്ടാക്കുന്ന മഷിയും വലിയ പക്ഷികളുടെ പൊഴിഞ്ഞുവീഴുന്ന തൂവലിന്റെ പൊള്ളയുള്ള ഭാഗം വെട്ടി മുനയാക്കി പേനയായും ഉപയോഗിച്ചിരുന്നു. പനയോല വാർന്നെടുത്ത് നാരായം കൊണ്ട് അക്ഷരങ്ങൾ എഴുതിവായിച്ച് പഠിച്ചിരുന്നു. പച്ചില തേച്ച് അക്ഷരം തെളിയിച്ച് വായിക്കുമായിരുന്നു. ഏതാണ്ട് ആയിരത്തിഒരുന്നൂറാം ആണ്ടോടുകൂടിയാണ് ഈ പഞ്ചായത്തിൽ വിദ്യാലയം ഉണ്ടായത്. നാട്ടിലെ പ്രമാണിമാരുടെ മേൽനോട്ടത്തിലും ഉടമസ്ഥതയിലും കെട്ടിടങ്ങൾ പണിയിപ്പിച്ച് അദ്ധ്യായനം ആരംഭിച്ചിരുന്നു. ദിവംഗതരായ മാടപ്പള്ളിയിൽ നാരായണപിള്ള ഇളമ്മാടും, നെടുങ്ങാന്നൂർ കൃഷ്ണപിള്ള തേവന്നൂരും നെടുമൺമഠത്തിൽ പ്രഭാകരരുപണ്ടാരത്തിൽ അർക്കന്നൂരും സ്ക്കൂളുകൾ പണിയിപ്പിച്ച് അദ്ധ്യാപകരെ നിയമിച്ച് വിജ്ഞാനപ്രകാശം വ്യാപിപ്പിച്ചു. 1123 തുലാം ഒന്നാംതീയതി ഈ സ്ക്കൂളുകൾ ഗവൺമെന്റിലേക്ക് വിട്ടുകൊടുത്തു. ക്രമേണ ഈ വിദ്യാലയങ്ങൾ വളർന്ന് ഇളമ്മാട് മിഡിൽ സ്ക്കൂളായും തേവന്നൂർ ഹൈസ്ക്കൂളായും വളർന്നുവന്നു.

അതാത് പ്രദേശത്തെ കലാ-സാംസ്ക്കാരിക വിദ്യാഭ്യാസ ഉന്നമനത്തിന് ഗ്രന്ഥശാലകളും വായനശാലകളും അതിപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്. 1945 മേയ് 5-ന് സ്ഥാപിച്ച അർക്കന്നൂർ ബാപ്പുജി സ്മാരകമായ ഗ്രന്ഥശാലയാണ് പഞ്ചായത്തിലെ

ഏറ്റവും പഴക്കമുള്ള ഗ്രന്ഥശാല. ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലഘട്ടത്തിൽ ദേശീയ പ്രസ്ഥാനത്തിലെ പ്രവർത്തകർ സമ്മേളിച്ചിരുന്നതും മറ്റും ഈ ഗ്രന്ഥശാലയിലായിരുന്നു. 1949-ൽ സ്ഥാപിച്ചതാണ് തേവന്നൂർ നേതാജി സ്മാരക വായനശാല. 1952-ൽ സ്ഥാപിച്ച ചെറുവക്കൽ പബ്ലിക് ലൈബ്രറിയും 1955-ൽ സ്ഥാപിച്ച ചെറിയവെളിനല്ലൂർ സഹൃദയ ഗ്രന്ഥശാലയും, പാറകോട്ട് ഗ്രന്ഥശാലയും ഇളമ്മാട് പഞ്ചായത്ത് പബ്ലിക് ലൈബ്രറിയും നെട്ടയം മുത്താരംകുന്ന് വായനശാലയും ഈ രംഗത്ത് ശ്രദ്ധേയമായ പ്രവർത്തനം നടത്തുന്ന ഗ്രന്ഥശാലകളാണ്.

കൃഷിയിലും ഇന്നാട്ടുകാർ പരസ്പരം സഹകരണത്തോടുകൂടിയാണ് പ്രവർത്തിച്ചിരുന്നത്. പാടശേഖരപദ്ധതിയും ജലസേചനപദ്ധതിയും വരുന്നതിനു മുമ്പുതന്നെ കൃഷിക്കാർ പരസ്പരം ആലോചിച്ച് വിതയ്ക്കേണ്ട വിത്ത് ഏതായിരിക്കണം, എന്ന് വിതയ്ക്കണം, എന്ന് വെള്ളം കയറ്റണം എന്നൊക്കെ ചർച്ച ചെയ്യുകയും തീരുമാനിക്കുകയും ചെയ്തിരുന്നു. കൃഷിക്കാരെ സംഘടിപ്പിച്ച് ഓരോ പ്രദേശത്തും നടത്തുന്ന കാളയോട്ടം ഈ സഹകരണത്തിന്റെ ഒരു ഉദാഹരണമാണ്. ആരോഗ്യവും അഴകുമുള്ള ഉരുക്കളെ വളർത്തുക, ആരോഗ്യവും സാമർത്ഥ്യവുമുള്ള ചെറുപ്പക്കാരെ ഈ രംഗത്തേക്ക് കൊണ്ടുവരുക, തന്മൂലം കൃഷിയും ആരോഗ്യവും വികസിപ്പിക്കുക എന്ന ലക്ഷ്യങ്ങളാണ് ഈ പ്രസ്ഥാനം കൊണ്ട് കൈവരുന്നത്.

ചാതുർവർണ്ണ്യം കൊണ്ടും ജാതിവ്യവസ്ഥിതി കൊണ്ടും ഹൈന്ദവസമൂഹത്തിലുണ്ടായിരുന്ന വേർതിരിവും തൊട്ടുകൂടായ്മയും ഒരുകൂട്ടം ആളുകളെ താഴെതട്ടിലേക്ക് തള്ളിയിരുന്നു. വഴി നടക്കാനോ ക്ഷേത്രങ്ങളിൽ കയറാനോ അനുവാദമില്ലായിരുന്നു. "തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ''- ഈ വേർതിരിവിന് വിധേയാരിയിരുന്നു. വൈക്കം സത്യാഗ്രഹം, ഗുരുവായൂർ സത്യാഗ്രഹം, ഗാന്ധിജിയുടെ ഹരിജനോദ്ധാരണം, ശ്രീ ചിത്തിരതിരുനാൾ മഹാരാജാവിന്റെ ക്ഷേത്രപ്രവേശന വിളംബരം ഇവയ്ക്ക് ശേഷം ഗവൺമെന്റിന്റെ പട്ടികജാതി, പട്ടികവർഗ്ഗ ഉദ്ധാരണപ്രക്രിയകൾ ഇവകൊണ്ട് ഹിന്ദുമതത്തിലെ ജാതിവ്യവസ്ഥയ്ക്കും വർഗ്ഗീയചിന്താഗതിക്കും ഒരളവുവരെ പരിവർത്തനമുണ്ടായി.

എന്നാൽ അതിനുമുമ്പുതന്നെ ഇളയിടത്തുനാട്ടിലെ രണ്ടാംസ്ഥാനമായ ഇളമ്മാട്ടെ ഉൽകൃഷ്ടാശയന്മാരായ ആളുകൾ വരരുചിയുടെ സന്താനങ്ങളായ പന്തിരുകുലത്തിന്റെ തത്വം ഉൾക്കൊണ്ട് ഇളമ്മാട്ട് ഭഗവതി ക്ഷേത്രത്തിലെ ഉത്സവത്തിന് കുറവസമുദായത്തിലെ പ്രായംകൂടിയ ആളിന് നാട്ടിലെ പ്രധാന ഊരാളി (ഊര് ആളുന്നയാൾ) എന്ന സ്ഥാനപ്പേര് കൊടുത്ത് ഭഗവതിപരിവാരസമേതം കുത്തുവിളക്ക്, കൊടിതോരണാദിമേളത്തോടുകൂടി നാടുചുറ്റുന്ന ചടങ്ങിൽ രക്ഷാപുരുഷനായി അക്കാലത്തെ പ്രകാശോപാധിയായ ചൂട്ടും ചൂരലുമായി മുമ്പിൽ നടത്തി ഒരു രാത്രിയും ഒരു പകലും സഞ്ചരിച്ച് തിരിച്ചെത്തിയാൽ ഊരാളിക്കും കുടുംബക്കാർക്കും വെറ്റയും പൊയിലയും നല്കി ബഹുമാനിച്ചിരുന്നു. നാട്ടുകാർ നടത്തുന്ന ഉത്സവത്തിന്റെ തലേദിവസം രാത്രി ഊരാളിയുടെ സമുദായക്കാരുടെയും മറ്റു ഹരിജനങ്ങളുടെയും പാട്ടും ആട്ടവും കൊട്ടും കുരവയും കളികളുമാണ്. ഉത്സവദിവസം കുതിരയെടുപ്പിന് മുമ്പേ ഹരിജനങ്ങളുടെ കതിരുകാളയും കൊട്ടും താളമേളങ്ങളും ഉണ്ടാകും. കതിരുകാളയെ അഴിച്ചതിനുശേഷമേ കുതിരയെ അഴിക്കുകയുള്ളു.

രാഷ്ട്രീയരംഗത്തും തനതായ വ്യക്തിമുദ്ര പതിപ്പിച്ച പ്രഗത്ഭമതികൾ ഇവിടെ നിന്നും ഉണ്ടായിട്ടുണ്ട്. സുഭാഷ് ചന്ദ്രബോസിന്റെ ഐ.എൻ.എ. സേനയിലെ പ്രധാനിയായിരുന്ന INA ഭടൻ ഗോപാലപിള്ള ജീവിച്ചിരുന്ന സ്വാതന്ത്ര്യസമര സേനാനികളിൽ പ്രമുഖരാണ്. അതുപോലെ സ്വാതന്ത്ര്യസമരത്തിനോടനുബന്ധിച്ച് വൈക്കം സത്യാഗ്രഹത്തിൽ പങ്കാളികളായ ശ്രീ. പി.കെ. മാധവനും ശ്രീ. ജോർജ്ജ് മുതലായവരുമാണ്. പ്രഗത്ഭ പാർലമെന്റേറിയനും മുൻസ്പീക്കറുമായിരുന്ന ശ്രീ. വി. ഗംഗാധരൻ, ശ്രീ. കെ.ആർ. രാഘവൻപിള്ള, നിയമസഭാംഗമായിരുന്ന ശാസ്ത്രസാങ്കേതിക രംഗത്തെയും പ്രഗത്ഭമതികൾ ഇവിടെ നിന്നും വളർന്നുവന്നിട്ടുണ്ട്. ഹിന്ദുസ്ഥാൻ ലാറ്റക്സിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ വി. ഗംഗാധരന്റെ മകനുമായ രാജ്മോഹൻ അവർകൾ പൂനെയിലെ നാഷണൽ കെമിക്കൽ ലബോറട്ടറിയിലെ ശാസ്ത്രജ്ഞനായ ഡോ: കെ. വിജയമോഹനൻ, പ്രഗത്ഭനായ ഭിഷഗ്വരൻ, ഇപ്പോൾ അമേരിക്കയിൽ ഉപരിപഠനം നടത്തുന്ന ഡോ: കെ. രാജ്മോഹൻ എന്നിവർ ഈ രംഗത്തെ പ്രമുഖരാണ്. ഇവർ നാടിന്റെ വരദാനങ്ങളാണ്. പ്രമുഖ സാഹിത്യകാരനും. നിരവധി അവാർഡ് ജേതാവുമായ ശ്രീ. തേവന്നൂർ മണിരാജ്, അദ്ധ്യാപക ദേശീയഅവാർഡ് നേടിയ ശ്രീ. കുമ്പല്ലൂർ ബേബിയും നമ്മുടെ പഞ്ചായത്തിന്റെ സംഭാവനകളാണ്. ആനക്കൊമ്പിലും തടിയിലും വാസ്തുശില്പകലയിലും പ്രാഗത്ഭ്യം നേടിയവരും ഇന്ത്യൻ പ്രസിഡന്റിന്റെ അവാർഡ് ജേതാക്കളുമായിരുന്ന തിരുവനന്തപുരം എസ്.എം. എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിലെ ഉദ്യോഗസ്ഥരായിരുന്ന ശ്രീ. അർക്കന്നൂർ നീലകണ്ഠനാചാരിയും അർക്കന്നൂർ നാണു ആചാരിയും ഈ പഞ്ചായത്തിന്റെ പേര് ദേശീയതലത്തിൽ ഉയർത്തിപ്പിടിച്ച വരാണ്. വാസ്തുശില്പകലയിൽ ഇവർ കേരളത്തിൽ ഏറെ അറിയപ്പെട്ടിരുന്നവരാണ്. ഗ്രന്ഥശാലപ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകരിൽ ഒരാളായ ശ്രീ. എം.സി. മത്തായി ഭാഷാദ്ധ്യാപകനായി സേവനം ആരംഭിച്ച് കേരളത്തിൽ ആദ്യമായി ഏ.ഇ.ഓ., ഹെഡ്മാസ്റ്റർ എന്നീ പദവികളിൽ എത്തിയ ശ്രീ. കൈതയിൽ എൻ. മാധവൻ അവർകളും ഈ പഞ്ചായത്തിന്റെ സംഭാവനകളാണ്.

ഹിന്ദുമതക്കാരും ക്രിസ്തുമതക്കാരും ഇസ്ലാംമതവിശ്വാസികളും ഇടകലർന്ന് വസിക്കുന്ന മതസൗഹാർദ്ദമുള്ള ഒരു പ്രദേശമാണിവിടം. ഭൗതികശാസ്ത്ര വിശ്വാസങ്ങളൊന്നും ജനങ്ങളുടെ ആത്മീയവിശ്വാസത്തെയോ സിദ്ധാന്തത്തെയോ ബാധിച്ചിട്ടില്ല. പരസ്പരബഹുമാനത്തോടും പരസ്പരസഹായത്തോടും വർത്തിക്കുന്ന ഒരു സംസ്കാരമാണിവിടുത്തെ പ്രത്യേകത.

ഇളമാട് പഞ്ചായത്തിലെ വിവിധ മണ്ഡലങ്ങളിലെ പ്രതിഭകൾ

1. തിരുകൊച്ചി മുൻ സ്പീക്കർ	–	ശ്രീ. വി. ഗംഗാധരൻ
2. I.N.A. ഭടൻ	–	ശ്രീ. അറപ്പുര ഗോപാലപിള്ള
3. ഹിന്ദുസ്ഥാൻ ലാറ്റക്സ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ	–	ശ്രീ. ജി. രാജ്മോഹൻ
4. പുനെയിലെ നാഷണൽ കെമിക്കൽ ലബോറട്ടറിയിലെ ശാസ്ത്രജ്ഞൻ	–	ഡോ: കെ. വിജയമോഹൻ
5. പ്രഗത്ഭ ശിശുരോഗവിദഗ്ദ്ധൻ	–	ഡോ: കെ. രാജ്മോഹൻ
6. ദേശീയ അദ്ധ്യാപക അവാർഡ്	–	ശ്രീ. കുമ്പല്ലൂർ ബേബി
7. സാഹിത്യകാരന്റെ വിവിധ അവാർഡ് ജേതാവ്	–	ശ്രീ തേവന്നൂർ മണിരാജ്
8. വാസ്തുശില്പകലയിൽ ഇന്ത്യൻ പ്രസിഡന്റിന്റെ അവാർഡ് നേടിയവർ	–	ശ്രീ. നീലകണ്ഠനാചാരി ശ്രീ. നാണു ആചാരി
9. രാഷ്ട്രീയരംഗം	–	ശ്രീ. കെ. ആർ. രാഘവൻപിള്ള ശ്രീ. കെ. ആർ. ചന്ദ്രമോഹൻ Ex. M.L.A.
10. കഥകളി	–	(1) സർവ്വശ്രീ. കേശവൻപോറ്റി തേവന്നൂർ (2) ഉണ്ണികൃഷ്ണൻ നമ്പൂതിരി തേവന്നൂർ (3) കലാമണ്ഡലം രാജശേഖരൻ (4) അർക്കന്നൂർ പ്രഭ (5) അർക്കന്നൂർ ഗോപാലകൃഷ്ണൻ (6) R.L.V. ഗംഗാധരൻ (7) കലാമണ്ഡലം രവികുമാർ (8) കലാമണ്ഡലം മനോജ്
11. കഥകളിഗായകൻ	–	ശ്രീ. തേവന്നൂർ മാധവനാചാരി
12. ഓട്ടൻതുള്ളൽ	–	(1) സർവ്വശ്രീ പാറങ്കോട് ഗോവിന്ദനാശാൻ (2) തേവന്നൂർ ഗോപാലകൃഷ്ണൻ (3) വടമൺ ദേവകിഅമ്മ
13. സംഗീതജ്ഞൻ	–	അർക്കന്നൂർ തോട്ടത്തിൽ മാധവൻപിള്ള
14. കുത്തിയോട്ടപ്പാട്ട്	–	(1) സർവ്വശ്രീ പുളിയറ വേലുആചാരി (2) തുണ്ടിൽ നാരായണപണിക്കർ (3) വിളയിൽ വേലായുധൻപിള്ള (4) പുത്തൂർ നാരായണപണിക്കർ (5) ചിറയത്ത് ശങ്കരനാശാൻ (6) കാട്ടിൽ ഗോപാലപിള്ള (7) പുളിയറകുന്നിൽ ബാലകൃഷ്ണനാശാൻ
15. ചെണ്ട	–	(1) സർവ്വശ്രീ പുത്തൂർ ശങ്കരപിള്ള (2) അദിച്ചൻ (3) കണ്ടൻ (4) കണ്ണങ്കേര് രാമൻകുട്ടിയാശാൻ
16. കളമെഴുത്ത്	–	സർവ്വശ്രീ പുത്തൂർ ശങ്കരപിള്ള
17. കാക്കാരിശ്ശിനാടകം	–	സർവ്വശ്രീ (1) കല്ലുവെട്ടാംകുഴി കേശവനാചാരി (2) പാറംകോട് നാണുആചാരി (3) വടക്കേവിള നാണുആചാരി

18. നൊയ്യാണ്ടിക്കളി	–	ശ്രീ. കൊച്ചോതിയാശാൻ
19. ഭാഗവതപാരായണം	–	സർവ്വശ്രീ (1) ഇളമാട് മാധവൻപിള്ള (2) ഇളമാട് ഗോവിന്ദപിള്ള (3) ഇളമാട് മുരളി (4) വെള്ളിയഴികം ഗോവിന്ദനാശാൻ
20. കോലംതുള്ളൽ	–	ശ്രീ ഇലവുംമൂട്ടിൽ പത്മനാഭൻ
21. തിരുവാതിര	–	ശ്രീമതി രത്നമ്മ, തെറ്റിക്കാട്ടിൽ
22. പരിശമുട്ടുകളി	–	ശ്രീ വെള്ളച്ചാൽ കെ. കുഞ്ഞാണ്ടി ശ്രീ മങ്കാട് മാത്യൂസ്
23. മരമടിഓട്ടക്കാർ	–	(1) സർവ്വശ്രീ നള്ളേത്ത് വേലുപ്പിള്ള (2) മേവറത്ത് ഉതുമാൻ റാവുത്തർ (3) ഇരവൂർ മാധവൻപിള്ള (4) ഇരവൂർ അനിൽകുമാർ (5) പുളിവിള ഗീവർഗ്ഗീസ് (6) വയലാ അബ്ദുൽ റഹ്മാൻ (7) കിഴക്കേടത്ത് കേശവപിള്ള (8) പാറങ്കോട്ടുകുഞ്ഞുകൃഷ്ണപിള്ള (9) യേശുവിലാസം കുഞ്ഞുകുഞ്ഞ് (10) വിളയിൽ ജോർജ്ജ്കുട്ടി
24. കണ്ണുവൈദ്യൻ	–	ശ്രീ അർക്കന്നൂർ മംഗലത്ത് പത്മനാഭപിള്ള
25. വിഷചികിത്സ	–	ശ്രീ. മുണ്ടയ്ക്കൽ പൊയ്കയിൽ അച്ചുതൻപിള്ള ശ്രീ. കുറുമ്പക്കോട്ട് മാധവൻ വൈദ്യൻ
26. മൃഗചികിത്സ	–	ശ്രീ. വടക്കേവിള നീലകണ്ഠൻനായർ ശ്രീ. മംഗലത്തുപത്മനാഭപിള്ള ശ്രീ. കിഴക്കേവിള ശങ്കരൻനായർ ശ്രീ. വെള്ളച്ചാലിൽ ചാക്ഷുണ്ണിവൈദ്യൻ
27. മർമ്മചികിത്സ	–	മാടപ്പള്ളിൽ നാരായണപിള്ള കിഴക്കേവിള ശങ്കരൻനായർ
28. പേവിഷചികിത്സ	–	ഗോവിന്ദൻവൈദ്യൻ, കോണത്തുവീട്, കണ്ണംകോട്.

പഞ്ചായത്താഫീസ്, വില്ലേജാഫീസ് ഇവയ്ക്ക് സ്ഥലം ഇഷ്ടദാനമായി കൊടുത്തത്
ശ്രീ. വിളയിൽ (മംഗലത്ത്) പരമേശ്വരൻപിള്ള
കൃഷിആഫീസിന് സ്ഥലം ഇഷ്ടദാനമായി കൊടുത്തത് – **പണയിൽമേലതിൽ ദേവകിഅമ്മ.**

4

ഭൂപ്രകൃതി
ജനപ്രകൃതി
ജലപ്രകൃതി

കൊല്ലം ജില്ലയുടെ തെക്കുകിഴക്ക് സ്ഥിതിചെയ്യുന്ന ബ്ലോക്കാണ് ചടയമംഗലം. ഈ ബ്ലോക്കിന്റെ കിഴക്ക്-തെക്ക് അതിരുകൾ തിരുവനന്തപുരം ജില്ലാഅതിർത്തിയാണ്. സുന്ധ വിളകളുടെയും നാണ്യവിളകളുടെയും നാടായ ഈ മലയോര ദേശങ്ങൾ ഉൾക്കൊള്ളുന്ന ഏഴു പഞ്ചായത്തുകൾ അടങ്ങുന്ന ഈ ബ്ലോക്ക് കൊട്ടാരക്കര താലൂക്കിന്റെ ഭാഗമാണ്. ചടയമംഗലം ബ്ലോക്കിന്റെ വടക്കുപടിഞ്ഞാറ് മാറി സ്ഥിതി ചെയ്യുന്നതും കുന്നുകളും താഴ്വരകളും ഉൾപ്പെടുന്ന ഒരു കാർഷികഗ്രാമമാണ് ഇളമ്മാട് പഞ്ചായത്ത്. ഇളമ്മാട്ട് പഞ്ചായത്തിന്റെ വിസ്തീർണ്ണം 30.2 ച: കിലോമീറ്റർ ആണ്. 1991-ലെ കാനേഷുമാരി കണക്കനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 23941 ഉം ഒരു ചതുരശ്ര കിലോമീറ്ററിലെ ജനസാന്ദ്രത 798 ആണ്.

അക്ഷാംശം $8^{o}51'38"$ നും $8^{o}56'12"$ നും $76^{o}51'25"$നും ഇടയിലുമായി ഇളമ്മാട് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിന്റെ വടക്ക് ഉമ്മന്നൂർ പഞ്ചായത്തും കിഴക്ക് ഇടമുളയ്ക്കൽ പഞ്ചായത്തും പടിഞ്ഞാറ് ഭാഗത്തായി വെളിനല്ലൂർ പൂയപ്പള്ളി, വെളിയം പഞ്ചായത്തുകളും സ്ഥിതി ചെയ്യുന്നു. തെക്ക് ഭാഗത്തായി 2.5 കി. മീറ്റർ ദൂരത്തിൽ ഇത്തിക്കര നദിയും ഒഴുകുന്നു.

ഭൂപ്രകൃതി

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരക്രമവും കിടപ്പും ആസ്പദമാക്കി കേരളത്തെ മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നായി തരംതിരിച്ചിരിക്കുന്നു. സമുദ്രനിരപ്പിൽ നിന്നും 8 മീറ്ററും അതിന് താഴെയും വരുന്ന പ്രദേശങ്ങളെ തീരപ്രദേശമെന്നും 8 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയർന്നുകിടക്കുന്ന പ്രദേശങ്ങളെ ഇടനാട് എന്നും 75 മീറ്ററിനുമുകളിൽ കിടക്കുന്ന പ്രദേശങ്ങളെ മലനാട് എന്നും പറയുന്നു. ഈ നാട് വിഭാഗത്തിലാണ് ഇളമാട് പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ഈ പഞ്ചായത്തിലെ ഏറ്റവും ഉയരംകൂടിയ പ്രദേശം സമുദ്രനിരപ്പിൽ നിന്നും 171 മീറ്ററും ഏറ്റവും ഉയരം കുറഞ്ഞ പ്രദേശം സമുദ്രനിരപ്പിൽ നിന്നും 40 മീറ്ററുമാണ്. ഭൂപ്രകൃതിപരമായി ഇളമ്മാട് പഞ്ചായത്തിന്റെ ഉയർന്നപ്രദേശം കാണപ്പെടുന്നത് തെക്കുപടിഞ്ഞാറു ഭാഗത്ത് സ്ഥിതിചെയ്യുന്ന തെരുവിൻ ഭാഗം കുന്നാണ്. ഇതിന്റെ



വടക്കുപടിഞ്ഞാറൻ ഭാഗമായ കിഴക്കോട്ടുനിന്നും തെക്കുഭാഗം വഴി കിഴക്കൻ അതിരായ ഭാഗങ്ങൾ മുഴുവനായി നോക്കിയാൽ ഉയർന്നുതാഴുന്നതായി കാണുന്ന ഭൂപ്രകൃതിയാണ്.



പഞ്ചായത്തിൽനിന്നും വടക്ക് തേവന്നൂർ നിന്നും അർക്കന്നൂർ വഴി ഇഞ്ചിക്കര ആറിലേക്ക് സഞ്ചരിക്കുമ്പോൾ കാണുന്ന ഭൂപ്രകൃതി.

ഉയരം 171 മീറ്റർ വരും. താരതമ്യേന പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറുപ്രദേശത്തും ഉയർന്ന പ്രദേശങ്ങൾ കാണപ്പെടുന്നുണ്ട്. പഞ്ചായത്തിന്റെ തെക്ക് കിഴക്ക് അതിർത്തിയിലൂടെ ഒഴുകുന്ന ഇത്തിക്കര നദിയുടെ തീരപ്രദേശങ്ങളാണ് ഏറ്റവും താഴ്ന്ന പ്രദേശമായി കണ്ടുവരുന്നത്.

ഇളമ്മാട് പഞ്ചായത്തിന്റെ പടിഞ്ഞാറ് ഭാഗമായ കിളിക്കോട്ടുനിന്നും വേങ്ങൂർ വഴി സ്റ്റേഷൻകുന്ന് വരെ നേർ രേഖയിൽ സഞ്ചരിക്കുമ്പോൾ കണ്ടുവരുന്ന ഉയർച്ചയെയും താഴ്ചയെയും കാണിക്കുന്ന ചിത്രം (A-B)

ഇളമ്മാട് പഞ്ചായത്തിന്റെ വടക്ക് തേവന്നൂരിൽ നിന്നും തോട്ടത്തറ അർക്കന്നൂർ വഴി ഇത്തിക്കര ആറിലേക്ക് നേർരേഖയിൽ സഞ്ചരിക്കുമ്പോൾ കാണുന്ന ഭൂപ്രകൃതി വിഭാഗങ്ങളാണ് ചിത്രം C-Dയിൽ കാണിച്ചിരിക്കുന്നത്.

ഇളമ്മാട് പഞ്ചായത്തിനെ പ്രാദേശികമായി മൂന്നായി തരംതിരിക്കാം.

1. താഴ്വര 2. ചരിവുള്ള പ്രദേശം 3. കുന്നിൻമുകൾ ഭാഗം

താഴ്വര: ഇളമ്മാട് പഞ്ചായത്തിന്റെ മൊത്തഭൂവിസ്തൃതിയുടെ 10.66 ശതമാനം മാത്രമാണ് താഴ്വരയായി കാണപ്പെടുന്നത്. ഇത്തിക്കര ആറിന്റെ നദീതടപ്രദേശങ്ങളും കുളഞ്ഞിയിൽ തോടിന്റെയും കിളിക്കോട് തോടിന്റെയും സമീപപ്രദേശം ഇതിൽപെടും.

ചരിവുകൾ: ഇളമ്മാട് പഞ്ചായത്തിൽ 90 ശതമാനത്തോളം ചരിവുള്ള പ്രദേശങ്ങളാണ് കണ്ടുവരുന്നത്. ചരിവുള്ള പ്രദേശങ്ങളെ മൂന്നായി തരംതിരിക്കാം.

1. 0 ഡിഗ്രി മുതൽ 5 ഡിഗ്രി വരെ ചരിവുള്ള പ്രദേശങ്ങൾ പഞ്ചായത്തിൽ മൊത്തം ഭൂവിസ്തൃതിയുടെ 36.64 ശതമാനം ഇതിൽ ഉൾപ്പെടും. തെങ്ങും മിശ്രിതവളങ്ങളുമാണ് ഈ പ്രദേശങ്ങളിൽ കൂടുതൽ കണ്ടുവരുന്നത്. ഭാഗികമായി ഇതിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ അർക്കന്നൂർ ഇളമ്മാട് പ്രദേശങ്ങളാണ്.

2. 5^{o} മുതൽ 10^{o} വരെ ചരിവുള്ള പ്രദേശം. മൊത്തം വിസ്തൃതിയുടെ 31.67 ശതമാനം ഇതിൽ ഉൾപ്പെടും. ഭാഗികമായി ഇതിൽ ഉൾപ്പെടുന്ന സ്ഥലങ്ങൾ ചെറുവക്കൽ, വേങ്ങൂർ, ചെറുവല്ലൂർ, നെട്ടയം മുതലായവയാണ്.

3. 10^{o} മുതൽ 18^{o} വരെ ചരിവുള്ള പ്രദേശം. പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 17.36 ശതമാനം ഇതിൽ ഉൾപ്പെടും. പ്രധാനമായും റബ്ബർ തോട്ടങ്ങളാണ് ഈ സ്ഥലങ്ങളിൽ കാണപ്പെടുന്നത്. മറ്റു സ്ഥലങ്ങളെ അപേക്ഷിച്ച് ഉയരം കൂടുന്നതിനാൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

ഭൂപ്രകൃതി മേഖലകൾ	വിസ്തൃതി	ശതമാനം
1. താഴ്വര	320.00	10.66
2. 0^{o} മുതൽ 5^{o} വരെ ചരിവുള്ള പ്രദേശം	1100.00	36.64
3. 5^{o} മുതൽ 10^{o} വരെ ചരിവുള്ള പ്രദേശം	951.00	31.67
4. 10^{o} മുതൽ 18^{o}വരെ ചരിവുള്ള പ്രദേശം	521.00	17.36
5. കുന്നിൻ മുകൾഭാഗം	110.00	3.67
	3002.00	100.00



(ഭൂരൂപങ്ങളെ കാണിക്കുന്ന ഭൂപടം)

3. കുന്നിൻ മുകൾഭാഗം

പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 3.67 ശതമാനം കുന്നിൻ മുകൾഭാഗമാണ്. പഞ്ചായത്തിലെ പ്രധാനപ്പെട്ട കുന്നുകളുടെ പേരും അവയുടെ ഉയരവും.

ക്രമനമ്പർ	കുന്നുകൾ	മീറ്റർ
1.	തെരുവിൻഭാഗം കുന്ന്	171
2.	ആയിരവല്ലി	155
3.	സ്റ്റേഷൻകുന്ന്	156
4.	കോട്ടറകുന്ന്	131
5.	ചെറുവള്ളൂർകുന്ന്	100
6.	തേവന്നൂർ കുന്ന്	100
7.	ചെറുവക്കൽ കുന്ന്	100
8.	ചാവരുപാറക്കെട്ട് കുന്ന്	100

നിമ്നോന്നത മേഖലകൾ

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരക്രമത്തെ ആസ്പദമാക്കി ഇളമ്മാട് പഞ്ചായത്തിനെ അഞ്ചായി തരംതിരിക്കാം.

ആറിനോട് ചേർന്നും കുളഞ്ഞിയിൽ തോടിനോടും ചേർന്ന പ്രദേശങ്ങളാണ്.

40 മീറ്ററിനും 60 മീറ്ററിനും മദ്ധ്യ:- മൊത്തം വിസ്തൃതിയുടെ 634 ഹെക്ടർ സ്ഥലം വ്യാപിച്ചുകിടക്കുന്നു. ഇതിന്റെ ഭാഗമായി ഉൾപ്പെടുന്ന സ്ഥലങ്ങൾ കണ്ണംകോട്, കാരാളികോണം, ഇളമ്മാട് നോർത്ത്, നെട്ടയം എന്നിവയാണ്.

60 മീറ്ററിനും 80 മീറ്ററിനും മദ്ധ്യ:- പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 590 ഹെക്ടർ സ്ഥലം വരെ ഇതിൽ ഉൾപ്പെടുന്നു. 19.65 ശതമാനം വരുന്ന ഈ സ്ഥലങ്ങളിൽ കൂടി കുടിവെള്ളക്ഷാമം കൂടുതലായി അനുഭവപ്പെടുന്നുണ്ട്. ഭാഗികമായി ഇതിൽ വരുന്ന പ്രദേശങ്ങൾ തേവന്നൂർ, ചെറുവള്ളൂർ, വേങ്ങൂർ തുടങ്ങിയവയാണ്.

100 മീറ്ററിനുമുകളിൽ:- ആകെ വിസ്തൃതിയുടെ 15.35 ശതമാനം ഇതിൽ ഉൾപ്പെടുന്നു. ഇളമ്മാട് പഞ്ചായത്തിലെ പ്രധാനപ്പെട്ട് കുന്നുകളെല്ലാം ഈ സ്ഥലങ്ങളിലാണ് കണ്ടുവരുന്നത്. ആയിരവല്ലി, തെരുവിൻഭാഗം, പ്ലാന്റേഷൻ ഭാഗം, സ്റ്റേഷൻകുന്ന്, തോട്ടത്തറക്കുന്ന്, തേവന്നൂർ എന്നീ സ്ഥലങ്ങൾ ഉൾപ്പെടുന്ന ഈ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

ക്രമനമ്പർ	നിമ്നോന്നത മേഖലകൾ	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1	40 മീറ്ററിനു താഴെ	470	15.65
2	40 മീറ്ററിനും 60 മീറ്ററിനും മദ്ധ്യേ	634	21.14
3.	60 മീറ്ററിനും 80 മീറ്ററിനും മദ്ധ്യേ	847	28.21
4.	80 മീറ്ററിനും 100 മീറ്ററിനും മദ്ധ്യേ	590	19.65
5.	100-ന് മുകളിൽ	461	15.35
		3002	100.00

40 മീറ്ററിനു താഴെ വരുന്ന പ്രദേശം:- ഭൂവിസ്തൃതിയുടെ 470 ഹെക്ടർ സ്ഥലം ഇതിൽ പെടുന്നു. 15.65 ശതമാനംവും വര ഈ പ്രദേശങ്ങൾ ഭാഗികമായി ഉൾപ്പെടുന്ന സ്ഥലങ്ങൾ ഇത്തിക്കര

ഭൂവിനിയോഗം

ഇളമ്മാട് പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 3002 ഹെക്ടർ ആണ്. ഇത് താഴ്വര, ചരിവുള്ള പ്രദേശം, ഉയർന്ന

ക്രമനമ്പർ	ഭൂവിനിയോഗം	വിസ്തൃതി ഹെക്ടറിൽ	ശതമാനം
1.	നെല്ല്	235	7.82
2.	റബ്ബർ	1535	51.13
3.	മിശ്രിതവിളകൾ	1100	36.64
4.	നികത്തിയ വയൽ	7	0.24
5.	ഉപയുക്തമായ കൃഷിഭൂമി	15	0.50
6.	തരിശുഭൂമി (പാറ)	110	3.67
		3002	100.00

(അവലംബം സന്നദ്ധ പ്രവർത്തകർ നിർമ്മിച്ച വിഭവഭൂപടം)



പ്രദേശം എന്നിങ്ങനെയായി കാണപ്പെടുന്നു. പഞ്ചായത്തിൽ പ്രധാനനാണ്യവിളകൾ റബ്ബറും തെങ്ങുമാണ്. മിശ്രിതവിളകളായി വാഴ, മരച്ചീനി, കുരുമുളക്, കവുങ്ങ്, പയർവർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്യപ്പെടുന്നു.

ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം ഇളമ്മാട് പഞ്ചായത്തിലെ ജനസംഖ്യ 23,941 ആയിരുന്നു. ഇതിൽ 11638 പുരുഷന്മാരും 12303 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 665 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകളുടെ എണ്ണം 91-ൽ 5087 ആയിരുന്നു. 1996-ൽ 7386 വീടുകളാണ് നിലവിലുള്ളത്. ആറ് വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം 2964 ആണ്. ഇതിൽ ആൺകുട്ടികൾ 1508 ഉം പെൺകുട്ടികൾ 1456 ആണ്. പട്ടികജാതി ജനസംഖ്യ 3152 ആണ്. ഇതിൽ 1537 പുരുഷന്മാരും 1615 സ്ത്രീകളുമാണ്. പട്ടികവർഗ്ഗജനസംഘ്യ 5 ആണ്. 3 പുരുഷന്മാരും 3 2 സ്ത്രീകളും. ആകെ ജനങ്ങളിൽ 18987 പേർ സാക്ഷരരും 4954 പേർ നിരക്ഷരരുമാണ്.

വാർഡ് തല ജനസംഖ്യാവിവര പട്ടിക

വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	ആകെ ജനസംഖ്യ	വീടുള്ളവർ	6 വയസ്സു വരെ പ്രായമുള്ളവർ	സ്ത്രീകൾ	പുരുഷന്മാർ	SC		ST		വിദ്യാഭ്യാസം കിട്ടിയവർ പുരുഷന്മാർ	സ്ത്രീകൾ
1	1073	1161	2234	478	293	144	149	110	111	--	--	832	879
2	1094	1199	2293	498	318	162	156	191	229	--	--	860	869
3	1286	1312	2598	538	342	179	163	162	154	--	--	1052	1000
4	1503	1445	2948	571	397	217	180	112	117	--	--	1181	1019
5	1053	1108	2161	450	266	146	120	69	60	--	--	804	781
6	1089	1234	2323	504	294	136	158	246	250	--	--	880	940
7	1216	1190	2414	530	253	137	116	137	160	--	--	1037	993
8	1064	1201	2296	505	251	127	124	174	171	--	--	899	991
9	1037	1143	2180	466	251	116	135	180	211	3	2	899	953
10	1219	1302	2571	547	299	144	155	151	152	--	--	1024	1000
ആകെ	11638	12303	23941	5087	2964	1508	1456	1537	1615	3	2	9513	9474

(11-ാം വാർഡിലെ വിവരങ്ങൾ വാർഡ് തിരിച്ച് ലഭ്യമായിരുന്നില്ല)

വിദ്യാഭ്യാസരംഗത്ത് പൊതുവിൽ മുന്നിൽ നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് ഇളമ്മാട്. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുക്രമമായി വർദ്ധനവുണ്ടെങ്കിലും പഠനനിലവാരം മെച്ചപ്പെട്ടു എന്നുപറയാനാവില്ല. ഈ സ്ഥിതിവിശേഷം മാറ്റിയെടുക്കേണ്ടതുണ്ട്.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാനപ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നല്കുകയും കാർഷിക വ്യാവസായിക മേഖലകളെ സജീവമാക്കി പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും ഇതിന് പരിഹാരമുണ്ടാക്കാൻ കഴിയും.

ജങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കാർഷികമേഖലയായിരുന്നു. കാർഷികരംഗം ആദായകരമല്ലാതായതോടെ മറ്റു തൊഴിൽമേഖലയിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിരിക്കുകയാണ്. പ്രധാനമായും നിർമ്മാണ പ്രവർത്തനരംഗത്തേയ്ക്കാണ് ഈ കടന്നുകയറ്റം നടന്നുകൊണ്ടിരിക്കുന്നത്. പരമ്പരാഗത തൊഴിൽമേഖലയായ കശുഅണ്ടി രംഗത്ത് തൊഴിലവസരം കുറഞ്ഞുവരികയാണ്. സ്ത്രീകളാണ് ഗണ്യമായ തോതിൽ ഈ മേഖലയിൽ പണിയെടുക്കുന്നത്. അഭ്യസ്തവിദ്യരിലുള്ള തൊഴിലില്ലായ്മയ്ക്ക് അടിയന്തിരപരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

ജലപ്രകൃതി

ഭൂപ്രകൃതിയും ജലലഭ്യതയും വളരെ അടുത്ത ബന്ധമാണ് ഉള്ളത്. താഴ്വരകളിലും ചരിവ് കുറഞ്ഞ പ്രദേശങ്ങളിലും വെള്ളം സുലഭമായി ലഭിക്കുമ്പോൾ കുത്തനെ ചരിവുള്ള പ്രദേശങ്ങളിലും ഉയർന്നുകിടക്കുന്ന പ്രദേശങ്ങളിലും കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. ശരാശരി 2454 മി.മീ. മഴ ലഭിക്കുന്നുണ്ട്. ഭൂപ്രകൃതി അനുസരിച്ച് മൊത്ത ഭൂവിസ്തൃതിയുടെ 90 ശതമാനവും ചരിവുള്ള പ്രദേശങ്ങളാണ്. തെരുവിൻ ഭാഗം, ആയിരവല്ലി, സ്റ്റേഷൻകുന്ന്, കോട്ടറ, തേവന്നൂർ തുടങ്ങിയ പ്രദേശങ്ങളിലെ ചരിവ് താരതമ്യേന കൂടുതലാണ്. മഴവെള്ളത്തിന്റെ ഭൂരിഭാഗവും മണ്ണിലേക്ക് ഊർന്നിറങ്ങാതെ ചരിവുകളിലൂടെ താഴേയ്ക്കു പതിയ്ക്കുകയും അവിടെ നിന്നും തോടുകളിലൂടെ ഇത്തിക്കര ആറിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു. ഇതുമൂലം ഭൂഗർഭജലശേഖരത്തിലേക്ക് എത്തിച്ചേരേണ്ട വെള്ളം ഓരോ മഴക്കാലത്തും കുറഞ്ഞുകൊണ്ടിരിക്കുന്നു. ഏപ്രിൽ, മെയ് മാസങ്ങളിലാണ് ജലക്ഷാമം വളരെക്കൂടുതൽ അനുഭവപ്പെടുന്നത്.

നീർമറി

ഏകജലനിർഗമനമാർഗ്ഗം മാത്രമുള്ള നിശ്ചിത ജലശേഖരണ വ്യാപനമേഖലയെ ഒരുനീർമറി പ്രദേശമായി കണക്കാക്കുന്നു. നീർമറി പ്രദേശം ആസൂത്രണമെന്നു പറഞ്ഞാൽ കേവല സ്ഥല ജലസംരക്ഷണ പ്രവർത്തനമല്ല. ഇതിന്റെ ഊന്നൽ ഭൂമിയുടെയും ജലസ്രോതസ്സുകളുടെയും സസ്യസമ്പത്തിന്റെയും സംയോജിതമായ മാനേജുമെന്റിനുള്ള സംവിധാനം രൂപപ്പെടുത്തുകയാണ്. ഇളമ്മാട് പഞ്ചായത്തിൽ പ്രധാനമായും രണ്ട് നീർമറി പ്രദേശമാണ് കണ്ടുവരുന്നത്.

(1) കുളഞ്ഞിയിൽ തോടും

(2) തണ്ണേറ്റുപുരമ്പിൽ തോടും

കുളഞ്ഞിയിൽ തോടിന്റെ വൃഷ്ടി പ്രദേശം പഞ്ചായത്തിന്റെ മൊത്തഭൂവിസ്തൃതിയുടെ 20 ശതമാനം ഉൾക്കൊള്ളുന്നു. ഏകദേശം 625 ഹെക്ടർ സ്ഥലം ഉൾപ്പെടുന്നുണ്ട്. 2 കി. മീറ്റർ ദൂരത്തിൽ ഒഴുകുന്ന തോടിന്റെ കൈവഴികളിലായി ഉപതോടുകളുമുണ്ട്. കുളഞ്ഞിതോടിന്റെ വൃഷ്ടിപ്രദേശം ഉൾപ്പെടുന്ന പ്രധാനസ്ഥലങ്ങൾ അർക്കന്നൂർ, കണ്ണംകോട് വാർഡുകളും ഭാഗികമായി ഇളമ്മാട്, ഇളമ്മാട് ഈസ്റ്റ് എന്നിവ വരുന്നു.

തണ്ണേറ്റുപുരമ്പിൽ തോട്: പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറ് അതിരിലൂടെ ഒഴുകുന്ന ഈ തോടിന്റെ വൃഷ്ടിപ്രദേശം 718 ഹെക്ടർ സ്ഥലം വരുന്നുണ്ട്. ഇത് പഞ്ചായത്തിന്റെ മൊത്തം ഭൂവിസ്തൃതിയുടെ 24% വരുന്നുണ്ട്. ഇവ ഉൾപ്പെടുന്ന പ്രധാന സ്ഥല

ലഭ്യമായ വിവരം അനുസരിച്ച് വാർഡ് തലത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ

ക്രമനമ്പർ	വാർഡുകൾ	സ്ഥലം
1.	ഇളമ്മാട് നോർത്ത്	ചാങ്ങര ഭാഗം
2.	കാരാളിക്കോണം	കാരാളികോണം
3.	അർക്കന്നൂർ	കുന്നുംപുറം
4.	കണ്ണംകോട്	ആയിരവല്ലിപ്പാറ, ചണ്ണപ്പറമ്പ്
5.	ഇളമ്മാട് വെസ്റ്റ്	കോട്ടയ്ക്കവിള കുന്നുംപുറം
6.	ചെറുവക്കൽ	ഇളവൂർ, ഒഴുകുപാറ, കൊപ്പാറ
7.	നെട്ടയം	കൈതയിൽ, വാളിയോട്
8.	പാറങ്കോട്	പാറങ്കോട്
9.	വേങ്ങൂർ	വേങ്ങൂർമല, ചാങ്ങോട്
10.	തേവന്നൂർ	ചെറുവല്ലൂർ, പാറയിൽ, തോട്ടശ്ശേരി
11.	ഇളമ്മാട് ഈസ്റ്റ്	കുണ്ടൂർ

ങ്ങൾ ചെറുവക്കൽ വാർഡും ഭാഗികമായി നെട്ടയം പാറങ്കോട് എന്നിവയാണ്.

മണ്ണ്

പഞ്ചായത്തിലെ മണ്ണിനങ്ങളെ പ്രധാനമായും രണ്ടായി തരം തിരിക്കാം.

1. ലാറ്റ്റേറ്റ് മണ്ണ്
2. എക്കൽമണ്ണ്

ലാറ്റ്റേറ്റ് മണ്ണ്: പഞ്ചായത്തിന്റെ 90 ശതമാനത്തോളം സ്ഥലങ്ങളിൽ ഈ മണ്ണ് വ്യാപിച്ചുകിടക്കുന്നു. മഴയും വേനലും ഇടവിട്ട് അനുഭവപ്പെടുന്ന മൺസൂൺ കാലാവസ്ഥ പ്രദേശങ്ങളിലാണ് ഈ മണ്ണ് കണ്ടുവരുന്നത്. ഈ കാലാവസ്ഥയിൽ ഏതു ശിലയും അപക്ഷയത്തിന് വിധേയമായി വിഘടിച്ച് കാലക്രമത്തിൽ ചെമ്മണ്ണ് ആയിമാറുന്നു. ഇതിന്റെ രൂപീകരണപ്രക്രിയയെ ലാറ്റ്റേറ്റ് സേഷൻ എന്നുപറയുന്നു. തേവന്നൂർ, കണ്ണംകോട്, വേങ്ങൂർ എന്നീ പ്രദേശങ്ങളിലെല്ലാം ഈ മണ്ണ് കണ്ടുവരുന്നു.

എക്കൽമണ്ണ്: പഞ്ചായത്തിന്റെ നെൽവയലുകളിൽ കാണപ്പെടുന്ന ഈ മണ്ണിൽ കളിമണ്ണിന്റെ അംശം കൂടുതലും മണലിന്റെ അംശം കുറവുമാണ്. വർഷകാലങ്ങളിൽ കുന്നിൻമുകളിൽ നിന്നും ഒഴുകിവരുന്ന എക്കലും ധാതുലവണങ്ങൾ അടങ്ങിയ വെള്ളവും നെൽവയലുകളിൽ ശേഖരിക്കുകയും അതിലുള്ള ധാതുലവണങ്ങളും എക്കലും വയലുകളിൽ അടിഞ്ഞുകൂടി ഇത്തരം മണ്ണുണ്ടാകുന്നു. ഇത്തിക്കര ആറിന്റെ സമീപപ്രദേശത്തും കുളഞ്ഞിതോടിനോട് ചേർന്നുവരുന്ന ഭാഗങ്ങളിലും ഈ മണ്ണ് കാണപ്പെടുന്നു.

പൊതുവെ ഈ പഞ്ചായത്തിലെ മണ്ണിന്റെ P.H. 57 ആണ്. അമ്ലഗുണം കാണിക്കുന്ന സ്വഭാവമുള്ളവയാണ്. മണ്ണിലെ ഹൈഡ്രജൻ അയോണുകളുടെ ഗാഢതയാണ് മണ്ണിന്റെ P.H. എന്ന് ഉദ്ദേശിക്കുന്നത്. ഹൈഡ്രജൻ അയോണുകളുടെ ഏറ്റക്കുറച്ചിലുകൾ ആണ് പദാർത്ഥം അമ്ലഗുണമുള്ളതാണോ, ക്ഷാരഗുണമുള്ളതാണോ എന്നു നിർണ്ണയിക്കുന്നത്. അനിയന്ത്രിതമായ രാസവളപ്രയോഗവും കീടനാശിനിപ്രയോഗവും മണ്ണിലെ P.H. കുറയുന്നതിന് കാരണമാകുന്നു. മണ്ണ് കൂടുതൽ അമ്ലഗുണമുള്ളതാവുന്നു.

കാലാവസ്ഥ

ഓരോ പ്രദേശത്തിന്റെയും സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം, മഴയുടെ അളവ്, മണ്ണ്, ഭൂപ്രകൃതി എന്നീ നാല് ഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി കാർഷിക കാലാവസ്ഥ മേഖലകളും വിളരീതിയെയും കുറിച്ച് പഠിക്കുന്നതിനുള്ള സമിതി കേരളത്തെ പതിമൂന്ന് കാർഷിക കാലാവസ്ഥ മേഖലകളായി തരംതിരിച്ചിട്ടുണ്ട്. അതിൽ "സതേൺ മിഡ്ലാന്റ്" സോണിലാണ് ഇളമ്മാട് പഞ്ചായത്ത് വരുന്നത്. ഈ മേഖലകളിൽ കാണപ്പെടുന്ന പ്രധാ



വാർഷികപാതം 1975–1993 വരെ (മില്ലിമീറ്ററിൽ)

വർഷം	1975 1976	1976 1977	1977 1978	1978 1979	1979 1980	1980 1981	1981 1982	1982 1983	1983 1984	1984 1985
മഴയുടെ അളവ്	2354	2594	2637	2839	4789	3958	2634	897	2197	2059

വർഷം	1985 1986	1986 1987	1987 1988	1988 1989	1989 1990	1990 1991	1991 1992	1992 1993
മഴയുടെ അളവ്	913	N.A.	1163	2337	2559	2745	2430	3265



മാസം	ജനു:	ഫെബ്രു	മാർച്ച്	ഏപ്രിൽ	മേയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്ത	ഒക്ടോ	നവം:	ഡിസം:
ശരാശ മഴ	0	50.3	49.1	158.6	179.8	571	587.3	204.7	162.3	477.3	368	91.1

നവിളകൾ നെല്ല്, തെങ്ങ്, മരച്ചീനി, കവുങ്ങ് എന്നിവയാണ്.

നാഷണൽ അഗ്രികൾച്ചറിൻ സർവ്വേ പ്രോജക്ട് പരിസ്ഥിതി പരമായ മണ്ണ്, കാലാവസ്ഥ, ഭൂപ്രകൃതി, സസ്യജാലം, വിളകൾ എന്നി പ്രധാന ഇക്കോളജിക്കൽ ഘടകങ്ങളെ ആസ്പദമാക്കി കേരളത്തെ അഞ്ച് കാർഷിക കാലാവസ്ഥാമേഖലകളാക്കി തരം തിരിച്ചിട്ടുണ്ട്. അതിൽ "സതേൺ സോൺ'' മേഖലയിലാണ് ഇള മ്മാട് പഞ്ചായത്തിന്റെ സ്ഥാനം.

ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് തെക്ക് പടിഞ്ഞാറൻ കാലവർഷത്തിൽ നിന്നാണ്. ജൂൺ, ജൂലായ്, ആഗസ്റ്റ് എന്നീ മാസങ്ങളിൽ ശരാശരി പെയ്യുന്ന മഴയുടെ 75 ശതമാനം കിട്ടുന്നു. ശരാശരി ഇവിടെ ലഭിക്കുന്ന മഴ 2524 മി. മീറ്റർ സംസ്ഥാനശരാ ശരിയേക്കാൾ 500 മി.മീറ്റർ കുറവാണ്. 1975 മുതൽ 1993 വരെ ഇവിടെ ലഭ്യമായ മഴയുടെ അളവ് പരിശോധിച്ചാൽ ഏറ്റവും കൂടുതൽ മഴ ലഭിച്ചത് 1979-80 വർഷങ്ങളിലാണ്. ഇത് 4750 മി.മീ. ഏറ്റവും കുറവ് 897 മി. മീറ്ററാണ്.

1994-ൽ ഇളമ്മാട് പഞ്ചായത്തിൽ അനുഭവപ്പെട്ട കുടിയതും കുറഞ്ഞതുമായ താപനിലയുടെ അളവ് (ഡിഗ്രി സെൽഷ്യസ്)



മാസം	ജനു:	ഫെബ്രു	മാർച്ച്	ഏപ്രിൽ	മേയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്ത	ഒക്ടോ	നവം:	ഡിസം:
കൂടിയത്	34	35.9	37.1	35.4	33.6	30.7	30.3	30.6	32.7	31.9	32.4	34.2
കുറഞ്ഞത്	19.6	20.4	22	23.7	23.7	23.4	22.3	23.1	22.9	22.8	22.5	21.6

1994-ൽ മാസ ശരാശരി ഇളമ്മാട് പഞ്ചായത്തിൽ അനുഭവപ്പെട്ട ആപേക്ഷിക ആർദ്രത കാണിക്കുന്ന പട്ടിക ശതമാനത്തിൽ (സമയം കാലത്ത് 8.30 നും വൈകുന്നേരം 5.30 നും)

മാസം	ജനു:	ഫെബ്രു	മാർച്ച്	ഏപ്രിൽ	മേയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്ത	ഒക്ടോ	നവം:	ഡിസം:
സമയം 8.30	90	92	92	91	88	94	94	95	93	93	91	88
സമയം 17.30	60	61	57	59	70	79	82	78	69	82	71	59

ആപേക്ഷിക ആർദ്രത പുനലൂർ
1994 മാസശരാശരി – 8.30 നും 17.30 നും
രേഖപ്പെടുത്തിയത്
ഇളമ്മാട് പഞ്ചായത്ത്



പഞ്ചായത്തിൽ ഏറ്റവുംകൂടുതൽ താപനില അനുഭവപ്പെടുന്നത് മാർച്ച്, ഏപ്രിൽ മാസങ്ങളിലാണ്. 37.1 ഉം 35.4 ഉം ഡിഗ്രി സെൽഷ്യസ് ആണ്. ഈ മാസങ്ങളിലെ കുറഞ്ഞ ചൂട് 22 ഉം 23.7 ഡിഗ്രി സെൽഷ്യസാണ്.

ആർദ്രത: വായുവിലുള്ള നീരാവിയുടെ അളവാണ് ആർദ്രത എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആർദ്രത ഏറ്റവുംകൂടുതൽ അനുഭവപ്പെടുന്ന മാസങ്ങൾ ജൂലായ്, ആഗസ്റ്റ് ഇവ യഥാക്രമം 94%, 95% മാണ്. കാലത്ത് 8.30 നും വൈകുന്നേരം 5.30 നുമാണ് സാധാരണ അളക്കാറുള്ളത്.

◆◆◆

സാമൂഹിക – സാമ്പത്തിക മേഖലകൾ

5 - 1



കൃഷിയും ജലസേചനവും

ഭൂപ്രകൃതിയനുസരിച്ചു ഇളമ്മാടുഗ്രാമ പഞ്ചായത്ത് മലനാടിനും തീരദേശഭൂമിയ്ക്കും മദ്ധ്യേ നിമ്നോന്നതമായി ഏതാണ്ടു 35ഡിഗ്രി ചരിവിൽകിടക്കുന്ന ഒരു പ്രദേശമാണ്. മണ്ണ് പൊതുവിൽ നാലായി തരംതിരിക്കാം.

1 കരിമണ്ണ്
2 പശിമരാശിമണ്ണ്
3 മണൽകലർന്ന ചെളിമണ്ണ്
4 ചരൽകലർന്ന ചെമ്മണ്ണ്

ഇതിൽ നെൽപാടങ്ങൾ ഏറിയകൂറും വളക്കൂറുകുറഞ്ഞവയും കരഭൂമിതാരതമ്യേന വളക്കൂറുള്ളവയുമാണ്.

ഭൂഉടമാവകാശം : കഴിഞ്ഞനൂറ്റാണ്ടുവരെ ഇവിടെ ജന്മികുടിയാൻ വ്യവസ്ഥനിലനിന്നിരുന്നു. കാലക്രമേണ ഈ വ്യവസ്ഥിതി മാറി കുടിയാൻമാരും തൊഴിലാളികളും ഭൂഉടമകളായിമാറി. ജന്മികുടിയാൻ ബന്ധത്തിന്റെ മാറ്റത്തിനുകാരണം കർഷകതൊഴിലാളികളുടേയും, കുടികിടപ്പുകാരുടേയും നിരന്തരമായ സമരങ്ങളുടെ ഭാഗമായും 1957 ലെ ഭൂപരിഷ്കരണ നിയമത്തിന്റേയും പരിണിതഫലമാണ്.

പൊതുവിൽ കൃഷിക്കാരെ 3ആയി തരംതിരിക്കാം.

1 നാമമാത്രകർഷകർ	5150 എണ്ണം
2 ചെറുകിടകർഷകർ	810 എണ്ണം
3 വൻകിടകർഷകർ	52 എണ്ണം

ഈ ഗ്രാമപഞ്ചായത്തിലെ 90%ത്തിലധികം വരുന്ന ജനങ്ങൾ കൃഷിയെ ആശ്രയിച്ചുജീവിക്കുന്നവരാണ്.

ഈ ഗ്രാമപഞ്ചായത്തുപ്രദേശത്തെ പ്രധാനകൃഷി,നെല്ല്, കുരുമുളക്, തെങ്ങ്, കമുക്, കശുമാവ്, വാഴ, മരച്ചീനി, വെറ്റിലക്കൊടി ഫലവൃക്ഷങ്ങളായ പ്ലാവ്,മാവ് എന്നിവ മുൻകാലങ്ങളിൽ പ്രാധാനമായി നെൽപാടങ്ങളിൽ കൃഷിചെയ്തിരുന്ന ചേറാടി, ഞവര, പള്ളിപ്പുറം, അറുപതാംവെള്ള, മുണ്ടകൻ, വെതവാലി, അരിയ്ക്കിരാഴി, കിളിക്കൊറുവ മുതലായവയായിരുന്നു. ജൈവവളങ്ങളായിരുന്നു കൃഷിക്കുപയോഗിച്ചിരുന്ന ത്. (പച്ചിലവളം, ചാണകം, ചാരം) ശാസ്ത്രീയഗവേഷണങ്ങളുടെ ഫലമായി അത്യുൽപാദനശേഷിയുള്ള പുതിയഇനം നെൽവിത്തുകൾ കണ്ടുപിടിക്കുകിയും അതിനാവിശ്യമായ രാസവളവും ജൈവവളങ്ങളും പ്രയോഗിച്ചിരുന്നതിനാൽ ഉൽപ്പാദശേഷി വർദ്ധിച്ചിരുന്നു. എന്നാൽ ജൈവവളം സുലഭമല്ലാത്തതിനാലും നിരന്തരമായ രാസവളപ്രയോഗംകൊണ്ടും മണ്ണിന്റെ വീര്യംനഷ്ടപ്പെട്ട് ഉൽപാദനം ശോഷിച്ചുതുടങ്ങി.

ഇന്നത്തെ മുഖ്യകൃഷികളും ഭൂവിസ്തൃതിയും
കൃഷിഭവനിലെ കണക്കനുസരിച്ച്.

1 റബ്ബർ	–	1120 ഹെക്റ്റർ
2 നെല്ല്	–	294.12 "
3 പയറ്	–	65.00 "
4 പച്ചക്കറി	–	8.00 "
5 മരച്ചീനി	–	485.00 "
6 വാഴ	–	205.00 "
7 തെങ്ങ്	–	803.00 "
8 കമുക്	–	50.00 "
9 കുരുമുളക്	–	240.00 "
10 കശുമാവ്	–	35.00 "
11 ഫലവൃക്ഷങ്ങൾ	–	100.00 "
12 സുഗന്ധവിളകൾ	–	55.00 "

ഇതിൽ പയറ്, മരച്ചീനി, വാഴ, പച്ചക്കറികൾ, സുഗന്ധവിളകൾ തുടങ്ങയവ ഇടവിളയായി കൃഷിചെയ്യുന്നവയാണ്.

ഉൽപ്പാദനക്ഷമത സംസ്ഥാനശരാശരിയിൽ നിന്നും താഴെയാണ്. അതിനുള്ള പ്രധാനകാരണങ്ങൾ

1 ജലസേചനസൗകര്യമില്ലായ്മ
2 നിലം നികത്തലും/ നിലംകുഴിക്കലും
3 മണ്ണൊലിപ്പ്
4 അമിതമായ രാസവളം / കീടനാശിനിപ്രയോഗം
5 മണ്ണിനനുയോജ്യമല്ലാത്ത വിത്തുകളുടെ ഉപയോഗം
6 ജൈവവളത്തിന്റെ അഭാവം
7 ആധുനിക കാർഷികയന്ത്രോപകരണങ്ങളുടെ ഉപയോഗ

ക്കുറവ്.

8 കർഷകർക്ക് കാർഷികരംഗത്തുള്ള പരിജ്ഞാനകുറവ്

9 രാസവളത്തിന്റേയും, കീടനാശിനിയുടേയും വിലവർദ്ധനവ്.

10 കർഷകതൊഴിലാളികളുടെ അഭാവവും, കൂലിവർദ്ധനവും



11 ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനും ന്യായമായവില കിട്ടാനുമുള്ള സംവിധാനമില്ലായ്മ.

ഭൂമിസംബന്ധിച്ച വിവരങ്ങൾ

1 നിലം 294.12 ഹെക്റ്റർ

2 പുരിയിടം 2967.36 "

3 പുറംപോക്ക് ഭൂമി ഇല്ല

4 തരിശുഭൂമി ഇല്ല

5 കൃഷിയോഗ്യമല്ലാത്ത തരിശുഭൂമി 5ഹെക്റ്റർ

ഇപ്പോൾ നിലവിലുള്ള കാർഷികവിളകളുടെ വിവരങ്ങൾ

നെല്ല് : നിലവിലുള്ള പാടശേഖരങ്ങളുടെ വിസ്തീർണ്ണം ഏകദേശം 294. 12ഹെകറ്ററാണ്. ഇരുപ്പുനിലങ്ങളാണ്. എന്നാൽപാടശേഖരങ്ങളുടെ വിസ്തീർണ്ണം 20%ത്തോളം കുറഞ്ഞിട്ടുണ്ട്. നെൽകൃഷി ആദായകരമല്ലാത്തതിനാൽ നെൽപ്പാടങ്ങൾ നികത്തി മറ്റ് ആദായകരമായ കൃഷികൾ ചെയ്യുന്നതിന് കർഷകരെ പ്രേരിപ്പിച്ചു. ഇപ്പോൾലഭിയ്ക്കുന്ന നെല്ലുൽപ്പാദനംകൊണ്ട് ഭക്ഷ്യസ്വയം പര്യാപ്തയിലെത്തിയിട്ടില്ല.

തെങ്ങ്: ഈ ഗ്രാമപഞ്ചായത്തിൽ ഏകദേശം 803 ഹെക്ടർ സ്ഥലത്ത് നിലവിൽ തെങ്ങ് കൃഷിയുണ്ട്. മൊത്തം 1,45000 തെങ്ങുകളിൽ 1,05,000 തെങ്ങുകൾ കായ്ഫലമുള്ളവയും ബാക്കി കായ്ഫലംഇല്ലാത്തതുമാണ്. മുമ്പ് കിട്ടികൊണ്ടിരുന്നതിൽ നിന്നും ഉൽപാദനം മൂന്നിൽ ഒന്നായിചുരുങ്ങി. പ്രാധാനമായി രോഗബാധമൂലം തെങ്ങുകൾ വളരെകൂടുതൽ നശിച്ചു പോയി. ജൈവവളത്തിന്റെ അഭാവവും, കീടബാധയും അമിതമായകൂലിചെലുവും തെങ്ങുകൃഷിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ജലസേചനസൗകര്യം നിലവിലില്ല.

റബ്ബർ : ഈ ഗ്രാമപഞ്ചായത്തിൽ റബ്ബർ കൃഷിഇപ്പോൾ സാർവത്രികമായിട്ടുണ്ട്. നിലവിലുള്ള കണക്കുപ്രകാരം 1120 ഹെക്റ്റർ സ്ഥലത്തു റബ്ബർ കൃഷിആരംഭിച്ചിട്ട് ഏകദേശം 50 വർഷം ആയിട്ടുണ്ട്. കർഷകരുടെ സാമ്പത്തികനില ഒരുപരിധിവരെ പിടിച്ചുനിറുത്തുന്നത് ഈ കൃഷിയെ ആശ്രിയിച്ചാണ്. റബ്ബർ വ്യാപകമായതോടെ മറ്റ് കൃഷിയുടെ ഉല്പാദനം കുറഞ്ഞു. റബ്ബറിന്റെ ഉൽപാദന ക്ഷമത താരതമ്യേന മെച്ചമാണ്. ഇതിലും മെച്ചപ്പെടേണ്ടതായിട്ടുണ്ട്.

കശുമാവ് : കശുവണ്ടിവ്യവസായത്തിന്റെ ഈറ്റില്ലമായകൊല്ലംജില്ലയിൽ കശുവണ്ടി ഉൽപാദിപ്പിക്കുന്ന ഒരു പ്രധാനമേഖലയായിരുന്നു. ഇളമാടു പഞ്ചായത്ത് 4കശുവണ്ടിഫാക്ടറികൾ പ്രവർത്തിക്കുന്ന ഇവിടെ 35 ഹെക്റ്റർ പ്രദേശത്തുമാത്രമേ ഇപ്പോൾ കശുമാവ് കൃഷിയുള്ളു. ഈ ഫാക്ടറികളിൽ ഏകദേശം 4000ത്തോളം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഈ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും കർഷകർക്ക് കൂടുതൽ വരുമാനം വർദ്ധിപ്പിക്കുന്നതിനും കശുമാവ് കൃഷിവ്യാപകമാക്കേണ്ടതുണ്ട്.

കുരുമുളക് : കുരുമുളക് കൃഷിക്കനുയോജ്യമായ മണ്ണ് ആയിട്ടുപോലും ഈ കൃഷികുറഞ്ഞു കൊണ്ടിരിക്കുകയാണ്. കൂടുതലും

തെങ്ങിനെ സംബന്ധിച്ച വിവരങ്ങൾ

തെങ്ങുകളുടെ ആകെഎണ്ണം				രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണം				
തെങ്ങു കൃഷി വിസ്തീ ർണ്ണം	കായ്ഫല	കായ്ഫല ഇല്ലാത്തവ	ആകെ	റൂട്ട് ബിൽറ്റ്	ലീഫ് റൂട്ട്	റൂട്ട്	സ്റ്റം ബ്ലീഡിംഗ്	ആകെ
803	1,05,000	35000	1,40,000	70,000	14,000	5,000	1,000	90,000

നാടൻ, കരിലാഞ്ചി ഇനത്തിൽ പെട്ടവയാണ് പ്രാധാനമായും കൃഷിചെയ്യുന്നത്. കുറഞ്ഞചിലവിൽ കൂടുതൽ ആദായം ഉണ്ടാക്കാൻ കഴിയുന്നതാണ് ഈ കരുമുളക് കൃഷി.

അത്യുൽപ്പാദനശേഷിയുള്ള കരിമുണ്ട, പാലക്കൊടി, വെളുത്തമുണ്ട, പന്നിയൂർ ഇനം എന്നിവ കൂടുതൽ പ്രചരിപ്പിക്കേണ്ടതാണ്. ഏതാണ്ടു 200 ഹെക്റ്റർ സ്ഥലത്ത് നിലവിൽ കുരുമുളക് കൃഷിയുണ്ട്.

വാഴ : കൂടുതൽ ആദായകരമായി കൃഷിചെയ്യാവുന്ന വാഴ ഇവിടെ വ്യാപകമായിട്ടുണ്ട്. ഏകദേശം 205ഹെക്ടർ സ്ഥലത്ത് വാഴകൃഷിചെയ്തുവരുന്നു. എന്നാൽകൂടി ഇവിടെ വാഴകൃഷിയുടെ കാര്യത്തിൽ സ്വയംപര്യാപ്തതയിലല്ല. മുന്തിയ ഇനങ്ങളായ ഏത്തൻ ,കപ്പ,പൂവൻ, പാളയംകോടൻ എന്നിവയാണ്.

പച്ചക്കറി : പച്ചക്കറി ഇനങ്ങൾക്ക് നമ്മൾ ഇന്നും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചാണ് കഴിയുന്നത്. ഈ പഞ്ചായത്തിൽ പച്ചക്കറികൃഷി അപൂർവ്വമായിട്ടേയുള്ളു. പച്ചക്കറി കൃഷിക്ക് അനുയോജ്യമായ സ്ഥലമാണ്. കൃഷിപ്രോത്സാഹിപ്പിക്കേണ്ടിയി



രിക്കുന്നു. ജലസേചനസൗകര്യം ലഭ്യമാക്കിയാൽ ഇടവിളയായും കൃഷിചെയ്യാവുന്നതാണ്.

പയറുവർഗ്ഗങ്ങൾ : മുമ്പ് പയറുവർഗ്ഗങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിൽ ശ്രദ്ധയുള്ള പഞ്ചായത്തായിരുന്നു. നെൽപ്പാടങ്ങളിൽ രണ്ടാംവിളയ്ക്ക് ശേഷം ഇടവിളയായി കൃഷിചെയ്യാവുന്നവയാണ്. മണ്ണിന്റെ പുഷ്ടിക്കും, ആദായത്തിനും ഫലപ്രദമായ ഒരു കൃഷിയാണ്.

മരച്ചീനി : ഒരു കാലത്തു മുഖ്യകൃഷികളിലൊന്നായ മരച്ചീനി ഇന്നുനാമമാത്രമാണ്. റബ്ബർ കൃഷിവ്യാപകമായതോടുകൂടി മരച്ചീനികൃഷിയ്ക്ക് പ്രാധാന്യം നഷ്ടപ്പെട്ടു. എന്നാൽ ഭക്ഷ്യസാധനമായ മരച്ചീനിയുടെ ഉൽപാദനം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

ഔഷധസസ്യങ്ങൾ : ആയുർവ്വേദചികിൽസയ്ക്ക് പ്രാധാന്യം കൊടുക്കുന്ന ഈ കാലഘട്ടത്തിൽ ഔഷധസസ്യ കൃഷിയ്ക്ക് മുഖ്യപ്രാധാന്യമാണുള്ളത്. എന്നാൽ ഈ പഞ്ചായത്തിൽ അത്തരം കൃഷിയില്ല. ആദായത്തിനും തൊഴിലവസരങ്ങൾക്കും വേണ്ടി ഈ കൃഷിപ്രോത്സാഹിപ്പിക്കേണ്ടതാണ്.

വെറ്റില കൃഷി : പുരാതന കാലംമുതൽ വെറ്റിലകൃഷിയുള്ള ഒരു പ്രദേശമായിരുന്നു. എന്നാൽ ഇത് വ്യാപകമായിട്ടില്ല. ഈ കൃഷിയ്ക്കനുയോജ്യമായ സ്ഥലം ധാരാളമുണ്ട്. ആദായകരമായ ഈ കൃഷിപ്രോത്സാഹനം അർഹിക്കുന്ന ഒന്നാണ്.

നടപ്പുപദ്ധതികളുടെ അവലോകനം

1 സമഗ്രനാളീകേരവികസനപദ്ധതി :- 96-97 സാമ്പത്തിക വർഷത്തിൽ 41കിണറുകളും 23 പമ്പുസെറ്റുകളും നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള സമഗ്രനാളീകേരപദ്ധതി തെങ്ങുകയറ്റ യന്ത്രം 3എണ്ണവും, ചവുട്ടുപമ്പ് 3 എണ്ണവും ഇതിൽ ഉൾപ്പെടുന്നു. ഇളമ്മാടു കേരവികസനസമിതിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് രാസവളം നൽകാനുള്ള പദ്ധതിയും ആരംഭിച്ചുകഴിഞ്ഞു.

2. കശുമാവ് ഏരിയാവികസനപദ്ധിതി: 3ഹെക്ടർ സ്ഥലത്തു കശുമാവ് കൃഷി ചെയ്യുന്നതിനു വേണ്ടിയുള്ള കശുമാവുഏരിയാവികസനപദ്ധതിയും 96-97ൽ ആരംഭിച്ചു.

3 നെല്ലുല്പാദന ബോണസുപദ്ധതി : 95-96ലെ മുണ്ടകൻകൃഷിക്കു 220.6ഹെക്ടർ സ്ഥലത്തു 795 കർഷകർക്കു ഉൽപ്പാദന ബോണസു അനുവദിച്ചു.

4 സമഗ്ര സുഗന്ധവികസനപദ്ധതി - 25 സെന്റു സ്ഥലത്ത് ഇഞ്ചികൃഷിയുടെ പ്രദർശനത്തോട്ടത്തിനുള്ള പദ്ധതി ഇഞ്ചികൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള1 ഹെക്ടർ സ്ഥലത്തുള്ള ഇഞ്ചി കൃഷി പദ്ധതി.

5 കുരുമുളക് ഏരിയാ വികസനപദ്ധതി:

ഈ പദ്ധതി പ്രകാരം 95-96ൽ 1ഹെക്ടർ സ്ഥലത്തും 96-97ലും 0.5 ഹെക്ർ സ്ഥലത്തും കുരുമുളക് കൃഷിചെയ്യാനുള്ള പദ്ധതി ആരംഭിച്ചു.

6 സുഗന്ധവിള വികസനതോട്ടം :

ഗ്രാമ്പു / ജാതിപ്രദർശനതോട്ടം

മെച്ചപ്പെട്ട തെങ്ങിൻ തൈകൾ ലഭിയ്ക്കുന്ന സ്ഥലങ്ങൾ

സംസ്ഥാനത്തെ എല്ലാകൃഷിഭവനുകളിലും

മറ്റ് സ്ഥലങ്ങൾ

തിരുവനന്തപുരം ജില്ല: കൃഷിവകുപ്പ് വിൽപ്പനകേന്ദ്രം; വലിയതുറ,കഴക്കൂട്ടം

തെങ്ങിൻ തൈ ഉൽപാദനകേന്ദ്രങ്ങൾ, കാർഷികകോളേജ് വെള്ളായണി; നാളീകേര ഗവേഷണകേന്ദ്രം ബാലരാമപുരം.

കൊല്ലം ജില്ല: കൃഷിവകുപ്പ വില്പനകേന്ദ്രം; ജില്ലാകൃഷിതോട്ടം അഞ്ചൽ; തെങ്ങിൻതൈ ഉൽപ്പാദനകേന്ദ്രം കരുനാഗപ്പള്ളി.

7 വെറ്റില വികസനപദ്ധതി : തണ്ടായവും, കുരുപ്പുകാലും നിർമ്മിക്കാനുള്ള ധനസഹായവും, മരുന്നു തളിക്കുന്നതിനുള്ള ഒരു കുറ്റി പമ്പുമാണ് ഈ പദ്ധതിയുലുള്ളത്.

8 വാഴകൃഴി : ഓണത്തിനു ഒരു വാഴക്കുല പദ്ധതിപ്രകാരം തേവന്നൂർ ഹൈസ്കൂളിലെ 50വിദ്യാർത്ഥികൾക്ക് വാഴക്കന്നുകൾ വിതരണംചെയ്യാനുള്ള പദ്ധതി.

മേൽപറഞ്ഞ പദ്ധിതികളെല്ലാം ഇതിൽപെടാത്ത പദ്ധിതികളും കൂട്ടിചേർത്തു ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി കൃഷിയുടെ സമഗ്രവികസനത്തിനുള്ള പദ്ധതികൾ രൂപപ്പെടുത്തേണ്ടിയിരിക്കുന്നു.

ഉദാ:

1 ഏലാവികസനപദ്ധതി : ഓരോ ഏലായിൽ നിന്നും ഒരു കർഷകൻ എന്നരീതിയിൽ ഏലാവികസന കമ്മിറ്റി പുന:സംഘടിപ്പിക്കണം.

2 നാളീകേരവികസനസമിതി : നാളീകേരകർഷകനെതന്നെ കേരവികസനസമിതിയിൽ അംഗങ്ങളാക്കിയും എല്ലാപ്രദേശങ്ങൾക്കും ആനുകൂല്യം ലഭിക്കത്തവിധം അംഗങ്ങളെ ഉൾപ്പെടുത്തി നാളീകേരവികസന സമിതി പുനസംഘടിപ്പിക്കണം.

നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

1 ഓരോ ഏലായിലും തലക്കുളം നിർമ്മിച്ചു പമ്പ്സെറ്റ് സ്ഥാപിക്കുക.

2 സഹകരണാടിസ്ഥാനത്തിൽ നിലവിലുള്ള 11വാർഡുകളിലും ട്രാക്ടർ,ട്രില്ലർ എന്നിവ സൗജന്യമായി കർഷകർക്ക് നൽകുക.

3 കാർഷിക യന്ത്രോപകരണങ്ങൾ ഏലാകളിലേക്ക് ഇറക്കുന്നതിനും വഴി നിർമ്മിക്കുക.

4 കാർഷികാവശ്യങ്ങൾക്കു വൈദ്യുതി സൗജന്യമായി നൽകുക.

5 നെൽപാടങ്ങൾ നികത്തുന്നതും, കുഴിച്ചു മണ്ണെടുക്കുന്നതും നിയമം മൂലം നിരോധിക്കുക.

6 നെൽകൃഷിയെ ബാധിക്കത്തക്കവിധം സമീപ കരപുരയിടങ്ങളിൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നതു നിയമം മൂലംതടയുക.

7 മണ്ണൊലിപ്പു തടയുക.

8 കാർഷികോല്പന്നങ്ങൾക്കു ന്യായമായ വില ഉറപ്പുവരുത്തി അവവിറ്റഴിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

9 വിത്തും,വളവും, കീടനാശിനിയും കർഷകർക്കു സൗജന്യനിരക്കിൽ ലഭ്യമാക്കുക.

10 കൃഷിഭവന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

11 വെള്ളപൊക്കം, വരൾച്ച എന്നിവമൂലം കൃഷിനാശങ്ങൾ സംഭവിക്കുന്ന കൃഷിക്കാർക്കു ധനസഹായംനൽകുക.

12 കർഷകർക്കു പലിശരഹിത വായ്പനൽകുക.

13 പഞ്ചായത്തിലെ നിലവിലുള്ള 11വാർഡുകളേയും ബന്ധിപ്പിച്ച് കൊണ്ട് സമഗ്രകൃഷിക്കായി Water shed പദ്ധതി നടപ്പിലാക്കുക.

14 ഓരോ വീടിന്റേയും പുരയിടത്തിലും കമ്പോസ്റ്റുവളം നിർമ്മിക്കാനുള്ള പദ്ധിതി പ്രാവർത്തികമാക്കുക.

15 തോടുകളിൽ ആവശ്യമുള്ള ഭാഗങ്ങളിൽ ബണ്ടുകളും. ചീർപ്പുകളും കെട്ടി ജലസേചനത്തിന് സൗകര്യം ഉണ്ടാക്കുക.

16 നെൽകൃഷിക്കുണ്ടാകുന്ന രോഗങ്ങൾക്കു നിവാരണമാർഗ്ഗമെന്ന നിലയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പാടശേഖരങ്ങൾ സന്ദർശിച്ചു കർഷകരുമായി ബന്ധപ്പെട്ടു നടപടി സ്വീകരിക്കുക.

17 കൃഷിഭൂമി കൈവശക്കാർക്കു പതിച്ചു പട്ടയം നൽകാൻ സത്വരനടപടികൾ സ്വീകരിക്കുക.

18 കല്ലടതണ്ണി Mini Hydro Electrical Project ഇളമാടു പഞ്ചായത്തിനുകൂടി പ്രയോജനപ്പെടുന്നതാകയാൽ പണിഎത്രയും വേഗം പൂർത്തിയാക്കുക.

19 കാറ്റുവീഴ്ച ബാധിച്ച തെങ്ങിന്റെ കണക്കു കൃഷിഭവൻ ഉദ്യോഗസ്ഥൻമാർ ശേഖരിക്കുക. അപ്രകാരമുള്ള തെങ്ങുകൾ മുറിച്ചുമാറ്റി പകരം തെങ്ങുവെയ്ക്കുന്നതിനുള്ള ആനുകൂല്യം അടിയന്തിരമായി തെങ്ങുകൃഷിക്കാർക്ക് നൽകുക.

20 തെങ്ങിനു ബാധിച്ചിട്ടുള്ള മറ്റുരോഗങ്ങൾക്ക് ആവശ്യമായ പ്രതിവിധികളും കീടനാശിനിയും നൽകുക.

21 കേരവികസനസമിതി പുനസംഘടിച്ചു പ്രവർത്തനം കാര്യക്ഷമമാക്കുക.

22 അത്യുൽപാദനശേഷിയുള്ള തെങ്ങിൻതൈകൾ യഥാസമയം നൽകുക.

23 മണ്ണുപരിശോധനാ വാർഡടിസ്ഥാനത്തിൽ നടത്തുകയും പരിശോധനാ ഫലം കർഷകനു നിർദ്ദേശങ്ങൾ സഹിതം നൽകുക.

24 ഉൽപാദിപ്പിക്കുന്ന നാളീകേരം എടുക്കുവാനും, അപ്രകാരം നാളീകേരാധിഷ്ടിത വ്യവസായം ആരംഭിയ്ക്കാനും നടപടി സ്വീകരിക്കുക.

25 റബ്ബർ,നാളീകേര,പച്ചക്കറി നഴ്സറികൾ പഞ്ചായത്തടിസ്ഥാനത്തിൽ നിർമ്മിച്ചു സൗജന്യ നിരക്കിൽ കർഷകർക്കു നൽകുക.

26 റബ്ബർ അധിഷ്ടിത വ്യവസായങ്ങൾ ആരംഭിയ്ക്കുക.

27 ഇടവിളയായി തീറ്റപുൽകൃഷി വ്യാപകമാക്കുക.

28 നിലവിലുള്ള കിണറുകൾക്ക് ആഴംകൂട്ടിയും അത്യാവിശ്യസ്ഥലങ്ങളിൽ കുഴൽകിണർസ്ഥാപിച്ചും കുടിവെള്ളം സാർവത്രികമായി ലഭ്യമാക്കുക.

29 കരകൃഷി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ജലസേചന സൗകര്യം ഏർപ്പെടുത്തുക.

30 പുരയിടങ്ങളിൽ കുഴികൾ കുഴിച്ച് വർഷകാലത്ത് വെള്ളം സംഭരിച്ച് മണ്ണിൽ ഈർപ്പം നിലനിറുത്തുന്നതിന് ഉള്ള ബോധവൽക്കരണം നടത്തുക.

31 കൃഷിഭവൻമൂലം ലഭിയ്ക്കുന്ന കാർഷികസസ്യങ്ങൾ വളത്തിന്റെ വിലിയിൽ സബ്സിഡിയാക്കി നൽകുക.

32 പാടശേഖര കമ്മിറ്റികൾ പുന:സംഘടിപ്പിച്ച് പ്രവർത്തനം ആരംഭിയ്ക്കുക.

33 കൃഷിസംബന്ധമായ ആനുകാലിക പ്രസിദ്ധീകരണങ്ങൾ കർഷകർക്ക് വിതരണം ചെയ്യുക.

34 തോടുകളിലെ മണൽവാരൽ കർശനമായി നിരോധിക്കുക.

35 ചെറിയവെളിനല്ലൂർ വാർഡിൽ പ്രവർത്തനരഹിതമായി കിടക്കുന്ന കൃഷിഡിപ്പാർട്ട്മെന്റ് വക കെട്ടിടത്തിൽ കർഷകർക്ക് പ്രയോജനകരമായ ഏതെങ്കിലും ഓഫീസ് പുനരാരംഭിയ്ക്കുക.

36 കൃഷിക്കുപയുക്തമാക്കുന്നതിന് ഇത്തിക്കരയാറ്റിൽ തടയണകെട്ടി പഞ്ചായത്ത് പ്രദേശത്ത് ജലസേചനസൗകര്യം ഉണ്ടാക്കുക.

നിലവിലുള്ള ജലസേചനപദ്ധതികൾ

കുളങ്ങൾ

പാറംകോട് – മഠത്തികുളം – പ്രവർത്തനയോഗ്യമല്ല
വേങ്ങൂർ – ചെറുവല്ലൂർ മഠത്തിക്കുളം – "
തേവന്നൂർ – നെടുങ്ങോട്ട് തലക്കുളം – "
കണ്ണംകോട് – സി.വി നെല്ലൂർകുളം – "
കാരാളികോണം – പള്ളിതലയ്ക്കൽ കുളം – "
ഇളമാട് – ക്ഷേത്രക്കുളം – "
ഇളമാട് – കൊച്ചുകോണത്തുകുളം – "
അർക്കന്നൂർ – കുരിയോട് ഏലാതലക്കുളം – "

തോടുകൾ

വേങ്ങൂർ – ഇടത്തറപ്പണതോട്
നല്ലാംകോണം – ചിറമുക്ക് തോട്
കോഴിയോട് – പാറംകോട് – പുരമ്പിൽതോട്
കുളഞ്ഞിയിൽ – തോട്ടത്തറതോട്
പാണ്ടിക്കുഴി – ഇരപ്പിൽതോട്
കിഴുവറ്റ – ചെറുവക്കൽതോട്

കൃഷിയിലൂടെ നാടിന് സമൃദ്ധി
ആസൂത്രണം ജനങ്ങൾക്ക് വേണ്ടി

ഭൂവിനിയോഗ ആസൂത്രണത്തെകുറിച്ച് പഞ്ചായത്തിലെ മുഴുവൻ ആളുകളേയും ബോധവാൻമാരാക്കുകയും ആ ആസൂത്രണം അവർക്ക് സ്വീകാര്യമായിരിക്കുകയും വേണം. ആസൂത്രണം എപ്പോഴു ജനങ്ങൾക്ക് അനുകൂലവും സാമ്പത്തിക ഭാരം ഉണ്ടാക്കാത്തതും പ്രായോഗികവുമായിരിക്കണം. സാങ്കേതികവിദ്യകൾ പുതുതായി അവതരിപ്പിക്കുന്ന ഒന്നായിരിക്കണം ഇത്തരം ആസൂത്രണം.

കൊച്ചുകോണം – പട്ടംകോട് തോട്
കോഴിപെരുങ്ങോട്ട് – ഏലാതലയ്ക്കലുള്ള ഊറ്റുകുഴി

നദി

ഇത്തിക്കരയാറ്

കാർഷികപ്രദർശനമേളയും മരമടി മഹോൽസവും

ഈ പഞ്ചായത്തിൽ ഓരോപ്രദേശങ്ങളിലും കന്നിപൂകൃഷി കാലത്ത് കൃഷിക്കാരുടെ ഒരുകലാമേള നിലനിന്നിരുന്നു. നല്ലിയിനം ആരോഗ്യമുള്ള ഉഴവുമാടുകളെ ഉപയോഗിക്കാൻ സമർത്ഥരായ കർഷകർ മുൻപ് മരമടിമൽസരം സംഘടിപ്പിച്ചിരുന്നു. വിജയികൾക്ക് വിവിധതരം ട്രോഫികളും സമ്മാനങ്ങളുംനൽകി പ്രോത്സാഹിപ്പിച്ചിരുന്നു. എന്നാൽ അടുത്തകാലത്തായി ഈ സമ്പ്രദായം ഈ പഞ്ചായത്തിൽ തീരെ ഇല്ലാതായിരിക്കുന്നു. കൃഷിഭവന്റേയും കർഷകസംഘടനകളുടേയും സഹകരണപ്രസ്ഥാനങ്ങളുടേയും പഞ്ചായത്തിന്റേയും നിയന്ത്രണത്തിൽ ഈ മരമടി മഹോത്സവങ്ങൾ പുനരാരംഭിച്ച് ആഘോഷിക്കേണ്ടതാണ്. അതുപോലെ ഈ പഞ്ചായത്തടിസ്ഥാനത്തിൽ വർഷം തോറും ഇവിടുത്തെ കർഷകരെ സംയോജിപ്പിച്ച് ഒരു കാർഷികപ്രദർശന –വിപണനമേളയും അതോടൊപ്പം കർഷകരെ ആദരിക്കലും നടത്തേണ്ടത് അത്യാവശ്യമാണ്.

വാർഡു തിരിച്ചുള്ള നിർദ്ദേശങ്ങളും പരിഹാരങ്ങളും

വാർഡ് 1

1 മാന്താനത്തു ഏലാ, അറപ്പുര ഏലാ, പട്ടംകോട് ഏലാ എന്നിവിടങ്ങളിൽ തലക്കുളം നിർമ്മിച്ചു പമ്പസെറ്റ് സ്ഥാപിക്കുക.

2 കിഴക്കേകോണം, നല്ലാർകോണം, തേമ്പ്രക്കോണം എന്നിവിടങ്ങളിൽ കുളം കുഴിച്ച് പമ്പസെറ്റ് സ്ഥാപിക്കുക.

3 ഏലാകളുടെ ഇരുവശങ്ങളിലുമുള്ള തോടുകൾ കുഴിച്ചു സൈഡുകെട്ടി നീരൊഴുക്കുസുഗമമാക്കുക.

4 മാന്താനത്തു ഏലായിൽ മദ്ധ്യഭാഗത്തുള്ള തോടുകുഴിച്ചു സൈഡ്കെട്ടിയത് റിപ്പയർ ചെയ്ത് പ്രവർത്തിപ്പിക്കുക.

5 ക്ഷേത്രംമുക്ക് ഏലാറോഡിൽ നിലത്തിന്റെ ഭാഗത്തുള്ള സ്ലാബുപുതുക്കിപണിതു ട്രാക്ടർ ഇറങ്ങാൻ സൗകര്യപ്പെടുത്തുക.

വാർഡ് II

1 കുമ്പഴ – ഇരവൂർക്കോണം ഏലായിൽ തലക്കുളം നിർമ്മിച്ച് പമ്പുസെറ്റ് സ്ഥാപിക്കുക. തോടിന്റെ സൈഡുകെട്ടി ജലമൊഴുക്കു സുഗമമാക്കുക.

2 പാണ്ടിക്കുഴിപാലത്തിനു താഴ് വശത്തുള്ള ക്രോസ്ബാർ പുതുക്കി പുതിയപലകയിടുക. സൈഡുഭിത്തി ക്രോസ്ബാർ വരെ ഉയർത്തികെട്ടി മണ്ണിട്ടുനികത്തി ഏലായിലേക്ക് വെള്ളം മറിച്ചിൽ തടയുക. ക്രോസ്ബാറിന് താഴെ ഇടിഞ്ഞഭാഗം കെട്ടി ഉയർത്തി ബലപ്പെടുത്തുക.

3 ഇരവൂർ ഏലായിൽ തലക്കുളം നിർമ്മിച്ച് സൈഡുഭിത്തി കെട്ടി പമ്പസെറ്റു സ്ഥാപിക്കുക.

4 പുതക്കുഴിമുതൽ താഴോട്ട് ഏലായുടെ സൈഡുഭിത്തികെട്ടി വെള്ളശല്യം ഒഴിവാക്കുക.

5 പൂതൂർ ഏലായിലെ കോണത്തുകുളം ശരിയാക്കി പമ്പു സെറ്റു സ്ഥാപിക്കുക.

6 മാത്രക്കോണം, കാവതിയോട്ട്, കുരന്തര എന്നീ ഏലാക ളിൽ തലക്കുളം നിർമ്മിച്ചു സൈഡുഭിത്തികെട്ടി പമ്പുസെറ്റു സ്ഥാപിക്കുക.

7 മാത്രക്കോണം, കാവതിയോട്ട്, കുരന്തര കുര്യോട്ടു, പൂതൂർ, ഇരവൂർകോണം എന്നീ ഏലാകൾ ചേർത്ത് കാരാളികോണം കേന്ദ്രമാക്കി പാടശേഖരകമ്മിറ്റി പ്രവർത്തനമാരംഭിക്കുക.

8 കാരാളികോണം SSMUP സ്കൂളിനു സമാന്തരമായി പോകുന്ന മാത്രകോണത്തു ഏലായിലേക്കുള്ള വഴി വൃത്തി യാക്കി ട്രാക്ടർ,ട്രില്ലർ എന്നിവഇറക്കാൻ അനുയോജ്യമാക്കുക. പള്ളിതലയ്ക്കൽ തലക്കുളം പ്രവർത്തനയോഗ്യമാക്കി പമ്പു സെറ്റ് സ്ഥാപിക്കുക.

വാർഡ് III

1 പച്ചമൂലമുതൽ ആറ്റുമൂഴി വരെയുള്ള ഏലായുടെ വരമ്പു കൾ കെട്ടി തോടുകൾക്ക് ആഴവും, വീതിയും കൂട്ടുക.

2 അർക്കന്തൂർ ഏലായുടെ പച്ചമൂലഭാഗത്തുള്ള തലക്കുളം നിർമ്മിച്ചു പമ്പ്സെറ്റ് സ്ഥാപിക്കുക.

3 ഈഴാന്ത്ര ഭാഗത്തു തോടുതാഴ്ത്തി വീതികൂട്ടി നിലങ്ങൾ കൃഷിക്ക് യോഗ്യമാക്കുക.

4 ആറ്റുമൂഴിമുതൽ ചെക്കാലക്കടവുവരെ 30മീറ്റർ നീളത്തിൽ സൈഡുഭിത്തികെട്ടി ബലപ്പെടുത്തുക.

5 തോഴിക്കോടു ഏലായിലുള്ള വഴി ട്രാക്ടർ ഇറക്കുവാൻ അനുയോജ്യമാക്കുക.

6 കാർഷികനേഴ്സറി തുടങ്ങുവാൻ താല്പര്യമുള്ളവർക്ക് ധനസഹായം നൽകുക.

7 അർക്കന്തൂർ, കുര്യോട്, ആറ്റുമൂഴിഏലായിൽ തലക്കുളം നിർമ്മിച്ച് പമ്പ്സെറ്റ് സ്ഥാപിക്കുക.

8 ഇത്തിക്കരയാറ്റിൽ പത്തായപാറമുതൽ ആറ്റുമൂഴിവരെയുള്ള ഭാഗങ്ങളിൽ സൈഡുഭിത്തികെട്ടി മണ്ണിടിച്ചിൽ തടയുക.

വാർഡ് IV

1 കൊച്ചുകോണം ഏലായിൽട്രാക്ടർ, ട്രില്ലർ എന്നിവഇറ ക്കുന്നതിനുള്ള വഴി ശരിയാക്കുക. കുളത്തിൽ പമ്പ് സ്ഥാപി ക്കുക.

2 പൂതൂർ, അറപ്പുര ഏലാകളിൽ ട്രാക്റ്റർ ഇറക്കുന്നതിനുള്ള വഴിനന്നാക്കുക.

4 കൊല്ലുകോണം, വേടർകോണം, പുതൂർ എന്നീ ഏലാക ളിൽ ചീപ്പുകെട്ടി ജലസേചനസൗകര്യം ഏർപ്പെടുത്തുക.

5 കൊച്ചുകോണം, കൊല്ലുകോണം എന്നീ ഏലകളിൽ വഴി സൗകര്യം ഉണ്ടാക്കുക.

6 കൊച്ചുകോണം, വേടർകോണം, കൊല്ലുകോണം, കോഴി പെരുങ്ങോട്ടു ഏലാതലക്കുളം എന്നിവിടങ്ങളിൽ സൈഡുകെട്ടി തലക്കുളം നിർമ്മിച്ച് പമ്പസെറ്റ് സ്ഥാപിക്കണം.

വാർഡ് VI

1 കിഴവറ്റ മുതൽ ഉതുങ്ങൻ പാലംവരെ ഉള്ള തോട്സൈഡ് ഭിത്തികെട്ടി ബലപ്പെടുത്തുക.

2 കുമ്പല്ലൂർ, ഇളമ്പിലാക്കോണം, വെള്ളടിഏലാ, മങ്കാട്ടു ഏലാ, കുഴിഞ്ഞാവറത്തു ഏലാ, കൊപ്പാറ, കളീയ്ക്കൽ, തെറ്റോ വയൽ, വാഴക്കോണം, കുലിക്കോട്, എന്നീ ഏലാകൾ സൈഡു ഭിത്തികെട്ടി തലക്കുളം നിർമ്മിച്ച് പമ്പസെറ്റ് സ്ഥാപിക്കുക. മേൽപറഞ്ഞ ഏലകളിൽ നിന്ന് പുതുവീട്ടിൽ ഏലാവരെ വെള്ള ശല്യം ഒഴിവാക്കാൻ അവിടെയുള്ളകലങ്ങുകൾ നന്നാക്കുക.

3 ഏലകളിൽ ട്രാക്ടർ,ട്രില്ലർ എന്നിവ ഇറക്കുവാൻ വഴിന ന്നാക്കുക.

4 ചെറുവക്കൽ,വേങ്ങൂർ എന്നിവിടങ്ങളിലെ കർഷകരുടെ കൈവശമുള്ള ഭൂമി പതിച്ച് പട്ടയംനൽകുക.

വാർഡ് VII

1 നെട്ടയം, ഇടവഴീക്കൽ, തൊളിക്കോട് എന്നീ ഏലാകൾ തലക്കുളം നിർമ്മിച്ച് പമ്പ്സെറ്റ് സ്ഥാപിക്കുക.

2 നെട്ടയം, മൊളിയന്നൂർ ഏലാകളിലെ തോട് സൈഡുകെട്ടി ജലസേചനസൗകര്യം ഏർപ്പെടുത്തുക.

3 ഇടവഴീക്കൽ, പണയിൽ, തൊളിക്കോട് ഏലാകളുടെ തോട് സൈഡുകെട്ടി ബലപ്പെടുത്തുക.

4 രാസവളം ലഭ്യമാക്കുന്നതിന് വാളിയോട് ക്രന്ദ്രമാക്കി വളം ഡിപ്പോഅനുവദിക്കുക.

വാർഡ് VIII

1 കോഴിയോട്, പാറംകോട് തോട്ടിൽ കോഴിയോട് ഭാഗത്ത് തലക്കുളംനിർമ്മിച്ച്അവിടെ പമ്പ്സെറ്റ് സ്ഥാപിച്ച് കോഴിയോട്, പാറംകോട് പുരമ്പിൽതോടിന്റെ സൈഡുകെട്ടി അതത് ഭാഗ ങ്ങളിൽ ചീർപ്പ് നിർമ്മിച്ച് ജലസേചനസൗകര്യം ഉണ്ടാക്കുക.

2 പാറംകോട് വാർഡിൽ പനംതടി, മേക്കോണം, മാങ്കോട്, തടപ്പള്ളി, മഠത്തിൽവീട് എന്നീ ഏലാകളിൽ തലക്കുളം നിർമ്മിച്ച് പമ്പ്സെറ്റ് സ്ഥാപിക്കുക.

3 പാറംകോട്, കലുംങ്ക് ഭാഗത്തുനിന്ന് മഠത്തിൽ ഏലായിൽ മാങ്കോട് ഭാഗം വരെ വരമ്പുകെട്ടി സഞ്ചാരയോഗ്യമാക്കുക.

4 പാറംകോട് ജംഗ്ഷനിൽ കളീലഴികം ഭാഗത്തുനിന്നുവരു ന്നവരമ്പ് കെട്ടി സ്ലാബിട്ട് വലിയകലുങ്കുമായി യോജിപ്പിക്കുക.

5 വാഴ, പച്ചക്കറി, വെറ്റില, എന്നിവ കൂട്ടുകൃഷിയായി നട ത്തുന്നതിന് കൃഷിഡിപ്പാർട്ടുമെന്റിന്റെയും പഞ്ചായത്തിന്റേയും മേൽനോട്ടത്തിൽ സംവിധാനം ഏർപ്പെടുത്തുക.

6 ഈ വാർഡിലെ എല്ലാ ഏലാകളിലും ട്രാക്ടർ, ട്രില്ലർ തുടങ്ങിയവ ഇറക്കുന്നതിന് ആവശ്യമായ റാമ്പുകൾ നിർമ്മിക്കുകയും ഒപ്പം ലോറി,ടെമ്പോ, തുടങ്ങിയവ ഇറങ്ങാനുള്ള അപ്രോച്ച് റോഡുകൾ നിർമ്മിക്കുകയും ചെയ്യുക.

7 ആധുനികരീതിയിലുള്ള കാർഷികോപകരണങ്ങൾ ലഭ്യമാക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുക.

8 ഈ വാർഡിൽ തുടങ്ങിവെച്ച അഗ്രോസെൻട്രറിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിയ്ക്കുക.

9 സഹകരണമേഖലയിൽ പഞ്ചായത്തടിസ്ഥാനത്തിൽ ഈ വാർഡിൽ വിപണനകേന്ദ്രം സ്ഥാപിക്കുക.

10 കർഷകർക്ക് കാലാകാലങ്ങളിൽ നിർദ്ദേശങ്ങളും ഉപദേശങ്ങളും കൃത്യമായി ലഭിക്കത്തക്കരീതിയിൽ കൃഷിഭവന്റെ പ്രവർത്തനം പുന:സംഘടിപ്പിക്കുക.

വാർഡ് IX

1 വേങ്ങൂർ ഏലായിലെ പ്ലാവിലക്കോട് ഭാഗത്ത് ചാങ്ങോട്ട് ഏലായിൽ തേക്കിൻകാട് ഭാഗത്തും തലക്കുളങ്ങൾ നിർമ്മിച്ച്പമ്പ്സെറ്റ് സ്ഥാപിക്കുക. മേൽപറഞ്ഞ ഏലകളിൽ ട്രാക്ടർ ഇറക്കുന്നതിന് സൗകര്യം ഏർപ്പെടുത്തുക.

2 വേങ്ങൂർ ഏലായിൽ പ്ലാവിലക്കോട് ഭാഗത്ത്നിന്നും തോട്ടാശ്ശേരിവരെയുള്ള ഏലായുടെ വരമ്പ്കെട്ടുക.

3 വേങ്ങൂർവാർഡിനെ വാട്ടർഷെഡ് സ്കീമിൽ ഉൾപ്പെടുത്തുക.

4 അടുക്കളത്തോട്ടത്തിനുള്ള വിത്തും,വളവും സൗജന്യമായി നൽകുക.

5 ഉയർന്ന പ്രദേശങ്ങളിൽ കുടിവെള്ളത്തിന് ജലസേചന സംവിധാനം ഉണ്ടാക്കുക.

വാർഡ് X

1 തേവന്നൂർ മഠത്തികോണം, ചെറുവല്ലൂർ, ഏലാത്തോട്, നെടുങ്ങോട്ട് തോട്, കുരീക്കാട് തോട്ടാശ്ശേരിതോട്, വേങ്ങൂർ തോട്ടാശ്ശേരി തോട് എന്നിവ സൈഡുകെട്ടി ബലപ്പെടുത്തുക.

2 നെടുങ്ങോട്ട് തലക്കുളം വൃത്തിയാക്കി പമ്പ്സെറ്റ് സ്ഥാപിക്കുക.

3 കുരീക്കാട്, കവലയ്ക്കൽ പച്ച, എന്നീ ഏലാകളിൽ തലക്കുളം നിർമ്മിക്കുക

4 പാടശേഖരങ്ങളിൽ ട്രാക്ടറുകൾ വരുവാനുള്ള വഴികൾ നിർമ്മിക്കുക.

5 ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണനകേന്ദ്രം സ്ഥാപിക്കുക.

6 കർഷികർക്ക് സൗകര്യപ്രദമായ വളവും കീടനാശിനികളും ലഭ്യമാക്കുന്നതിനുവേണ്ട വളം ഡിപ്പോസ്ഥാപിക്കുക.

വാർഡ് XI

1 മൊരുക്കള്ളൂർകോണം, താമരശ്ശേരി, തോട്ടത്തറ, കുളഞ്ഞിയിൽ, കുറമ്പക്കോട്, ആട്ടറ എന്നീ ഏലാകളിൽ തലക്കുളം നിർമ്മിച്ച് പമ്പസെറ്റ് സ്ഥാപിക്കുക.

2 ആട്ടറ, കുളഞ്ഞിയിൽ, കുറുമ്പക്കോട് എന്നീ ഏലാകളിലുള്ള തോടുകളിൽ സൈഡുഭിത്തികെട്ടി നിലങ്ങൾ സംരക്ഷിക്കുക.

3 തോട്ടത്തറ ഏലായിൽനിന്ന് തെക്കുകിഴക്കുഭാഗങ്ങളിൽ മണ്ണിട്ടു നിലംനികത്തുന്നത് തടയുക. പ്രസ്തുതഭാഗങ്ങളിൽ ചീർപ്പ് ഇതുമൂലം ജലസേചനസൗകര്യമില്ലാത്തതായിരിക്കുന്നു. തന്മൂലം പ്രസ്തുതഭാഗങ്ങളിൽ നിന്ന് മാറ്റി ചീർപ്പ് നിർമ്മിച്ച് ബാക്കിനിലങ്ങൾക്ക് ജലസേചനസൗകര്യമുണ്ടാക്കുക.

4 തോട്ടത്തറതോടിന്റെ തലയ്ക്കൽമുതൽ മണൽമൂഴി വരെയുള്ള ഭാഗങ്ങൾ ഇടിഞ്ഞുകൊണ്ടിരിക്കുന്നതിനാൽ സൈഡ് കെട്ടുകയും മണൽവാരൽ നിരോധിക്കുകയുംവേണം.

5 തോട്ടത്തറ ഏലായിൽ ഇറങ്ങാനുള്ള നിലവിൽ പണിതുകൊണ്ടിരിക്കുന്ന ഫുട്ട്സ്ലാബ് മുതൽകലുങ്കുവരെയുള്ള വരമ്പിടിഞ്ഞുകൊണ്ടിരിക്കുന്നതിനാൽ സൈഡുകെട്ടി ബലപ്പെടുത്തുക. നിലവിലുള്ള ഫുട്ടസ്ലാബ് പുതുക്കുപണിയുക.

6 തോട്ടത്തറ ഏലായിലെ അർക്കന്നൂർ റോഡിൽ ചേരുന്ന ഭാഗത്ത് മഴക്കാലമാകുമ്പോ വെള്ളശല്യമുണ്ടാകുന്നത് തടയുന്നതിനാവിശ്യമായ നടപടികൾ സ്വീകരിക്കുക.

7 മുരുക്കള്ളൂർ കോണത്ത് ഏലയുടെ തലയ്ക്കലുള്ളപഞ്ചായത്തുകുളം പ്രവർത്തനയോഗ്യമാക്കി പമ്പുസെറ്റ് സ്ഥാപിച്ച് ജലസേചനസൗകര്യം ഉണ്ടാക്കിയാൽ ഏകദേശം 15 ഏക്കറോളം വരുന്നതെങ്ങുകൃഷി മെച്ചപ്പെടുത്താൻ സാധിയ്ക്കും.

8 താമരശ്ശേരി ഏലായിൽ കാർഷികയന്ത്രോപകരണങ്ങൾ ഇറക്കുന്നതിനായി ഏലായുടെ വടക്കുഭാഗത്തുള്ള വഴിഗതാഗതസൗകര്യമാക്കണം.

9 താമരശ്ശേരി ഏലായുടെ താഴ്ഭാഗത്തുള്ള മണ്ണെടുപ്പുതടയുക.

10 തോട്ടത്തറയിൽ ഒരു വളംഡിപ്പോ സ്ഥാപിക്കുക.

11 കുളഞ്ഞിയിൽ തോടും പാണ്ടികുഴിയിൽ തോടും സന്ധിക്കുന്ന സ്ഥലമായ മണൽ മൂഴിയിൽ ഒരു തടയണയിട്ടു കുടിവെള്ള ജലസേചനസൗകര്യം മെച്ചപ്പെടുത്തണം.

12 തോട്ടത്തറയുള്ള മിച്ചഭൂമിയിൽ ഒരു കാർഷിക വിപണന മേഖ സ്ഥാപിക്കുക.

◆◆◆

5 - 2

മൃഗസംരക്ഷണവും മത്സ്യബന്ധനവും



കൊല്ലം ജില്ലയിൽ കൃഷിക്കാർ കൂടുതൽ അധിവസിക്കുന്ന ഒരു പഞ്ചായത്താണ് ഇളമാട് ഗ്രാമപഞ്ചായത്ത്. കൃഷിയുടെ അവിഭാജ്യഘടകമാണ് കന്നുകാലിവളർത്തൽ. ഉഴവുമാടുകളെന്നനിലയിലും പാലുല്പാദിപ്പിക്കുന്നതിനും മാത്രമല്ല കൃഷിക്കാവിശ്യമായ ജൈവവളങ്ങളുടെ മുഖ്യസ്രോതസ്സും കന്നുകാലികളാണ്. കാലിവളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങൾ ഇന്ന് ഇളമാട്ഗ്രാമപഞ്ചായത്തിലുണ്ട്. കാലികളെ ഇളക്കിമേയിക്കുന്ന പതിവാണ് പണ്ടുണ്ടായിരുന്നത്. എന്നാൽ ഇന്ന് സ്ഥിതിമാറി. ജനവാസം കൂടുകയും കാടുകൾവെട്ടിതെളിക്കുകയും ചെയ്തതിനാൽ വളർത്തൽ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ആളോഹരി വരുമാനം വർദ്ധിപ്പിക്കുന്നതിന് മൃഗസമ്പത്തിൽ നിന്നുള്ള വരുമാനം അവിഭാജ്യഘടകമാണ്. രൂക്ഷമായികൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് കാലിവളർത്തൽ സഹായകരമാണ്. ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പത്ത് വർദ്ധിപ്പിക്കാവുന്ന മേഖലയാണ് ഇത്. കന്നുകാലിഉടമകൾ കൂടുതലും ചെറുകിടകർഷകരും കർഷകതൊഴിലാളികളുമാണ്. വികസനമെന്നത് ജനങ്ങളുടെ ജീവിതനിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹിക പ്രക്രിയയാതിനാൽ മൃഗസംരക്ഷണമേഖലയിലുണ്ടാകുന്ന ഏതുപുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ അനസ്യൂതം വളർത്തും എന്നുള്ളത് തർക്കമറ്റ വിഷയമാണ്.

ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയും 2ICDP സബ്സെന്ററുകളും നിലവിലുണ്ട്. മിത്രനികേതന്റ ഒരു ബീജ സങ്കലനകേന്ദ്രം സ്വകാര്യമേഖലയിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് നിലവിലില്ല.

പണ്ട് നാടൻപശുക്കളായിരുന്നു നമ്മുടെ കർഷകൻ വളർത്തിയിരുന്നത്. എന്നാൽ ഇന്ന് സുനന്ദിനി,ജഴ്സി, സ്വിസ്ബ്രൗൺ, സിന്ധി ഇനങ്ങളിലുള്ള പശുക്കളെ വളർത്തുന്നുണ്ട്. കാലികളെ വളർത്തുന്നതിന് ഈ പഞ്ചായത്തിലെ കർഷകർക്ക് ശാസ്ത്രീയമായി പരിശീലനം ലഭിയ്ക്കുന്നില്ല. കന്നുകാലികൾക്കും പേപ്പട്ടി വിഷത്തിനും പൗരാണികചികിൽസ ഈ പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നതായി തെളിവുകളുണ്ട്. അതിനുപയോഗിച്ചിരുന്ന പ്രാചീന ഗ്രന്ഥങ്ങൾ കണ്ടെത്തി അതിനെ സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

കന്നുകാലി കർഷകർക്ക് പാലുകൊടുക്കുന്നതിന് നാലു ക്ഷീരസംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. രണ്ട് പരമ്പരാഗത ക്ഷീരസംഘങ്ങളും രണ്ട് APCOS സംഘങ്ങളും രേഖകളിൽ കാണുന്നുണ്ട്. കോട്ടയ്ക്കവിള ക്ഷീരസംഘം മാത്രമാണ് പ്രവർത്തിക്കുന്നത്. സ്വയംതൊഴിൽ പദ്ധതിപ്രകാരം കാലിവളർത്തലും, കോഴിവളർത്തൽ, താറാവ് വളർത്തൽ, മുയൽവളർത്തൽ എന്നിവ നടപ്പാക്കിയാൽ ഒരു പരിധിവരെ രൂക്ഷമായിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ വന്യമൃഗങ്ങളോ വന്യമൃഗസങ്കേതങ്ങളോ ഇല്ല. കാള, പശു, പോത്ത്, ആട്, എരുമ, ആന, മുയൽ, പട്ടി. എന്നിവയാണ് ഉള്ളത്.

പട്ടിക 1

മൃഗങ്ങളുടെ വിവരം	എണ്ണം
1. കാള	131
2. പശു	2005
3. കിടാരി	750
4. എരുമ	40
5. ആട്	2966
6. പട്ടി	2202
7. ആന	1
8. മുയൽ	35

പക്ഷികളുടെ കൂട്ടത്തിൽ കോഴി, താറാവ് എന്നിവയാണ് മുഖ്യമായിട്ടുള്ളത്. കുറച്ച് പ്രാവുകളും ചുരുക്കം ചിലപക്ഷികളും വളർത്തുന്നുണ്ട്.

പട്ടിക II

പക്ഷികളുടെ വിവരം	എണ്ണം
1. പൂവൻകോഴി	2576
2. പിടക്കോഴി	11495
3. താറാവ്	150
4. പ്രാവ്	50
5. മറ്റുള്ളവ	60

വയലുകൾ നികത്തുന്നതുമൂലം നെൽകൃഷിയിൽ വന്ന കുറവ്, കാർഷികാവശ്യങ്ങൾക്ക് യന്ത്രങ്ങൾ ഉപയോഗിച്ചുതുടങ്ങിയത്, ജൈവവളങ്ങളേക്കാൾ രാസവളങ്ങൾ ഉപയോഗിച്ചുള്ള കൃഷിരീതി. എന്നിവവളർത്തു മൃഗങ്ങളുടെ എണ്ണത്തിൽ സാരമായ കുറവ് വരിത്തിയിട്ടുണ്ട്. ഗതാഗതത്തിനും ഉഴവിനും യഥാക്രമംവാഹനങ്ങളും യന്ത്രങ്ങളും രംഗത്ത് എത്തിയതോടെ വണ്ടികാളകളും ഉഴവുകാളകളും മിക്കവാറും ഇല്ലാതായിതീർന്നിരി

ക്കുന്നു. അതിനാൽ കറവമാടുകളുടേയും മറ്റു വളർത്തുമൃഗങ്ങളുടേയും സംരക്ഷണം. ക്ഷീരവികസനം ക്ഷീരോല്പാദന ഉൽപ്പന്നങ്ങൾ, കോഴി, താറാവ് വളർത്തൽ എന്നീ മേഖലകളിൽ 9-ാം പദ്ധതികാലത്ത് ഈ പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പദ്ധതികളുടെ സംക്ഷിപ്തരൂപം താഴെകൊടുക്കുന്നു.

മൃഗാശുപത്രി.

ഈ പഞ്ചായത്തിലെ ഏകസർക്കാർ മൃഗാശുപത്രിയാണ്. ചെറുവക്കൽ സ്ഥിതിചെയ്യുന്നത്. ഇവിടെ കന്നുകുട്ടികൾക്കും കിടാരികൾക്കും ഉല്പാദനം നടത്തുന്ന പശുക്കൾക്കും വിരയിളക്കുന്നതിനുള്ള മരുന്ന് വളരെകുറച്ച് മാത്രമേ വിതരണംചെയ്യാൻ ലഭ്യമാകുന്നുള്ളു. ആവശ്യമായ അളവിൽ വിരമരുന്നുകൾ ആശുപത്രിക്കുവേണ്ടി വാങ്ങിയെങ്കിൽ മാത്രമേ ഈ പോരായ്മ പരിഹരിക്കാൻ കഴിയു. രോഗനിർണ്ണയത്തിന് വളരെപ്രധാനപ്പെട്ട ഒരു രേഖയായ സാമ്പിൾ പരിശോധനക്കാവിശ്യമായ സൗകര്യങ്ങളോ ഉദ്യോഗസ്ഥരോ ഇല്ല. മാത്രവുമല്ല വാടകകെട്ടിടത്തിലാണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്.

ആൺകന്നുകുട്ടികളുടെ പരിപാലനം.

ആൺകന്നുകുട്ടികൾക്ക് കർഷകർ വേണ്ടത്രപാൽനൽകുകയോ മറ്റുപരിചരണങ്ങൾ നൽകുകയോ ചെയ്യാറില്ല. തന്മൂലം നല്ലൊരു ശതമാനം കന്നുകുട്ടികളും മരിച്ചുപോകുകയാണ്. ആയതിനാൽ പാലുകുടിമാറുന്ന കന്നുകുട്ടികളെ ശേഖരിച്ച് പ്രത്യേകം വളർത്തുകയും ഒന്നൊന്നരവയസ്സാകുമ്പോൾ മാംസത്തിനായി വിൽക്കുകയും ചെയ്യാവുന്നതാണ്. ഇതിനായി മൃഗസംരക്ഷണ വകുപ്പിന്റേയോ ഏതെങ്കിലും അംഗീകൃത സഹകരണസംഘത്തിന്റേയോ ആഭിമുഖ്യത്തിൽ കാഫ്ഫാം പഞ്ചായത്ത് അത്യത്തിയിൽ ആരംഭിക്കാവുന്നതാണ്.

3. ഊർജ്ജിത കന്നുകാലിവളർത്തൽ വികസനകേന്ദ്രം

ഐ.സി.ഡി.പി യുടെ രണ്ട് സബ്സെന്ററുകളാണ് ഈ പഞ്ചായത്തിലുള്ളത്. അതിൽ ഒന്ന് തേവന്നൂരാണ്. ഇവിടെസ്ഥിരമായി ഒരു ഡോക്ടർ ഇല്ല. ജനന രജിസ്റ്റാർ1994 ഏപ്രിൽ വരെ മാത്രമേ സൂക്ഷിച്ചിട്ടുള്ളു. സ്വന്തമായി കെട്ടിടമില്ല. ആവശ്യംവേണ്ടുന്ന ഒരു സൗകര്യവുമിവിടില്ല. ആയതിനാൽ ഇവിടെസർക്കാർ മൃഗാശുപത്രി സ്ഥാപിക്കുന്നതിന് ഒരു വ്യക്തി 3സെന്റ് സ്ഥലം കൊടുക്കാമെന്ന് ഏറ്റിട്ടുണ്ട്. ഇവിടെ ഒരു മൃഗാശുപത്രി സ്ഥാപിച്ചാൽതേവന്നൂർ,വേങ്ങൂർ, പാറങ്കോട് നിവാസികൾക്ക് വളരെ പ്രയോജനം ലഭിയ്ക്കും. അതു പോലെ ഈ പഞ്ചായത്തിലെ മറ്റൊരുകേന്ദ്രമാണ്. കാരാളികോണത്തുള്ളത്. ഈ സ്ഥാപനവും ഒരു മൃഗാശുപത്രിയായി ഉയർത്താൻ വേണ്ടുന്ന നടപടികൾ 9-ാം പദ്ധതിക്കാലത്തുണ്ടാകണം. ഇളമാട്, പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഐ.സി.ഡി.പിയുടെ സബ്സെന്ററുകൾ സ്ഥാപിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

4 ആടുവളർത്തൽ

ആടുകൃഷി വളരെയേറെ അനുകൂല സാഹചര്യമുള്ള പ്രദേശമാണ് ഇളമാട് പഞ്ചായത്ത്. 1995ലെ സാമ്പിൾ സർവ്വേ അനുസരിച്ച് 2966 ആടുകളാണ് ഈ പഞ്ചായത്തിലുള്ളത്. പശുക്കളിലെന്നപോലെ കൃത്രിമബീജസംങ്കലനം നടത്തി ആടുകളിൽ മേൽത്തരം ജനുസ്സുകളിലുള്ള കുട്ടികളെ ഉൽപ്പാദിപ്പിക്കുന്ന പദ്ധതി പ്രായോഗികമല്ല. അതിനാൽ പാലുൽപ്പാദനവും മാംസോൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് മേൽത്തരം മാടുകളുമായി നാടൻ പെണ്ണാടുകളെ ഇണചേർത്ത് നല്ലഇനത്തിൽപെട്ട ആട്ടുംകുട്ടികളെ ഉല്പാദിക്കാവുന്നതാണ്. ഇതിനുവേണ്ടി ഒരുവാർഡിൽ രണ്ടോ, മൂന്നോ മുട്ടാടുകളെ താല്പര്യമുള്ള ഒരാൾക്കുവീതം ലോൺവ്യവസ്ഥയിൽ വിതരണം ചെയ്യാവുന്നതാണ്. അവയുടെ പരിശോധന, ചികിത്സ എന്നിവ മൃഗാശുപത്രി ഡോക്ടറുടെ പൂർണ്ണനിയന്ത്രണത്തിൽ ആയിരിക്കണം.

5 കോഴിവളർത്തൽ

വലിയമുടക്കുമുതൽ ഇല്ലാതെ തുടങ്ങാവുന്ന ഒരു വ്യവസായമാണ് മുട്ടക്കോഴിവളർത്തലും, ഇറച്ചക്കോഴിവളർത്തലും. ഇന്ന് നമുക്കാവിശ്യമുള്ള മുട്ടയും കോഴിയിറച്ചിയും അയൽസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയുന്ന സ്ഥിതിയാണ്. കോഴി

രോഗങ്ങളുടെ വിവരം	മൃഗങ്ങളുടെ എണ്ണം		ആട്	പട്ടി	കോഴി
	പശു	എരുമ			
1. ദഹനസംബന്ധം (Digestive disorders)	200	5	200	5	
2. ശ്വാസകോസംബന്ധം(Respiratroy diseases)	150	10	100	10	200
3. ഉപാപചയസംബന്ധം (Metbolic diseas)	100		52		
4. ത്വക് രോഗങ്ങൾ (skin diseas)	200		90	16	
5. ധാതുലവണങ്ങളുടെ അഭാവം deficiency diseases	382		20	5	
6. പരാദരോഗങ്ങൾ (Parasitic diseases)	400		120	25	
7. പ്രത്യുൽപ്പാദനവ്യവസ്ഥയുമായി (Gynacological disordrn)	40		15		
8. വന്ധ്യത(Infertility)	330		15		
9. അകിടുവീക്കം(mastitis)	80		28		
10. മുടന്തൻ പനി(Ephemeral Fever)	248				
11. പകർച്ച വ്യാധികൾ (Contagious diseases)	35		21		

ത്തീറ്റയുടെ വിലയിലുണ്ടായ അമിതമായ വർദ്ധന, രോഗവിമുക്തമായതും രോഗപ്രതിരോധശേഷിയുള്ളതുമായ മേൽത്തരം കോഴിക്കുഞ്ഞുങ്ങളെ ലഭിയ്ക്കാനുള്ള പ്രയാസം, അവയ്ക്ക് വേണ്ടുന്ന ചികിൽസയിലുണ്ടാകുന്ന കാലതാമസം എന്നിവ കോഴിയെ സാരമായി ബാധിച്ചിട്ടുണ്ട്. എങ്കിലും തൊഴിലില്ലായ്മ രൂക്ഷമായികൊണ്ടിരിക്കുന്ന ഈ കാലയളവിൽ സഹകരണ അടിസ്ഥാനത്തിലെങ്കിലും ഈ പഞ്ചായത്തിന്റെ എല്ലാവാർഡിലും കോഴിവളർത്തൽ, ഇറച്ചികോഴിവളർത്തൽ എന്നീ കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ നടപടിയെടുക്കണം.

6 മുയൽ, താറാവ് വളർത്തൽ

നല്ല ആദായം ലഭ്യമാകുന്ന ഒരു മേഖലയാണ് മുയൽ,താറാവ് വളർത്തൽ വ്യവസായം മുയൽ വളർത്തന്നതിനും താറാവ് വളർത്തുന്നതിനും പറ്റിയകാലാവസ്ഥയും സാഹചര്യങ്ങളുമുള്ള സ്ഥലങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. തൊഴിലില്ലാത്ത യുവതീയുവാക്കൾക്ക് ഇതിന് ഒരവസരം ഒരുക്കുന്നത് നല്ലതായിരിക്കും. ഇതിനു വേണ്ട ലോൺസൗകര്യങ്ങൾ ക്രമീകരിച്ചാൽ വളരെ നല്ലതായിരിക്കും.

വേണം. ക്ഷീരസംഘങ്ങൾ വഴി ക്ഷീരോൽപ്പന്ന നിർമ്മാണയൂണിറ്റ് ഈ പഞ്ചായത്തിൽ ആരംഭിച്ചാൽ വലിയപ്രയോജനം ചെയ്യുന്നതാണ്. രണ്ട് ഹൈസ്കൂൾ, അഞ്ച് എൽ.പി സ്കൂൾ, രണ്ട് യു.പിസ്കൂൾ എന്നിവ നമ്മുടെ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്. ക്ഷീരോല്പന്ന യൂണിറ്റുവഴി സിപ്പ്-അപ്പ് ഐസ്ക്രീം എന്നിവ നിർമ്മിച്ചാൽ ഈ സ്കൂളുകളിൽ സ്റ്റാളുകൾ സ്ഥാപിച്ച് വിപണനം ചെയ്യാൻ കഴിയുന്നതാണ്. ചടയമംഗലം ക്ഷീരവികസന ഓഫീസ് മുഖേന ഈ പഞ്ചായത്ത് അടുത്ത 5വർഷം നടത്താൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ ചേർക്കുന്നു.

1 പുൽകൃഷി

ഒരു വർഷത്തിൽ കൃഷിചെയ്യാവുന്ന സ്ഥലം 5 ഹെക്ടർ

5വർഷത്തിൽകൃഷിചെയ്യാവുന്നത് 25 ഹെക്ടർ

1ഹെക്ടറിന് ആവശ്യമായ ധനസഹായം 500രൂപ

25 ഹെക്ടറിന് ആവശ്യമായ ധനസഹായം 25x500= 12,500



7 ക്ഷീരവികസനം

ക്ഷീരവികസന രംഗത്ത് നമ്മുടെ സംസ്ഥാനം ആശാവഹമായ നേട്ടങ്ങൾ കൈവരിച്ചിട്ടും ഈ പഞ്ചായത്തിൽ പൊതുമേഖലയിലോ സഹകാര്യമേഖലയിലോ പ്രവർത്തിക്കുന്ന ഡയറിഫാമുകൾ ഇല്ല. ക്ഷീരവികസനപ്രവർത്തനങ്ങൾ ചടയമംഗലം ബ്ലോക്ക്തലത്തിൽ 1974മുതൽ ആരംഭിച്ചു. കർഷകർ ഉൽപാദിപ്പിക്കുന്ന പാൽ ആവശ്യം കഴിഞ്ഞ് വിറ്റഴിക്കേണ്ട സാഹചര്യം വേണം. ഇപ്പോൾ ഈ പഞ്ചായത്തിൽ നാല് ക്ഷീരസംഘങ്ങൾ ചടയമംഗലം ക്ഷീരവികസന ഓഫീസിൽ രജിസ്റ്റർചെയ്ത് പ്രവർത്തിക്കുന്നുണ്ട്. അർക്കന്നൂർ ക്ഷീരോല്പന്ന സഹകരണ സംഘം നെട്ടയം - പാറങ്കോട് ക്ഷീരംസംഘം, കോട്ടയ്ക്കവിള ക്ഷീരസംഘം തേവന്നൂർ ക്ഷീരസംഘം എന്നിവയാണ്. മേൽപ്പറഞ്ഞ ക്ഷീരസംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും പെറുവക്കൽ, ഇളമാട്, അർക്കന്നൂർ, കാരാളികോണം എന്നീ വാർഡുകളിൽ ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുവാൻ വേണ്ട നടപടികൾ 9-ാം പദ്ധതികാലത്ത് ഉണ്ടാവണം. ക്ഷീരകർഷക ഉൽപ്പാദിപ്പിക്കുന്ന പാലിന് ന്യായവില ഉറപ്പുവരുത്തുകയും

2 പച്ചപുൽ സംസ്കരണം

1 സൈലേജ് നിർമ്മാണം

അധികമുള്ള് പച്ചപുല്ല് സൈലേജാക്കിമാറ്റി വരൾച്ചകാലത്ത് കാലികൾക്ക് നൽകാവുന്ന പദ്ധതിയാണിത്. പച്ചപുല്ലിലെ പോഷകമൂല്യം അൽപ്പംപോലുംനഷ്ടപ്പെടാതെ സൂക്ഷിക്കാനും കഴിയും 1M.t സൈലേജ് നിർമ്മിക്കുന്നതിനുള്ള ധനസഹായം 125രൂപ. 5വർഷത്തേക്ക് നിർമ്മിക്കാവുന്നത് 25 മെട്രിക്ടൺ.

ധനസഹായം 25x125=3125 രൂപ

2 ഹേ നിർമ്മാണം

അധികമുള്ള പച്ചപുല്ല് ഉണക്കിസൂക്ഷിച്ച് ആവശ്യമുള്ളപ്പോൾ ഉപയോഗയോഗ്യമാക്കുവുന്ന സമ്പദായമാണ് ഹേ നിർമ്മാണം. 1ടൺ ഹേനിർമ്മിക്കുന്ന ക്ഷീരകർഷകന് 200രൂപ ധനസഹായമായി നൽകുന്നു.

3 വൈക്കോൽ,യൂറിയ, സമ്പുഷ്ടീകരണം,

ഒരു വർഷത്തിൽ അനുവദിക്കാവുന്ന യൂണിറ്റ് 10

അതിനുള്ള ധനസഹായം 500

യൂറിയാതളിച്ച് വൈക്കോൽ സമ്പുഷ്ടീകരിച്ച് കാലിതീറ്റയായി ഉപയോഗിക്കുന്ന പദ്ധതിയാണിത്.

4 വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി

ശരിയായ ജലസേചനവും ശാസ്ത്രീയമായ വളപ്രയോഗവും നടത്തിയാൽ ഒരു ഹെക്ടർ സ്ഥലത്തുനിന്ന് ശരാശരി 60മുതൽ 80 ടൺ പച്ചപ്പുല്ല് ലഭിക്കുന്നതാണ്. തരിശുഭൂമിയിൽ തനി വിളയായും തെങ്ങുതോപ്പുകളിലും മറ്റും ഇടവിളയായും കൃഷി ചെയ്യാം. ഗിനിപുല്ല്, കോംഗോസിഗ്നൽ, നേപ്പിയർ എന്നവയാണ് ദീർഘകാലാടിസ്ഥാനത്തിൽ കൃഷിചെയ്യാവുന്ന പുല്ലിനങ്ങൾ ഒരു വർഷത്തിൽ ഒരു ഹെക്ടറിന് 15000 രൂപവരെ അനുവദിക്കുന്നതാണ്.

3. മാതൃകാ കാലിത്തൊഴുത്ത് നിർമ്മാണം.

സംങ്കരവർഗ്ഗത്തിൽപ്പെട്ടതും ഉൽപ്പാദനശേഷി കൂടിയതുമായ കറവമാടുകളെ രോഗങ്ങളിൽനിന്ന് രക്ഷിക്കുന്നതിന് വൃത്തിയുള്ള തൊഴുത്തുകളിൽ കെട്ടേണ്ടത് അത്യാവശ്യമാണ്. ഇതിനുവേണ്ടി മാതൃകാ കാലിത്തൊഴിത്തു നിർമ്മിക്കുന്നതിനും കർകന് തൊഴുത്തൊന്നിന് 1250രൂപ ധനസഹായം ലഭിയ്ക്കന്നു. ഈ പഞ്ചായത്തിൽ ഈ പദ്ധതി നടപ്പിലാക്കാൻ സത്വരമായി നടപ്പാക്കേണ്ടതാണ്.

4 മാതൃകാ ഡയറിയൂണിറ്റ് നിർമ്മാണം

സാമ്പത്തിക ശേഷികുറഞ്ഞ കർഷകർക്ക് കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും കറവമാടുകളെ വാങ്ങുന്നതിനും പുൽകൃഷി ജലസേചനം എന്നിവ നടപ്പാക്കുന്നതിനും ബാങ്ക് ലോൺ ഉപയോഗപ്പെടുത്താവുന്നതാണ്. ഒരു യൂണിറ്റിന് കൊടുക്കാവുന്ന സബ്സിഡി 7000രൂപയാണ്.

5 പ്രത്യേക ഘടകപദ്ധതി

ഹിരജനങ്ങൾക്ക് ഡയറിയൂണിറ്റനുവദിക്കുന്ന പദ്ധതിയാണിത്. തൊഴുത്ത് ,പശുപരിപാലനം, കാലിത്തീറ്റ നിർമ്മാണം, ഇൻഷ്വറൻസ് എന്നിവയാണ് ഇതിലുള്ളത്. ഒരു യൂണിറ്റ് തുടങ്ങാൻ ആവശ്യമായ ധനസഹായം 7000രൂപയാണ്.

6 ബയോഗ്യസ് പ്ലാന്റ് നിർമ്മാണം(ഗോബർ ഗ്യാസ് പ്ലാന്റുകൾ)

ഊർജ്ജപ്രതിസന്ധി നേരിടുന്ന നമ്മുടെ പഞ്ചായത്തിൽ ബയോഗ്യാസ് നിർമ്മാണം ഊർജ്ജിതപ്പെടുത്തുകയാണെങ്കിൽ ആഹാരം പാകംചെയ്യുന്നതിന് ബൾബ് പ്രകാശിപ്പിക്കുന്നതിനും സാധിക്കുന്നതാണ്. ബോയോഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന് ആവശ്യമായ പരിശീലനവും സാമ്പത്തികസഹായം നൽകിയാൽ കർഷകർക്ക് വളരെപ്രയോജനമായ പദ്ധതിയാണ്.

7 മിനികാലിത്തീറ്റ ഫാക്ടറി

ക്ഷീരകർഷകരുടെ സാമ്പത്തിക ബുദ്ധിമുട്ട് ഒരു പരിധിവരെ കുറയ്ക്കാൻ സഹായകമാണ് സഹകരണഅടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ ഒരു മിനി കാലിത്തീറ്റ ഫാക്ടറി ആരംഭിയ്ക്കുക എന്നത്. ഇതിനുവേണ്ട അസംസ്കൃത പദാർത്ഥങ്ങളായ തവിട്, മരച്ചീനി, എന്നിവ നമ്മുട പഞ്ചായത്തിൽ സുലഭമാണ്. ഒരു കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിൽ ഒരു മിനികാലിത്തീറ്റ ഫാക്ടറി 9-ാം പദ്ധതിയിലൂടെ നടപ്പുകാല ഘട്ടത്തിൽ ആരംഭിയ്ക്കുക എന്നത് ഈ പഞ്ചായത്തിലെ ക്ഷീര കർഷകരുടെ ചിരകാലാഭിലാഷമാണ്.

പൊതുനിർദ്ദേശങ്ങൾ

1 കാരാളികോണം, തേവന്നൂർ എന്നീ I.C.D.P സബ്സെന്ററുകൾ മൃഗാശുപത്രിയായി ഉയർത്തുക.

2 ചെറുവക്കൽ മൃഗാശുപത്രിക്ക് ഒരു വാഹനം ലഭ്യമാക്കുക.

3 സഹകരണാടിസ്ഥാനത്തിൽ ഒരു മിനി കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

4 സൗജന്യമായി കാലികളെ ഇൻഷ്വർചെയ്യുക.

5 സഹകരണാടിസ്ഥാനത്തിൽ ഡയറിഫാം നിർമ്മിക്കുക.

6. പേപ്പട്ടി ശല്യത്തിനെതിരെ കുത്തിവെയ്പ് സാർവത്രികമാക്കുക. അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളെ കർശനമായി കൊല്ലാനുള്ള നടപടിയുണ്ടാവുക.

7 സങ്കരയിനം കന്നുകുട്ടികളെ ഡയിറിഫാമുകളിൽ വളർത്തി കൃഷിക്കാരന് നൽകുക.

8 താറാവ്,മുയൽ, വളർത്തുകേന്ദ്രങ്ങൾ സ്ഥാപിക്കുക.

9 സഹകരണാടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ സംഭരണ ഡിപ്പോ സ്ഥാപിക്കുക.

10 ഓരോ വാർഡിലേയും കുളങ്ങളിൽ ശുദ്ധജലമത്സ്യകൃഷിപ്രോത്സാഹിപ്പിക്കുക.

11 കറവമാടുകളെ വളർത്തുന്നതിനുള്ള ധനസഹായം പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പുവരുത്തുവാൻ പഞ്ചായത്തു സമിതിയും ബന്ധപ്പെട്ട വെറ്റിനറി സർജൻ അടങ്ങിയ സമിതി രൂപീകരിക്കുക.

12 പഞ്ചായത്തടിസ്ഥാനത്തിൽ വർഷംതോറും ഒരുകന്നുകാലി പ്രദർശനമേളയും മാസത്തിലൊരു കന്നുകാലി ചന്തയും ആംരംഭിയ്ക്കുക

മത്സ്യബന്ധനം

കടലോരമോ കായലോരമോ ഇല്ലാത്ത ഒരു പഞ്ചായത്താണ് ഇത്. അതുകൊണ്ട്തന്നെ പാരമ്പര്യരീതിയിലുള്ള മത്സ്യബന്ധനം ഈ പഞ്ചായത്തിൽ നടക്കുകയില്ല എങ്കിലും പഞ്ചായത്തിലെ ചെറിയകുളങ്ങൾ നവീകരിച്ച് മത്സ്യകൃഷി നടത്തുവാൻവേണ്ട ക്രമീകരണങ്ങൾചെയ്താൽ പ്രയോജനകരമാണ്. പഞ്ചായത്തിലെ മിക്കവാർഡുകളിലും കുളങ്ങൾ കുഴിക്കാനും അവിടെ ശുദ്ധജലമത്സ്യകൃഷി നടത്താനും കഴിയുന്നതാണ്. എളുപ്പം വളർന്നുവലുതാവുന്ന പുതിയഇനം മത്സ്യങ്ങൾ ഫിഷറീസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് സഹകരണാടിസ്ഥാനത്തിൽ കുളങ്ങളിൽ വളർത്താവുന്നതാണ്. എല്ലാവാർഡുകളിലും മത്സ്യവിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുക. മത്സ്യതൊഴിലുമായി ബന്ധപ്പെട്ടു ഉപജീവനം തേടുന്ന അനേകം തൊഴിലാളികളുള്ള പഞ്ചായത്താണിത്. ആയതിനാൽ ഈ പഞ്ചായത്തിൽ ഒരു മത്സ്യഭവൻ ആരംഭിക്കാവുന്നതാണ്.

◆◆◆

കുതിരി, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയ ചെറുകിട തൊഴിലുക ളുടെ കുറവ്.

17. പഞ്ചായത്തിലെ സുലഭമായ പാറഉപയോഗിച്ച് വേണ്ടത്ര തൊഴിൽ സൗകര്യമില്ലായ്മ.

18. വ്യവസായസംരഭങ്ങൾക്ക് ആവിശ്യമായ മാർഗ്ഗനിർദ്ദേശ ങ്ങൾ ലഭിയ്ക്കുന്നില്ല.

19. സഹകരണമേഖലയിൽ വ്യവസായങ്ങൾ തുടങ്ങുവാൻ സന്നദ്ധതയുള്ളവരുടെ അഭാവം.

20. കായികാദ്ധ്വാനം ചെയ്യാൻ സന്നദ്ധതയില്ലായ്മ.

21. വനിതകൾക്ക് വ്യവസായരംഗത്തു കടന്നുവരുവാനുള്ള മടി.

22. ഉല്പ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യക്കുറവ്.

നിലവിലുള്ള വ്യവസായങ്ങൾ

1 ഇളമാടു, ചെറിയവെളിനല്ലൂർ, പാറംകോട് പിറന്മുക്ക എന്നീ സ്ഥലങ്ങളിലുള്ള ഫർണിച്ചർ വില്പനശാലകൾ

2. പഞ്ചായത്ത് ജംഗ്ഷൻ, ചെറുവക്കൽ എന്നീ സ്ഥലങ്ങളിൽ കൊപ്രായൂണിറ്റ്.

3 പഞ്ചായത്ത് ഓഫീസ് ജംഗ്ഷനിൽ സ്റ്റീൽ ഇൻഡസ്ട്രീസ് യൂണിറ്റ് പ്രവർത്തിക്കുന്നു.

4 D.W.C.R.A യൂണിറ്റ് പാറംകോട്ടുപ്രവർത്തിക്കുന്നു.

5. റബ്ബർപാൽ ശേഖരിച്ചു ഹിന്ദുസ്ഥാൻ ലാറ്റക്സുമായി ബന്ധപ്പെട്ടു ഒരു യൂണിറ്റാരംഭിച്ചാൽ അതുവളരെ തൊഴിൽ സാദ്ധ്യതയും വിജയപ്രദവുമാണ്.

സാധ്യതകൾ

1. പഞ്ചായത്തിൽ ലഭ്യമാക്കുന്ന റബ്ബർ, നാളീകേരം, കശു മാങ്ങ, കണ്ണിമാങ്ങ, കൈതച്ചക്ക തടുങ്ങിയവയിൽ അധിഷ്ടിത വുമായ വ്യവസായങ്ങൾ തുടങ്ങേണ്ടതാണ്.

2. കശുവണ്ടിവ്യവസായ തകർച്ച സമ്പൂർണ്ണമായും പരിഹ രിക്കുന്നതിന് ആവശ്യാനുസരണം ലഭ്യമാക്കേണ്ടതാണ്.

3. വൻകിട, ചെറുകിട പാരമ്പര്യവ്യവസായങ്ങളിൽ ഏർപ്പെ ടുന്നവർക്ക് മൂലധനം ലഭ്യമാക്കേണ്ടതാണ്.

4. പരമ്പരാഗതവ്യവസായങ്ങൾ പുനരുദ്ധരിക്കണം.

5. പരമ്പരാഗതതൊഴിലിനോട് അഭ്യസ്തവിദ്യർക്കുള്ള ആഭി മുഖ്യകുറവ് പരിഹരിക്കാൻ ബോധവൽക്കരണം.

6. പുതിയതൊഴിൽ സംഭകരെ കണ്ടെത്തുവാനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനും ഗവൺമെന്റ് തലത്തിൽ മുൻകൈ എടുക്കേണ്ടതാണ്.

7. എല്ലാതൊഴിലുകളിലും സാങ്കേതികപരിജ്ഞാനം ലഭ്യമാ ക്കണം.

8. കൈത്തറിവ്യവസായം പുന:സംഘടിപ്പിക്കുകയും, ആധു നികവൽക്കരിക്കുകയും ചെയ്യുക.

9. ഹോളോബ്രിക്സ് വ്യവസായം പ്രോത്സാഹിപ്പിക്കുക.

10. തൊഴിലാളികൾക്ക് അവരവരുടെ തൊഴിലുകളിൽ വൈദ ഗ്ധ്യംലഭിയ്ക്കുന്നതിനുള്ള പരിശീലനം നൽകുക.

11. റബ്ബർ, നാളീകേരം, എന്നിവയെ അടിസ്ഥാനമാക്കിയുള്ള വൻകിടവ്യവസായങ്ങൾ ആരംഭിയ്ക്കുക.

12. വനിതകളുടെ സംരഭങ്ങൾ എന്നനിലയ്ക്ക് റെഡിമെയ്ഡ് ഗാർമെന്റ്സ്, ചന്ദനതിരി, തീപ്പെട്ടി, മെഴുകുതിരി, ഭക്ഷ്യവസ്തു ക്കൾ, തുടങ്ങിയവയുടെനിർമ്മാണം പ്രോത്സാഹിപ്പിക്കുക.

13. പാറതൊഴിലാളി സഹകരണസംഘംരൂപീകരിച്ച് വേണ്ട ത്രസജ്ജീകരണങ്ങൾ ഒരുക്കി, റബിൾ, മെറ്റൽ, ചിപ്സ് തുടങ്ങി യവ വിപണനംനടത്തുക.

14. കുറഞ്ഞചിലവിലും എളുപ്പമാർഗ്ഗത്തിലും സബ്സിഡിനി ലവാരത്തിൽ താമസംവിനാ അസംസ്കൃത സാധനങ്ങൾ ലഭ്യ മാക്കേണ്ടതാണ്.

1. വനിതാവ്യവസായസഹകരണസംഘങ്ങൾ രൂപീകരിച്ച് വനിതകൾക്ക് ഈ മേഖലയിൽ കൂടുതൽ വ്യവസായങ്ങൾ ഉറ പ്പാക്കണം.

2. കുടിൽ വ്യവസായങ്ങൾ ആരംഭിയ്ക്കുക, ബുക്ക്ബൈ യന്റിഗ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം തുടങ്ങിയവ.

3. കശുവണ്ടിഫാക്ടറികൾ തുറക്കുക, സഹകരണാടിസ്ഥാ നത്തിൽ വ്യവസായം തുടങ്ങുന്നതിന് സഹായം നൽകുക.

4. റെഡിമെയ്ഡ്, റബ്ബർവ്യവസായം, വനിതകൾക്കുള്ള ICDS അംഗൻവാടി DWCR വഴി കുടിൽവ്യവസായം (കറിപൗ ഡർ)ആരംഭിയ്ക്കുക.

5. മെഴുകുതിരി, റൊട്ടി,ഉപ്പേരി, അച്ചാർ എന്നീയൂണിറ്റുകൾ ആരംഭിയ്ക്കുക.

6. റബ്ബർവ്യവസായം, ബേബിഫുഡ്, തീപ്പെട്ടി എന്നിവ ആരം ഭിയ്ക്കുക.

7. പരമ്പരാഗത വ്യവസായത്തെ സംരക്ഷിക്കാൻ നടപടിസ്വീ കരിക്കുക.

8. കരകൗശലവസ്തുക്കൾ നിർമ്മിച്ച് വിപണനം നടത്തുക.

9. വനിതാവ്യസായകേന്ദ്രം ആരംഭിയ്ക്കുക.

10. നാളീകേര ഉല്പന്നം കേന്ദ്രീകരിച്ചു വ്യവസായയൂണിറ്റ് ആരംഭിയ്ക്കുക.

11. മിൽമാപോലെ കരിക്കിൻവെള്ളം വിപണനം ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുക.

12. കോഴിവളർത്തൽകേന്ദ്രം കൂടുതൽ തുടങ്ങണം. വലിയ തോതിൽ സാമ്പത്തിക സഹായം നൽകണം.

13. പട്ടുനൂൽ വ്യവസായം, റീലിംഗ്, വീവിംഗ് ഉൾപ്പെടെയുള്ള പ്രവർത്തനം തുടങ്ങണം.

14. പാറകൃാറികേന്ദ്രീകരിച്ച് മെറ്റൽ ഊർജ്ജിതമാക്കുന്നതിന് ഗവൺമെന്റ് ധനസഹായം നൽകുക.

15. എഞ്ചിനീയറിംഗ് വർക്ക് ഷോപ്പുകൾ ആരംഭിയ്ക്കുക.

16. കണ്ണംകോട്ട് വാർഡിലെ കേരളാസർവ്വോദയസംഘം നൂൽനൂൽപ്പ് പരിശീലന കേന്ദ്രത്തോടൊപ്പമുള്ള ഒഴിഞ്ഞുകിടക്കുന്ന സ്ഥലത്ത് ചെറുകിട വ്യവസായയൂണിറ്റ് ആരംഭിയ്ക്കുക.

നിർദ്ദേശങ്ങൾ

1. വാർഡുതലങ്ങളിൽ വ്യവസായസെമിനാറുകൾ സംഘടിപ്പിച്ചു ബോധവൽക്കരണം നടത്തുക.

2. കുടിൽവ്യവസായങ്ങൾക്ക് കൂടുതൽ ശ്രദ്ധനൽകണം.

3. വൈദ്യുതിക്ഷാമം പരിഹരിയ്ക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ ചെറുകിട വൈദ്യുതിനിലയങ്ങൾ സ്ഥാപിക്കുക.

4. താലൂക്ക് വ്യവസായകേന്ദ്രത്തിന്റെ ശാഖ ഈ പഞ്ചായത്തിലും പ്രവർത്തനം ആരെഭിയ്ക്കണം.

5. വ്യവസായസംരഭകർക്കുള്ള stage certificate Completion Certificae എന്നിവ പഞ്ചായത്തിൽ നിന്നും നൽകുക.

6. വ്യവസായസംരഭകർക്കുള്ള സാമ്പത്തിക സാങ്കേതികതടസ്സങ്ങൾ ലഘൂകരിക്കുക.

7. ഈറ്റതൊഴിലാളികളെ സംരക്ഷിക്കാൻ തൊഴിലാളികൾക്ക് കരകൗശലവസ്തുക്കൾ നിർമ്മിക്കാൻ പരിശീലനവും സാമ്പത്തിക സഹായവും നൽകുക.

8. പായ്, പനമ്പ്, നെയ്ത്ത് തൊഴിലാളികളെ സംരക്ഷിക്കുക.

9. റെഡിമെയ്ഡ് വസ്ത്രങ്ങൾ നിർമ്മിച്ച് കയറ്റുമതി ചെയ്യാനുള്ള സാങ്കേതികസഹായം ചെയ്യുക.

10. ഗ്രീൻചാനൽ സംവിധാനം താലൂക്ക് വ്യവസായകേന്ദ്രത്തിലും നൽകുക.

11. ഉല്പന്നങ്ങൾ വിറ്റഴിക്കാൻ പൊതുമാർക്കറ്റിന്റെ ആവശ്യകത വർദ്ധിപ്പിക്കുക.

12. പുതുതായി ആരംഭിയ്ക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് ഇൻകംടാക്സ്, സെയിൽടാക്സ്, തൊഴിൽവകുപ്പ് എന്നീവകുപ്പുകളിൽ നിന്നുള്ള നിയമം ഉദാരമാക്കുക.

13. റബ്ബർപാൽ ശേഖരിച്ച് വനിതാ വ്യവസായയൂണിറ്റ് ആരംഭിയ്ക്കുക.

14. മേൽത്തരം റബ്ബർ ഷീറ്റ് ഉൽപ്പാദിപ്പിക്കുന്നതിന് (റബ്ബർ നഴ്സറി) സാങ്കേതികസാമ്പത്തിക സഹായങ്ങൾ നൽകുക.

15. ദക്ഷിണ കേരളത്തിലെ വലിയപ്രൊജക്ടായ സെറികൾച്ചറൽ കോപ്ലക്സ് കെട്ടിടങ്ങളുടെപണി തോട്ടത്തറിയിൽനടന്നുവരുന്നു.

പട്ടുനൂൽപുഴു വളർത്തൽകേന്ദ്രത്തോടൊപ്പം പട്ടുനൂൽവ്യവസായങ്ങൾ വ്യാവസായികടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് ഈ കോപ്ലക്സ് പ്രയോജനപ്പെടുത്തണം. ഈ പഞ്ചായത്തിൽനിന്നും 60%ആളുകൾക്ക് ഈ സ്ഥാപനത്തിൽ തൊഴിൽ കൊടുക്കണം.

മാർക്കറ്റിംഗ്

ചെറുകിടവ്യവസായങ്ങൾ, പാരമ്പര്യവ്യവസായങ്ങൾ നഷ്ടത്തിൽപ്രവർത്തിക്കുന്നതിന്റെ പ്രധാന ഘടകം വിപണനത്തിലുണ്ടാകുന്ന പ്രശ്നങ്ങളാണ്. ഉൽപ്പാദിപ്പിക്കപ്പെടുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ ഉൽപ്പാദകർ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നു. പ്രധാനപ്രശ്നങ്ങൾ ഇവയിൽ ഗതാഗതം, മാർക്കറ്റിംഗ് പഞ്ചായത്തിലെ വാർഡുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ മൊത്തമായി ശേഖരിച്ച് പൊതുവിപണിയിൽഎത്തിച്ച് അവവിറ്റഴിക്കാൻ പഞ്ചായത്ത് പ്രത്യേകം ശ്രദ്ധിക്കണം. ഇളമാട് പഞ്ചായത്തിലെകൃഷിക്കാർ ചെറുകിട വ്യവസായഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ തൊട്ടടുത്തപഞ്ചായത്തിലെ മാർക്കറ്റുകളിലാണ്. ഈ ബുദ്ധിമുട്ട് ഒഴിവാക്കാൻ ഇളമാട് പഞ്ചായത്തിൽ ഒരു ഷോപ്പിംഗ് കോപ്ലക്സ് സ്ഥാപിച്ച് ഈ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വിപണിതയ്യാറാക്കണം. വ്യവസായികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ Traid Fair സംഘടിപ്പിക്കാൻ ശ്രദ്ധിക്കണം. ഇളമ്മാട് കേന്ദ്രമാക്കി ഒരു സസ്യമാർക്കറ്റ് സ്ഥാപിക്കാൻ പഞ്ചായത്ത് ശ്രദ്ധിക്കണം.

◆◆◆

5 - 4

വിദ്യാഭ്യാസം.

മനുഷ്യനിൽ അന്തർലീനമായിരിക്കുന്ന പൂർണ്ണതയുടെ പ്രാദുർഭാവമാണ് വിദ്യാഭ്യാസം എന്നാണ് സ്വാമിവിവേകാനുന്ദൻ പറഞ്ഞിട്ടുള്ളത് വിദ്യാഭ്യാസം ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണത്തനും അയാളെ ജീവിതായോധനത്തിനും പ്രാപ്ത നാക്കുന്നതിനും സഹായിക്കണമെന്ന് ഗാന്ധിജി വിഭാവനം ചെയ്തു. ബുദ്ധിപരമായ കഴിവുകളും വൈകാരികഘടകങ്ങളും തൊഴിൽ വൈദഗ്ധ്യവും വികസിപ്പിക്കുന്നതായിരിക്കണം വിദ്യാഭ്യാസം എന്നാണ് ചിലവിദഗ്ദർ അഭിപ്രായപ്പെടുന്നത്. ഓരോ പൗരനും തൊഴിൽ നൽകാനും ആരോഗ്യപൂർണ്ണവും വിജയകരവുമായൊരുജീവിതം കെട്ടിപ്പടുക്കുവാനും വിദ്യാഭ്യാസം ഉതകേണ്ടതാണ്. രാജ്യപുരോഗതിയ്ക്ക് സഹായകമാകുകയും വേണം. സഹജീവികളെ സ്നേഹിക്കാനും സമൂഹത്തിനായി ത്യാഗംചെയ്യാനും രാജ്യസ്നേഹം വളർത്താനും സഹായിക്കുന്നതായിരിക്കണം വിദ്യാഭ്യാസം. ചുരുക്കത്തിൽ ഓരോവ്യക്തിയുടേയും സ്വഭാവരൂപീകരണവും ജീവിതായോധനത്തിനുള്ള കഴിവും പൂർണ്ണമാക്കാനും സാമൂഹികബാദ്ധ്യതകൾ ഫലപ്രദമായി നിറവേറ്റുന്ന സമഗ്രവ്യക്തികളായി അവരെവളർത്തിയെടുക്കാനും ഉതകുന്ന ബോധനസമ്പ്രദായമായിരിക്കണം. വിദ്യാഭ്യാസം.

വ്യക്തികളേയും സമൂഹത്തേയും രാജ്യത്തെ മൊത്തത്തിനും ലക്ഷ്യംവെക്കുന്ന സമഗ്രമായ കർമ്മപദ്ധതി നടപ്പാക്കാനുള്ള ഇച്ഛാശക്തിയുള്ള ഭരണകൂടത്തിനുമാത്രമേ ഇത് നടപ്പാകക്കാൻ കഴിയൂ. പ്രാചീനഭാരതത്തിൽ ഗുരുകുലവിദ്യാഭ്യാസത്തിന് മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് ഏറെ കഴിവുണ്ടായിരുന്നു പക്ഷേ അന്നും വിദ്യാഭ്യാസം സാർവത്രികമായിരുന്നില്ല. എന്നാൽ പിന്നീടുണ്ടായ അസമത്വങ്ങൾ നിമിത്തം വലിയൊരുവിഭാഗത്തിന് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു. സ്വാതന്ത്യലബ്ധിക്ക് ശേഷമാണ് സാർവത്രികവിദ്യാഭ്യാസം ദേശീയ ലക്ഷ്യമായി തീർന്നു. ഭരണഘടനയുടെ 45-ാംവകുപ്പ് പത്തുവർഷത്തിനകം ഭാരതത്തിലെ 14വയസ്സിനുതാഴെയുള്ള മുഴുവൻകുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായവിദ്യാഭ്യാസം നൽകാനുള്ള സ്റ്റേറ്റിന്റെ ചുമതല പ്രഖ്യാപിക്കുന്നു. എന്നാൽ അരനൂറ്റാണ്ടിനു ശേഷവും ഈ ബാധ്യതനിറവേറ്റാൻ ഭരണകൂടത്തിന് കഴിഞ്ഞിട്ടില്ലന്നുമാത്രമല്ല ഭാരതത്തിലെ മൊത്തം ജനസംഖ്യയുടെ ഏകദേശം പകുതിയാളുകൾ ഇപ്പോഴും നിരക്ഷരതയുടെ ഇരുളിൽ കഴിയുകയാണ്. എല്ലാവർക്കും തൊഴിലും മാന്യമായജീവിതസാഹചര്യവും ദേശീയ വികസനത്തിൽ പങ്കാളിത്തവുമെന്നഉന്നത ലക്ഷ്യങ്ങൾ എത്രയോ അകലെയാണ്.

സാമൂഹിക പുരോഗതിയുടെ ഏറ്റവും പ്രധാനപ്പെട്ട അളവുകോൽ സാക്ഷരതാനിലവാരമാണ്. വികസിതരാഷ്ട്രങ്ങളിലെല്ലാം തന്നെ ഏകദേശം സമ്പൂർണ്ണസാക്ഷരതയാണുള്ളത് തൊഴിലില്ലായ്മ പരിഹരിക്കാനും ദേശീയോൽപ്പാദനം വർദ്ധിപ്പിക്കാനും സ്ത്രീപുരുഷസമത്വം ദേശീയോഗ്രഥനം, പ്രകൃതിസംരക്ഷണംതുടങ്ങിയവ ഉറപ്പാക്കാനും പറ്റിയ ഉപാധിഅനുയോജ്യമായ വിദ്യാഭ്യാസനയം നടപ്പാക്കുകയാണ്. 1990ലും 1991ലും കേരളത്തിൽ നടപ്പാക്കിയ സമ്പൂർണ്ണസാക്ഷരതായജ്ഞം ഭാരതത്തിനാകെ മാതൃകയായിരുന്നു.

സാമൂഹിക -സാംസ്കാരിക ഔദ്യോഗികരംഗങ്ങളിൽ വളരെ മുൻപന്തിയിൽ നിന്നുട്ടുള്ള അനേകം മഹത് വ്യക്തികൾകക്ക് ജന്മം നൽകിയിട്ടുള്ള നമ്മുടെ പഞ്ചായത്ത് ഇന്നും വിദ്യാഭ്യാസത്തിൽ മുന്നിൽ നിൽക്കുന്നു. മുൻകാലങ്ങളിൽ പുഴിമണലിൽ 'ഹരിശ്രീ' കുറിക്കുന്ന കുടിപ്പള്ളികൂടങ്ങൾ നമ്മുടെ നാട്ടിലുമുണ്ടായിരുന്നു പക്ഷേ അത് ഇന്ന് അന്യം നിന്നുപോയിരിക്കുന്നു ആസ്ഥാനത്ത് നഴ്സറി സ്കൂളുകളും വിദ്യാലയങ്ങളും നിലവിൽവന്നു. മാതൃഭാഷയുടെ ശൈലിയും ഘടനയും ഹൃദസ്ഥമാക്കുന്നതിനുമുമ്പ്തന്നെ വൈദേശികഭാഷ അടിച്ചേൽപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രക്രിയയാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. വിദ്യാഭ്യാസരംഗത്തെ ഈ പുതിയഭാഷൻ രീതിയെ സംബന്ധിച്ച് പുന:പരിശോധിക്കേണ്ടിയിരിക്കുന്നു. ഉന്നത ബിരുദധാരികൾക്ക് തൊഴിലിനുവേണ്ടി അലയുന്ന സ്ഥിതിയാണുള്ളത്. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ സമൂലമായമാറ്റം വരുത്തേണ്ടത് വളരെ അത്യാവശ്യമാണ്.

നൂറ്റമ്പതുവർഷങ്ങൾക്കു മുമ്പുതന്നെ അർക്കന്നൂർ നെടുമൺമഠത്തിൽ ഗുരുകുലവിദ്യാലയം പ്രവർത്തിച്ചിരുന്നു. പിൽക്കാലത്ത് വിദ്യാർത്ഥികളുടെ എണ്ണംവർദ്ധിക്കുകയാൽ അർക്കന്നൂരിൽ ഒരു എലിമൻട്രി സ്കൂൾസ്ഥാപിച്ചു. 1948 ൽ ഈസ്കൂൾ ശ്രീ. പ്രഭാകരരു പണ്ഡാരത്തിൽ ഗവ:വിട്ടുകൊടുത്തു. മാടപ്പള്ളി പുത്തൻവീട്ടിൽ ശ്രീ. കെ നാരായണപിള്ള ഇളമാട്ട് സ്ഥാപിച്ച ഭഗവതിവിലാസം പ്രൈമറിസ്കൂളാണ് പിൽക്കാലത്ത് ഇളമാട് ഗവൺമെന്റ് യു.പി സ്കൂളായിമാറിയത്. ശ്രീ. നെടുങ്ങാനൂർ കൃഷ്ണപിള്ള തേവന്നൂർ ആരംഭിച്ച ദേവിവിലാസം പ്രൈമറി സ്കൂൾ ആണ് നമ്മുടെ പഞ്ചായത്തിലെ ഏക ഗവ: ഹൈസ്കൂളായി ഉയർത്തപ്പെട്ടത്. സാമൂഹിക-സാംസ്കാരിക -സാഹി

ത്യാദി രംഗങ്ങളിൽ വ്യക്തിമുദ്രപതിപ്പിച്ച നിരവധിയാളുകൾ ഈ പഞ്ചായത്തിൽ വളർന്നുവന്നുട്ടുണ്ട്. ഭാഷാഅദ്ധ്യാപകനായി സേവനമാരംഭിച്ച കേരളത്തിലാദ്യമായി A.E.O, ഹെഡ്മാസ്റ്റർ എന്നീ പദവികളിലെത്തിയ ശ്രീ. കൈതേയിൽ എൻ. മാധവൻ അവറകളും അദ്ധ്യാപക അവർഡടക്കം വിവിധ അവാർഡ് നേടിയ ശ്രീ. തേവന്നൂർ മണിരാജും ദേശീയ അദ്ധ്യാപക അവർഡ് ലഭിച്ച ശ്രീ. കുമ്പല്ലൂർ ബേബിയും പത്രപ്രവർത്തനരംഗത്ത് ശ്രീ. എം. അൻസാറുദ്ദീനും, ശ്രീ. പാറംകോട് ഗോപിനാഥപിള്ളയും ഇളമാട് പഞ്ചായത്തിന്റെ വിദ്യാഭ്യാസ മണ്ഡലത്തിലൂടെ വളർന്നുവന്നവരാണ്. മുൻകാലങ്ങളിൽ നവരാത്രിയോടനുബന്ധിച്ചുള്ള പൂജവെയ്പ്പ്,പൂജയെടുപ്പ് വിദ്യാരംഭം എന്നിവ സ്കൂളുകളിൽ വെച്ചായിരുന്നു നടത്തിയിരുന്നത്.

ഇളമാട് പഞ്ചായത്തിൽ 4ഗവൺമെന്റ് സ്കൂളുകളും 7എയിഡഡ്സ്കൂളുകളും അംഗീകാരമില്ലാത്ത 6നേഴ്സറി & L.Pസ്കൂളുകളുമാണുള്ളത്. വിദ്യാഭ്യാസരംഗത്ത് ഉന്നതനിലവാരംപുലർത്തുന്ന ഈ പ്രദേശത്തെ രണ്ട ഹൈസ്കൂളുകളാണ്. തേവന്നൂർ ഗവ: ഹൈസ്കൂളും അർക്കന്നൂർ ഹൈസ്കൂളും. തേവന്നൂർ H.Sൽ 8-ാംക്ലാസിലേയും 9-ാംക്ലാസിലേയും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ പഠനത്തിൽ പ്രാഥമിക പരിശീലനം നൽകുന്നുണ്ട്. ഗവ: അംഗീകാരത്തടുകൂടി പുറുത്തുനിന്നുള്ള കുട്ടുകൾക്ക് കമ്പ്യൂട്ടർ ട്രയിനിംഗിനുള്ള പരിമിതമായ സൗകര്യവും ഈ വിദ്യാലയത്തിലുണ്ട്. അർക്കന്നൂർ ഹൈസ്കൂളിൽ ശ്രദ്ധേയമായരീതിയിൽ V.H.S പരിശീലനത്തിലുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

ഇളമാട് ഗവ:U.P.S, S.S.M U.P.S കാരാളിക്കോണം, S.R.V U.P.S വാളിയോട് എന്നിവിടങ്ങളിൽ L.P വിഭാഗവും U.P വിഭാഗവും പ്രവർത്തിക്കുന്നു. ചെറുവക്കൽ St.george U.P.Sൽ U.Pവിഭാഗം മാത്രമായി പ്രവർത്തിക്കുന്നു. ഗവ: L.P.S തേവന്നൂർ, P.T.P.M L.P.S ചെറുവക്കൽ K.U L.P.S വേങ്ങൂർ പാറംകോട് L.P.S, ഗവ: L.P.S അർക്കന്നൂർ എന്നിവിടങ്ങളിൽ L.P വിഭാഗം മാത്രംപ്രവർത്തിക്കുന്നെങ്കിൽ കൂടിയും അർക്കന്നൂർ ഗവ: L.P.Sൽ 5-ാംക്ലാസിൽ അദ്ധ്യാനം കാലാകാലങ്ങളായി നടന്നുവരുന്നു. S.S.M U.P.S ൽ P.T.A യുടെ നേതൃത്വത്തിൽ ഇംഗ്ലീഷ്, മലയാളം മീഡിയം നേഴ്സറി പ്രവർത്തിക്കുന്നു. S.R.V U.P.S വാളിയോട് P.T.P.M L.P.S ചെറുവക്കൽ, തേവന്നൂർ ഗവ: L.P.S, അർക്കന്നൂർ ഗവ: L.P.S എന്നിവിടങ്ങളിൽ പ്രീപ്രൈമറി ക്ലാസുകൾ നടക്കുന്നുണ്ട്.

അംഗീകാരമില്ലാത്ത അൺഎയിഡഡ് മേഖലയിൽ പ്രസക്തി നഴ്സറി & L.P.S ഇളമാട്, S.S.M നെഴ്സറി & L.P.S കാരാളിക്കോണം, S.H നേഴ്സറി & L.P.S ചെറിയവെളിനല്ലൂർ, ഇൻഫൻഡ് ജീസസ് എലിമെന്ററി സ്കൂൾ അമ്പലമുക്ക്, നവോദയനേഴ്സറി & L.P.S അർക്കന്നൂർ, പ്രസക്തി നഴ്സിറി സ്കൂൾ ചെറുവക്കൽ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. സാങ്കേതികവിദ്യാഭ്യാസമേഖലയിൽ ഈ പഞ്ചായത്തിൽ ഇപ്പോൾ നിലവിൽ അർക്കന്നൂർ തേവന്നൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന V.H.S കോഴ്സും, കമ്പ്യൂട്ടർ കോഴ്സുംമാത്രമാണ്. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തേക്ക് വരുന്ന കുട്ടികൾ ബഹുഭൂരിപക്ഷവും ഉന്നതവിദ്യാഭ്യാസത്തിന് പോകാതെ ഇടയ്ക്കുവെച്ച് വിദ്യാഭ്യാസം നിറുത്തുകയും തൊഴിലന്വേഷകരായി പോകുകയുമാണ് ചെയ്തുവരുന്നത്.

കുട്ടുകളുടെ പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യംപോലും പലസ്കൂളുകളിലും ഇല്ല. മൂത്രപ്പുര, കക്കൂസ്, ശുദ്ധജലസൗകര്യം,യാത്രാസൗകര്യം, പഠനസൗകര്യങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾപോലും പലവിദ്യാലയങ്ങളിലും അപര്യാപ്തമാണ്. കാലാകാലങ്ങളിൽ സിലബസ് പരിഷ്കരണത്തോടൊപ്പം മാറിവരുന്ന സിലബസ് പഠിപ്പിക്കുന്നതിന് അദ്ധ്യാപകരെകൂടി പ്രാപ്തരാക്കുന്ന പരിശീലനകോഴ്സുകൾ സംഘടിപ്പിക്കുക. പഠനോപകരണങ്ങളുടെ നിലവിലുള്ളലഭ്യതക്കുറവ്, അദ്ധാപകരുടെ ഒഴുവുവരുന്ന മുറയ്ക്ക് നിയമനം നടത്തുന്നതിലുള്ള കാലതാമസം P.T.A യുടെ കാര്യക്ഷമമായ പ്രവർത്തനമില്ലായ്മ. അടിസ്ഥാനവിദ്യാഭ്യാസസൗകര്യങ്ങളുടെ കുറവ് ഇവയെല്ലാം വിദ്യാഭ്യാസത്തിന്റെ ഗുണനിലാവാരത്തെ ബാധിച്ചിട്ടുള്ള പ്രതികൂല കാരണങ്ങളാണ്.

പാഠ്യവിഷയത്തോടൊപ്പം തന്നെ പാഠ്യേതര വിഷയത്തിലും വിദ്യാർത്ഥികളെ തയ്യാറെടുപ്പിക്കേണ്ടതുണ്ട്. ശാസ്ത്രം കല, സാഹിത്യം, കായികം എന്നീരംഗങ്ങളിൽ വിദ്യാർത്ഥികൾക്കുള്ള അഭിരുചി കണ്ടെത്തി വളർത്തയെടുക്കുന്നതിനുവേണ്ടിയുള്ള പരിശ്രമംനടത്തേണ്ടതാണ്.



വിദ്യാർത്ഥികളിലെ ശാസ്ത്ര കലാ കായികവാസനകളെ വളർത്തേ ണ്ടുന്ന യുവജനോവൽസങ്ങളും കായികമൽസരങ്ങളും ശാസ്ത്രമേളകളും പഞ്ചായത്തടിസ്ഥാനത്തിൽ നടത്തി വിദ്യാർത്ഥികളുടെ കഴിവുകളെ വളർത്തണം.

നിർദ്ദേശങ്ങൾ 1. സ്കൂളുകളിൽ P.T.A യുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. 2. സിലബസ് കാലോചിതമായി പരിഷ്കരിക്കണം. 3. ശാസ്ത്രരംഗത്ത് വിദ്യാർത്ഥികളെ വളർത്തികൊണ്ടുവരുന്നതിന് സയൻസ് ക്ലബ്ബ് രൂപീകരിക്കുക.

4. കായിക കലാരംഗത്തിന് നിലവിലുള്ള പ്രാധാന്യംഉയർത്തുക. 5. വിദ്യാലയങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക. 6. അദ്ധ്യാപക വിദ്യാർത്ഥി അനുപാതകം കുറയ്ക്കുകയും നിലവിലുള്ള അദ്ധ്യാപക ഒഴിവുകൾ അടിയന്തിരമായി നികത്തുക.

7. പ്രൈവറ്റ് ഏജൻസികൾ നടത്തുന്ന സ്കൂളുകൾക്ക് ഗവ: തലത്തിൽ നിയന്ത്രണമുണ്ടാക്കണം.

8. മലയാളം നിർബന്ധിതപാഠ്യ വിഷയമാക്കണം. 9. സിലബസ് ഏകീകരിക്കണം. 10. തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകണം. സ്കൂളുകളിൽ തൊഴിലധിഷ്ഠിത കോഴ്സുകളാരംഭിക്കണം.

11. സ്കൂളുകളിൽ P.T.A പ്രവർത്തനം മെച്ചപ്പെടുത്തണം. സ്കൂളുകളിൽ മാതൃസംഗമം രൂപീകരിക്കപ്പെടുന്നത് അമ്മമാർക്ക് കൂടി കുട്ടികളുടെ വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായിക്കും.

12. സകൂൾ കോപ്ലക്സുകൾ സ്ഥാപിക്കുകയും മാസത്തിൽ ഒരിക്കൽ ചേർന്ന പഠനനിലവാരം അവലോകനം ചെയ്യുകയും വേണം.

13. A.E.O, D.E.O തുടങ്ങിയ വിദ്യാഭ്യാസ ഉദ്യോഗസ്ഥൻമാർ സ്കൂളുകൾ സന്ദർശിച്ച് പഠനനിലവാരം അവലോകനം ചെയ്യണം.

14. എയിഡഡ് സ്കൂളുകളിൽ അദ്യാപകനിയമനം P.S.C യ്ക്ക് വിടണം. 15. ഈ പഞ്ചായത്തിൽ ഒരു ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം.

16. സ്കൂളുകളിൽ ലൈബ്രറി,ലബോറട്ടറി, കളിസ്ഥലം, ശുദ്ധജലലഭ്യത,എന്നിവയിലുള്ള പോരായ്മകൾ പരിഹരിക്കണം.

17. സാക്ഷരതാ പദ്ധതിയിൽ തുടർവിദ്യാഭ്യാസ പദ്ധിതിയും വിപുലീകരിക്കണം.

18. അംഗൻവാടികളുടേയും ബാലവാടികളുടേയും പ്രവർത്തനം കാര്യക്ഷമമാക്കണം

19. പഞ്ചായത്തിൽ ഗവ: അധീനതയിൽ ഒരു ഐ.ടി.ഐ പോലെയുള്ള സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കണം.

20. നെഴ്സിംഗ്, ഫാർമസി, എക്സ്റേ, ലാബോറട്ടറി ടെക്നീഷ്യൻ കോഴ്സ് എന്നിവ പഠിപ്പിക്കുന്ന സ്ഥാപനങ്ങളാരംഭിക്കണം.

21. തയ്യൽ, എബ്രോഡയറി, കരകൗശലവസ്തുനിർമ്മാണം തുടങ്ങിയ പഠിപ്പിക്കുന്ന സ്ഥാപനങ്ങളാരംഭിക്കണം.

22. 5-ാംക്ലാസ്സ് വർഷങ്ങളായി നിലനിൽക്കുന്ന അർക്കന്നൂർ ഗവ: L.P.S U.P.S ആയി അപ്ഗ്രേഡ് ചെയ്യുക.

23. ഈ പഞ്ചായത്തിൽ ഒരു ഹൈസ്കൂൾകൂടി തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിയ്ക്കുക.

സ്കൂളുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും

സ്ക്കൂളിൻ പേര്	ഉടമ സ്ഥത	വിദ്യാർത്ഥികൾ			ആകെ അദ്ധ്യാപകർ
		ആൺ	പെൺ	ആകെ	
ഗവ: യു.പി.എസ്. ഇളമാട്	സർക്കാർ	202	210	412	17
ഗവ: എൽ.പി.എസ്. തേവന്നൂർ	സർക്കാർ	122	120	242	91
ഗവ: എച്ച്.എസ്. തേവന്നൂർ	സർക്കാർ	354	340	694	27
എസ്.എസ്.എം. യു.പി.എസ്. കാരാളികോണം	എയിഡഡ്	258	212	470	18
പി.റ്റി.എം. എൽ.പി.എസ്. ചെറുവക്കൽ	എയിഡഡ്	142	121	263	9
സെന്റ് ജോർജ്ജ് യു.പി.എസ്.	എയിഡഡ്	116	118	234	9
കെ.യു.എൽ.പി.എസ്. വേങ്ങൂർ	എയിഡഡ്	69	93	162	7
കെ.പി.എസ്. പാറംകോട്	എയിഡഡ്	114	108	222	8
എസ്.ആർ.വി. യു.പി.എസ്. വാളിയോട്	എയിഡഡ്	222	213	435	17
ഗവ: എൽ.പി.എസ്. അർക്കന്നൂർ	സർക്കാർ	78	90	168	6
എച്ച്.എസ്. അർക്കന്നൂർ	എയിഡഡ്	221	192	403	21
ആകെ				3705	149

സ്ക്കൂളുകളുടെ ഭൗതികസൗകര്യങ്ങളുടെ വിവരം

സ്ക്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങൾ എണ്ണം			മുറികളുടെ എണ്ണം			ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം	ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല	നിലവിലുള്ള മുത്തപ്പുകളുടെ എണ്ണം	മുത്തപ്പും ഒരുമയും ഏത് പേരിൽ ഉപയോഗിക്കാം	ഇനി ആവശ്യമുള്ളതിന്റെ എണ്ണം	നിലവിലുള്ള കക്കൂസിന്റെ എണ്ണം	ഉപയോഗശൂന്യമായ കക്കൂസിന്റെ എണ്ണം	കുടിവെള്ളസംവിധാനം ഉണ്ട്/ഇല്ല, കിണർ/പൈപ്പ്	വൈദ്യുതീകരണം ഉണ്ട്/ഇല്ല	പാചകമുറി ഉണ്ട്/ഇല്ല	സ്റ്റാഫ് റൂം ഉണ്ട്/ഇല്ല	ഇനി ആവശ്യമായവയുടെ എണ്ണം				
		സ്ഥിരം	അർത്ഥസ്ഥിരം	താല്ക്കാലികം	സ്ഥിരം	അർത്ഥസ്ഥിരം	താല്ക്കാലികം												ഡസ്ക്	ബെഞ്ച്	മേശ	കസേര	ഓഫീസ് ഫർണ്ണിച്ചർ
ഗവ: എൽ.പി.എസ്. ഇളമ്മാട്	14	3	–	–	14	–	–	4	ഉണ്ട്	1	5	2	ഇല്ല	ഇല്ല	ഭാഗികം	ഉണ്ട്	ഇല്ല	ഇല്ല	60	30	10	15	ഷെൽഫ് 4
ഗവ: എൽ.പി.എസ്. തേവന്നൂർ	8	2	–	–	9	–	–	–	ഉണ്ട്	1	1	2	1	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	–	–	–	–	കസേര –2 മേശ – 1 അലമാര –2
ഗവ: എച്ച്.എസ്. തേവന്നൂർ	19	3	–	1	22	–	3	4	ഉണ്ട്	3	10	2	1	1	കിണർ പൈപ്പ്	ഉണ്ട്	താത്കാലികം	ഉണ്ട്	50	30	–	5	സേഫ് – 2
എസ്.എസ്.എം. യു.പി.എസ്. കാരാളിക്കോണം	14	2	3	–	1	–	5	–	ഉണ്ട്	2	4	2	1	ഇല്ല	കിണർ പൈപ്പ്	ഇല്ല	ഇല്ല	താത്കാലികം	40	15	4	4	അലമാര – 2
പി.റ്റി.എം. എൽ.പി.എസ്. ചെറുവക്കൽ	8	1	1	–	1	–	–	–	ഉണ്ട്	1	3	2	ഇല്ല	1	കിണർ പൈപ്പ്	ഉണ്ട്	താത്കാലികം	ഇല്ല	15	8	4	4	അലമാര – 2 മേശ – 3
സെന്റ് ജോർജ്ജ് യു.പി.എസ്. ചെറുവക്കൽ	6	2	–	–	3	–	–	2	ഉണ്ട്	1	5	2	1	ഇല്ല	കിണർ	ഇല്ല	ഇല്ല	ഉണ്ട്	10	10	5	10	ഷെൽഫ് – 1 അലമാര – 2 ചാർട്ട്സ്റ്റാന്റ് – 1
കെ.യു.എൽ.പി.എസ്. വേങ്ങൂർ	6	2	–	–	4	–	–	1	ഉണ്ട്	1	5	1	–	ഇല്ല	കിണർ	ഇല്ല	ഉണ്ട്	ഇല്ല	10	10	3	4	അലമാര – 1 സ്റ്റാന്റ് – 1
എൽ.പി.എസ്. പാറംകോട്	8	3	–	–	–	–	–	–	ഉണ്ട്	1	10	2	1	ഇല്ല	കിണർ	ഉണ്ട്	ഉണ്ട്	ഇല്ല	35	5	4	4	കസേര – 4 മേശ – 3
എസ്.ആർ.വി. യു.പി.എസ്. വാളിയോട്	14	13	–	–	1	–	–	–	ഉണ്ട്	2	10	1	1	1	കിണർ	ഉണ്ട്	ഉണ്ട്	ഉണ്ട്	–	–	–	–	–
ഗവ: എൽ.പി.എസ്. അർക്കന്നൂർ	6	1	–	–	1	–	–	ഇല്ല	ഉണ്ട്	1	4	1	1	–	കിണർ പൈപ്പ്	ഉണ്ട്	ഇല്ല	ഇല്ല	10	10	–	4	അലമാര – 3
എച്ച്.എസ്. അർക്കന്നൂർ	11	2	1	1	13	2	–	–	ഉണ്ട്	2	60	–	1	–	കിണർ പൈപ്പ്	ഉണ്ട്	–	ഉണ്ട്	–	–	–	–	–

5 - 5 പൊതുജനാരോഗ്യം കുടിവെള്ളം



"വെളിച്ചം പകരുന്ന കണ്ണുകൾ"

കേരളത്തിലെ ആരോഗ്യപരിപാലനസംവിധാനം ലോകത്തിന് മൊത്തത്തിൽ മാതൃകയായി പരിഗണിക്കപ്പെടുന്നുണ്ട്. മലമ്പനി, വസൂരി തുടങ്ങിയ മാരകരോഗങ്ങളെ നമ്മുടെ നാട്ടിൽനിന്നും നിർമ്മാർജ്ജനം ചെയ്യാനും, പിള്ളവാതം, ക്ഷയം തുടങ്ങിയ രോഗങ്ങളെ നിയന്ത്രണത്തിലാക്കുവാനും നമുക്ക് കഴിഞ്ഞിരുന്നു. കേരളത്തിലെ സമ്പൂർണ്ണ സാക്ഷരത ഇനിയങ്ങോട്ടുള്ള നേട്ടങ്ങൾക്ക് പ്രോത്സാഹനമാകും.

രണ്ടായിരാമാണ്ടിൽ "എല്ലാവർക്കും ആരോഗ്യം" എന്ന ലക്ഷ്യം കൈവരിക്കാൻ നാം ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ആരോഗ്യപരിപാലനരംഗം ഇന്ന് പുറകോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. ഇനി ഒരിയ്ക്കലും തിരിച്ചുവരില്ലെന്ന് നാം കരുതിയ മലമ്പനി ഇപ്പോൾ നമ്മുടെ നാട്ടിൽ ഇടയ്ക്കിടെ പ്രത്യക്ഷപ്പെടാറുണ്ട്. എലിപ്പനി, ജാപ്പനീസ് എൻകഫലൈറ്റിസ് തുടങ്ങിയ മഹാരോഗങ്ങൾ കേരളത്തിലും പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരിക്കുന്നു. മാനവരാശിയുടെ പേടിസ്വപ്നമായിമാറിയിരിക്കുന്ന "എയിഡ്സ്" അതിന്റെ കരാള

ഹസ്തം കേരളീയരുടെ മേൽ ആഞ്ഞുവീശുന്നു. കേരളത്തിലെ സർക്കാർ ആശുപത്രികളിലെ സേവനം തൃപ്തികരമാവാത്തതിനാലാകാം പൊതുജനം ഇന്ന് "സ്വകാര്യ ആശുപത്രി വ്യവസായത്തെ" അഭയം പ്രാപിച്ചുകൊണ്ടിരിക്കുന്നത്. ഈ അവസ്ഥ നിർദ്ധനരായ ജനങ്ങളെ ബുദ്ധിമുട്ടിലാക്കുന്നു. അവർ സർക്കാർ ആശുപത്രിയെ മാത്രം ആശ്രയിക്കുകയും ചെയ്യുന്നു. ഈ ചുറ്റുപാടിൽ നമുക്ക് നമ്മുടെ പഞ്ചായത്തിലെ ആരോഗ്യപ്രശ്നങ്ങളെപ്പറ്റി ചിന്തിക്കാം.

ഇളമാട് പഞ്ചായത്തിലെ 11 വാർഡുകളിലായി 7386 ഭവനങ്ങളിൽ കഴിയുന്ന 27012 ജനങ്ങളുടെ ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു പ്രാഥമികാരോഗ്യകേന്ദ്രവും അതിനോടനുബന്ധിച്ച് അഞ്ച് കുടുംബക്ഷേമകേന്ദ്രങ്ങളും ഒരു ഹോമിയോ ആശുപത്രിയും മാത്രമാണുള്ളത്.

1972-ൽ അന്നത്തെ പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീമാൻ. ആർ.പത്മനാഭൻ നായരുടേയും സഹപ്രവർത്തകരുടെയും സഹപ്ര

വർഷം	രോഗികളുടെ എണ്ണം	ത്വക്ക് രോഗികൾ	വാത സംബന്ധ രോഗികൾ	പകർച്ച വ്യാധികൾ	വിഷ ചികിത്സ	മറ്റുള്ളവർ	ആകെ
1992 93	11201	646	292	6312	-	4001	11201
1993 94	12247	505	706	7510	-	3526	12247
1994 95	13328	613	694	8414	-	3707	13328
1995 96	13891526	256	721	7915	-	4729	13891

വർത്തകരുടെയും ശ്രമഫലമായി ഇളമാട് കൃഷ്ണവിലാസത്ത് പരേതനായ ശ്രീ.പി.കുഞ്ഞുരാമൻ നായർ വാടകയില്ലാതെ കൊടുത്ത കെട്ടിടത്തിൽ ഒരു ഗവ: ഡിസ്പെൻസറി പ്രവർത്തനം ആരംഭിച്ചു. "ടി" സ്ഥാപനം 1988ൽ ഒരു പ്രാഥമികാരോഗ്യകേന്ദ്രമായി ഉയർത്തിയതോടെ പ്രവർത്തനമേഖലയിലും ജീവനക്കാരുടെ എണ്ണത്തിലും വർദ്ധനവുണ്ടായി. ഇപ്പോൾ ഒരേക്കർ സ്ഥലത്ത് സർക്കാർ കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മെഡിക്കൽ ആഫീസർ ഉൾപ്പെടെ 17 ജീവനക്കാർ ഇവിടെ ജോലിചെയ്യുന്നു.

രാവിലെ 8 മുതൽ ഉച്ചവരെ രോഗികളെ പരിശോധിച്ച് മരുന്ന് നൽകുന്നു. എല്ലാ തിങ്കളാഴ്ചയും ബുധനാഴ്ചയും യഥാക്രമം ഗർഭിണികളേയും കുട്ടികളേയും പരിശോധിച്ച് ഔഷധങ്ങളും പ്രതിരോധ മരുന്നുകളും നൽകുന്നു. കഴിഞ്ഞ 4 വർഷമായി ഇവിടെ ചികിത്സയ്ക്കെത്തിയവരുടെ വിവരങ്ങൾ മുൻപേജിലെ പട്ടികയിൽ കാണിച്ചിട്ടുണ്ട്.

ഓരോ മാസവും രണ്ടാമത്തെ ചൊവ്വാഴ്ച നേത്രരോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നു. എല്ലാമാസവും 19-ാം തീയതി കുഷ്ഠരോഗ നിവാരണ ക്ലിനിക്കുകൾ നടത്തിവരുന്നു. 1992നുശേഷം 17 കുഷ്ടരോഗികൾ രോഗവിമുക്തി നേടിയിട്ടുണ്ട്. 1996-97ൽ ഒരാളെ കുഷ്ടരോഗബാധിതനായി കണ്ടെത്തിയിട്ടുണ്ട്. പഞ്ചായത്തിൽ ഇപ്പോൾ 3പേർക്ക് കുഷ്ഠരോഗം ബാധിച്ചിട്ടുണ്ട്. ഇവർ ചികിത്സയിലാണ്. പഞ്ചായത്ത് പ്രദേശത്ത് പൊങ്ങൻപനി, വീസൽസ്, മലമ്പനി, വയറുകടി, വയറിളക്കരോഗങ്ങൾ തുടങ്ങിയവ ഇടയ്ക്കിടെ ഉണ്ടാകുന്നുണ്ട്. നാലുവർഷത്തെ കണക്ക് ചുവടെ ചേർക്കുന്നു.

വർഷം	ജലജന്യ രോഗങ്ങൾ	വായുജന്യ രോഗങ്ങൾ	പ്രാണിജന്യ രോഗങ്ങൾ
1992 93	210	69	12
1993 94	166	58	9
1994 95	145	47	13
1995 96	120	39	12

പഞ്ചായത്തിലുള്ള 7380 ഭവനങ്ങളിൽ 4588 എണ്ണം മാത്രമേ ഗുണമേന്മയുള്ളതായുള്ളൂ. ബാക്കിയുള്ളവ പുതുക്കിപ്പണിയുകയോ അറ്റകുറ്റപ്പണികൾ നടത്തുകയോ ചെയ്യേണ്ടിയിരിക്കുന്നു. 3918 ഭവനങ്ങൾക്കുമാത്രമേ കക്കൂസ് ഉള്ളൂ. ബാക്കിയുള്ള 1998 ഭവനങ്ങൾക്ക് അടിയന്തിരമായും കക്കൂസ് ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ കാര്യത്തിൽ പഞ്ചായത്തിന്റേയും സാമൂഹ്യസംഘടനകളുടേയും ശ്രദ്ധ പതിയേണ്ടതാണ്. സാംക്രമികരോഗങ്ങൾ ഇടയ്ക്കിടെ ഉണ്ടാകാറുള്ള സാഹചര്യത്തിൽ കക്കൂസിന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ 7386 ഭവനങ്ങളിൽ 4428 വീടുകളിൽ മാത്രമേ

എയിഡ്സ് - മരണവാറണ്ടുമായി എത്തുന്ന മഹാമാരി

എയ്ഡ്സിനെ അറിയൂ എയിഡ്സിനെ തടയൂ

കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെടുക.

സംരക്ഷിക്കപ്പെട്ട കിണറുകൾ ഉള്ളൂ. ബാക്കിയുള്ള 1448 വീടുകൾക്ക് കിണറുകൾ ആവശ്യമായിക്കൊണ്ടിരിക്കുകയാണ്. നിലവിലുള്ള കിണറുകളിൽ മിക്കതും വേനൽക്കാലാരംഭത്തോടെ വറ്റിപ്പോകുന്നതുകൊണ്ട് ജലദൗർലഭ്യം അനുഭവപ്പെടാറുണ്ട്. അതിന് അടിയന്തിരമായി പരിഹാരം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ അഞ്ച് കുടുംബക്ഷേമകേന്ദ്രങ്ങളുള്ളതിൽ ഒരിടത്തുമാത്രമേ ഉപയോഗയോഗ്യമായ കെട്ടിടം ഉള്ളൂ. കണ്ണങ്കോട്ടും തേവന്നൂരും കെട്ടിടത്തിന്റെ പണി പൂർത്തിയായി. എന്നാൽ ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടില്ല. അടിയന്തിരമായി പ്രസ്തുത നടപടികൾ സ്വീകരിക്കണമെന്ന് വാർഡുകളിലെ ഗ്രാമസഭയിൽനിന്നും ശക്തമായ ആവശ്യമായ ഉയർന്നു വന്നിട്ടുണ്ട്. ഇളമാടും നെട്ടയത്തും കുടുംബക്ഷേമകേന്ദ്രത്തിന് എത്രയും പെട്ടെന്ന് കണ്ടെത്തുകയും കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

കുടുംബക്ഷേമകേന്ദ്രം: നെട്ടയം

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. എല്ലാ ശനിയാഴ്ചയും ഗർഭിണികൾക്കും കുട്ടികൾക്കും വേണ്ടി ക്ലിനിക്കുകൾ നടത്താറുണ്ട്. മേശ, കസേര, ബഞ്ച്, സ്റ്റൂൾ ഇവ ഇല്ലാത്തതിനാൽ വളരെയേറെ പ്രയാസങ്ങൾ ഉള്ളതായിരിക്കുന്നു.

കുടുംബക്ഷേമകേന്ദ്രം: പാറങ്കോട്

എല്ലാ ചൊവ്വാഴ്ചയും ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേകം പരിശോധനയും ഔഷധ വിതരണവും നടക്കുന്നുണ്ട്. കെട്ടിടത്തിന് റിപ്പയർ അത്യാവശ്യമായിരിക്കുന്നു.

കുടുംബക്ഷേമകേന്ദ്രം : തേവന്നൂർ

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സ്വന്തം കെട്ടിടത്തിന്റെ പണി തീരാറായിട്ടുണ്ട്. വൈദ്യുതി ലഭിച്ചിട്ടില്ല. അത്യാവശ്യം ഉണ്ടായിരിക്കേണ്ട മേശ, കസേര, ഗർഭിണികളെ പരിശോധിക്കുന്നതിനുള്ള മേശ തുടങ്ങിയവ ഇല്ല. ചൊവ്വാഴ്ച ദിവസം ഗർഭിണികൾക്കും കുട്ടികൾക്കും വേണ്ടി ക്ലിനിക് നടത്തുന്നു.

കുടുംബക്ഷേമകേന്ദ്രം: ഇളമാട്

വ്യാഴാഴ്ച ദിവസം ക്ലിനിക് പ്രവർത്തിക്കുന്നു. സ്വന്തമായി കെട്ടിടമോ സ്ഥലമോ ഉപകരണങ്ങളോ ഇല്ല.

കുടുംബക്ഷേമകേന്ദ്രം: കണ്ണങ്കോട്

വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. വെള്ളിയാഴ്ച

ദിവസം ഗർഭിണികളേയും കുട്ടികളേയും പരിശോധിച്ച് ഔഷധങ്ങൾ നൽകുന്നു. മേശ, കസേര തുടങ്ങിയുള്ള ഉപകരണങ്ങൾ ഒന്നുംതന്നെ ലഭ്യമല്ല.

ഹോമിയോ ആശുപത്രി

ഇളമാട് ഹോമിയോ ആശുപത്രിക്ക് ഇതുവരെയും സ്വന്തമായി കെട്ടിടം ഉണ്ടായിട്ടില്ല. പുതുതായി കെട്ടിടനിർമ്മാണത്തിനുവേണ്ടി ഇടത്തറപ്പണ കേന്ദ്രമാക്കി 10 സെന്റ് സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള വാഗ്ദാനം ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽനിന്നും നടപടികൾ അടിയന്തിരമായി സ്വീകരിക്കണം. ഒരു മെഡിക്കൽ ആഫീസറും ഫാർമസിസ്റ്റും ഒരു പാർടൈം ക്ലീനറും മാത്രമേ ഇവിടെ ജീവനക്കാരായി ഉള്ളൂ. കഴിഞ്ഞ 4 വർഷമായി ഇവിടെ രോഗികളായി എത്തുന്നവരുടെ ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു.

വർഷം ശരാശരി 17000 രോഗികൾ ചികിത്സയ്ക്കെത്തുന്നു. ഈ ആശുപത്രിയിൽ വർഷം 5000 രൂപയുടെ ഔഷധങ്ങൾ മാത്രമേ ലഭിക്കുന്നുള്ളൂ. ലഭ്യമായ ഔഷധങ്ങളുടെ കുറവും അത്യാവശ്യമുള്ള ഔഷധങ്ങളുടെ ദൗർലഭ്യവും ചികിത്സയ്ക്ക് വളരെ പ്രയാസങ്ങൾ ഉണ്ടാക്കുന്നതായി പരാതിയുണ്ട്.

വർഷം	ഐ.പി.	ഒ.പി.	ത്വക്രോഗികൾ	വാത സംബന്ധികൾ	പകർച്ച വ്യാധികൾ	പാമ്പുകടി
1992 93	ഇല്ല	17400	1500	2300	8010	ഇല്ല
1993 94	ഇല്ല	16200	1405	1830	6400	ഇല്ല
1994 95	ഇല്ല	18600	1820	2310	9304	ഇല്ല
1995 96	ഇല്ല	20088	2395	2462	11507	ഇല്ല

നിർദ്ദേശങ്ങൾ

1. സ്വന്തമായ സ്ഥലവും കെട്ടിടവും ഉടനെയുണ്ടാവണം.
2. കൂടുതൽ തുകയുടെ ഔഷധങ്ങൾ ലഭ്യമാക്കണം.

• ആയുർവേദ ആശുപത്രി

30. 2 ച:കി.മി വിസ്തൃതിയിൽ അമ്പലംകുന്നുമുതൽ പാറങ്കോട് അമ്പലംമുക്ക് കുളഞ്ഞിവരേയും അർക്കന്തൂർ കണ്ണങ്കോട്ട് ചെറിയവെളിനല്ലൂർ വരേയും വ്യാപിച്ചുകിടക്കുന്ന നിമ്നോന്നത പ്രദേശങ്ങൾ നിറഞ്ഞതും യാത്രാസൗകര്യങ്ങൾ പരിമിതമായതുമായ ഇളമ്മാടു പഞ്ചായത്തിൽ അധിവസിക്കുന്ന 27012 ആളുകൾക്ക് ചികിൽസാസൗകര്യങ്ങൾ വളരെ പരിമിതമാണ്. വാത സംബന്ധമായ രോഗികളുടെ എണ്ണം പഞ്ചായത്തിൽ വളരെ കൂടികൊണ്ടിരിക്കുന്നതിനാലും ആയുർവേദത്തോടുള്ള പൊതുജനങ്ങളുടെ പ്രത്യേകതാൽപ്പര്യവും കണക്കിലെടുത്തും പഞ്ചായത്തിൽ ഒരു ആയുർവേദാശുപത്രി സ്ഥാപിച്ചു കിട്ടിണം.

പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ ഒരു ആശുപത്രിയിലും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യമില്ല.

2 ആശുപത്രിയിൽ പ്രസവവാർഡില്ല. ആശുപത്രിയിൽ ശുദ്ധ ജലത്തിന് വിഷമമുണ്ട്.

3 ഉച്ചയ്ക്ക് ശേഷം പഞ്ചായത്ത് പ്രദേശത്ത് ഡോക്ടറുടെ സാന്നിദ്ധ്യത്തിലുള്ള വൈദ്യസഹായം ലഭ്യമല്ല.

4 പ്രഥമശുശ്രൂഷയ്ക്കുവേണ്ട അത്യാവിശ്യമരുന്നുകൾപോലും ലഭ്യമല്ല.

5 കുടുംബക്ഷേമകേന്ദ്രങ്ങൾ വേണ്ടത്ര ഇല്ല.

6 ചായക്കടകളിലേയും ഹോട്ടലുകളിലേയും തൊഴിലാളികളുടെ ശുചിത്വബോധമില്ലായ്മ.

7 എയ്ഡ്സ് തുടങ്ങിയ പകർച്ചവ്യാധികളെപറ്റിയുള്ള അറിവില്ലായ്മ.

8 മദ്യം, പുകവലി, വെറ്റിലമുറുക്ക് എന്നിവയുടെ ഉപയോഗം.

9 ജനത്തിരക്കേറിയ സ്ഥലങ്ങളിൽ മൂത്രപ്പുര ഇല്ലായ്മ.

10 പൊതുശ്മശാനം ഇല്ലായ്മ.

11 ദുർബലവിഭാഗങ്ങൾക്ക് ആവിശ്യമായ കക്കൂസ് ഇല്ലായ്മ.

12 പഞ്ചായത്ത് പ്രദേശത്ത് Food Inspecterടെ സേവനം ലഭിക്കുന്നില്ല.

13 ആയുർവേദ ആശുപത്രിയില്ല.

സാദ്ധ്യതകൾ

1 ആശുപത്രികെട്ടിടത്തിന്റെ പണിപൂർത്തിയാക്കി പ്രവർത്തനം ആരംഭിയ്ക്കണം. ഡോക്ടർക്കും, സ്റ്റാഫിനും ക്വാർട്ടേഴ്സ് ഉണ്ടാക്കണം.

2 ആശുപത്രിയിൽ ശുദ്ധജലവിതരണം ഉറപ്പാക്കണം.

3 അത്യാവിശ്യമുള്ള മരുന്നുകൾ യുദ്ധകാലാടിസ്ഥാനത്തിൽ ലഭ്യമാക്കണം.

4 വാർഡ് ഒന്നിന് ഒരു കുടുംബക്ഷേമകേന്ദ്രം വീതം അനു

സ്ഥിതി വിവരകണക്കുകൾ

ആകെ വീട് 5916

1432	കോൺക്രീറ്റ്	
3156	ഓടിട്ടത്	
1212	ഓല മേഞ്ഞത്	
116	കുടിൽ	
3918	ഉള്ളവ	ശുചിത്വം
1998	ഇല്ലാത്തവ	
3452	ഉള്ളവ	ശുദ്ധജലം
2464	ഇല്ലാത്തവ	
4628	കിണർ സാനിട്ടറി	കക്കൂസുകൾ
557	സാധാരണ	
342	കുളം	
889	ഇല്ലാത്തവ	
1242	വീടിനോട് ചേർന്ന്	ശുചീകരണം
2089	പ്രത്യേകിച്ച്	
735	ഇല്ലാത്തവ	
65	ഉള്ളവ	ക്ഷീരസാന്ദ്രത
5951	ഇല്ലാത്തവ	

3151	15നും 44നും ഇടയ്ക്ക് പ്രായമുള്ള ദമ്പതിമാരുടെ എണ്ണം	കുട്ടികളുടെ എണ്ണം
165	കുട്ടികൾ ഇല്ലാത്തവർ	
652	ഒരു കുട്ടി ഉള്ളവർ	
1714	രണ്ടുകുട്ടി ഉള്ളവർ	
620	രണ്ടിൽകൂടുതൽ കുട്ടികൾ ഉള്ളവർ	
3151	ആകെ	
490	ഒരുകുട്ടി ഉള്ളവർ	കുടുംബാസൂത്രണം സ്വീകരിച്ചവർ
1615	രണ്ടുകുട്ടികൾ ഉള്ളവർ	
598	രണ്ടിൽകൂടുതൽ കുട്ടികൾ ഉള്ളവർ	
2703	ആകെ	
82	അന്ധർ	ഭിന്നശേഷിക്കാർ
44	ബധിരർ	
2	മൂകർ	
ഇല്ല	ബധിരമൂകർ	
128	ചലനവൈകല്യമുള്ളവർ	
10	മന്ദബുദ്ധികൾ	
266	ആകെ	

വദിപ്പിക്കണം.

5 ഹോട്ടലുകളിലേയും ചായക്കടകളിലേയും ബേക്കറികളിലേയും തൊഴിലാളികൾക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വർഷത്തിലൊരിക്കലെങ്കിലും നിർബന്ധമായും ശുചീകരണ പഠന ക്ലാസ് നടത്തണം.

6. എയ്ഡ്സിനെതിരെ സാർവ്വത്രിക ബോധവൽക്കരണ ക്ലാസ് തുടരെ, തുടരെ നടത്തേണ്ടതാണ്.

7. സിനിമാശാലകളിൽ സ്ലയിഡ് പ്രദർശനം വഴിയും പഞ്ചായത്തിലുടനീളം ചർച്ചാ ക്ലാസ് നടത്തിയും ആരോഗ്യവിദ്യാഭ്യാസ ബോധവൽക്കരണം നടത്തണം.

8. പഞ്ചായത്തിൽ തിരക്കേറിയ പ്രദേശങ്ങളിൽ മൂത്രപ്പുര ഉണ്ടാകണം.

9. ദുർബ്ബല വിഭാഗങ്ങൾക്ക് കക്കൂസ് ഉണ്ടാക്കിക്കൊടുക്കണം.

10. പഞ്ചായത്ത് പ്രദേശത്ത് ഫുഡ് ഇൻസ്പെക്ടർ നടത്തിയ പരിശോധനകളുടെ വിവരം വർഷത്തിൽ രണ്ടുതവണയെങ്കിലും പഞ്ചായത്തിൽ ലഭ്യമാക്കണം.

11. അലഞ്ഞുതിരിയുന്ന പട്ടികളെ പിടിച്ച് നശിപ്പിക്കുക.

കുടിവെള്ള പ്രശ്നങ്ങൾ

1. കാരാളിക്കോണം, അർക്കന്നൂർ വായനശാല ജംഗ്ഷനിലുള്ള പാറക്കെട്ട് മേഖല, അർക്കന്നൂർ കുന്നിൻപുറത്ത് ഹരിജൻ കോളനി, ഇളമാട് ആക്കാപൊയ്ക, അമ്പലംമുക്ക് എന്നീ പ്രദേശങ്ങളിൽ കുടിവെള്ള പ്രശ്നം രൂക്ഷമാണ്.

2. കണ്ണങ്കോട് ആയിരവല്ലി പാറയുടെ പരിസരത്ത് 12 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമല്ല.

3. കൊല്ലുകോണത്തും, കൂലിക്കോട്ടും കുഴൽക്കിണർ ഉപയോഗയോഗ്യമാക്കണം.

6. വേങ്ങൂർ പുലിക്കുഴി ജംഗ്ഷനിലുള്ള കുഴൽക്കിണറിന് ഇരുമ്പ് പൈപ്പ് ആയതിനാൽ വെള്ളത്തിൽ തുരുമ്പ് ചുവയ്ക്കുന്നു.

7. തേവന്നൂർ വാർഡിൽ ചെറുവല്ലൂർ പാറയിൽ കാവനാംകോണം മേഖലയിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. കാവനാംകോണത്ത് കുഴൽക്കിണറിൽ ഇരുമ്പ് പൈപ്പ് ആയതിനാൽ വെള്ളത്തിന് ചുവയുണ്ട്.

8. ചാവരി പാറക്കെട്ട് കുണ്ടൂർ മേഖലയിൽ ചണ്ണപ്പുറമ്പ് എന്നീ സ്ഥലങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്.

കുടിവെള്ള പ്രശ്ന പരിഹാര സാദ്ധ്യതകൾ

1. ഇത്തിക്കരയാറ്റിൽ അർക്കന്നൂർ കിണർ കുഴിച്ച്, അർക്കന്നൂർ കുന്നിൻപുറത്ത് ടാങ്ക് കെട്ടി കാരാളികോണം അർക്കന്നൂർ പാറക്കെട്ട് മേഖല, ഇളമാട് ആക്കാപൊയ്ക, അമ്പലംമുക്ക്, ഇടത്തറപ്പണ എന്നീ സ്ഥലങ്ങളിൽ കുടിവെള്ളം എത്തിക്കാൻ കഴിയും. അർക്കന്നൂർ പാറക്കെട്ട് മേഖലയിൽ കുഴൽക്കിണർ കുഴിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കണം.

2. കണ്ണങ്കോട് ആയിരംവല്ലിക്ഷേത്രം വക പാറയുടെ പരിസരത്ത് കുഴൽക്കിണർ നിർമ്മിച്ച് കുടിവെള്ളപ്രശ്നം പരിഹരിക്കാം.

3. കോഴിപ്പെരുങ്ങോട്ടുഭാഗത്ത് കിണർ കുഴിച്ച് കൊല്ലുകോണത്ത് ടാങ്ക് കെട്ടി കൊല്ലുകോണത്തും, പുത്തൂരും, കോട്ടയ്ക്കവിളയിലും ജലം എത്തിക്കാം.

4. കൊല്ലുകോണത്തെ പഞ്ചായത്ത് കിണറും കുഴൽക്കിണറും ഉപയോഗയോഗ്യമാക്കണം.

5. കൂലിക്കോട്ടുള്ള കുഴൽക്കിണർ ഉപയോഗയോഗ്യമാക്കണം.

6. വേങ്ങൂർ പുലിക്കുഴി ജംഗ്ഷനിലുള്ള കുഴൽക്കിണറിന് PVC പൈപ്പ് വയ്ക്കണം.

7. തേവന്നൂർ വാർഡിൽ ചെറുവല്ലൂർ പാറയിൽ, കാവനാംകോണം മേഖലയിൽ പൈപ്പ്ജലം എത്തിക്കണം.

8. കാവനാംകോണത്ത് കുഴൽക്കിണറിന്റെ ഇരുമ്പ് പൈപ്പ് മാറ്റി PVC പൈപ്പ് സ്ഥാപിക്കണം.

9. ചാവരി പാറക്കെട്ട് കുണ്ടൂർ മേഖലയിൽ കുഴൽക്കിണർ കുഴിച്ച് കുടിവെള്ള പ്രശ്നം പരിഹരിക്കണം.

10. കുളങ്ങളും കാവുകളും സംരക്ഷിക്കുകയും വയലുകളും തോടും നികത്തുന്നതിനെതിരെ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

◆◆◆

5 - 6



ഗതാഗതം – ഊർജ്ജം – മാർക്കറ്റ്

ഗതാഗതം

ഒരു രാജ്യത്തിന്റെ സാമൂഹികമായ നവോത്ഥാനത്തിനും സർവ്വതോന്മുഖമായ വികസനത്തിനും സർവ്വോപരി സർവ്വവിധ വ്യാപനത്തിന്റേയും ശൃംഖലയാണ് ഗതാഗതം. മനുഷ്യൻ മനുഷ്യനെ അറിയുവാനും അന്വേഷിച്ചുകണ്ടെത്തുവാനും പുതിയ പുതിയ പ്രദേശങ്ങളിൽ എത്തിച്ചേരുന്നതിനും കൂടുതൽ അന്വേഷണ കൗതുകത്തിന്റേയും ഭാഗമായിട്ടായിരിക്കാം. പുരാതന കാലങ്ങളിലുണ്ടായിട്ടുള്ള നടപ്പാതകളുടേയും ചെറുപാതകളുടേയും തുടക്കം. അന്വേഷണ കുതുകിയായ മനുഷ്യന്റെ ജിജ്ഞാസയും കൂട്ടായ്മയും ത്യാഗമനോഭാവവും ശാസ്ത്രസാങ്കേതിക പരിജ്ഞാനവുമാണ് നടപ്പാതകൾ റോഡുകളായും നാഷണൽ ഹൈവേകളായും മറ്റും രൂപപ്പെടുന്നത്.

നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോയിരുന്ന ആദ്യകാല റോഡുകൾ ആയൂർ ഇത്തിക്കര റോഡും, ആയൂർ കേരളപുരം റോഡുമാണ്. ബ്രിട്ടീഷ് പട്ടാളം അനുധാരണം ചെയ്തപ്പോൾ വേലുത്തമ്പി ദളവ കിളിമാന്നൂർ കൊട്ടാരത്തിൽ ഉടവാൾ ഏൽപ്പിച്ചിട്ട് അനുജൻ പപ്പുത്തമ്പിയും മണ്ണടിയിലേയ്ക്കും രക്ഷപെട്ടത് ആയൂർ കേരളപുരം റോഡിലൂടെയാണ് എന്നാണ് ചരിത്രം. മുൻകാലയളവിൽ ഈ റോഡിലെ പ്രധാനവാഹനങ്ങൾ വില്ലുവണ്ടികളും കാളവണ്ടികളും അപൂർവ്വം കുതിരവണ്ടികളുമായിരുന്നു. നൂറ്റാണ്ടുകൾക്ക് മുമ്പുതന്നെ അമ്പലംമുക്കിൽ വഴിയാത്രക്കാർക്ക് വിശ്രമിക്കുന്നതിനുവേണ്ടി വഴിയമ്പലവും ചുമടുതാങ്ങി വയ്ക്കുവാൻ കല്ലുകളുമുണ്ടായിരുന്നു. തലച്ചുമടുകളുമായി ഇതുവഴി ദൈനംദിനം ആളുകൾ സഞ്ചരിച്ചിരുന്നുവെന്നത് തീർച്ചയാണ്. പിൻതലമുറക്കാർ ഈ വഴിയമ്പലവും ചമടുതാങ്ങിക്കല്ലുകളും നശിപ്പിച്ചിട്ടുള്ളതിന്റെ അവശിഷ്ടം ഇപ്പോഴും കാണാം. പുരാതനകാലത്ത് അർക്കന്നൂരിന്റെ പടിഞ്ഞാറുഭാഗത്ത് വിശാലമായ തെരുവ് നിലനിന്നിരുന്നതുകൊണ്ടാണ് ആ ഭാഗത്തിന് ചരിത്രത്തിൽ തെരുവിൻ ഭാഗം എന്ന പേരുണ്ടായത്. ഇളമ്മാട് പഞ്ചായത്തിലൂടെ ആദ്യം ബസ് സർവ്വീസ് നടത്തിയ റോഡ് ആയൂർ- ഓയൂർവഴി ഇത്തിക്കര റോഡിലാണ്.

ഇളമ്മാട് പഞ്ചായത്തിൽ ഇപ്പോൾ ബസ് സർവ്വീസുള്ള മൂന്ന് പ്രധാന റോഡുകൾ ആയൂർ-ഓയൂർ ഇത്തിക്കര റോഡും ആയൂർ-അമ്പലംകുന്ന്- കൊല്ലം റോഡും, ആയൂർ-അമ്പലംമുക്ക്-പാറങ്കോട്-കൊട്ടാരക്കര റോഡുമാണ്. ബസ് സർവ്വീസുള്ള മറ്റൊരു പ്രധാന PWD റോഡ് അമ്പലംകുന്ന്-വാളിയോട് റോഡാണ്. പഞ്ചായത്ത് റോഡിലൂടെ നാമമാത്രമായെങ്കിലും ബസ് സർവ്വീസ് നടത്തുന്ന മറ്റ് രണ്ട് റോഡുകൾ മണിയൻമുക്ക്-അർക്കന്നൂർ റോഡും, ചെറിയവെളിനല്ലൂർ- കണ്ണങ്കോട് റോഡുമാണ്. ആകെ 228.6 കി.മി. റോഡാണ് നമുക്കുള്ളത്.

ഇളമാട് പഞ്ചായത്തിൽ റോഡുകൾ എണ്ണത്തിൽ ഏറെയുണ്ടെങ്കിലും ഗതാഗതസൗകര്യമുള്ള റോഡുകൾ വളരെ പരിമിതമാണ്. ടാർ ഇടാത്തതും അറ്റകുറ്റപ്പണികൾ നടത്താത്തതുമായ റോഡുകളാണ് പ്രശ്നം. പഞ്ചായത്ത് വരുമാനത്തിന്റെ ഏറിയ പങ്കും റോഡ് നിർമ്മാണത്തിനും സംരക്ഷണത്തിനും വേണ്ടിയാണ് ഇപ്പോൾ ചെലവഴിക്കുന്നത്. എന്നാൽ പഞ്ചായത്തിന്റെ തെക്ക്-വടക്ക് ഭാഗങ്ങൾ തമ്മിൽ ബന്ധിപ്പിക്കുവാൻ ഇപ്പോൾ പര്യാപ്തമായ റോഡുകളില്ല. കണ്ണങ്കോട്, അർക്കന്നൂർ, ഇലവിൻമൂട്-കൊല്ലുകോണം-കേട്ടയ്ക്കവിള, ബൈബിൾ കോളേജ്-പുലിക്കുഴിവഴി പാറങ്കോട്ടേയ്ക്കും അർക്കന്നൂർ മണിയൻമുക്ക് തോട്ടാത്ര, അമ്പലംമുക്ക് തേവന്നൂർ-പുതിയടത്ത് വഴി ഉമ്മന്നൂരേയ്ക്കും രണ്ട് റോഡുകൾ ഗതാഗതത്തിനുവേണ്ടി നിർമ്മിക്കേണ്ടത് അത്യാവശ്യമാണ്.

ഗ്രാമീണ റോഡുകൾ ഗ്രാമജനതയുടെ യാത്രാസൗകര്യങ്ങൾക്ക് മാത്രമല്ല നിർമ്മിക്കപ്പെട്ടിട്ടുള്ളത്. കൃഷി, വ്യവസായം, വിപണനം എന്നീ മേഖലകളിൽ ഗ്രാമീണ റോഡുകൾ വഹിക്കുന്ന പങ്ക് നിസ്തുലമാണ്. പട്ടണപ്രദേശങ്ങളിലേയ്ക്ക് മാത്രം വീട് മാറുന്ന രീതിമാറി പഞ്ചായത്ത് മേഖലകളിൽതന്നെ ഭവനങ്ങൾ നിർമ്മിക്കുന്നതിനും ഗ്രാമീണരെ പ്രോത്സാഹിപ്പിക്കുന്ന പ്രധാന ഘടകം ഗ്രാമീണ റോഡുകളാണ്. ഗ്രാമീണർക്ക് ശുദ്ധജലവിതരണം, വൈദ്യുതി വിതരണം, ടെലിഫോൺ സൗകര്യം, വാണിജ്യം, എന്നിവയുണ്ടാകണമെങ്കിൽ റോഡുകൾ ഉണ്ടായേ കഴിയൂ. പഞ്ചായത്തിൽ ഗതാഗതസൗകര്യമുള്ള റോഡുകൾ ഇല്ലെങ്കിൽ ഒരു വിധത്തിലുമുള്ള ഗ്രാമവികസനം സാദ്ധ്യമല്ല.

എന്നാൽ ചിലരുടെ സ്വാർത്ഥ താൽപ്പര്യങ്ങൾ പുതിയ റോഡുകളുടെ നിർമ്മാണത്തിനും ഉള്ള റോഡുകളുടെ വികസനത്ത് തടസ്സമുണ്ടാകുന്നു. ഉള്ള റോഡുകൾ തന്നെ പലരും കയ്യേറുന്ന രീതി അവസാനിപ്പിക്കണം. പരിമിതമായിമാത്രം വരുമാന



മുള്ള ഈ പഞ്ചായത്തിൽ വലിയ വിലകൊടുത്ത് സ്ഥലംവാങ്ങി റോഡുകൾ നിർമ്മിക്കുവാൻ സാദ്ധ്യമല്ല. എല്ലാറ്റിനും സർക്കാർഫണ്ട് എന്ന സങ്കൽപ്പം ഒഴിവാക്കേണ്ടിയിരിക്കുന്നു. ഗ്രാമത്തിന്റെ വികസനം ലക്ഷ്യമാക്കി റോഡ് വേണമെന്നുള്ള ഭാഗത്ത് ജനകീയ കമ്മിറ്റികൾ രൂപീകരിച്ച് റോഡിന് ആവശ്യമായ സ്ഥലം വിട്ടുതരുന്നതിനും ജനപങ്കാളിത്തത്തോടെ റോഡ് വെട്ടുന്നതിനും തയ്യാറാകണം. ചിലരെങ്കിലും ഇത്തരം വികസന പ്രവർത്തനത്തിൽനിന്നും വിട്ടുനിൽക്കുന്നത് ശരിയല്ല. അന്യന്റെ സന്തോഷത്തിലും സന്താപത്തിലും പങ്കുചേരുന്ന ഒരു സംസ്ക്കാരമാണ് നമുക്കുള്ളത്. ആ പാരമ്പര്യം നിലനിർത്തി നമ്മുടെ നാടിന്റെ സമഗ്രമായ വികസനത്തിനും ഈ താൽപ്പര്യം പ്രകടിപ്പിക്കേണ്ടതാണ്. ഉള്ള റോഡുകൾ കയ്യേറുകയും മാലിന്യങ്ങൾ റോഡിൽ നിക്ഷേപിക്കുകയും അഴുക്കുചാലുകൾ റോഡിലേയ്ക്ക് വീഴുകയും ചെയ്യുന്ന പ്രവൃത്തി ദ്രോഹകരമാണ്. കൂടാതെ, ഗതാഗത തടസ്സം ഉണ്ടാകുന്ന രീതിയിൽ ഇരു സൈഡുകളിലും പാറ, കെട്ടിട സാമഗ്രികൾ മാസങ്ങളോളം ഇട്ടിരിക്കുന്ന പ്രവണത മാറ്റേണ്ടതാണ്. ഓടകൾ നികത്തുന്നതും പുരയിടത്തിൽനിന്നും റോഡിലേയ്ക്ക് മരങ്ങൾ ചാഞ്ഞ് കിടക്കത്തക്ക രീതിയിൽ വളർത്തുന്നത് തടയേണ്ടതാണ്.

റോഡ് നിർമ്മിക്കുന്നതിനും സംരക്ഷണത്തിനുമായി കിട്ടുന്ന ഫണ്ടുകൾ വില്ലേജ് റോഡ് മെയ്ന്റനൻസ് ഗ്രാന്റ്, വെഹിക്കിൾ ടാക്സ്, കോമ്പൻസേഷൻ ഗ്രാന്റ്, വസ്തു കൈമാറ്റ നികുതിയിൽനിന്നുള്ള സർചാർജ്ജ് എന്നീയിനങ്ങളിൽനിന്നുമാണ്. ഈ തുക വളരെ പരിമിതമാണ്. ഈ ഫണ്ടുകൾക്ക് പുറമേ ജനപങ്കാളിത്തത്തോടെ വിട്ടുവീഴ്ചയിലൂടെ മഹാമനസ്ക്കതയിലൂടെയും സന്നദ്ധ സേവനത്തിലൂടെയും മാത്രമേ നല്ലൊരു റോഡിന്റെ ശൃംഖല നിർമ്മിക്കുവാനും സംരക്ഷിക്കുവാനും നമുക്ക് കഴിയൂ.

വാർഡ് I

നിലവിലുള്ള ആകെ റോഡ്	-	14km
PWD	-	6km
പഞ്ചായത്ത് റോഡ്	-	8km
ടാറിംഗ് നടത്തിയത് PWD	-	6km
ടാറിംഗ് നടത്തിയ പഞ്ചായത്ത് റോഡ്	-	ഇല്ല
വെയിറ്റിംഗ് ഷെഡ്	-	ഇല്ല

നിലവിലുള്ള റോഡുകൾ:

1. വെള്ളച്ചാൽ-കവലയ്ക്കപച്ചറോഡ്
2. ഇടത്തറപ്പണ-കവലയ്ക്കപ്പച്ചറോഡ്
3. കവലയ്ക്കപ്പച്ച-തേമ്പ്രക്കോണം റോഡ്
4. തേമ്പ്രക്കോണം-ഊറ്റുകുഴി റോഡ്
5. തീയേറ്റർ-വടക്കേവിള റോഡ്
6. കാക്കത്തോട്ടം-പുളിയറ
7. പുലയന്റഴികം-ചാങ്ങറ റോഡ്
8. ക്ഷേത്രം മുക്ക്-മാന്താനത്ത് ഏലാ റോഡ്
9. കൊച്ചാലുംവിള-വല്യാരി
10. ഏ.കെ.ജി.മുക്ക്-കോളനി റോഡ്
12. എസ്റ്റേറ്റ് ജംഗ്ഷൻ-നല്ലാൻ കോണം

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. കീഴതിൽ വാതുക്കൽ-വടക്കേവിള ജംഗ്ഷൻ
2. കവലയ്ക്കപ്പച്ച-ഏ.കെ.ജി. ജംഗ്ഷൻ
3. കാക്കത്തോട്ടം-പാലമൺ കോണം ലിങ്ക് റോഡ്
4. കൈപ്പടക്കോണം-ക്ഷേത്രംമുക്ക് ലിങ്ക് റോഡ്
5. കൈപ്പടക്കോണം-ക്ഷേത്രംമുക്ക് ലിങ്ക് റോഡ്
6. കൃഷി ആഫീസ്-PHC തുടങ്ങിയവ ബന്ധിപ്പിക്കുന്ന റോഡ്
7. ഇടത്തറപ്പണ, കവലയക്കപ്പച്ച റോഡ് ഗതാഗതയോഗ്യമാക്കുക

പുതുതായി നിർമ്മിക്കേണ്ട വെയിറ്റിംഗ് ഷെഡുകൾ

1. ക്ഷേത്രം മുക്ക്
2. ഇടത്തറപ്പണ ജംഗ്ഷൻ

ഇളമാട് പഞ്ചായത്ത് ഗ്രാമീണ റോഡുകൾ സംബന്ധിച്ച വിവരം

റോഡിന്റെ സ്വഭാവം - നീളം							
കച്ച	പക്ക	മെറ്റൽ	പി.ഡബ്ല്യു.ഡി. (ടാർ)	എൻ.എച്ച്. (ടാർ)	പഞ്ചായത്ത് (ടാർ)	മറ്റുള്ളവ	ആകെ
8k.m.	125 k.m.	--	38.6 k.m.	--	7k.m.	50 k.m.	228.6 k.m.

വാർഡ് II

നിലവിലുള്ള ആകെ റോഡ്	-	16km
PWD	-	5km
പഞ്ചായത്ത്	-	11കസ
ടാറിട്ടത് PWD	-	5km
ടാറിട്ടത് പഞ്ചായത്ത്	-	3.5km
നിലവിലുള്ള വെയിറ്റിംഗ് ഷെഡുകൾ	-	1. കാരാളിക്കോണം

നിലവിലുള്ള റോഡുകൾ

1. അമ്പലംമുക്ക് - തോട്ടത്തറ റോഡ്
2. അമ്പലംമുക്ക് - ലക്ഷംവീട് റോഡ്
3. അമ്പലംമുക്ക് - കുമ്പഴ ഏലാ റോഡ്
4. A.K.G. Jn. - കുമ്പഴ ഏലാ റോഡ്
5. തോട്ടത്തറ - ക്ഷേത്രം മുക്ക് റോഡ്
6. ക്ഷേത്രംമുക്ക് - ഇരവൂർകോണം ഏലാ
7. ചിറമുക്ക് - കാരയ്ക്കൽ
8. ഇലവിൻമൂട് - അർക്കന്നൂർ
9. കാരയ്ക്കൽ - കൊല്ലൂർക്കോണം
10. പള്ളിമുക്ക് - ട്രാൻസ്ഫോർമർ ജംഗ്ഷൻ
11. പാറയിൽ ജംഗ്ഷൻ - പള്ളിയിൽ റോഡ്
12. കാരാളിക്കോണം - കാവതിയോട് ഏലാ
13. കാരാളിക്കോണം - ചന്തമുക്ക്-പടിഞ്ഞാറ്റതിൽ
14. മണിയൻമുക്ക് - കുരന്തറ ഏലാ
15. പുളിക്കാമല - തോട്ടത്തറ ഏലാ
16. മണിയൻമുക്ക് - ഇരവൂർകോണം
17. കാരാളിക്കോണം - S.S.M.U.P.S. റോഡ്
18. S.S.M. U.P.S. Jn. - പുതക്കുഴി
19. കാരാളിക്കോണം - പുതൂർ ഏലാ
20. SSM U.P.S - മാത്രക്കോണം

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. കാരാളിക്കോണം-മാർക്കറ്റ് വഴി ലിങ്ക് റോഡ്
2. കാരാളിക്കോണം-പള്ളി റോഡ്-കൊല്ലൂകോണം ലിങ്ക് റോഡ്
3. കാരാളിക്കോണം UP School Jn.-മാത്രക്കോണം

ഗതാഗതയോഗ്യമാക്കേണ്ടവ

1. ആക്കാപൊയ്ക-ഇരവൂർകോണം റോഡ്
2. വളവിൽനിന്നും പുതൂർ ഏലാ റോഡ്
3. കാരാളിക്കോണം UP School Jn. നിൽനിന്നും അർക്കന്നൂർ ഭാഗത്തേയ്ക്കുള്ള മാത്രാക്കോണം റോഡ്

കലുങ്ക് നിർമ്മിക്കേണ്ടവ

1. കാവതിയോട് ഏലാ റോഡിൽ
2. കാവതിയോട് ഏലായിൽനിന്നും സ്ക്കൂളിലേയ്ക്കുള്ള റോഡിൽ
3. അമ്പലംമുക്ക് -കുമ്പഴ ഏലാറോഡിൽ

വേണ്ടുന്ന വെയിറ്റിംഗ് ഷെഡുകൾ

1. അമ്പലംമുക്ക്
2. കുണ്ടറ വളവ്
3. തോട്ടത്തറ

വാർഡ് III

നിലവിലുള്ള ആകെ റോഡ്	-	22 km
PWD റോഡ്	-	2.5 km
പഞ്ചായത്ത് റോഡ്	-	19.5 km
ടാർ റോഡ്	-	ഇല്ല
വെയിറ്റിംഗ് ഷെഡ്	-	ഇല്ല

നിലവിലുള്ള റോഡുകൾ

1. മണിയൻമുക്ക് - ആറാട്ടുകടവ് റോഡ്
2. ഇലവിൻമൂട് - ചെക്കാലക്കടവ് റോഡ്
3. ഇലവിൻമൂട് - മഹിളാസമാജം റോഡ്
4. മഹിളാസമാജം - മുളയം റോഡ്
5. മുളയം - ആറാട്ടുകടവ്
6. പ്ലാന്റേഷൻ ബെൽറ്റ് റോഡ്
7. വായനശാല - താമരശ്ശേരി റോഡ്
8. താമരശ്ശേരി - പത്തായപ്പാറ കടവ് റോഡ്
9. അർക്കന്നൂർ - തോഴിക്കോട് ഏലാ റോഡ്
10. താമരശ്ശേരി - ആലാവാതുക്കൽ
11. തോട്ടംമുക്ക് - മുളയറ റോഡ്
12. കുരന്തറമുക്ക് - തോട്ടംമുക്ക് ഏലാ റോഡ്
13. L.P. School - കല്ലുംമൂട്ടിൽ കടവ് റോഡ്
14. കരോട് ജംഗ്ഷൻ - ഏലാവരെ
15. തോട്ടംമുക്ക് - ഹരിജൻ കോളനി
16. പുത്തൻവിളമുക്ക് - മുളയം ഏഴാം

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. തോട്ടംമുക്ക് - കുന്നുംപുറം റോഡ്

അറ്റകുറ്റപ്പണികളും ടാറിംഗും ചെയ്യേണ്ട റോഡുകൾ

1. താമരശ്ശേരി - പത്തായപ്പാറ റോഡ്
2. മണിയൻമുക്ക് - ആറാട്ടുകടവ് റോഡ്
3. ഇലവുംമൂട് - ആറാട്ടുകടവ് റോഡ്
4. വായനശാല - താമരശ്ശേരി റോഡ്

പുതുതായി നിർമ്മിക്കേണ്ട കലുങ്കുകൾ

1. മഠത്തിൽ വാതുക്കൽ ഏലായ്ക്ക് അക്കരെയും ഇക്കരെയും
2. ലക്ഷംവീട് കോളനിയിൽനിന്നും വയലിലേയ്ക്ക് ഇറങ്ങുന്ന ഭാഗം.

പുതിയ വെയിറ്റിംഗ് ഷെഡ് വേണ്ട സ്ഥലങ്ങൾ

1. ഇലവും മൂട്
2. വായനശാല ജംഗ്ഷൻ
3. മഹിളാ സമാജം ജംഗ്ഷൻ

വാർഡ് IV

നിലവിലുള്ള ആകെ റോഡ്	-	37 km
PWD -	-	3 km
ടാറിംഗ് നടന്നത് PWD -	-	3 km
പഞ്ചായത്ത്	-	1 km
വെയിറ്റിംഗ് ഷെഡ്	-	ചെറിയ വെളിനല്ലൂർ

നിലവിലുള്ള റോഡുകൾ

1. പെരുവൻ തോട് – കവരപ്പയം
2. ഖാദി ബോർഡ് – അർക്കന്നൂർ
3. തേവൻകോട്, കണ്ണംകോട് ഏലാ റോഡ്
4. ഇലവിൻമൂട് – നേർച്ചപ്പാറ
5. കുഴിയത്ത് – കണ്ണംകോട് ഏല
6. പ്ലോട്ട് – മലംകുണ്ടയം
7. കണ്ണംകോട് – പാലം
8. ഗുരുമന്ദിരം – ആക്കൽ ക്ഷേത്രം
9. മാമൂട് – ആക്കൽ ക്ഷേത്രം
10. ആറാട്ടുവഴി – ആയിരവല്ലി – മുളയം
11. തെക്കേക്കോണം – മലയിൽ
12. ചാവരുകാവ് – പ്ലോട്ട്
13. കുണ്ടറ വളവ് – കോട്ടയ്ക്കവിള
14. പെരുവൻതോട് – കോണത്ത് ഏല
15. Plot 65 - 66
16. മാമൂട്ടിൽ – പൂവത്താൻകുഴി
17. സി.വി.നല്ലൂർ – കാവടി – ഖാദി
18. ഖാദി – പൂവത്താൻ കുഴി
19. ചണ്ണപ്പുറമ്പ് – വെള്ളീഞ്ചൽ
20. വായനശാല – മുളയം
21. കോമൺ പ്ലോട്ട് – നെടുപ്പാറ
22. ഇലവിൻമൂട് – പ്രിയദർശിനി
23. മുളയം – മലക്കുണ്ടയം
24. വളവ് – കാരയ്ക്കൽ ഏലാ
25. വളവ് – കൊല്ലുകോണം ഏലാ
26. പറപ്പാട്ട് പാലം – കുണ്ടറ വളവ്
27. ചെറിയ വെളിനല്ലൂർ – കണ്ണങ്കോട്
28. ഇലവിൻമൂട് – പ്ലാന്റേഷൻ

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. ചെറിയ വെളിനല്ലൂർ – തീയേറ്റർ ജംഗ്ഷൻ – ഖാദി ജംഗ്ഷൻ
2. പെരുവൻതോട് പഞ്ചായത്ത് കിണർ – കോണത്ത് ഏല
3. ചെറിയവെളിനല്ലൂർ കാവടി ജംഗ്ഷൻ – ഖാദി ജംഗ്ഷൻ
4. കുണ്ടറ വളവ് – കൊല്ലുകോണം ഏല
5. പ്ലോട്ട് 65,66 – മലക്കുണ്ടയം ഏലാ
6. ആറാട്ടുവഴി – ആയിരവല്ലി – മുളയം
7. വെള്ളിഞ്ചൽ വളവ് – ചണ്ണപ്പുറമ്പ്

അറ്റകുറ്റപ്പണികളും ടാറിംഗും നടത്തേണ്ടവ

1. ചെറിയവെളിനല്ലൂർ – ആക്കൽ ജംഗ്ഷൻ
2. പള്ളിമുക്ക് – പെരുവൻതോട്
3. ഖാദി ജംഗ്ഷൻ – മുളയം – മഹിളാസമാജം
4. ഇലവുംമൂട് – പ്രിയദർശിനി
5. ഇലവുംമൂട് – നേർച്ചപ്പാറ

കലുങ്കുകൾ

1. മാമൂട് – ആക്കൽ ക്ഷേത്രം റോഡിൽ
2. ഇലവിൻമൂട് – പ്രിയദർശിനി റോഡിൽ

വെയിറ്റിംഗ് ഷെഡ്

1. ആക്കൽ ജംഗ്ഷൻ
2. പാറയിൽ ജംഗ്ഷൻ

വാർഡ് V

നിലവിലുള്ള ആകെ റോഡ്	:	20km
PWD	:	1.5 km
MLA റോഡ്	:	2km
പഞ്ചായത്ത് റോഡ്	:	16.5 km
ടാറിട്ടത് PWD	:	1.5 km
ടാറിട്ടത് പഞ്ചായത്ത്	–	ഇല്ല
വെയിറ്റിംഗ് ഷെഡ്	–	ചിറമുക്ക്

നിലവിലുള്ള റോഡുകൾ

1. കൂലിക്കോട് – വയലിക്കട റോഡ്
2. പുഷ്പഗിരി – വേടർകോണം റോഡ്
3. ബൈബിൾ കോളജ് – കൂലിക്കോട് ഏലാ റോഡ്
4. കൂലിക്കോട് – പുള്ളിപ്പച്ച റോഡ്
5. പൂതൂർ – കോട്ടയ്ക്കാവിള റോഡ്
6. പുഞ്ചക്കോണം – വെള്ളച്ചാൽ റോഡ്
7. പട്ടങ്കോട് വയൽ – വെള്ളച്ചാൽ റോഡ്
8. കൊല്ലുകോണം – കോഴിപ്പെരിങ്ങോട്ടുവയൽ റോഡ്
9. കൊല്ലുകോണം – കുണ്ടറ വളവ് റോഡ്
10. പൂതൂർ – തീയേറ്റർമുക്ക് റോഡ്
11. കൊല്ലുകോണം – ഇടത്തറപ്പണ റോഡ്
12. കൊല്ലുകോണം – കോണത്തറവാതുക്കൽ റോഡ്
13 പൂതൂർ – പുള്ളുണ്ണിയേലാ റോഡ്

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. പ്ലാന്റേഷൻമുക്ക് – കൂലിക്കോട്ട് വയൽ
2. കുമ്പല്ലൂർ വാതുക്കൽ മുതൽ കൂലിക്കോട് കോളനിവരെ
3. തീയേറ്റർമുക്ക് – പൂതൂർ
4. വെള്ളച്ചാൽ – കൊല്ലുകോണം
5. പൂതൂർനിന്നും വലിയവീടുവഴിയുള്ള റോഡ്
6. സെമിത്തേരി–പട്ടംകോട് വയൽ റോഡിന്റെ ലിങ്ക് റോഡ്
7. പാറയ്ക്കാട് വാതുക്കൽ – വയൽ റോഡ്
8. കോട്ടയ്ക്കവിള – കൊച്ചുകോണം

അറ്റകുറ്റപ്പണികൾ നടത്തി ടാർ ചെയ്യേണ്ടവ

1. കൂലിക്കോട് – വയലിൽക്കട റോഡ്
2. കോട്ടയ്ക്കവിള – പൂതൂർ റോഡ്
3. പുഷ്പഗിരി – വേടർകോണം റോഡ്
4. കോട്ടയ്ക്കവിള – കൊച്ചുകോണം റോഡ്
5. വെള്ളച്ചാൽ – പുഞ്ചക്കോണം റോഡ്

കലുങ്ക് നിർമ്മിക്കേണ്ടവ

1. പുള്ളുണ്ണി ഏലാ
2. കോഴിപ്പെരുങ്ങോട്ട് – കൊല്ലുകോണം റോഡിൽ
3. ഇടത്തറപ്പണ ഏലാ
4. കോണത്തുവാതുക്കൽ
5. ഇടത്തറപ്പണ – പുല്ലുകോണം റോഡ്

6. കൊല്ലുകോണം – പ്ലാന്റേഷൻ റോഡ്

വെയിറ്റിംഗ് ഷെഡ്

കോട്ടയ്ക്കവിള ജംഗ്ഷൻ

വാർഡ് VI

നിലവിലുള്ള ആകെ റോഡ്	–	20km
PWD -	–	2km
പഞ്ചായത്ത്	–	18
ടാറിട്ടത്	–	PWD - 2km
പഞ്ചായത്ത്	–	ഇല്ല
വെയിറ്റിംഗ് ഷെഡ്	–	ഇല്ല

നിലവിലുള്ള റോഡുകൾ

1. കരയോഗം ജംഗ്ഷൻ – കുമ്പല്ലൂർ ജംഗ്ഷൻ
2. കുമ്പല്ലൂർ ക്ഷേത്രം – കാഞ്ഞിരംവിള
3. കുമ്പല്ലൂർ ക്ഷേത്രം – അമ്പനാട്
4. കുമ്പല്ലൂർ ക്ഷേത്രം – ഇളമ്പിലാക്കോണം
5. ഇളമ്പിലാക്കോണം – പുതുവീട്
6. പുതുവീട് – കൂലിക്കോട്
7. കോട്ടയ്ക്കവിള – വേളാനംകോണം
8. പാറമുകൾ – മുരിക്കിൻതോട് ഏലാ
9. മാർക്കറ്റ് – കുറക്കോട്
10. കുറക്കോട് – മങ്കാട്
11. കരിക്കത്തിൽ – അമ്പനാട്
12. പാറമുക്ക് – കളീക്കൽ ഏലാ
13. പാറമുക്ക് – മേലൂട്ട് ഏലാ
14. കല്ലുപാലക്കുന്നിൽ – ഇളവൂർ ഏലാ
15. ഇളവൂർ പള്ളി – മുക്കവല
16. ഒഴുകുപാറ – ലക്ഷംവീട് – മാവേലിക്കോണം
17. ലക്ഷംവീട് – ചാന്തോന്നിക്കാവ്
18. ചാന്തോന്നിക്കാവ് – എട്ടണമുക്ക്
19. ചാന്തോന്നിക്കാവ് – കൊച്ചുവിള ജംഗ്ഷൻ
20. കോണത്തുമുക്ക് – കളീക്കൽ ഏലാ
21. മുടക്കംകുന്ന് ജംഗ്ഷൻ – കുഴിഞ്ഞവറത്ത് ഏല
22. ഐ.പി.സി. ജംഗ്ഷൻ – മുടക്കംകുന്ന്
23. മടന്തക്കുഴി – കൊപ്പാറ ഏലാ
24. മുക്കവല – കിഴുവറ്റ ഏലാ
25. മുക്കവല – കൊപ്പാറ ഏലാ
26. പാതിരിപ്പൊയ്ക ജംഗ്ഷൻ – വാഴേക്കോണം
27. പാതിരിപ്പൊയ്ക – കിഴുവറ്റ കോളനി
28. പാതിരിപ്പൊയ്ക – വെള്ളാവൂർ ഏല
29. വെള്ളാവൂർ ജംഗ്ഷൻ – കൊപ്പാറപ്പണ
30. വെള്ളാവൂർ ജംഗ്ഷൻ – പുതുവീട് ജംഗ്ഷൻ
31. പാതിരിപ്പൊയ്ക – കോട്ടറമുക്ക് ജംഗ്ഷൻ
32. ചാങ്ങോട് – വെള്ളടി ഏലാ
33. കൊച്ചുവിള – ചാന്തോന്നിക്കാവ് – ഇളവൂർ

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. മാർക്കറ്റ് റോഡ് – മോട്ടോർ കുന്ന് ലിങ്ക് റോഡ്
2. മാർക്കറ്റ് റോഡ് – വെള്ളവൂർ ലിങ്ക് റോഡ്
3. മുടക്കൻകുന്ന് – കിളിക്കോട് റോഡ്

പണിപൂർത്തിയാക്കി ടാർ ചെയ്യേണ്ടവ

1. കൊച്ചുവിള – ചാന്തോന്നിക്കാവ് – ഇളവൂർ റോഡ്
2. ഇളവൂർ പള്ളി – മുക്കവല – ചാങ്ങോട് റോഡ്
3. ചന്തമുക്ക് – പുറക്കോട് ഏലാ
4. കോട്ടയ്ക്കവിള – കോളനി റോഡ്
5. ചാങ്ങോട് – വെള്ളാവൂർ ജംഗ്ഷൻ
6. പാതിരിപ്പൊയ്ക – കിഴുവറ്റ കോളനി
7. കൂലിക്കോട് – കൂലിക്കോട് കോളനി
8. ചെറുവക്കൽ ക്ഷേത്രം – ഇളമ്പിലാക്കോണം റോഡ്
9. പാറമുക്ക് – കുറിച്ചൂട്ടിൽ റോഡ്
10. പള്ളിക്കിഴക്ക് – ഇളവൂർക്കോണം റോഡ്

കലുങ്ക്

1. ചാന്തോന്നിക്കാവ്

വെയിറ്റിംഗ് ഷെഡ്

1. ഇളവൂർ പള്ളിമുക്ക്
2. കരയോഗമന്ദിരം
3. കൂലിക്കോട്

വാർഡ് VII

നിലവിലുള്ള ആകെ റോഡ്	:	18km
PWD	:	4km
പഞ്ചായത്ത്	:	14km
ടാറിട്ടത് PWD	:	4km
പഞ്ചായത്ത്	:	ഇല്ല
വെയിറ്റിംഗ് ഷെഡ്	:	ഇല്ല

നിലവിലുള്ള റോഡുകൾ

1. വാളിയോട് P.O. Jn. - കിളിക്കോട് ഏലാ റോഡ്
2. പി.ഒ. ജംഗ്ഷൻ – തണ്ണേറ്റ് കാവ് റോഡ്
3. മുക്കവല – പുരമ്പിൽ റോഡ്
4. കൈതയിൽ – കോഴിപ്പറമ്പ് റോഡ്
5. പുരമ്പിൽ – ആലേത്ത് ഏല റോഡ്
6. വാളിയോട് പാർക്ക് – തണ്ണേറ്റ് ഏലാ റോഡ്
7. ഇളവൂർ – മൊളിയന്നൂർ ഏലാ റോഡ്
8. കൈത്തറി ജംഗ്ഷൻ – പൂയപ്പള്ളി റോഡ്
9. വൈദ്യശാല – നെട്ടയം ഏലാ റോഡ്
10. വാളിയോട് സ്കൂൾ – ഹരിജൻ കോളനി – വയലിൽ റോഡ്
11. ഈട്ടിമൂട് – മൂഴിക്കൽ റോഡ്
12. മുത്താരംകുന്ന് – വായനശാല – നെട്ടയം റോഡ്
13. മുത്താരംകുന്ന് – ബിസ്ക്കറ്റ് കമ്പനി റോഡ്
14. വൈദ്യശാല – മുത്താരംകുന്ന് റോഡ്
15. ഈട്ടിമൂട് – ഇടവഴിക്കൽ ഏലാ റോഡ്
16. പടിഞ്ഞാറേ പഞ്ചായത്ത് അതിർത്തി – പൂയപ്പള്ളി റോഡ്

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. ഈട്ടിമുക്ക് – കുന്നുമ്പുറം – മുളിയന്നൂർ ഏലാ റോഡ്

2. ഇളവൂർ – ചാന്തോന്നിക്കാവ് – മാവേലിക്കോണം റോഡ്
3. പുരമ്പിൽ – മലയില – മുക്കവല റോഡ്
4. പി.ഒ. ജംഗ്ഷൻ – മലയില കുന്ന് റോഡ്
5. എരുമാംകുന്നം – മാങ്കോട് ഏലാ റോഡ്
6. പോസ്റ്റാഫീസ് ജംഗ്ഷൻ – തണ്ണേറ്റ് ഏലാ റോഡ്
7. പോസ്റ്റാഫീസ് ജംഗ്ഷൻ – പരുത്തിയറ റോഡ്
8. വാളിയോട് ജംഗ്ഷൻ – കിളിക്കോട് ജംഗ്ഷൻ

അറ്റുകുറ്റപ്പണികൾ നടത്തി ടാർ ചെയ്യേണ്ട റോഡുകൾ

1. മുത്താരംകുന്ന് – കോഴിപ്പറമ്പ് റോഡ്
2. ഈട്ടിമൂട് – ശത്രുപ്പൊയ്ക റോഡ്
3. പോസ്റ്റാഫീസ് ജംഗ്ഷൻ – തണ്ണേറ്റ് ഏലാ റോഡ്
4. ഇളവൂർ – മുളിയന്നൂർ – കൊച്ചുവിള റോഡ്
5. വാളിയോട് പാർക്ക് – തണ്ണേറ്റ് ഏലാ റോഡ്
6. മുത്താരംകുന്ന് – വായനശാല – നെട്ടയം ഏലാ റോഡ്
7. പുത്തൻവീട് ജംഗ്ഷൻ – നെട്ടയം ഏലാ റോഡ്

കലുങ്ക് പണിയേണ്ടവ

1. മുത്താരംകുന്ന് – കോഴിപ്പറമ്പ് റോഡിൽ
2. ഈട്ടിമൂട് – ശത്രുപ്പൊയ്ക റോഡ്
3. വാളിയോട് പാർക്ക് – തണ്ണേറ്റ് ഏലാ റോഡ്
4. മുത്താരംകുന്ന് – വായനശാല – നെട്ടയം ഏലാ റോഡ്

വെയിറ്റിംഗ് ഷെഡുകൾ

1. മുത്താരംകുന്ന്
2. വാളിയോട് പോസ്റ്റാഫീസ് ജംഗ്ഷൻ
3. പുരമ്പിൽ ജംഗ്ഷൻ

വാർഡ് VIII

നിലവിലുള്ള ആകെ റോഡ്	–	21km
PWD -	–	3 km
പഞ്ചായത്ത്	–	18km
ടാറിട്ടത്	–	PWD - 3km
പഞ്ചായത്ത്	–	1km
വെയിറ്റിംഗ് ഷെഡ്	–	പാറങ്കോട് ജംഗ്ഷൻ

നിലവിലുള്ള റോഡുകൾ

1. കുന്നുംപുറം – മൂഴിയിൽ – മങ്കാട്ട്പണകാട്ട്കം
2. മുകളുവിള – ഇടവട്ടം റോഡ്
3. മുകളുവിള – മങ്കാട്ട് ഏലാ റോഡ്
4. എള്ളുവിള – മാങ്കോട്ട് മലയിൽ ജംഗ്ഷൻ റോഡ്
5. ഇലഞ്ഞറഴികം – നെടുവത്തുവീട് വാതുക്കൽ റോഡ്
6. പാറയിൽ ജംഗ്ഷൻ – കളിയിലഴികം റോഡ്
7. കല്ല്യോട്ട് ഏലാ – മാർത്തോമാ പള്ളി റോഡ്
8. മത്തായിമുക്ക് – മഠത്തിവയൽ ഏലാ റോഡ്
9. പാറങ്കോട് – ആനാമുകൾ റോഡ്
10. മൂഴിയിൽ ജംഗ്ഷൻ – നിരപ്പുവിള റോഡ്
11. നിരപ്പുവിള – ഇടപ്പറമ്പ് റോഡ്
12. ഞാറയ്ക്കാട് T.V - ഇടപ്പറമ്പിൽ ഏലാ റോഡ്
13. ആലവാതുക്കൽ – കല്ലുവെട്ടാങ്കുഴി റോഡ് റോഡ്
14. ഹിന്ദുമിഷൻകുന്ന് – കുരുമ്പേലി റോഡ്
15. പാറങ്കോട് L.P.S - താമരശ്ശേരി റോഡ്
16. താമരശ്ശേരി – കല്ല്യോട്ട് – ഓണോലിൽ റോഡ്
17. പനന്തളി ഏലാ – പനിങ്ങാലിൽ ഏലാ റോഡ്
18. മത്തായിമുക്ക് – അമ്പി വാതുക്കൽ റോഡ്
19. മലയില – പുരമ്പിൽ റോഡ്
20. നിരപ്പുവിള – ഇടപ്പറമ്പിൽ റോഡ്
21. മഠത്തിൽ ഏലാ – പനയംകോട് റോഡ്
22. മലയില – എരുമാംകുന്ന് – മഠത്തിൽ വാതുക്കൽ റോഡ്

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. ഓണോലിൽ ജംഗ്ഷൻ – കല്ലോട്ടുകോണം റോഡ്
2. മത്തായിമുക്ക് – മുക്കവല റോഡ്
3. കുന്നുംപുറം ജംഗ്ഷൻ – ഞാറയ്ക്കാട് റോഡ്
4. പള്ളിമുക്ക് – കല്ലോട്ടുകോണം റോഡ്
5. പനയംകോട് – മാങ്കോട് റോഡ്
6. ഞാറയാക്കാട് – കോണത്തുമുക്ക് റോഡ്
7. പാറങ്കോട് – കല്ലുവെട്ടാംകുഴി റോഡ്
8. ഞാറയ്ക്കാട് – പാറങ്കോട് റോഡ്
9. ചക്കിമുക്ക് – മുക്കവല റോഡ്

അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ടാറിടേണ്ട റോഡുകൾ

1. പാറങ്കോട് LPS - ഓണോലിൽ ജംഗ്ഷൻ റോഡ്
2. എള്ളുവിള ജംഗ്ഷൻ – മാങ്കോട് മലയിൽ ജംഗ്ഷൻ റോഡ്

കലുങ്കുകൾ

1. പാറങ്കോട് ജംഗ്ഷൻ
2. മഠത്തിവയൽ
3. മാങ്കോട്
4. പനന്തടി ഏലാ
5. മേക്കോണം
6. പൊരുന്നക്കോണം

വെയിറ്റിംഗ് ഷെഡ്

1. ഓണോലിൽ ജംഗ്ഷൻ
2. മത്തായിമുക്ക്

വാർഡ് IX

നിലവിലുള്ള ആകെ റോഡ്	–	19km
PWD -		3km
പഞ്ചായത്ത്	–	16 km
ടാറിംഗ് നടന്നത്	–	PWD - 3km
ടാറിംഗ് നടന്നത് പഞ്ചായത്ത്	–	ഇല്ല
വെയിറ്റിംഗ് ഷെഡ്	–	വേങ്ങൂർ

നിലവിലുള്ള റോഡുകൾ

1. മലയിൽ റോഡ്
2. ട്രാൻസ്ഫോർമർ റോഡ്
3. പുലിക്കുഴി ഉമ്മന്നൂർ റോഡ്
4. വേങ്ങൂർ – ചാങ്ങോട്ട് റോഡ്
5. മാമൂട്ടിൽ – വടക്കേവിള റോഡ്
6. ചേറ്റുപാറ – കാവനാംകോണം റോഡ്
7. ആനക്കോട്ടൂർ – പള്ളി റോഡ്

8. ആനക്കോട്ടൂർ – പനന്തടി – പഞ്ചായത്ത് റോഡ്
9. ചാങ്ങോട് – പൊയ്കയിൽ – മലയിൽ റോഡ്
10. ചാങ്ങോട് – മുക്കവല റോഡ്
11. തോട്ടത്തിൽമുക്ക് – പാലൂർ – കരിക്കം റോഡ്
12. പാവൂർ കരിക്കം – ചെറുവല്ലൂർ റോഡ്
13. കൊല്ലായിക്കോട് – ചാങ്ങോട്
14. ചാങ്ങോട് – പാറങ്കോട്ട് മലയിൽ റോഡ്
15. ഉമ്മന്നൂർ – കളയ്ക്കാട്

നിർമ്മിക്കേണ്ട പുതിയ റോഡുകൾ

1. പുലിക്കുഴി – ഉമ്മന്നൂർ റോഡ്
2. വേങ്ങൂർ – ചാങ്ങോട് റോഡ്
3. മലയിൽ – ട്രാൻസ്ഫോർമർ റോഡ്
4. കുന്നത്ത് വാതുക്കൽ – തുണ്ടുവിള – I.P.C റോഡ്
5. ആനക്കോട്ടൂർ – പള്ളി റോഡ്
6. ആനക്കോട്ടൂർ – ഉമ്മന്നൂർ പഞ്ചായത്ത്
7. കൊല്ലായിക്കോട് – കരിക്കോട്
8. മലയിൽ ജംഗ്ഷൻ – പച്ചയിൽ ജംഗ്ഷൻ
9. മാമൂട്ടിൽ – വടക്കേവിള
10. ചാങ്ങോട് – മലയിൽ – കടമ്പാട് റോഡ്
11. മലയിൽ ജംഗ്ഷൻ – LPS Jn. റോഡ്
12. ചാങ്ങോട് – മുക്കവല റോഡ്
13. കൊല്ലായിക്കോട് – ചാങ്ങോട് റോഡ്
14. പുലിക്കുഴി – പ്ലാന്റേഷൻ റോഡ്

അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ടാറിംഗ് നടത്തേണ്ട റോഡുകൾ

1. പുലിക്കുഴി – ചാങ്ങോട് – മലയില റോഡ്
2. പച്ചവിള – പുലിക്കുഴി റോഡ്

കലുങ്കുകൾ വേണ്ടത്

1. കുന്നത്തുവാതുക്കൽ – I.P.C റോഡ്
2. ഉമ്മന്നൂർ – പുലിക്കുഴി
3. പച്ചവിള – പുലിക്കുഴി

വെയിറ്റിംഗ് ഷെഡ് വേണ്ടത്

1. പുലിക്കുഴി ജംഗ്ഷൻ
2. തൈക്കുളങ്ങര ജംഗ്ഷൻ

വാർഡ് X

നിലവിലുള്ള ആകെ റോഡ്	–	10km
PWD -		3km
പഞ്ചായത്ത്	–	15 km
ടാറിട്ടത് – PWD -		3 km
പഞ്ചായത്ത്	–	ഇല്ല
വെയിറ്റിംഗ് ഷെഡ്	–	തേവന്നൂർ സ്ക്കൂൾ ജംഗ്ഷൻ

നിലവിലുള്ള റോഡുകൾ

1. പാവൂർ കരിക്കം – മഠത്തിക്കോണം – ചെറുവല്ലൂർ
2. MLA Jn. - Plantation - കരിക്കത്തിൽ
3. കരിക്കത്തിൽ വാതുക്കൽ – പ്ലാന്റേഷൻ
4. മുസ്ലീം പള്ളി – പാറയിൽ
5. പാറയിൽ – കാവനാംകോണം
6. പാറയിൽ – കുരീക്കാട് ഏല
7. കുരീക്കാട് – കല്യോട് – ചെറുവല്ലൂർ
8. കല്യോട് – നെടുങ്ങാന്നൂർ ഏല
9. കല്യോട് – ചുടുകാട്
10. ചുടുകാട് – വാണിച്ചാംകോട്
11. കുരീക്കാട് – അണ്ടാലെ
12. കുരീക്കാട് ജംഗ്ഷൻ – കുരീക്കാട് ഏല
13. V.T. Jn. - ആയിരത്ത് ഏല
14. H.S. Jn. - കുരീക്കാട് ഏല
15. H.S. Jn. - ചെറുപടിക്കോണം ഏല
16. L.P.S. Jn. - വായനശാല
17. H.S. Jn. - ഇലവിൻ പൊയ്ക
18. കവലയ്ക്കപ്പച്ച – ദ്വാരക
19. കവലയ്ക്കപ്പച്ച – ചെറുപട്ടിക്കോണം
20. പോസ്റ്റോഫീസ് ജംഗ്ഷൻ – ടെമ്പിൾ ജംഗ്ഷൻ
21. കവലയ്ക്കപ്പച്ച ലക്ഷം വീട് – പൊയ്കയിൽ
22. ഇലന്തവിള – വേങ്ങൂർ ഏല
23. Estate Jn. - വള്ളിക്കോട് ഏല
24. തെറ്റിക്കാട് ജംഗ്ഷൻ – മഠത്തിൽ ഏല
25. M.L.A. Jn. - വയലിക്കട
26. ചെറുവല്ലൂർ – പാവൂർ – കരിക്കം
27. തോട്ടംമുക്ക് – പാവൂർ – കരിക്കം
28. ബൈബിൾ – കോളേജ് – വയലിക്കട

പുതിയ റോഡുകൾ

1. പൊയ്കയിൽ – തണ്ണിപ്പാറ – വയലിക്കട
2. വാണിച്ചാംകോട് – നെടുങ്ങോട് ഏലാ വഴി ചെറുവല്ലൂർ
3. വേടർകോണം – K.R.Jn.
4. എസ്റ്റേറ്റ് ജംഗ്ഷൻ – തലയാറ്റുകോണം
5. എസ്റ്റേറ്റ് ജംഗ്ഷൻ – വഞ്ചിക്കോട്
6. എസ്റ്റേറ്റ് ജംഗ്ഷൻ – പൊയ്കവഴി വയലിൽ
7. പൊയ്കയിൽ – അറപ്പുര ഏലാ

അറ്റുകുറ്റപ്പണികൾ പൂർത്തിയാക്കി ടാറിംഗ് നടത്തേണ്ടവ

1. കവലയ്ക്കപ്പച്ച – പൊയ്കയിൽ – തണ്ണിപ്പാറ
2. മലയിൽ Jn. - ചെറുവല്ലൂർ
3. ബൈബിൾ – കോളേജ് – വയലിക്കട
4. വയലിക്കട – അടുക്കത്തിൽ വാതുക്കൽ
5. പാവൂർ – കരിക്കം – കഴയ്ക്കാട്
6. ചെറുവക്കൽ – കല്ലിയോട്

വെയിറ്റിംഗ് ഷെഡ്

1. കാവനാം കോണം
2. എസ്റ്റേറ്റ് ജംഗ്ഷൻ

പുതുതായി പണിയേണ്ട കലുങ്കുകൾ

1. പൊരീക്കൽ ജംഗ്ഷനും മലയിൽ ജംഗ്ഷനുമിടയ്ക്ക്
2. ചെറുവല്ലൂർ – കല്ലിയോട് റോഡിനിടയ്ക്ക്

3. പാറയിൽ – കുരീക്കാട് ഏലായ്ക്ക് ഇടയ്ക്ക്

വാർഡ് XI

നിലവിലുള്ള ആകെ റോഡ്	–	24 km
PWD -		4 km
പഞ്ചായത്ത്	–	20km
ടാറിട്ടത്	–	PWD - 4 km
ടാറിട്ടത് പഞ്ചായത്ത്	–	1km

നിലവിലുള്ള റോഡുകൾ

1. അമ്പലംമുക്ക് – തോട്ടാത്തറ റോഡ്
2. അമ്പലം മുക്ക് – കുണ്ടൂർ റോഡ്
3. നെടുംപച്ച – ടോട്ടും കടവ് റോഡ്
4. കുമ്പഴ – തോട്ടുകടവ് റോഡ്
5. തോട്ടത്തറ – നെടുംപച്ച റോഡ്
6. മുരുക്കന്നൂർകോണം – ചാവരുപാറ റോഡ്
7. തോട്ടത്തറ – താമരശ്ശേരി
8. തോട്ടത്തറ – ഹരിജൻ കോളനി റോഡ്
9. കുളത്തിയിൽ – ആട്ടറ റോഡ്
10. ശാസ്താം മുകൾ – ആട്ടറ റോഡ്
11. ശാസ്താംമുകൾ – മേലേ ആട്ടറ റോഡ്
12. ശാസ്താംമുകൾ – മാടൻ കാവ് – തെറ്റിക്കാട് ഏല റോഡ്
13. ശാസ്താംമുകൾ – മൈലോട് റോഡ്
14. കുഴിവിള – തെറ്റിക്കാട് റോഡ്
15. കോണത്ത് മുക്ക് – പുല്ലാറ റോഡ്
16. നടരാജൻ മുക്ക് – വാര്യമഠം റോഡ്
17. തട്ടാരഴികം – മുണ്ടൂർതോട് റോഡ്
18. മുരുക്കള്ളൂർ കോണം – തോട്ടത്തറ ഏലാ
19. അമ്പലംമുക്ക് – കുറുമ്പക്കാട് ഏലാ റോഡ്

നിർമ്മിക്കേണ്ട പുതിയ റോഡുകൾ

1. തോട്ടത്തറ – മുരിക്കന്നൂർകോണം ലിങ്ക് റോഡ്
2. കുണ്ടൂർ കോളനി – കുളത്തി റോഡ്
3. അമ്പലംമുക്ക് – തെറ്റിക്കാട് ഏലാ റോഡ്
4. തെറ്റിക്കാട് ഏലാ ലിങ്ക് റോഡ്

അറ്റകുറ്റപ്പണികൾ തീർത്ത് ടാറിംഗ് നടത്തേണ്ടവ

1. അമ്പലംമുക്ക് – തോട്ടത്തറ റോഡിന്റെ നിലവിലുള്ള ടാറിംഗ് പൂർത്തിയാക്കണം.
2. ശാസ്താംമുകൾ – ആട്ടറ റോഡ്
3. ശാസ്താംമുകൾ – മേലേ ആട്ടറ റോഡ്
4. കുളത്തി – ആട്ടറ റോഡ്
5. ശാസ്താംമുകൾ – തെറ്റിക്കാട് ഏലാ റോഡ്
6. അമ്പലംമുക്ക് – കുണ്ടൂർ കോളനി റോഡ്
7. മുഴിവിള – തെറ്റിക്കാട് ഏല റോഡ് ടാർ ചെയ്യണം.

പാലം വേണ്ടത്

1. നെടുംപച്ച – നീറായിക്കോട് റോഡിൽ

കുളഞ്ഞിയിൽ തോട്ടിൽ

2. തോട്ടത്തറ – താമരശ്ശേരി റോഡിൽ

വെയിറ്റിംഗ് ഷെഡ് വേണ്ടത്

1. തോട്ടത്തറ ജംഗ്ഷൻ
2. അമ്പലം മുക്ക്
3. കുളത്തി ജംഗ്ഷൻ

ഇളമാട് പഞ്ചായത്ത് ഗ്രാമീണ റോഡുകൾ
സംബന്ധിച്ച വിവരം

Scale - 1 c.m. = 1 k.m.



ഇളമാട് പഞ്ചായത്ത് റോഡുകളുടെ വിവരം

Scale - 1 c.m. = 2 k.m.



ഇളമാട് പഞ്ചായത്ത് ഗ്രാമീണ റോഡുകളിൽ
ടാറിംഗിനെ സംബന്ധിച്ച വിവരങ്ങൾ

Scale - 1 c.m. = 2 k.m.





ഊർജ്ജം

കേരളസംസ്ഥാനത്ത് ഇന്നു നേരിടുന്ന ഏറ്റവും വലിയപ്രതിസന്ധിയാണ് വൈദ്യുതി കമ്മി. നിലവിലുള്ള വൈദ്യുതനിലയങ്ങൾക്ക് നിലവിലുള്ള ഊർജ്ജപ്രതിസന്ധിക്ക് പരിഹാരം കാണാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. ഈ രൂക്ഷമായ വൈദ്യുതക്ഷാമത്തിന് പരിഹാരം കാണുവാൻ ഉപരിതലത്തിൽ സമഗ്രമായ പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തതിർത്തിയോടുള്ള കല്ലടത്തണ്ണി മിനി ഇലക്ട്രിക്കൽ പ്രൊജക്ടിന്റെ പണിഅടിയന്തിരമായി ഏറ്റെടുത്ത് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിന്റെ ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും ഇന്നുപയോഗിക്കുന്ന ഊർജ്ജപ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും ഇന്നുപയോഗിക്കുന്ന ഊർജ്ജസ്രോതസ്സുകൾ വൈദ്യുതി, മണ്ണെണ്ണ, ഗ്യാസ്, വിറക് എന്നിവയാണ്. വെളിച്ചത്തിനുവേണ്ടിഉപയോഗിക്കപ്പെടുന്ന പ്രധാന ഊർജ്ജസ്രോതസ്സുകൾ വൈദ്യുതിയും, മണ്ണെണ്ണയുമാകുന്നു. പാചകത്തിന് ഇവ രണ്ടുംഉപയോഗിക്കുന്നുഎങ്കിലും വിറക്, ഗ്യാസ് എന്നിവയാണ് മുഖ്യമായും ഉപയോഗിക്കപ്പെടുന്ന സ്രോതസ്സുകൾ. സൗരോർജ്ജം, ഇലക്ട്രോണിക് ചോക്ക് എന്നിവയുടെ ഉപയോഗത്തെ കുറിച്ചുള്ള സമഗ്രമായ ധാരണ നമ്മുടെ പ്രദേശത്തെ ഗ്രാമീണരെ ഇനിയും മനസ്സിലാക്കികൊടുക്കേണ്ടിയിരിക്കുന്നു.

ഊർജ്ജമേഖല

ആയുർ 66കെ.വി സബ്സ്റ്റേഷനും കൊട്ടാരക്കര 66കെ.വി സബ്സ്റ്റേഷനുമാണ് ഇളമാട് പഞ്ചായത്തിനാവിശ്യമായ വൈദ്യുതി എത്തിക്കുന്നത്. പട്ടിക 1ൽ കൊടുത്തിരിക്കുന്ന പത്തൊൻപതു എൽ. റ്റീ. ട്രാൻസ്ഫോമറുകൾ വഴി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ വൈദ്യുതിവിതരണം ചെയ്യപ്പെടുന്നു.

വിതരണം ചെയ്യപ്പെടുന്ന വൈദ്യുതിയിൽ ഭൂരിഭാഗവും ഗാർഹികാവശ്യത്തിനുവേണ്ടി ഉപയോഗിക്കപ്പെടുന്നു. പാചകാവശ്യത്തിന് മുഖ്യമായും വിറകിനെ

പട്ടിക 1 ഇളമാട് പഞ്ചായത്തിൽ വൈദ്യുതിവിതരണംചെയ്യുന്ന എൽ.റ്റീ ട്രാൻസ്ഫോമറുകൾ

ക്രമ നമ്പർ	ട്രാൻസ്ഫോമറിന്റെ പേര്	നിയന്ത്രണമുള്ള ഇലക്ട്രിക്കൽസെക്ഷൻ
1	ആയുർനമ്പർ III(ഭാഗികം)	ഇലക്ട്രിക്കൽ മേജർസെക്ഷൻ ആയൂർ
2	ഇളമ്മാട് നമ്പർ I (ഭാഗികം)	"
3	ഇളമ്മാട് നമ്പർ II (ഭാഗികം)	"
4	കാവനാങ്കോണം	"
5	കവലയ്ക്കപച്ച	"
6	വേങ്ങൂർ	"
7	അർക്കന്നൂർ I	"
8	അർക്കന്നൂർ II	"
9	കാതളികോണം	"
10	ചെറിയവെളിനല്ലൂർ(ഭാഗികം)	"
11	വെളിയം-ഇളമാട്	ഇലക്ട്രിക്കൽ മേജർസെക്ഷൻ വെളിയം
12	ചെറുവക്കൽ	"
13	അമ്പലംകുന്നുഫാക്ടറി	"
14	കൈതയിൽ (ഭാഗികം)	"
15	നെട്ടയം	"
16	വാളിയോട്	"
17	പാറങ്കോട്ട് -I	ഇലക്ട്രിക് മേജർസെക്ഷൻ വാളകം
18	പാറങ്കോട് -II	"
19	ഉമ്മന്നൂർ(ഭാഗീകം)	"

യാണ് ആശ്രയിക്കുന്നത്. അപൂർവ്വം വീടുകളിൽമാത്രമേ പാചകവാതകം ഉപയോഗിക്കപ്പെടുന്നുള്ളു. പുകയില്ലാത്ത അടുപ്പുകൾക്ക് പ്രചാരമേറിവരുന്നു. ഗോബർഗ്യാസ് പ്ലാന്റുകൾ നാലഞ്ചണ്ണമേ നിലവിലുള്ളു.

പഞ്ചായത്തിലൊട്ടാകെ 47% വീടുകൾമാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു. കുറേയേറെ മേഖലകൾ ഇനിയും വൈദ്യുതീകരിക്കാനുണ്ട്. പുതിയ ലൈനും കണക്ഷനുംവേണ്ടി അപേക്ഷിച്ച് കാത്തിരിക്കുന്ന മേഖലകളിൽ തൻവർഷം ഓർഡിനറി 157 O.T.P 20O.Y.C 35 എന്നിങ്ങനെ മൊത്തം 212 പുതിയ കണക്ഷൻ നൽകിയിട്ടുണ്ട്. (പട്ടിക 3)

പഞ്ചായത്തിലാകെ 424 വഴിവിളക്കുകളാണുള്ളത്. ഇവയുടെ വാർഡുതിരിച്ചുള്ള വിവരങ്ങൾ പട്ടിക 4ൽകൊടുത്തിരിക്കുന്നു.

ഈ വഴിവിളക്കുകളിൽ ഭൂരിഭാഗം അറ്റകുറ്റ പണികളുടെ അഭാവംമൂലം കത്താറില്ല.

പുതിയകണക്ഷനുവേണ്ടി പണമടച്ചു കാത്തിരിക്കുന്നവർ

പട്ടിക 2 നിലവിലുള്ള ഉപഭോക്താക്കളുടെ വിവരം

ക്രമനമ്പർ	വിഭാഗം	ഉപഭോക്താക്കളുടെ എണ്ണം
1	ഗാർഹികം	3452
2	വ്യാപാരം	180
3	വ്യാവസായികം	19
4	കാർഷികം	16
	ആകെ	3667

പട്ടിക 3

തൻവർഷം നൽകിയ കണക്ഷനുകൾ

ഇനം	പുതിയകണക്ഷനുകളുടെ എണ്ണം
ഓർഡിനറി	157
O.T.P	20
O.Y.E.C	35
ആകെ	212

പട്ടിക4

വഴിവിളക്കുകളുടെ വിവരം

വാർഡ് നമ്പർ	സോഡിയം വേപ്പർ	മെർക്കുറി വേപ്പർ	ട്യൂബ്	ബൾബ്	ആകെ
1	ഇല്ല	ഇല്ല	2	33	35
2	–	–	2	38	40
3	–	–	ഇല്ല	30	30
4	–	–	–	34	34
5	–	–	2	48	50
6	–	–	4	36	40
7	–	–	2	38	40
8	–	–	2	28	30
9	–	–	2	38	40
10	–	–	2	38	40
11	–	–	2	43	45
		ആകെ	20	404	424

പട്ടിക 5 പുതിയ കണക്ഷന് അപേക്ഷനൽകി കാത്തിരിക്കുന്നവർ

ഇനം	ഇല:മേ: സെക്ഷൻ, വെളിയം	ഇല:മേ:സെക്ഷൻ വാളകം	ഇല:മേ:സെക്ഷൻ, ആയുർ	ആകെ
ഓർഡിനറി	25	41	200	266
O.T.P	3	2	20	25
O.Y.E.C	12	2	40	54
ആകെ	40	45	260	345

ഓർഡിനറി 266,OTP25, OYEC 54 എന്നിങ്ങനെ ആകെ 345പേരാണ്.(പട്ടിക 5)

എന്നുവരെ അപേക്ഷിച്ചവർക്ക് കണക്ഷൻ ലഭിച്ചുവെന്നവിവരം പട്ടിക 6ൽ കൊടുത്തിരിക്കുന്നു.

പട്ടിക 6 എന്നുവരെ അപേക്ഷിച്ചവർക്ക് കണക്ഷൻ ലഭിച്ചുവെന്നവിവരം.

ഇലക്ട്രിസിറ്റി ഓഫീസിന്റെ പേര്	ഓർഡിനറി		OTP		OYEC	
	(OH പോസ്റ്റ്വേണ്ടത്)	(WP പോസ്റ്റ് വേണ്ടാത്തത്)	OH	WP	OH	WP
ഇല: മേജ:സെക്ഷൻ വെളിയം	10/91	30.9.94	3/95	4/96	4/9	69/96
ഇല:മേജ:സെക്ഷൻ വാളകം	30.9.91	5.8.94	17.10.95	5/96	10.10.96	11/96
ഇല:മേജ:ആയൂർ	12.11.90	10.10.94	19.8.95	31.10.96	20.12.95	31.10.96

വൈദ്യുതി എത്താത്ത മേഖലകൾ

വാർഡ് 1

ഊറ്റുകുഴി കുന്നുംപുറം, പുളിയറ, വടക്കേവിള, പുളിയറ കുന്ന്, ഇടത്തറപണ-വടക്കേവിള

വാർഡ് 2

കാരാളികോണം-പൂതൂർ, കാരാളികോണം-ചന്തറോഡുവഴി പടിഞ്ഞാറ്റിൻകര ഏലാവരെ, അമ്പലമുക്ക്-പടിഞ്ഞാറെകുമ്പഴ മേഖല, ചിറമുക്ക്-വളവിൽ(പൂതൂർഭാഗം), ആക്കാപൊയ്ക-പൂതത്താൻ കാവ്റോഡ്

വാർഡ് 3

ലക്ഷംവീട് ഭാഗം,മഠത്തിൽ വടക്കേക്കര ഹരിജൻകോളനി, കുരിയോട്, കൈമൂട്ടിൽഭാഗം, തോഴിക്കോട്, കുന്നത്തുപച്ചിയിൽ ഭാഗം, കുരിയോട്ട് പച്ചമൂലയിൽ

വാർഡ് 4

തേവൻകോട്, കണ്ണംകോട്, മാമൂട്-ആക്കൽകോളനി, കണ്ണംകോട്-മലങ്കുണ്ടയം, ചാവരുകാവ് ഏരിയാ, ചെറിയവെളിനല്ലൂർ ആയിരവല്ലിപ്പാറ, കോമൺപ്ലോട്ട്, കൊല്ലുകോണം വളവ്

വാർഡ് 5

കൊച്ചുകോണം ഭാഗം, പട്ടംകോട്ട് ഭാഗം, കൊല്ലുകോണം-കാരയ്ക്കൽ വരെ,ഇലവുംമൂട്ടിൽ, പൂതൂർ കലുങ്കുമുതൽ പാറയ്ക്കാട്ട് വാതുക്കൽ വരെ

വാർഡ് 6

അയന്തിയിൽ, ചാന്തോന്നിക്കാവ്, കളീയ്ക്കൽ, കുളമുടി, കൂലിക്കോട്, കാഞ്ഞിരോട്, കോട്ടംകുന്ന്, പാതിരാപൊയ്ക, വെള്ളാവൂർ, കൊപ്പാറ, കിഴുവറ്റ

വാർഡ് 7

കൈതയിൽ കുന്നുംപുറം ഇടവഴിയ്ക്കൽ, വാളിയോട് പോസ്റ്റാഫീസിന് തെക്കുവശം, സൊസൈറ്റി ജംഗ്ഷൻ, അമ്പലംകുന്ന് -പുയപ്പള്ളി റോഡിന് സമീപം പുരമ്പിൽ തോട്ടാംക്കോണം മേഖല, കിളിക്കോട്, കിളിക്കോട് ഹരിജൻകോളനി, മലയിൽ ഭാഗം, മുത്താരംകുന്നിന് പടിഞ്ഞാറുഭാഗം,

വാർഡ് 8

താഴെപറയുന്ന വൈദ്യുതി ലൈനുകൾ കൂട്ടിയോജിപ്പിക്കുക.

1. മത്തായിമുക്ക്- ഓണോലിമുക്ക്
2. ഞാറക്കാട് - കല്ലുവെട്ടാംകുഴി
3. പാറംകോട് - പൊരുന്നക്കോണം
4. പനയംകോട് - മാങ്കോട്
5. മുക്കവല - മംഗലത്ത്

വാർഡ് 9

ആനക്കോട്ടൂർ - ഇടവരീക്കൽ ഭാഗം

മലയിൽ ഭാഗം - പാറക്കോറി വരെ

ചാങ്ങോട്, മാങ്കോട് ഭാഗങ്ങൾ

വാർഡ് 10

തെറ്റിക്കാട്ട്, തലയാറ്റുകോണം, എസ്റ്റേറ്റു ജംഗ്ഷൻ, മാലയിൽ ജംഗ്ഷൻ- ചെറുവക്കൽ, കല്ലിയോട് - ചെറുവല്ലൂർ, പാറിയിൽ കുരീക്കാട്ട് ഏല, M.L.A ജംഗ്ഷൻ- ബൈബിൾ കോളേജ്

വാർഡ് 11

ചാവരുപാറകെട്ട് ഹരിജൻ കോളനി, നെടുംപച്ച , മാടൻമുകൾ, തെറ്റിക്കാട്, ആട്ടറ, തോട്ടത്തറ

സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ.

വാർഡ് 1

നിലവിലുള്ള ലൈനുകളിൽ വിവിധ സ്ഥലങ്ങളിൽ 30 എണ്ണം സ്ഥാപിക്കണം. ഇടത്തറപണ, കാക്കതോട്ടം, കൈപ്പടകുന്ന്, തേമ്പ്രക്കോണം, വെള്ളച്ചാൽ-പൊയ്ക എന്നീസ്ഥലങ്ങളിൽ ലൈൻ വലിച്ച് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക. കിഴക്കേകോണം ഭാഗത്ത് സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.

വാർഡ് 2

നിലവിലുള്ള ലൈനുകളിൽ 17 എണ്ണം സ്ഥാപിക്കുക.

വാർഡ് 3

ആകെ 50ലൈറ്റ് സ്ഥാപിക്കണം. അർക്കന്നൂർ Jn.,ലിങ്ക്റോഡ് ഭാഗം എന്നിവിടങ്ങളിൽ സോഡിയം വേപ്പർ ലാംമ്പും മഹിളാസമാജം മുതൽ മുളയം വരെ ലൈറ്റുകൾ സ്ഥാപിക്കുക.

വാർഡ് 4

1 ചെറിയവെളിനല്ലൂർ ആക്കൽ വരെ

2 ഇലവിൻമൂട് – ചണ്ണപ്പറമ്പ്

3 തേവൻകോട് – പള്ളി– പെരുവൻ തോട്

4 ഖാദി ജംഗ്ഷൻ – പൂവത്താൻ കുഴിവരെ

5 ഇലവും മൂട് – പ്രിയദർശിനി മഹിളാസമാജം

വാർഡ് 5

1 ചിറമുക്ക് മുതൽ പൂതൂർ വരെ

2 കൂലിക്കോട് – വയലിക്കട

3 ചിറമുക്ക് വായനശാലയുടെമുന്നിൽ

4 കൂലിക്കോട് – പുള്ളിപച്ചകോളനിയിൽ

5 വെള്ളച്ചാൽ – പുഞ്ചക്കോണംറോഡ്

6 വെള്ളച്ചാൽ – ഇലന്തിവിളവാതുക്കൽ റോഡ്

7 കൊല്ലുകോണം – കാരയ്ക്കൽ റോഡ്

വാർഡ് 6

ഇളവൂർ മുളിയന്നൂർ, കൂലിക്കോട്–മുക്കവല, ചെറുവക്കൽ–ഇളമ്പലക്കോണം,മാർക്കറ്റ് ജംഗ്ഷൻ, വെള്ളാവൂർ മേഖല, പാതിരപൊയ്ക

വാർഡ് 7

കൈതയിൽ നിന്ന്, പുരമ്പിൽ വരേയും വാളിയോട് പാർക്കിൽനിന്ന് പടിഞ്ഞാറ് ഭാഗത്തേക്കും ഏകദേശം 50 സ്ട്രീറ്റ് ലൈറ്റുകൾ വേണം.

വാർഡ് 8

ഏള്ളുവിള മലയിൽ ജംഗ്ഷൻ റോഡ്, പാറംകോട് L.P.S-താമരശ്ശേരി റോഡ്, താമരശ്ശേരി ജംഗ്ഷൻ–മത്തായിമുക്ക്, കല്ലുവെട്ടാകുഴി ഞാറയ്ക്കാട്, പാറംകോട് Jn., പള്ളിജംഗ്ഷൻ.

വാർഡ് 9

മലിയൽ ഭാഗം, ചാങ്ങോട്മല സ്കൂൾ ജംഗ്ഷൻ–ചാവരുകോണം, ചാങ്ങോട്– തുണ്ടുവിള, താന്നിപൊയ്ക– ചാങ്ങോട്, പുലിക്കുഴി–കിളിത്തട്ട് മുക്ക്

വാർഡ് 10

കൂലിക്കോട് – വയലിക്കട റോഡ്, കവലയ്ക്കൽ പച്ച തോട്ടാശ്ശേരി, പൊരിയ്ക്കൽ – ചെറുവല്ലൂർ, കുരീക്കാട് – ചെറുവല്ലൂർ, ഹൈസ്കൂൾ Jn., വാർഡ് 11

തോട്ടത്തറ, കുളിഞ്ഞിയിൽ, മുരുക്കള്ളിക്കോണം, മണീമുക്ക്, ശാസ്താംമുകൾ എന്നിവടങ്ങളിൽ ട്യൂബ് ലൈറ്റ് സ്ഥാപിക്കണം. പത്തായപ്പാറ – മുരുക്കൊള്ളൂർ കോണംറോഡ്, തോട്ടത്തറ ഏലാ റോഡ്,ലൈനുകൾ ഉള്ള മറ്റ് സ്ഥലങ്ങൾ എന്നിവിടങ്ങളിൽ 30ലൈറ്റുകൾ സ്ഥാപിക്കണം.

ഹരിജൻകോളനികളുടെ വൈദ്യുതീകരണം.

ഒരു IHDP കോളനിയുൾപ്പെടെ 28 ഹരിജൻ കോളനികൾ ഉള്ളതിൽ 12കോളനികൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. കുണ്ടൂർകോളനി പുതിയതായി വൈദ്യുതീകരിച്ചു. 100വീടുകൾ വൈദ്യുതീകരിക്കാൻ നടപടിയായത് 28 കണക്ഷനുകൾ നൽകി കഴിഞ്ഞു. ഇവിടെ 20സ്ട്രീറ്റ്ലൈറ്റുകളും സ്ഥാപിക്കും. ചാവരുപാറക്കെട്ട് കോളനി വൈദ്യുതീകരിക്കാനുള്ള നടപടിയായിട്ടുണ്ട്. ഞാറയ്ക്കാട് IHDP കോളനി ഭാഗികമായി വൈദ്യുതീകരിച്ചു. തേവന്നൂർ ലക്ഷംവീടുകോളനി ഇളമാട് നല്ലാറകോളനി അർക്കന്നൂർ പാറക്കടകോളനി എന്നീവിടങ്ങളിൽ ലൈനുകൾ നിലവിലുണ്ടെങ്കിലും ഏതാനും വീടുകൾമാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. വൈദ്യുതീകരിച്ച കോളനികളുടെ വിവരംപട്ടിക 7ലും വൈദ്യുതീകരിക്കാത്തത് പട്ടിക 8ലും കൊടുത്തിരിക്കുന്നു.

ഊർജ്ജരംഗത്തെ പൊതുവായ പ്രശ്നങ്ങൾ

1 കൂടെകൂടെയുള്ള പവർകട്ട്

2 വോൾട്ടേജ് കുറവ്

3 കാലാകാലങ്ങളിൽ വിതരണശൃംഖലയിൽ വേണ്ടുന്ന അറ്റകുറ്റ പണികൾ ചെയ്യാത്തതുമൂലമുള്ള പ്രശ്നങ്ങൾ

4 പ്രസരണനഷ്ടം

5 ലഭ്യമായ ഊർജ്ജം കാര്യക്ഷമമായി ഉപയോഗിക്കാൻ ഊർജ്ജോപഭോഗത്തിൽ മിതത്വം പാലിക്കാനും ആവശ്യമായ ബോധവൽക്കരണത്തിന്റെ കുറവ്

6 വിറകിന്റെ ലഭ്യതക്കുറവും വിലകൂടുതലും

7 ചിലമേഖലകളിൽ വൈദ്യുതിയെത്താത്തത്.

8 പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിലെ വികസനബോധവൽക്കരണ കുറവ്

സാദ്ധ്യതകൾ

പുതിയ ഊർജ്ജലഭ്യതതേടുന്നതിനേക്കാൾ പ്രധാനമാണ്

പട്ടിക 6 വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

ക്രമ നമ്പർ	കോളനികളുടെ പേര്	ഉപഭോക്താക്കളുടെ എണ്ണം
1	തേവന്നൂർ സ്കൂളിന് സമീപം	11
2	തേവന്നൂർ സ്റ്റേഷൻകുന്ന്	10
3	വേങ്ങൂർ ആനക്കോട്ടൂർ	40
4	കുണ്ടൂർ	28
5	ഇളമ്മാട് നല്ലാറ	2
6	കോട്ടയ്ക്കവിള	12
7	കൊല്ലുകോണം	4
8	കൂലിക്കോട്	4
9	കിഴുവറ്റ	10
10	ഞാറയ്ക്കാട് IHDPകോളനി	3
11	ഓണോലിൽ	4
12	അമ്പലമുക്ക് ലക്ഷംവീടുകോളനി	5

പട്ടിക 7

വൈദ്യുതീകരിക്കേണ്ട ഹരിജൻകോളനികൾ

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനികളുടെ പേര്
1	I	കൈപ്പടകുന്ന്
2	I	ഇളമാട് കൊച്ചഴികംമുക്ക്
3	III	അർക്കന്നൂർ പാറക്കട ഹരിജൻകോളനി
4	III	കുന്നുംപുറം ഹരിജൻകോളനി
5	III	അർക്കന്നൂർ ലക്ഷംവീടുകോളനി
6	IV	ആക്കൽ ഹരിജൻകോളനി
7	IV	ചെറിയവെളിന്നല്ലൂർ കോളനി
8	VI	ഇളമ്പിലാകോണം
9	VI	കുളമുടി
10	VI	ഇളവൂർ ലക്ഷംവീടുകോളനി
11	VII	ഇടവഴീക്കൽ
12	VII	കിളിക്കോട്
13	VII	കൈതയിൽ
14	IX	ഇടവരിയ്ക്കൽ
15	X	തേവന്നൂർ ലക്ഷംവീടു കോളനി
16	X	തോട്ടാശ്ശേരി
17	XI	തോട്ടത്തറ ചാവരുപാറക്കെട്ട്

ലഭ്യമായ ഊർജ്ജം കാര്യക്ഷമമായി ഉപയോഗിക്കുന്നത്. എന്തിനും ഏതിനും വൈദ്യുതിയെ ആശ്രിയിക്കുന്ന പ്രവണതക്കെതിരെ ബോധവൽക്കരണം ആവശ്യമാണ്. ചെറിയദൂരം പോലും നടക്കാൻ പുതിയ തലമുറ തയ്യാറല്ല. പെട്രോൾ/ഡീസൽ വാഹനങ്ങൾക്ക് പകരം സൈക്കിൾ പോലുള്ള വാഹനങ്ങളുടെ ഉപയോഗം കൂട്ടേണ്ടതാണ്. ലൈറ്റുകളും ഫാനുകളും ഉൾപ്പെടെയുള്ള വൈദ്യുതോപകരണങ്ങൾ ആവശ്യത്തന് മാത്രം ഉപയോഗിക്കുകയും ആവശ്യം കഴിഞ്ഞാലുടൻ ഓഫാക്കുകയും ചെയ്തുകൊണ്ട് ഊർജ്ജോപഭോഗത്തിൽ കർശനമായ മിതത്വ ശീലം പ്രചരിപ്പിക്കേണ്ടതാണ്. ഈ ഭൂമികയിൽ നിന്നുകൊണ്ട് താഴെപറയുന്ന പരിഹാരസാദ്ധ്യതകൾ മുന്നോട്ട് വെയ്ക്കുന്നു.

1 ഗ്രാമീണ അടുക്കളിയിലെ മുഖ്യഇന്ധനം വിറകായിരുന്നതിനാൽ വിറകിന്റെ ലഭ്യത ഉറപ്പാക്കാൻ ആവശ്യമായ നടപിടി സ്വീകരിക്കണം. പുറംപോക്കുകൾ റോഡരുകുകൾ ഒഴിഞ്ഞുകിടക്കുന്ന പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ മരങ്ങൾ വച്ചുപിടിപ്പിക്കണം.

2 പുകയില്ലാത്ത അടുപ്പുകൾ എല്ലാ വീട്ടിലും ലഭ്യമാക്കുക. ഇവ സ്ഥാപിക്കാനും മെയിന്റനൻസ് നടത്താനും പഞ്ചായത്തു തലത്തിൽ ഒരു ടീ മിനെ പരിശീലിപ്പിക്കുക. ആഹാരം ചൂടോടെ സൂക്ഷിക്കാൻ സഹായിക്കുന്ന കച്ചിപ്പെട്ടി പോലുള്ള നാടൻ ഉപകരണങ്ങൾ പ്രോത്സാഹിപ്പിക്കുക.

ഇക്കാര്യങ്ങളിൽ സന്നദ്ധസംഘടനകളുടെ സേവനം ഉറപ്പാക്കുക.

3 സൗരോർജ്ജം കൊണ്ട് പ്രവർത്തിക്കുന്ന വിളക്കുകളും മറ്റ് ഉപകരണങ്ങളും പ്രോത്സാഹിപ്പിക്കുക. ഇതിനായി ANERT (Agency for Non Conventional Energy and Rural Technology) - ന്റെസേവനം ലഭ്യമാക്കുക.

4 ആവശ്യമായ സ്ഥലങ്ങളിൽ പുതിയ ലൈനുകൾവലിച്ച് ട്രാൻസ്ഫോമറുകൾസ്ഥാപിച്ച് വൈദ്യുതിവിതരണം കാര്യക്ഷമമാക്കുക.

5 വിതരണശൃംഖലയിൽ മെയിന്റനൻസ് ഊർജ്ജിതപ്പെടുത്തുക.

6 11 കെ.വി ഉൾപ്പെടെയുള്ള ലൈനുകളിൽ മുട്ടികിടക്കുന്നതുമായ മുട്ടാൻ സാധ്യതയുള്ളതുമായ മരക്കൊമ്പുകൾ യഥാസമയം വെട്ടിമാറ്റി പ്രസരണനഷ്ടവും അപകടസാദ്ധ്യതയും ഒഴിവാക്കുക.

7 3 ഇല്കട്രിസിറ്റി ഓഫീസുകളുമായി ബന്ധപ്പെടാൻ ജനങ്ങൾ പൊതുവിലും, പഞ്ചായത്തിന് ഭരണപരമായും ഉള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി പഞ്ചായത്തിനെ മുഴുവൻ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ ഒരു ഇലക്ട്രിക്കൽ സെക്ഷൻ പ്രവർത്തനമാരംഭിക്കുക.

8 സ്ട്രീറ്റ് ലൈറ്റുകളുടെ നിയന്ത്രണം പഞ്ചായത്തിനെ ഏൽപ്പിക്കുക.

9 ചെറിയവിളനല്ലൂർ ആയിരവല്ലി പാറയെ കേന്ദ്രീകരിച്ച് കാറ്റിൽനിന്നും സൂര്യപ്രകാശത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള സാധ്യത ആരായുക.

10 കല്ലടതണ്ണി ചെറുകിട ജലസേചനപദ്ധതി

ഈ പഞ്ചായത്തിന്റെ അരികിലൂടെ ഒഴുകുന്ന ഇത്തിക്കിരയാറ്റിൽ അണകെട്ടി വൈദ്യുതോൽപ്പാദനവും ജലവിതരണവും നടത്താനുള്ള ഒരു നിർദ്ദേശം നിലവിലുണ്ട് ഈ പദ്ധതി നടപ്പിലായാൽ വൈദ്യുതി ലഭ്യതവർദ്ധിപ്പിക്കുവാനും ജലക്ഷാമം പരിഹരിക്കാനും വളരെയേറെ പ്രയോജനകരമായിരിക്കും സർവ്വോപരി ഈ പ്രദേശത്തെ വ്യവസായിക കാർഷികരംഗത്ത് അഭൂതപൂർവ്വമായ വളർച്ചയുണ്ടാക്കാനും അത് സഹായകമാകും. അതുപോലെതന്നെ ഇവിടം ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കാനുള്ള എല്ലാസാദ്ധ്യതകളും വളരെയേറെയുണ്ട്.

11 ഊർജ്ജോപഭോഗത്തിലെ പാഴ്ചിലവുകൾ ഒഴിവാക്കാൻ ഉപഭോക്താക്കളെ ഉൾപ്പെടുത്തികൊണ്ടുള്ള സെമിനാറുകൾ സംഘടിപ്പിക്കുക.

12 വഴിവിളക്കുകളുടെ യഥാർത്ഥ ഊർജ്ജഉപഭോഗമനുസരിച്ച് ബില്ലടയ്ക്കാൻ സൗകര്യമുണ്ടാക്കുക.

13 ഒരു A.E, Line man, Over sear എന്നിവരുടെ സേവനം പഞ്ചായത്തിന് വിട്ടുതരുക.

◆◆◆

പാർപ്പിടവും സാമൂഹ്യക്ഷേമവും

5 - 7



"പാമ്പുകൾക്കുമാളമുണ്ട് പറവകൾക്കാകാശമുണ്ട്
മനുഷ്യപുത്രനു തലചായ്കാൻ മണ്ണിലിടമില്ല."

പാർപ്പിടപ്രശ്നത്തിന്റെ ഗുരുതരാവസ്ഥ മുകളിൽകൊടുത്തിരിക്കുന്ന പദ്യശകലത്തിൽ ദൃശ്യമാണ്. ഭാരതത്തിലും നമ്മുടെ സംസ്ഥാനമായ കേരളത്തിലും പാർപ്പിടപ്രശ്നം സങ്കീർണ്ണമായ ഒരു പ്രശ്നമായി അവശേഷിക്കുകയാണ്. ജനസംഖ്യയുടെ സ്ഫോടനാത്മകമായ വർദ്ധനവായിരുന്നു പാർപ്പിടപ്രശ്നം സങ്കീർണ്ണമാക്കുന്നത്.

1971-ലെ കനേഷുകുമാരി റിപ്പോർട്ടനുസരിച്ച് 1.45 കോടി ഭവനങ്ങളാണ് ഇൻഡ്യയിൽ വേണ്ടിയിരുന്നെങ്കിൽ ഇന്ന് 3.18 കോടി ഭവനങ്ങൾ പുതുതായി നിർമ്മിക്കേണ്ടിവരുന്നു. L.I.C, ഹഡ്കോ, നിർമ്മിതി കേന്ദ്രങ്ങളും ഭവനനിർമ്മാണരംഗത്ത് സ്തുത്യർഹമായ സേവനം കാഴ്ചവെയ്ക്കുന്നെങ്കിലും പാർപ്പിടപ്രശ്നം തികച്ചും ഗുരുതരമായി തുടരുകയാണ്.

മനുഷ്യന്റെ അടിസ്ഥാനമായ ആവശ്യങ്ങളുടെ പട്ടികയിൽ പ്രഥമസ്ഥാനം വഹിക്കുന്ന പാർപ്പിടപ്രശ്നത്തിൽ ഇളമ്മാടു ഗ്രാമപഞ്ചായത്തും സ്വയം പര്യാപ്തമല്ല. ഗൾഫ്പണവും കള്ളപ്പണവു പാർപ്പിടനിർമ്മാണരംഗത്ത് ഗുരുതരമായ ഒരു സ്ഥിതിവിശേഷം സൃഷ്ടിച്ചിരിക്കുകയാണ്. കൂറ്റൻകെട്ടിടങ്ങളുടെ നിരകൾ ദർശിക്കാൻ കഴിയുമെങ്കിലും ശാസ്ത്രീയമായും ചെലവുകുറഞ്ഞതുമായ കെട്ടിടങ്ങൾ നിർമ്മിക്കാനും സാധാരണജനങ്ങളുടെ പാർപ്പിടപ്രശ്നം പരിഹരിക്കാനും ആസൂത്രിതമായ ഒരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

ജാതിമത ഭേദമില്ലാതെ ഏകോദരസഹോദരങ്ങളെ പോലെ ജീവിക്കുന്ന ജനങ്ങളാണ് ഈ ഗ്രാമപഞ്ചായത്തിലുള്ളത്. ഈ പഞ്ചായത്ത് വികസനത്തിന്റെ പാതയിലേക്ക് നീങ്ങുകയാണ്. ഈ പഞ്ചയത്തിൽ ആകെ 7404 കെട്ടിടങ്ങളാണുള്ളത്. അതിൽ ആകെ വീടുകൾ 6732 ആണ്. 672കടകൾ 1637 കോൺക്രീറ്റ് കെട്ടിടങ്ങളും ഓടുമേഞ്ഞ കെട്ടിടങ്ങൾ 2237 എണ്ണവും ഓലപ്പുരകൾ 2307എണ്ണവും മറ്റുള്ള 453 എണ്ണവുമാണ്. ഇതിൽ 98കെട്ടിടങ്ങൾ ഇരുനിലകെട്ടിടങ്ങളാണ്. 2370 ഓലമേഞ്ഞ വീടുകളിൽ പലതിനും വാസയോഗ്യമായ സൗകര്യങ്ങളില്ലാത്തവയാണ് 453 വീടുകൾ തീരെവാസയോഗ്യമല്ല.



ഗൾഫ് പണത്തിന്റെ കുത്തൊഴുക്ക് മറ്റുപഞ്ചായത്തുകളിലെന്നപോലെ നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തികഘടനയെ തകിടംമറിച്ചിട്ടുണ്ട്. ഭവനനിർമ്മാണരംഗത്ത് ഈ ഗൾഫ്പണത്തിന്റെ 90% വനിയോഗിക്കുന്നു. ഈ പണം പ്രത്യൽപ്പാദനപരമായ മറ്റുമേഖലകളിൽ വിനിയോഗിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

കർഷകതൊഴിലാളികളുടേയും കശുവണ്ടി തൊഴിലാളികളുടേയും കോറിതൊഴിലാളികളുടേയും വീടുകൾ മിക്കവയും ഓലമേഞ്ഞ വീടുകളും കുടിലുകളുമാണ്. പ്രാഥമികആവശ്യങ്ങൾപോലും നിർവഹിക്കാൻകഴിയാത്തവിധത്തിലുള്ളവയാണ് അവയിൽ ഏറിയകൂറും. വീടുകളുടെ തരംതിരിച്ചുള്ള പട്ടിക വാർഡടിസ്ഥാനത്തിൽ ചുവടെചേർക്കുന്നു.

1993 മുതൽ 96വരെ വിവിധ ഏജൻസികൾമുഖാന്തരം ഇളമാട് പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ എണ്ണം 68 ആണ്. ഇനിയും പൂർണ്ണമായും വാസയോഗ്യമല്ലാത്തവീടുകളുടെ എണ്ണം ഏകദേശം 2800 ആണ്. ഇടത്തരക്കാർക്കും ദുർബലവിഭാഗക്കാർക്കും പാർപ്പിടങ്ങൾ നിർമ്മിക്കുന്നതിന് കുറഞ്ഞപലിശനിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ദുർബലവിഭാഗങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് നൽകുന്നപോലെ സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നിർദ്ദേശങ്ങൾ

1. നിയമവ്യവസ്ഥകളിൽ ലളിതമാക്കി സാധാരണക്കാർക്ക് വായ്പകൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക.

2 വായ്പകൾക്കുള്ള പലിശനിരക്ക് 10% ആയി കുറയ്ക്കുക.

3 പഞ്ചായത്തുതലത്തിൽ വസ്തുവാങ്ങി ഫ്ളോട്ടുകളായി

പട്ടിക1 വീടുകളുടെ തരംതിരിച്ചുള്ള പട്ടിക വാർഡ്തലത്തിൽ

വാർഡ്	ആകെ കെട്ടിടം	കടകൾ	വീടുകൾ	കോൺ ക്രീറ്റ്	ഓട്	ഓല	മറ്റുള്ളവ	രണ്ടുനില കെട്ടിടങ്ങൾ
1	652	20	632	126	240	237	19	10
2	733	57	676	154	232	240	43	7
3	748	40	708	149	256	255	41	7
4	869	70	799	182	250	300	60	7
5	682	80	602	126	285	162	20	9
6	708	90	618	120	200	247	40	11
7	760	70	690	212	200	232	30	16
8	751	80	671	162	220	221	60	8
9	682	75	607	198	140	213	45	11
10	819	90	729	208	214	200	95	12
ആകെ	7404	672	6732	1637	2237	2307	453	98

തവണവ്യവസ്ഥയിൽ വീടുകൾ നിർമ്മിച്ച് നൽകുക.

ഈ പഞ്ചായത്തിൽ ആകെ 25 കോളനികളായി 446കുടുംബങ്ങളും 1991ലെ സെൻസസ് പ്രകാരം 3125 അംഗങ്ങളുണ്ട്. ഇന്നുംഭവനരഹിതരായി ധാരാളം ആളുകളുണ്ട്. വിവധസ്കീമുകളനുസരിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് 1985-86മുതൽ 96വരെ കിട്ടീട്ടുള്ള വീടുകളുടെ എണ്ണം 68 ആണ്. ഭവനരഹിതരായ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട ആളുകൾക്ക് ഇനിയും വീട് നിർമ്മിച്ച് നൽകാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്. 21-ാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന നമ്മുടെ ലക്ഷ്യം എല്ലാവർക്കും പാർപ്പിടം എല്ലാവർക്കും ക്ഷേമം എന്ന മുദ്രാവാക്യം സാക്ഷാത്കരിക്കുക എന്നതാകട്ടെ.

സാമൂഹ്യക്ഷേമം

"നാടുപ്രധാനം നഗരം ദരിദ്രം
നാട്ടിൻപുറം നന്മകളാൽ സമൃദ്ധം"

ഭാരതം ഗ്രാമങ്ങളുടെ നാടാണ് ഗ്രാമങ്ങളിൽ വസിക്കുന്ന ഏതാണ്ട് 75കോടിയോളം ജനങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. ലോകജനസംഖ്യയിൽ 2-ാം സ്ഥാനത്ത് നിൽക്കുന്ന നമ്മുടെ രാജ്യത്തിന്റെ വികസനം ചിലസാമ്പത്തിക പരിഷ്കാരം കൊണ്ട്മാത്രം പരിഹരിക്കാൻ കഴിയില്ല അത്രയെറെ സങ്കീർണ്ണമാണ് നമ്മുടെ സാമൂഹിക വികസനപ്രശ്നങ്ങൾ. ഈ സാഹചര്യത്തിലാണ് ഗ്രാമീണരുടെ സർവ്വതോമുഖമായ വികസനത്തിനുവേണ്ടി അധികാരം ജനങ്ങളിലേക്ക് എന്ന മഹത് സന്ദേശവുമായി കേരളസർക്കാറിന്റെ 9-ാം പഞ്ചവൽസരപദ്ധതി രൂപം കൊള്ളുന്നത്.

ഒരു ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കുന്നത് ആ രാഷ്ട്രത്തിന്റെ സമഗ്രമായ വികസനത്തിലൂടെയാണ്. സാമൂഹിക ക്ഷേമരംഗത്ത് ആരോഗ്യ, ശുചിത്വം, വിദ്യാഭ്യാസം, സംസ്കാർ എന്നീ മേഖലകളിൽ കേരളീയർ മുൻപന്തിയിലാണെങ്കിലും സാധാരണജനങ്ങളിൽ ഭൂരിഭാഗവും ഇന്നും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരും പട്ടിണിപാവങ്ങളുമാണ്. രൂക്ഷമായ തൊഴിലില്ലായ്മയും സാമ്പത്തിക അസമത്വവുമാണ് നമ്മുടെ വികസനത്തെ വെല്ലുവിളിക്കുന്ന പ്രധാനഘടകങ്ങൾ. 1953 ൽ സെൻട്രൽ സോഷ്യൽവെൽഫയർ ബോർഡിലൂടെയും സംസ്ഥാന വെൽഫ

പട്ടിക 2 I.R.D.P സർവ്വേപ്രകാരം ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

വാർഡ്	സർവ്വെ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	ഇതിൽ എസ്.സി/ എസ്.റ്റി. കുടുംബങ്ങൾ	നാളിതുവരെ സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ എസ്.സി/ എസ്.റ്റി.	സഹായം ലഭിച്ചതുവഴി ദാരിദ്യരേഖയ്ക്ക് മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	254	32	25	5	20	5
2	233	40	20	15	10	10
3	214	24	25	8	15	10
4	272	19	15	5	8	7
5	189	16	15	10	12	3
6	425	115	15	5	10	5
7	450	138	10	5	6	4
8	330	61	23	17	10	13
9	273	51	1	3	7	3
10	382	38	15	8	8	7

യർ ബോർഡിലൂടെയും മറ്റേജൻസികളിലൂടെയും നടപ്പിലാക്കിയ പദ്ധതിമൂലം സാമൂഹിക ക്ഷേമരംഗത്ത് ചില ചലനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്നും ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം നിരവധിയാണ്. ഗ്രാമവികസനവകുപ്പുവഴി നടത്തുന്ന ദാരിദ്രനിർമ്മാർജ്ജന പരിപാടിയിൽ പ്രാധാന്യമർഹിക്കുന്നത് I.R.D.P. സർവ്വേയിലും ഇളമാട് ഗ്രാമപഞ്ചായത്തിലെ 3022 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെയാണ്. ഗ്രാമവികസന പ്രവർത്തനങ്ങൾ ഇനിയും നടത്തേണ്ടതായിട്ടുള്ള നമ്മുടെ പഞ്ചായത്ത് മുകളിലെത്തെ സർവ്വെയിൽ തെളിഞ്ഞുകാണുന്ന ന്യൂനതകൾ പരിഹരിക്കത്തക്കവിധം പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. I.R.D.P സർവ്വേ പ്രകാരം ദാരിദ്രരേഖയ്ക്ക് താഴെഉള്ളവരുടെ സ്ഥിതിവിവരകണക്ക് മുകളിൽചേർക്കുന്നു.

പദ്ധതികളെ കുറിച്ചുള്ള അജ്ഞത, അർഹതയുള്ളവർക്ക് അത് നിഷേധിക്കൽ, ലഭ്യതയ്ക്കുള്ള മാനദണ്ഡം അട്ടിമറിയ്ക്കൽ, ഉദ്യോഗസ്ഥമേഖലയിലെ അലംഭാവം, കക്ഷിരാഷ്ട്രീയങ്ങളുടെ അനൗചിത്യപരമായ ഇടപെടലുകൾ, സാങ്കേതിക കുരുക്കുകൾ തുടങ്ങിയവയാണ് നിലവിലുള്ള പദ്ധതികൾക്ക് പോരായ്മകൾ വരുത്തുന്ന ഘടകങ്ങൾ. 1992ലെ I.R.D.P സർവ്വേ പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തിയത് പല ക്രമക്കേടുകൾക്ക് വഴിതെളിക്കുന്നതിനുംഅർഹതയുള്ള

വർ അവഗണിക്കപ്പെടുന്നതിനും അനർഹരായവർക്ക് ആനുകൂല്യങ്ങൾ കിട്ടുന്നതിനും ഇടയാക്കിയിട്ടുണ്ട്. അടിസ്ഥാനവരുമാനത്തെ ആസ്പദമാക്കി ശരിയായസർവ്വേയിലൂടെ അർഹരായവർക്ക് പൂർണ്ണമായ പ്രയോജനം കിട്ടത്തക്കവിധം നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഈ സർവ്വേപ്രകാരം നമ്മുടെ പഞ്ചായത്തിൽ ആകെ 3022 കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക്താഴെയാണന്ന് കണ്ടെത്തി. ഇതിൽ 534 കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണ്. വിവധ സാമൂഹികക്ഷേമ പദ്ധതികളിലൂടെ ലഭ്യമാകുന്ന ധനങ്ങളൊന്നും ഈ കുടുംബങ്ങളുടെ ക്ഷേമൈശ്വര്യങ്ങൾക്ക് പര്യാപ്തമായിരുന്നില്ല. കാലാനുസൃതമായി ദാരിദ്രരേഖയുടെ പരിധി നിജപ്പെടുത്തുകയും സാമൂഹികക്ഷേമപ്രവർത്തനങ്ങൾ അതിനനുസരിച്ച് മെച്ചപ്പെടുത്തുകയും വേണം. ദേശസാൽകൃതബാങ്കുകളുടെ അനാസ്ഥ ഗ്രാമീണമേഖലകളിലെ വായ്പാസംവിധാനത്തെ അട്ടിമറിക്കുന്ന സാഹചര്യത്തിൽ സഹകരണബാങ്കുകളിലൂടെ കൂടുതൽ ധനസഹായം ലഭ്യമാക്കി ക്ഷേമപ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതാണ്. വർഷംതോറും ശരിയായ

പട്ടിക 3 ഭവനനിർമ്മാണത്തെ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം(ഐ.ആർ.ഡി. സർവ്വെപ്രകാരം	വിവിധ പരിപാടികളിലായി അനുവദിച്ച വീടുകൾ	പൂർത്തീകരിച്ച വീടുകൾ	പൂർത്തിയാക്കാനുള്ള വീടുകൾ	ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം
1	105	5	4	1	100
2	90	7	5	2	83
3	90	20	17	3	70
4	80	4	2	2	76
5	80	4	3	1	76
6	190	8	5	3	182
7	210	2	2	--	208
8	140	25	18	7	115
9	190	16	13	3	174
10	248	1	1	--	247

സർവ്വേയിലൂടെ യഥാർത്ഥഗുണഭോക്താക്കളെ കണ്ടെത്തണം. ബ്ലോക്കുതലത്തിലുള്ള ക്ഷേമപദ്ധതികളായ DWCRA, DRYCBM, TOOLKIT, CRSP തുടങ്ങിയവയ്ക്കും ഗുണഭോക്താക്കളെ കണ്ടെത്തുന്നത് ഇപ്രകാരംതന്നെയാവണം. പഞ്ചായത്തുകളുടെ നേതൃത്വത്തിൽ പ്രസ്തുത പരിപാടികളുടെ നടത്തിപ്പ്, കാര്യക്ഷമത എന്നിവ കാലാകാലങ്ങളിൽ വിലയിരുത്താൻ നടപടികൾ ഉണ്ടാകേണ്ടതാണ്.

സാമൂഹികക്ഷേമരംഗത്ത് റവന്യൂവകുപ്പുമുഖാന്തരം വിവിധതരം പെൻഷനുകൾ ഈ പഞ്ചായത്ത് നൽകിവരുന്നുണ്ട്. ഇതിൽ 36പേർക്ക് വാർദ്ധക്യകാലപെൻഷൻ,73പേർക്ക് വിധവാ പെൻഷൻ, 602പേർക്ക് തൊഴിലില്ലായ്മാവേതനം, 29പേർക്ക് വികലാംഗപെൻഷൻ 4പേർക്ക് അവശകലാകാരൻമാർക്കുള്ള പെൻഷൻ, 13പേർക്ക് ക്യാൻസർ പെൻഷൻ, 13പേർക്ക് ക്ഷയ രോഗി പെൻഷൻ, എന്നിവ ലഭിയ്ക്കുന്നുണ്ട്.

നിലവിൽ ഈ പഞ്ചായത്തിൽ അംഗനവാടികൾ ഇല്ല. സത്വരമായി ഈ പഞ്ചായത്തിൽ ഇവ ആരംഭിയ്ക്കണം. അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ഗർഭിണികൾക്കും പോഷകാഹാര രോഗപ്രതിരോധനടപടികൾ എന്നിവ

അംഗനവാടികൾ ആരംഭിച്ച് അതിലൂടെ ലഭ്യമാക്കണം. ആഴ്ചയിൽ കുറഞ്ഞതൊരുദിവസമെങ്കിലും ഈ അംഗനവാടികൾ ഡോക്ടറുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

◆◆◆

5 - 8

സംസ്കാരം

ഒരു മഹത്തായ സാംസ്കാരിക പാരമ്പര്യമുള്ള പഞ്ചായത്താണ് ഇളമ്മാട്. ഒരുകാലത്ത് കൊയ്തുപാട്ട്, തിരുവാതിരകളി, തലയാട്ടംകളി, കുത്തിയോട്ടം, കമ്പടികളി, കഥകളി, ഓട്ടംതുള്ളൽ, പരിചമുട്ടുകളി, നാടോടിനൃത്തം, തുടങ്ങിയകലാരൂപങ്ങളുടെ ഈണവും താളവും മുഴങ്ങികേട്ടിരുന്ന പഞ്ചായത്താണിത്. ഈ കലാരൂപങ്ങൾ ഇന്ന് ഇല്ലാതായികൊണ്ടിരിക്കുന്ന സ്ഥിതി വിശേഷമാണുള്ളത്. ഈ മേഖലയിൽ അറിവുള്ള കലാകാരൻമാർ മറ്റ് തൊഴിൽമേഖകളിലേക്ക് മാറികൊണ്ടിരിക്കുന്നു. അന്യംനിന്നുപോകുന്ന ഈ കലാരൂപങ്ങളെ സംരക്ഷിക്കേണ്ടത് നമ്മുടെ ആവശ്യമാണ്.

ഹിന്ദു-മുസ്ലീം-കൃസ്ത്യൻ വിഭാഗക്കാർ ഏകോദരസഹോദരങ്ങളെപോലെ കഴിയുന്ന ഒരു പഞ്ചായത്താണിത്. ക്ഷേത്രങ്ങൾ എല്ലാവിധ സാംസ്കാരിക പ്രവർത്തനങ്ങളുടേയും സിരാകേന്ദ്രമായിരുന്നു. കൂടിയാട്ടം, ചാക്യാർകൂത്ത്, മോഹിനിയാട്ടം, കഥകളി, ഓട്ടംതുള്ളൽ, പാഠകം, ഹരികഥ തുടങ്ങിയ നിരവധി കലാരൂപങ്ങളുടെ പ്രദർശനവേദികളും പോഷണകേന്ദ്രങ്ങളുമായിരുന്നു ക്ഷേത്രങ്ങൾ. നമ്മുടെ പഞ്ചായത്തിൽ 10ഓളം ഹൈന്ദവക്ഷേത്രങ്ങളുണ്ട്. ഇളമ്മാട് ഭരണിക്കാവിലെ മീനഭരണി, കുംഭഭരണി, മേടഭരണി മഹോത്സവങ്ങൾ പ്രസിദ്ധമാണ്. ചെറുവക്കൽ കുമ്പല്ലൂർകാവ് ധർമ്മശാസ്ത്രക്ഷേത്രത്തിലെ (ഉത്രം)തിരുനാൾമഹോത്സവം പ്രസിദ്ധമാണ്. പാറംകോട്ട തടപ്പള്ളികോണം ശ്രീദുർഗ്ഗാക്ഷേത്രത്തിന്റെ മുന്നിലായി എപ്പോഴും തിളച്ചുമറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു കുളമുണ്ട്. അതിൽനിന്ന് ശംഖും വെളുത്തമണലും എപ്പോഴും ഉയർന്നുവരുന്നു. ഇത് സംരക്ഷിക്കാൻ നടപടിവേണം. എല്ലാക്ഷേത്രങ്ങളിലും ഉത്സവങ്ങൾ നടത്താറുണ്ട്. ഉത്സവത്തോടനുബന്ധിച്ചുള്ള ഘോഷയാത്രയിൽ നാനാജാതിമതസ്തർ പങ്കെടുക്കുന്നു.



പുരാതനകാലം മുതൽക്കേയുള്ള കേരളീയജനജീവിതത്തിന്റെ ഒരു പ്രധാനപ്പെട്ട സവിശേഷത ഇവിടം മാതൃഭൂമിയാക്കിയിട്ടുള്ള വിവിധജാതിമതക്കാർ പരസ്പരം ബഹുമാനിച്ചും സ്നേഹിച്ചും സഹിഷ്ണതപുലർത്തിയും ജീവിക്കുന്നു എന്നുള്ളത്. ചട്ടമ്പിസ്വാമി, അയ്യൻകാളി, ശ്രീനാരായണഗുരു തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കളുടെ പ്രവർത്തനങ്ങൾ ഇവിടുത്തെ ജനങ്ങളെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ 3 മുസ്ലീംപള്ളികളാണുള്ളത്. ഇവർ വർഷംതോറും പെരുന്നാളുകളും കൊണ്ടാടുന്നു. സമുചിതമായി കൊണ്ടാടുന്നു. മതപ്രഭാഷണങ്ങൾ നടത്താറുണ്ട്. നബിദിനം, റംസാൻ, ബക്രീദ്, മുതലായവയാണ് ഇവരുടെ പ്രധാന ആഘോഷങ്ങൾ.

ഇന്ത്യയിലാദ്യമായി ക്രിസ്തുമതം പ്രചരിച്ചത് കേരളത്തിലാണ്. ക്രിസ്തുവിന്റെ 12 അപ്പോസ്തലന്മാരിലൊരാളായ 'ST' Thomas' ആണ് ഇവുടുത്തെ ക്രിസ്തുമത സ്ഥാപകൻ. ഏതദേശം 20-പരം ക്രിസ്തീയദേവാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വിദ്യാഭ്യാസം ആരോഗ്യപരിപാലനം, സാമൂഹികക്ഷേമം എന്നീ മേഖലകളിൽ നിസ്തുലസേവനമാണ് ഇവർ നൽകിയത്. വർഷംതോറും പെരുന്നാളുകളും കൺവൻഷനുകളും നടത്താറുണ്ട്. ക്രിസ്തുമസ്സ്, ഈസ്റ്റർ തുടങ്ങിയ വിശുദ്ധദിവസങ്ങൾ സമുചിതമായി കൊണ്ടാടുന്നു. വിവിധ ജാതിമതസ്തരായ ആളുകൾ പാർക്കുന്ന ഈ പഞ്ചായത്ത് പ്രദേശം മതസൗഹാർദ്ദ പ്രവർത്തനങ്ങൾക്ക് എന്നും ഒരു പടിമുന്നിൽനിൽക്കുന്നു എന്നത് നമുക്ക് അഭിമാനത്തിന് വകനൽകുന്നു.

ഈ പഞ്ചായത്തിലെ ചെറുവയ്ക്കൽ New life charity International ന്റെ ആഭിമുഖ്യത്തിൽ വർഷംതോറും നടത്തപ്പെടുന്ന സമൂഹവിവാഹം - ഈരംഗത്ത് ശ്രദ്ധേയവും, മാതൃകാപരവുമാണ്.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 15ഓളം ചെറുതു വലുതുമായ ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ ഉണ്ട്. ഇവയിൽ ഇളമ്മാട് യുവധാര, ചെറുവക്കൽനവജീവൻ, അർക്കണൂർ അഭിലാഷ്, തോട്ടത്തറ ഉദയ, തേവന്നൂർ വയലാർ, മണിയൻമുക്ക് M.V.T തുടങ്ങിയ കാരാളികോണം - വിക്ടറി, പാറങ്കോട് വിവേകാനന്ദ, ഈട്ടിമൂട് - ചൈതന്യ എന്നീ ക്ലബ്ബുകൾ പ്രശസ്തങ്ങളാണ്. അതോടൊപ്പം ക്രിക്കറ്റ് ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഓണക്കാലത്ത് നാട്ടിൽ ക്ലബ്ബുകൾകൂണുകളെ പോലെപൊങ്ങുന്നു. സാമ്പത്തികലാഭം മാത്രമാണ് ഇവരുടെ ലക്ഷ്യം. ആയതിനാൽ രജിസ്റ്റർ ചെയ്യാത്ത ക്ലബ്ബുകളുടെ പ്രവർത്തനം നിരുത്സാഹപ്പെടുത്തുക. ഈ ക്ലബ്ബുകളുടെ വാർഷികങ്ങൾ, ഓണം, ക്രിസ്തുമസ്സ്, നബിദിനം തുടങ്ങിയോടനുബന്ധിച്ചുള്ള പരിപാടികൾ, പഞ്ചായത്ത്സംഘടിപ്പിക്കുന്ന കേരളോത്സവം തുടങ്ങിയവയാണ് മറ്റ് സാംസ്കാരിക പരിപാടികൾ സാമ്പത്തിക പരാധീനത സാംസ്കാരിക സംഘടനകളുടെ പ്രവർത്തനങ്ങൾക്കും വളർച്ചയ്ക്കും തടസ്സം നിൽക്കുന്നു.

ധാരാളം അനുഭവങ്ങളുമുള്ള വ്യക്തികൾ ഈ പഞ്ചായത്തിലുണ്ട്. ഇവരുടെ കഴിവുകൾ പ്രയോജനപ്പെടുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പ്രശസ്ത നാടകകൃത്തും, അദ്ധ്യാപകനും, സാസ്കാരിക മേഖലയിൽ പ്രമുഖനുമായ 'തേവന്നൂർ മണിരാജ് ' M.C മത്തായിസാർ എന്നിവർ ഈ പഞ്ചായത്തിൽ വസിക്കുന്നു.

ഒരു പ്രദേശത്തിന്റെ സാംസ്കാരിക വളർച്ചയ്ക്ക് ആപ്രദേശത്തെ ലൈബ്രറികളുടെ പങ്ക് വ്യക്തമാണ്. ഏതൊരു ഗ്രാമത്തിന്റേയും വിളക്കാണ് ഗ്രന്ഥശാല. നമ്മുടെ പഞ്ചായത്തിൽ 7ലൈബ്രറികൾ പ്രവർത്തിക്കുന്നു. കൊ:വ: 1124-ാമാണ്ടിൽ 648-ാം നമ്പരായി രജിസ്റ്റർ ചെയ്ത പാറക്കാട്ടു വായനശാല ഏതാണ്ട് അരശതാബ്ദം പിന്നിടുന്നു. തുടക്കത്തിൽ തന്നെ ഹരിജനങ്ങളും സ്ത്രീകൾ അംഗങ്ങളും വായനക്കാരുമായിട്ടുള്ള ഈ വായനശാലയ്ക്ക് ഇന്ന് സ്വന്തമായി കെട്ടിടവും 5000 പുസ്തകങ്ങളും, 6ദിനപത്രങ്ങളും, 10ലേറെ ആനുകാലികപ്രസിദ്ധീകരണങ്ങളുണ്ട് സ്വന്തമായി. ആർക്കന്നൂരിലെ ബാപ്പുജി ഗ്രന്ഥശാല നിലംപതിക്കാറായി നില്ക്കുന്നു. നിലവിലുള്ള ലൈബ്രറികൾക്ക് കൂടുതൽ പുസ്തകങ്ങൾ വാങ്ങുന്നതിലേക്ക് കൂടുതൽ ഗ്രാന്റ് അനുവദിക്കുക.

ദൃശ്യമാധ്യമങ്ങളുടെ കടന്നുകയറ്റം മൂലം ഗൗരവമായ വായനകുറയുന്നു. ലൈബ്രറികളുടെ ശോച്യാവസ്ഥ, പ്രവർത്തനങ്ങളിലെ അപാകതകൾ, പുസ്തകങ്ങളുടെ കുറവ്. നിലവാരമില്ലാത്ത ആനുകാലികപ്രസിദ്ധീകരണങ്ങളുടെ അനിയന്ത്രിതമായകടന്നുകയറ്റം എന്നിവയും വായനയെ സാരമായി ബാധിയ്ക്കുന്നു.

വായനാശീലം നിലനിർത്തുന്നതിനു വേണ്ടി കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങളിൽ ഉണർവ്വ് ഉണ്ടാക്കിയെടുക്കുന്നതിലും യുവാക്കളുടെ പങ്ക് വളരെ വലുതാണ്. സാംസ്കാരിക സംഘടനകൾ ഇല്ലാത്തവാർഡുകളിൽ

ലൈബ്രറികൾ

നമ്പർ	ഗ്രന്ഥസാലയുടെ പേര് രജി. നമ്പർ	സ്ഥാപിച്ചവർഷം	അംഗങ്ങൾ	ഗ്രേഡ്	പുസ്തകങ്ങളുടെ എണ്ണം	ശരാശരി പ്രതിമാസ വിതരണം	ആനുകാലിക ഗ്രന്ഥങ്ങളുടെ എണ്ണം	മറ്റ് പ്രവർത്തനങ്ങൾ
1	നേതാജിസ്മാരക ഗ്രന്ഥശാല തേവന്തൂർ 722	1949	900	B	6000	950	6	ഇല്ല
2.	പബ്ലിക്ക് ലൈബ്രറി ചെറുവക്കൽ-1412	1952	374	C	3530	360	18	ഇല്ല
3.	ഇളമ്മാട് പഞ്ചായത്ത്പബ്ലിക് ലൈബ്രറി-2507	1958	85	A	2011	600	6	ഇല്ല
4.	സഹൃദയഗ്രന്ഥശാല ചെറിയവെളിനല്ലൂർ-1	1955	565	B	5034	750	15	ഇല്ല
4.	സഹൃദയഗ്രന്ഥശാല ചെറിയവെളിനല്ലൂർ-1							
5.	നെട്ടയംമുത്താരം കുന്ന് പഞ്ചായത്ത ലൈബ്രറി	1992			750	250		
6.	അക്കന്നൂർ ബാപ്പുജി സ്മാരകഗ്രന്ഥശാല വായനശാല 1833	1947	665	C	3740	540	12	കൃഷി പുസ്തങ്ങൾ
7	പാറംകോട്ടു വായനശാല	1124	454	B	500	1500	16	ഇല്ല

ഇത് രൂപീകരിക്കണം. ഇവിടുത്തെ കവിതാ-സാഹിത്യ-മത്സരങ്ങൾ നടത്തണം. അവ ചർച്ചചെയ്യുന്നതിനുവേണ്ടി പ്രസിദ്ധ സാഹിത്യകാരന്മാരെ പങ്കെടുപ്പിക്കാവുന്നതാണ്. അതോടൊപ്പം പുസ്തകങ്ങൾ വീടുകളിൽ എത്തിച്ചു കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്.



നാടൻ കലാകാരൻമാരെ കണ്ടെത്തി പ്രോത്സാഹനം നൽകണം. അന്യം നിന്നു കൊണ്ടിരിക്കുന്ന നാടൻകലാരൂപങ്ങൾ പുതിയതലമുറയിലേക്ക് പകരുന്നതിന് ഇത്തരം പ്രവർത്തനം ആവിശ്യമാണ്. സാംസ്കാരിക സംഘടനകളെ പഞ്ചായത്തടിസ്ഥാനത്തിൽ ഏകോപിപ്പിക്കണം.

വിദ്യാഭ്യാസരംഗം പുന:ക്രമീകരിക്കേണ്ടത് സാംസ്കാരിക വളർച്ചയ്ക്ക് അത്യാവിശ്യമാണ്. സംസ്കാരം രൂപപ്പെടുത്തുന്നതിൽ വിദ്യാലയങ്ങളുടെ പങ്ക് വളരെ വലുതാണ്. മാതൃഭാഷയായ മലയാളത്തോടുള്ള അവഗണന സാംസ്കാരിക മൂല്യച്യുതിയിലേക്ക് വഴിതെളിയ്ക്കുന്നു. ജനങ്ങളുടെ കൂട്ടായ്മ വളർത്തുന്നതിന് സാംസ്കാരിക കേന്ദ്രങ്ങളുടെ വളർച്ച സഹായകമാകും.

സാംസ്കാരക രംഗങ്ങൾക്ക് പ്രോത്സാഹനം നൽകികൊണ്ട് കലാ-കായിക രംഗങ്ങൾ സജീവമാക്കേണ്ടതുണ്ട്. കായികരംഗത്ത് നിർണ്ണായകസ്വാധീനമുള്ള പഞ്ചായത്താണിത്. ജില്ലാ-ബ്ലോക്ക്തലകായികമേളയിൽ മികച്ചപ്രകടനം കാഴ്ചവെച്ചവർ ഈ പഞ്ചായത്തിലുണ്ട്. സ്കൂൾതലത്തിൽ കായികാഭിരുചി വളർത്താനുള്ള ക്രിയാത്മക പരിപാടികളില്ല. കായിക താരങ്ങളെ പഞ്ചായത്തടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിക്കണം.

നമ്മുടെ സംസ്കാരത്തെ പാടെനശിപ്പിക്കുന്ന ഹീനകൃത്യമാണ് വ്യാജവാറ്റ്. ഇത് അവസാനിപ്പിക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ സംവിധാനം വേണം. ഇതിനുവേണ്ടി അതാതു വാർഡുമെമ്പരുടെ നേതൃത്വത്തിൽ ജനകീയകമ്മറ്റിയെടുക്കണം.



ഗ്രാമസഭകളിൽനിന്ന് വന്ന നിർദ്ദേശങ്ങൾ:

1. ഒന്നാംവാർഡിലെ യുവധാര,റംബാൻസ്, നിളആർട്സ് & സ്പോർട്സ് എന്നിവയോടനുബന്ധിച്ച് ഒരു സാംസ്കാരികകേന്ദ്രവും, ടെലിവിഷൻ സെന്ററും കുട്ടികളുടെ പാർക്കും നിർമ്മിക്കുക. ക്ലാമ്പുകൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് ധന സഹായം അനുവദിക്കുക.

2. രണ്ടാംവാർഡിലെ കാരാളികോണത്തെ ലൈബ്രറി & റീഡിംഗ് റൂമിന് നിലവിൽ സംസ്കാരികനിലയം എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. എന്നാൽ ജനങ്ങൾക്ക് സൗകര്യപ്രദമായ നിലയിൽ ലൈബ്രറി & റീഡിംഗ് റൂം എന്ന് നാമകരണം ചെയ്ത് അടിയന്തിരമായി പ്രവർത്തനം ആരംഭിയ്ക്കണം.

3. മൂന്നാംവാർഡിലെ ബാപ്പുജിസ്മാരക വായനശാലനിലം പതിക്കാറായി നില്ക്കുന്നു. ഇത് പുതുക്കിപണിയുക. കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

4. കണ്ണംങ്കോട്ട് വാർഡിലെ ചെറിയവെളിനല്ലൂരിലെ 'സഹൃദയാ ഗ്രന്ഥശാല' കൂടുതൽ സൗകര്യപ്രദമാക്കുക.

റോഡുപുറംപോക്കിലുള്ളതും 45വർഷത്തിലേറെയായി നില്ക്കുന്ന ഈ കെട്ടിടത്തിന്റെ വസ്തു അടിയന്തിരമായി പതിച്ചുനല്കുക. ഇതിനോട് ചേർന്ന് ഒരു ടെലിവിഷൻ സെന്ററും കുട്ടികളുടെ പാർക്കും സ്ഥാപിക്കുക. 5. അഞ്ചാംവാർഡിലെ പബ്ലിക് ലൈബ്രറി ഒരു റഫെറൻസ് ലൈബ്രറിയാക്കി മാറ്റുക. ഇവിടെ പൂർണ്ണചുമതലയുള്ള ഒരു ലൈബ്രറിയേനെ നിയമിക്കുക. ടെലിവിഷൻ സെറ്റ് കാര്യക്ഷമമാക്കുക. സ്റ്റേഡിയത്തോടനുബന്ധിച്ച് സാംസ്കാരികകേന്ദ്രവും സ്റ്റേജും പണികഴിക്കണം. പൂതൂർ, കോട്ടയ്ക്കുവിള എന്നീ പ്രദേശങ്ങളിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക.

6 ആറാംവാർഡിൽ സാംസ്കാരികനിലയം ഇല്ല. മാർക്കറ്റ് പ്രവർത്തിക്കുന്നിടത്ത് 50സെന്റ് സ്ഥലം ഉണ്ട്. അവിടെ ഇത് സ്ഥാപിക്കണം. ക്ലാമ്പുകൾക്ക് ആവശ്യത്തിന് സാമ്പത്തികസഹായം നല്കുക. ലൈബ്രറിയ്ക്ക് പുതിയ കെട്ടിടം ഉടൻപണിയണം. ടെലിവിഷൻ, റേഡിയോ മുതലായവ സ്ഥാപിക്കണം. ഫർണിച്ചർ ക്ഷാമം പരിഹരിക്കണം.

7.ഏഴാം വാർഡിലെ കുട്ടികളുടെ പാർക്കിൽ ഒരു T.V കാസ്ക് നിലവിലുണ്ട്. ഈ വാർഡിൽ ഏതാണ്ട് അഞ്ചോളം കായിക കലാ സാംസ്കാരിക സമിതികൾ പ്രവർത്തിച്ചിരുന്നെങ്കിലും സാമ്പത്തിക പരാധീനമൂലം പലതും പ്രവർത്തനരഹിതമാണ്. ഇവയ്ക്ക് ആവിശ്യമായ ധന സഹായവും പഞ്ചായത്തടിസ്ഥാനത്തിൽ മേൽനോട്ടവും നൽകിയാൽ ഇവ പുനരുജ്ജീവിപ്പിക്കാവുന്നതാണ്. മുത്താരംകുന്നിലും വാളിയോട് പോസ്റ്റാഫീസ് ജംഗ്ഷനിലും അംഗൻവാടികൾസ്ഥാപിക്കുക.

8. പാറംകോട് വാർഡിൽ താമസിച്ചിരുന്ന, ഓട്ടംതുള്ളൽ കലയിൽ പ്രശസ്തനായിരുന്ന പരേതനായ ശ്രീ. പാറംകോട് ഗോവി

വാളിയോട് ചിൽഡ്രൻസ് പാർക്ക്

ന്ദനാശാന്റെ നാമധേയം നിലനിർത്തത്തക്കരീതിയിൽ പഞ്ചായത്തടിസ്ഥാനത്തിൽ പൊതുജനപങ്കാളിത്തത്തോടെ ഒരു സാംസ്കാരിക നിലയം പണികഴിപ്പിച്ച് ലളിതകലകൾ അഭ്യസിപ്പിക്കുക. ഈ വാർഡിലെ വായനശാലയിൽ ആനുകാലിക ഗ്രന്ഥങ്ങളുടേയും പ്രസിദ്ധീകരണങ്ങളുടേയും എണ്ണം വർദ്ധിപ്പിക്കുക. നിലവിലുള്ള സാംസ്കാരിക നിലയത്തിൽ ബഞ്ച്, ഡസ്ക്, തുടങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കുകയും വൈദ്യുതികണക്ഷൻ ഏർപ്പെടുത്തുകയു ചെയ്യുക. റേഡിയോപാർക്ക്, ടെലിവിഷൻസെന്റർ, കുട്ടികളുടെ പാർക്ക് എന്നിവ സാംസ്കാരിക നിലയത്തോട് ചേർന്ന് സ്ഥാപിക്കുക. ഒരു മഹിളാസമാജം ആരംഭിച്ച് അതിനോട് ചേർന്ന് ഒരു ബാലവാടിയും പ്രവർത്തിപ്പിക്കുക. ഐതിഹ്യപ്രാധാന്യമുള്ള കടപ്പള്ളികോണം ജലസ്രോതസ്സ് സംരക്ഷിക്കുക.

9 വേങ്ങൂരിൽ അടിസ്ഥാനംകെട്ടിയിട്ടിരിക്കുന്ന സാസംകാരികനിലയത്തിന്റെ പണിപൂർത്തിയാക്കുക. ഇതിനോടനുബന്ധിച്ച് ഒരു വായനശാല സ്ഥാപിക്കുക. പ്രവർത്തനരഹിതമായി കിടക്കുന്ന റേഡിയോപാർക്കിന്റെ സ്ഥാനത്ത് ഒരു ടെലിവിഷൻ സ്ഥാപിക്കുക. ആനക്കൂട്ടൂർ സെറ്റിൽമെന്റ് കോളനി, ഇടവരിക്കൽ കോളനി എന്നിവിടങ്ങളിൽ ടെലിവിഷൻ സ്ഥാപിക്കുക.

10. പത്താംവാർഡിൽ നേതാജിസ്മാരക ഗ്രന്ഥശാല ഉണ്ടേങ്കിലും അവിടെ പുസ്തകത്തിന്റേയും വൈദ്യുതിയുടേയും കുറവുണ്ട്. ഇത് പരിഹരിക്കുക. ഒരു ടെലിവിഷൻ സ്ഥാപിക്കുക. വയലാർസ്മാരക കലാ കായികവേദിക്ക് സാമ്പത്തികസഹായം നൽകണം. വായനശാലയ്ക്ക് ദിനപത്രങ്ങൾ ഗസറ്റ് എന്നിവ നൽകുക.

11. പതിനൊന്നാംവാർഡിലെ തോട്ടത്തറ മിച്ചഭൂമി ഒരു കളിസ്ഥലവും കുട്ടികളുടെ പാർക്കും നിർമ്മിക്കുക. ഒരു ഗ്രന്ഥശാല സ്ഥാപിക്കുക. അതോടൊപ്പം ഒരു ടെലിവിഷൻ സെറ്റ് അനുവദിക്കുക.

12. എല്ലാ പ്രധാനപ്പെട്ട കവലകളിലും വെയിറ്റിംഗ് ഷെഡും യൂറിൻ ഷെഡും നിർമ്മിക്കുക.

13. വാർഡടിസ്ഥാനത്തിൽ കലാകായിക മൽസരങ്ങൾ നടത്തുക.

14. വളർന്നുവരുന്ന കലാ-കായിക പ്രതിഭകൾക്ക് ധനസഹായം നൽകുക.

15. നാടൻ കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുക.

16. സ്വന്തമായി സ്ഥലമുള്ള അംഗീകൃതസാംസ്കാരിക സംഘടനകൾക്ക് കെട്ടിടം പണിയുന്നതിന് ധനസഹായം അനുവദിക്കുക.

17. ഗ്രന്റിന് അപേക്ഷിച്ചിട്ടുള്ള ക്ലബ്ബുകൾക്കും സാസ്കാരിക സ്ഥാപനങ്ങൾക്കും അത് നൽകുക.

18. നാടകസംഘങ്ങൾക്ക് പ്രവർത്തിക്കാൻ ധനസഹായം നൽകുക.

19. ഓരോവാർഡിലും ലൈബ്രറിസ്ഥാപിക്കുക.

20. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം പുനരാരംഭിക്കുക.

21. സാക്ഷരതാ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുക.

22. കലാ-സാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികളെ പ്രേത്സാഹിപ്പിക്കുക.

23. വിദ്യാലയങ്ങളിലെ ലൈബ്രറികൾ കാര്യക്ഷമമാക്കുക.

24. ലൈബ്രറികളോടനുബന്ധിച്ച് സ്ഥാപിക്കുന്ന ടെലിവിഷൻ സെറ്റുകൾ റീഡിംഗ്റൂമിൽ സ്ഥാപിക്കാതിരിക്കുക.

25. സിനിമാതീയേറ്ററുകളിൽ സിനിമാആരംഭിയ്ക്കുന്നതിന് മുൻപ് സാംസ്കാരികപ്രദവും വിജ്ഞാനപ്രദവുമായ ലഘുചിത്രങ്ങൾ പ്രദർശിപ്പിക്കുക.

26. അശ്ലീല സിനിമാപോസ്റ്ററുകൾ നിരോധിക്കുക. ഇതിനായി സിനിമാ പോസ്റ്ററുകൾ പഞ്ചായത്തിൽ നിന്ന് മുദ്രവച്ച ശേഷംമാത്രം

27. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വാർഡുതോറും വിപുലമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കക.

28. പഞ്ചായത്തിൽ ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.

29. ഹരിജൻ കോളനികളോടനുബന്ധിച്ച് ടെലിവിഷൻ സെന്ററുകൾ സ്ഥാപിക്കുക.

30. പഞ്ചായത്തിന്റെ നോട്ടീസ് ബോർഡ് ഗ്രന്ഥശാലകളിലും സ്ഥാപിക്കുക.

31. വായനശാലയും കൃഷിഭവനും ബന്ധപ്പെട്ട് ചർച്ചാക്ലാസ് നടത്തുക.

32. ആരോഗ്യപരിപാലനത്തിന് ലഘുരേഖകൾ ഗ്രന്ഥശാലകൾക്ക് നല്കുക.

നമ്മുടെ പഞ്ചായത്തിന്റെ സാംസ്കാരിക വളർച്ചയ്ക്ക് മുകളിൽ പറഞ്ഞ നിർദ്ദേശങ്ങൾ ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമായിനടപ്പാക്കേണ്ടതുണ്ട്.

നാനാമേഖയിലും ഗുണപരമായ മാറ്റം സാംസ്കാരികമേഖയിലെ ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾകൊണ്ട് നമുക്ക് സാധിക്കും.

നമ്മുടെ പഞ്ചായത്തിലെ ആരാധനാലയങ്ങൾ

ഒന്നാംവാർഡ്

ക്ഷേത്രങ്ങൾ - ഇല്ല

കാവുകൾ

1 ഇലഞ്ഞിറക്കാവ്

2 തേമ്പറക്കോണം കാവ്

3 കിഴക്കേക്കോണം കാവ്

4 പനക്കോട്ടുകോണം കാവ്

5 കടയ്ക്കോട്ടുകോണം കാവ്

6 അറപ്പുര ഏലാ കാവ്

7 ഞാറക്കീഴ് കാവ്

രണ്ടാംവാർഡ്

1 ഭരണിക്കാവ് ഭഗവതി ക്ഷേത്രം ഇളമ്മാട്

2 കുമ്പഴ പേമൂർത്തി കാവ്

3 ആക്കാപൊയ്ക കാവ്

4 പൂരൂർ വലിയവീട്ടിൽ കാവ്

5 ഇരവൂർ കാവ്

6 കാരാളികോണം മുസ്ലീംജമാഅത്ത് പള്ള്

നമസ്കാര പള്ളികൾ - രണ്ട്

1 തൈക്കാവ് ജംഗ്ഷൻ - കാരാളികോണം

2 കുരിയാട് ജംഗ്ഷൻ - കാരാളികോണം

3 മദ്രസ - ഒന്ന് - കാരാളികോണം

മൂന്നാംവാർഡ്

1 കോഴിക്കോട് ഭഗവതിക്ഷേത്രം (അർക്കണൂർ ക്ഷേത്രം)

2 കോഴിക്കോട്ട് കാവ്

3 പച്ചമൂല കാവ്

4 മൂത്തേടത്ത് കാവ്

5 നാഗർകാവ്

6 ആശാരിയഴികം കാവ്

നാലാംവാർഡ്

1 ആയിരവല്ലി ക്ഷേത്രം- ചെറിയവെളിനല്ലൂർ



ഇളമാട് പഞ്ചായത്ത് സ്റ്റേഡിയം

2 ആക്കൽ ആയിരവല്ലി ക്ഷേത്രം
3 മലങ്കുണ്ടയം കാവ്
4 സെന്റ് സെബാസറ്റ്യൻ കാത്തലിക് പള്ളി
5 തേവൻകോട് മുസ്ലീം ജമാഅത്ത് പള്ളി
നമസ്കാരപള്ളികൾ - രണ്ട്
1 പാറപ്പാട് ജംഗ്ഷൻ
2 ഖാദി ജംഗ്ഷൻ
3 ആയിരവല്ലി പാറ

അഞ്ചാം വാർഡ്
1 പുള്ളുണ്ണിക്ഷേത്രം, ഇളമ്മാട്
2 പുള്ളുണ്ണി കാവ്
3 മാടൻ കാവ്
4 സെന്റ്, തോമസ് ഓർത്തഡോക്സ് പള്ളി
5 സെന്റ്, തോമസ് മലങ്കരകാത്തലിക് പള്ളി
6 ഇന്ത്യൻ പെന്തക്കോസ്ത്

ആറാംവാർഡ്
1 സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി ചെറുവക്കൽ
2 കാത്തലിക് പള്ളി
3 കുമ്പല്ലൂർകാവ് ശ്രീധർമ്മശാസ്ത്രാ ക്ഷേത്രം
4 ഇന്ത്യൻ പെന്തക്കോസ്ത്
5 ചർച്ച് ഓഫ് ഗോഡ്
6 സാൽവേഷൻ ആർമി
7 സി.എസ്.ഐ
8 ഐ.പി.സി
9 ചെറുവക്കൽ കുമ്പല്ലൂർകാവ്
10 ഇളമ്പിലാകോണത്തുപൊട്ടൻ കാവ്
11 വെള്ളടിക്കാവ് (പുതുവീട്ട് കാവ്)
12 കുറിച്ചൂട്ടിൽ കാവ്
13 പൊൻ വേലിക്കുന്നത്തു കാവ്
14 കളീയ്ക്കൽ കാവ് (കുളവും)
15 ചാന്തോന്നി കാവ്

ഏഴാംവാർഡ്
1 കിളിക്കോട് ചാവർ മൂർത്തി ക്ഷേത്രം
2 ശാലേം മർത്തോമാ പള്ളി
3 കാത്തലിക് പള്ളി
4 മുളിയന്നൂർ കാവ്

എട്ടാം വാർഡ്
1 പാറങ്കോട് മർത്തോമാപള്ളി
2 മത്തായിമുക്ക് മർത്തോമാപള്ളി
3 എരുമാൻകുന്ന് ക്ഷേത്രം
4 മഠത്തിൽ കാവ്
5 നെടുവത്തുവീട്ടിൽ കാവ്
6 കടപ്പള്ളിക്കോണം കാവ്
7 മഠത്തിൽ വീട്ടിൽ കാവ്

ഒൻപതാം വാർഡ്
1 മാർബർസൗമ ഓർത്തഡോക്സ് പള്ളി
2 സെന്റ് മേരീസ് മലങ്കരകാത്തലിക് പള്ളി
3 ഐ.പി.സി
4 ശാരോൺ
5 ചർച്ച് ഓഫ് ഗോഡ്
6 ദി പെന്തക്കോസ്ത്
7 വേർപാട്
8 ദൈവസഭ
9 ആനക്കോട്ടൂർ കാവ്

പത്താംവാർഡ്
1 സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് സുറിയാനി പള്ളി
2 തളിർമാൻകുന്ന് ദേവീക്ഷേത്രം
3 തേവന്നൂർ മുസ്ലീം ജമാഅത്ത് പള്ളി
4 ബൈബിൾ കോളേജ് കുലിക്കോട്
5 സി.എസ്.ഐ
6 മാടൻകാവ്
7 അപ്പൂപ്പൻ കാവ്

പതിനൊന്നാം വാർഡ്
1 ശ്രീ ധർമ്മശാസ്താ ക്ഷേത്രം
2 ആട്ടറ കാവ്
3 മൊട്ടല് മുകൾകാവ്

◆◆◆

5 - 9

വനിതാക്ഷേമം

കുഞ്ഞുങ്ങളെ പ്രസവിക്കുകയും പാലൂട്ടിവളർത്തുകയും ചെയ്യുകയെന്നുള്ളത് സ്ത്രീകൾക്കുമാത്രമുള്ള കഴിവാണ്. ദീർഘായുസ്സും സവിശേഷമായ രോഗപ്രതിരോധശക്തിയും പ്രകൃതി സ്ത്രീകൾക്ക് നൽകിയിരിക്കുന്നു.

പ്രാകൃതമനുഷ്യന്റെ കുടുംബബന്ധങ്ങളെപ്പറ്റി, നരവംശ ശാസ്ത്രജ്ഞരായിരുന്ന മോർഗൻ, ബച്ചോഫൻ തുടങ്ങയവരുടെ പഠനങ്ങൾ, മദ്ധ്യകാലംവരെയുള്ള മനുഷ്യസമൂഹങ്ങളിൽ സ്ത്രീകൾക്കുണ്ടായിരുന്ന പ്രാമുഖ്യത്തെ വെളിവാക്കുന്നു. പ്രാകൃതസംഘകുടുംബങ്ങളിലെല്ലാംതന്നെ ഒരുകുട്ടിയുടെ അച്ഛൻ ആരെന്ന് തീർച്ചയുണ്ടായിരുന്നില്ല. എന്നാൽ അമ്മ ആരെന്നു നിശ്ചയമായിരുന്നു. താവഴിബന്ധങ്ങളായിരുന്നു നിർണ്ണയമായിരുന്നത്. കുടുംബഭരണം സ്ത്രീക്കായിരുന്നു. മാതൃദായക്രമത്തിലൂടെയാണ് ആധുനികമനുഷ്യൻ പരിണമിച്ചുവന്നത്.

നമ്മുടെ 'അമ്മദൈവങ്ങൾ' മാതൃപ്രാമുഖ്യത്തിന്റെ ഗോത്രസ്മൃതികളാണുയർത്തുന്നത്. ആദിമദശയിൽ സ്ത്രീപുരുഷന്റെ അടിമയായിരുന്നു എന്ന ധാരണ, പതിനെട്ടാംനൂറ്റാണ്ടിലെ 'ജ്ഞാനോദയകാലം' പടച്ചുവിട്ട പമ്പരവിഡ്ഢിത്തമായിരുന്നുവെന്ന് നരവംശശാസ്ത്രജ്ഞനായ അർതർ റൈറ്റ് കണ്ടെത്തുന്നു.

ഭാരതീയസംസ്കാരത്തിൽ ഉന്നതവും ആദരണീയവുമായൊരു സ്ഥാനമാണു സ്ത്രീകൾക്കുകൽപിച്ചിരുന്നത്. സ്വന്തം ആത്മശക്തികൊണ്ട് സൂര്യനെ നിശ്ചലമാക്കിയ സാവിത്രിയും യാജ്ഞവൽക്യനുമായി വാദപ്രതിവാദം നടത്തുന്ന ഗാർഗ്ഗി - മൈത്രേയിമാരും ഭാരതസ്ത്രീത്വത്തിന്റെ മഹത്വത്തിന്റെ പ്രതീകമത്രേ. പാതിപുരുഷനും പാതിസ്ത്രീയുമായ ലോകോത്തരമായ അർദ്ധനാരീശ്വരസങ്കൽപ്പം സ്ത്രീപുരുഷസങ്കൽപ്പം സ്ത്രീപുരുഷസമത്വത്തിന്റെ ഉദാത്തമാതൃകയാണ്.

നാടോടിയായ മനുഷ്യൻ കൃഷിയും കന്നുകാലവളർത്തലും മുഖ്യതൊഴിലായി സ്വീകരിച്ചതോടെ വൻതോതിൽ ഭൗതികസമ്പത്തുവർദ്ധിച്ചു. ഈ സമ്പത്ത് ക്രമത്തിൽ സ്വകാര്യസ്വത്തായും അതിന്റെ അധിപൻ പുരുഷനായും പരിണമിച്ചു. ക്രമേണപുരുഷൻ സ്ത്രീയേയും തന്റെസ്വത്തായും അടിമയായും മാറ്റിതീർത്തു. അമ്മയും ദേവിയും ശക്തിസ്വരൂപിണിയുമായ സ്ത്രീ ക്രൂരമായും ദയനീയമായും അടിച്ചമർത്തപ്പെടുന്ന ചരിത്രം പിന്നീടിങ്ങോട്ട് കാണാം. "ന സ്ത്രീ സ്വാതന്ത്യ മർഹതി" എന്നമനുസ്മൃതിവചനം വളരെ ഉദ്ധരിക്കപ്പെട്ടിട്ടുള്ളതാണ്. കൗമാരത്തിൽ പിതാവും യൗവനത്തിൽ ഭർത്താവും വാർദ്ധക്യത്തിൽ പുത്രനും അവളെ സംരക്ഷിക്കേണ്ടതാണെന്ന് ശ്ലോകത്തിന്റെ പൂർവ്വപാദങ്ങൾ വിസ്മരിക്കപ്പെടുകയും ചെയ്തു.

വിധവയെ ചിതയിലെറിയുന്ന സതിയെന്ന ആചാരം നിലവിൽവന്നു. ദേവദാസിസമ്പ്രദായവും വേശ്യവൃത്തിയും നിലവിൽവന്നത് പുരുഷന്റെ ഭോഗതൃഷ്ണമൂലമാണ്. കുടുംബത്തിലോ സമൂഹത്തിലോ സ്ത്രീയ്ക്ക് വ്യക്തിത്വപ്രാധാന്യം കല്പിക്കാതെയായി. സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷിദ്ധമായിരുന്നു. നമ്മുടെ കേരളത്തിൽ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം ലഭ്യമായതുപോലും ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ മാത്രമായിരുന്നു.

പത്തൊൻപതാംനൂറ്റാണ്ടിന്റെ ഉത്തരാർത്ഥത്തിൽ രാജാറാം മോഹൻ റോയ്തന്റെ പുരോഗമനാശയങ്ങളെ സ്വാതന്ത്യസമരവുമായി കണ്ണിചേർത്തതോടെയാണു സ്ത്രീകളുടെ സ്ഥിതി അല്പമൊന്നുമെച്ചപ്പെട്ടത്. സ്ത്രീശക്തിയുടെ സാദ്ധ്യതയെ പൂർണ്ണമായി മനസ്സിലാക്കിയ മഹാത്മജിയുടെ പ്രേരണമൂലം ഒട്ടേറെ സ്ത്രീകൾ പൊതുരംഗത്തേക്ക് വന്നു. സരോജിനിനായിഡു, വിജയലക്ഷ്മിപണ്ഡിറ്റ്, അരുണാഅസഫ്അലി തുടങ്ങിയവർ അവരിൽചിലർമാത്രം. സ്ത്രീസമൂഹത്തിന് പൊതുവെഒരു ഉണർവ്വുണ്ടായി. പിൽക്കാലത്ത് ഒരു സ്ത്രീതന്നെ നമ്മുടെ പ്രധാനമന്ത്രി ആവുകയുംചെയ്തു. ഇതൊക്കെയാണെങ്കിലും സ്ത്രീകളുടെ അവസ്ഥ അത്രയൊന്നും മെച്ചമല്ല.

പെൺകുഞ്ഞിനെ ഭ്രൂണാവസ്ഥയിൽതന്നെ നശിപ്പിക്കാനുള്ള സംവിധാനം വൻനഗരങ്ങളിൽ ഉണ്ടത്രേ. തമിഴ്നാട്ടിലെ ഉശിലാംപെട്ടി ഗ്രാമത്തിൽ പെൺകുഞ്ഞുപിറന്നാലുടൻ അതിന്റെ വായിൽ നെന്മണിയിട്ടുകൊടുത്ത് അതിനെകൊല്ലുന്നതായി വാർത്തയുണ്ടായിരുന്നു.

ദാരിദ്ര്യത്തിന്റെയും മോശമായ ജീവിതസാഹചര്യങ്ങളുടേയും ദുരിതങ്ങൾ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ അനുഭവിക്കുന്നത്. ഇൻഡ്യയിലെ സ്ത്രീകളിൽ നല്ലൊരുഭാഗം വീടിനുപുറത്തുപോയി ജോലിചെയ്യുന്നവരാണ്. കൃഷിപ്പണിക്കുപുറമേ, കല്ലുടയ്ക്കൽ, റോഡുനിർമ്മാണം, കെട്ടിടനിർമ്മാണം, ചുമട്, തുടങ്ങിയ കഠിനജോലികളിൽ അവർ ഏർപ്പെടുന്നു. എങ്കിൽപോലും കൂലി-സേവനവ്യവസ്ഥകളുടെ കാര്യത്തിൽ അവരുടെ അവസ്ഥപുരുഷൻമാരുടേതിൽ നിന്ന് മോശമാണ്.

പട്ടിക -1

സ്ത്രീ- പുരുഷസാക്ഷരതയിലെ വ്യത്യാസം

രാജ്യം	സാക്ഷരതാനിരക്ക്	
	പുരു.	സ്ത്രീ
വെനിസ്വല	84	78
ബ്രസീൽ	76	73
അർജന്റീന	94	94
ശ്രീലങ്ക	91	81
തായിലണ്ട്	92	84
ഫിലിപ്പയിൻസ്	84	83
ഇൻഡ്യ	52	32
കേരളം	80	75

അതുമാത്രമല്ല ഇത്തരംജോലികൾക്ക് ശേഷം വീട്ടിൽചെന്നാലോ വിറകന്വേഷണം, പാചകം, വിളമ്പൽ, കുട്ടികളുടെസംരക്ഷണം,പാത്രങ്ങളും വസ്ത്രങ്ങളും കഴുകൽ തുടങ്ങിയ ജോലികളെല്ലാം സ്ത്രീതന്നെചെയ്യണം. അതിനിടെ അക്ഷരംപഠിയ്ക്കാൻ സമയമെവിടെ? വികസിതരാജ്യങ്ങളിലെല്ലാം സ്ത്രീകളുടെ സാക്ഷരത പുരുഷൻമാരുടേതിനുതുല്യമാണ്. എന്നാൽ ഇൻഡ്യയിൽ 52% പുരുഷൻമാർ സാക്ഷരായിരിക്കുമ്പോൾ 42%മാത്രമാണ് സത്രീസാക്ഷരത. കേരളംമാത്രമാണ് അതിനപവാദം (പട്ടിക-1)ഇൻഡ്യയിൽ പലയിടങ്ങളിലും സ്ത്രീസാക്ഷരതാ 20% കുറവാണ്.

വികസിതരാജ്യങ്ങളിലെല്ലാംതന്നെ ഏതു പ്രായത്തിലെ കണക്കെടുത്താലും സ്ത്രീകളുടെ എണ്ണം പുരുഷൻമാരുടെ എണ്ണത്തേക്കാൾ കൂടുതലായിരിക്കും. എന്നാൽ ഇൻഡ്യയിലാകട്ടെ (കേരളത്തലൊഴിച്ച്) 1000പുരുഷൻമാർക്ക് 927 സ്ത്രീകളേഉള്ളു. (പട്ടിക-2) ഇതുതന്നെ കുറഞ്ഞുവരുന്നതായാണ് കാണുന്നത്.

കേരളത്തിലെ വർദ്ധിച്ച അനുപാതത്തിന്റെ കാരണം ഇവിടുത്തെ വർദ്ധിച്ച സാക്ഷരതയാണ്.

എല്ലാസാമൂഹിക സന്ദർഭങ്ങളിലും ലിംഗവിവേചനം പ്രകടമാണ്. എല്ലാവീടുകളിലും ആദ്യം ഭക്ഷണംകഴിക്കുന്നത് പുരുഷൻമാരാണ്. ഒരു ദരിദ്രകുടുംബത്തിൽ കുട്ടികളുടെ ഇടയിൽപോലും പെൺകുട്ടികൾക്കാണ് കുറച്ച്ആഹാരം കൊടുക്കുന്നത്. ഒരു സ്ത്രീ വക്കീലോ, ഡോക്ടറോ, ജഡ്ജിയോ ആയാലും ജോലിസ്ഥലത്ത് വിവേചനത്തിനിരയാവുന്നു.

ഒരു സ്ത്രീ ജനിക്കുമ്പോൾ മുതൽതന്നെ അവളുടെ പിതാവ് പലേതരം ചടങ്ങുകൾക്കായി ധാരാളം പണംചെലവഴിക്കേണ്ടിവരുന്നു. നാമകരണം, ഒന്നാംപിറന്നാൾ, പ്രായപൂർത്തിയാവൽ, വിവാഹം, ആദ്യപ്രസവം എന്നിങ്ങനെ. സ്ത്രീധനം കൊടുക്കാൻ സാമ്പത്തികശേഷിയില്ലാത്തതുകൊണ്ട് വിവാഹം നടക്കാത്ത പെൺകുട്ടികളുണ്ട്. പെൺകുട്ടികൾ ബാദ്ധ്യതയും ആൺകുട്ടികൾ അസ്തിയുമാണെന്ന് പലരക്ഷിതാക്കളും കരുതുന്നു. അനാവിശ്യമായ ചടങ്ങുകളും സ്ത്രീധനം പോലുള്ള സാമൂഹികതിന്മകളും ഒഴിവാക്കാൻ സാമൂഹികസംഘടനകൾക്കു

പട്ടിക -3

പഞ്ചായത്തിലെ ജനസംഖ്യാ വിവരങ്ങൾ

വിവരണം	ആകെ	സ്ത്രീ	പുരു
മൊത്തംജനസംഖ്യ	23941	12303	11638
6വയസ്സിനു താഴെയുള്ള കുട്ടികൾ	2964	1456	1508
പട്ടകജാതി	3152	1615	1537
പട്ടികവർഗ്ഗം	5	2	3
സാക്ഷരരായവർ	18987	9474	9513
സാക്ഷരതാ ശതമാനം	79	77	82
സ്ത്രീ - പുരുഷാനുപാതം	1057		

അവലംബം : സെൻസസ് റിപ്പോർട്സ് 1991

മുൻകൈയെടുക്കാൻകഴിയും. ബോധവൽക്കരണപ്രവർത്തനങ്ങളുടെ ആവശ്യമാണ്. വിമോചനത്തിന്റെ ആദ്യായുധം അക്ഷരമാണ്. ഒരു സ്ത്രീ വിദ്യാഭ്യാസംനേടിയാലുണ്ടാവുന്ന ഏറ്റവും വലിയമാറ്റം അവളുടെ കുട്ടികളുടെ ആരോഗ്യമാണ്. 1991-ലെ സെൻസസ് കണക്കുകൾ അനുസരിച്ച് ഇളമാടുപഞ്ചായത്തിലെ സ്ത്രീകളുടെ വിവരങ്ങൾ പട്ടിക-3ൽ കൊടുത്തിരിക്കുന്നു. മൊത്തംജനസംഖ്യയുടെ 51% സ്ത്രീകളാണ്. ആറുവയസ്സിൽ താഴെയുള്ള കുട്ടികളിൽ പെൺകുട്ടികൾ 49%മാണ്. സ്ത്രീപുരുഷാനുപാതം 1057 ആണ്. ഇത് ഇൻഡ്യയിലും കേരളത്തിലും യഥാക്രമം 927ഉം 1036-ഉം ആണ്.

കണക്കുകൾ വച്ചുനോക്കുമ്പോൾ ഈ പഞ്ചായത്തിലെ സ്ത്രീകളുടെ അവസ്ഥതാരതമ്യേന മെച്ചമാണന്നു തോന്നാം. എങ്കിലും സ്ഥിതിഗതികൾ ഒട്ടും സന്തോഷകരമല്ല. രാജ്യത്തൊട്ടാകെ ഇക്കാര്യത്തിൽനേരിടുന്ന പ്രശ്നങ്ങൾ ഇവിടേയും രൂക്ഷമായി അനുഭവപ്പെടുന്നുണ്ട്.

പ്രശ്നങ്ങൾ

1 സ്ത്രീകളുടെ തൊഴിലില്ലായ്മ

2 സ്ത്രീപുരുഷസമത്വം പ്രയോഗത്തിൽവരാത്തത് സ്ത്രീകൾ പുറത്തുപോയി തൊഴിലെടുക്കുന്ന വീടുകളിലെ പുരുഷൻമാർ വീട്ടുജോലികളിൽ സ്ത്രീകളെ സഹായിക്കുന്നില്ല. കുട്ടികളുടെ ആരോഗ്യവിദ്യാഭ്യാസകാര്യങ്ങളിലും പുരുഷൻമാർ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

3 നിയമപരമായി സ്ത്രീകൾക്കുള്ള അവകാശങ്ങളെപ്പറ്റി പോലും സ്ത്രീകൾക്കുതന്നെ അവബോധമില്ല.

4 സമൂഹത്തിൽ സ്ത്രീകളുമായി ബന്ധപ്പെട്ടുള്ള ചടങ്ങുകൾ സാമ്പത്തികശേഷികുറഞ്ഞവർക്കെങ്കിലും വലിയബാദ്ധ്യതകളാണുണ്ടാക്കുന്നത്. ജനനം, പേരിടീൽ, ആദ്യജന്മനാൾ, വിവാഹം, ആദ്യപ്രസവം എന്നിവയോടനുബന്ധിച്ച് ധാരാളം പണച്ചെലവുള്ള ചടങ്ങുകളാണ് വളർന്നുവന്നുവന്നിട്ടുള്ളത്. പുത്തൻപണക്കാർ ഇത്തരം ചടങ്ങുകളെ വളർത്തികൊണ്ടുവരികായാണ്.

5 ലാഭക്കൊതിപൂണ്ട ബഹുരാഷ്ട്രകമ്പനികൾ തങ്ങളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള പരസ്യങ്ങൾക്ക് ഏറ്റവുംകൂടുതൽ ഉപയോഗിക്കുന്നത് സ്ത്രീകളേയും കുട്ടികളേയുമാണ്. മാദ്ധ്യമങ്ങൾ എല്ലായിടത്തും കടന്നുചെന്നിട്ടുള്ളതുകൊണ്ട് പരസ്യങ്ങൾ സൃഷ്ടിക്കുന്ന ഉപഭോഗസംസ്കാരത്തിന്റെ പ്രത്യാഘാതങ്ങൾ സ്ത്രീസമൂഹത്തെ മൊത്തത്തിൽ ബാധിക്കുന്നു.

6 വിലകൂടിയ വസ്ത്രങ്ങളും ആഭരണങ്ങളും മറ്റ് സൗന്ദര്യവർദ്ധകസാധനങ്ങളും ധരിച്ചഒരു പ്രദർശനവസ്തുവായി മാറാനുള്ള മാനസികാവസ്ഥ സ്ത്രീകളിൽ വളർന്നുവന്നിട്ടുണ്ട്. ഇതിനെതിരെ ശക്തമായ ബോധവൽക്കരണം ആവശ്യമാണ്.

7 സ്ത്രീകളുടെ നിരക്ഷരത. സാക്ഷരതായ സ്ത്രീകൾപോലും അവരുടെ കഴിവിനെവളർത്തിയെടുക്കുന്നതിനു പകരം പൈങ്കിളിസാഹിത്യത്തിൽ മുഴുകി സമയം കളയുന്നു.

8 അടുക്കളയിലെ കഷ്ടതകൾ മാറ്റിയെടുക്കാൻ ഊർജ്ജിതശ്രമമില്ല.

9 കശുവണ്ടിതൊഴിലാളികൾ പാറതൊഴിലാളികൾ തുടങ്ങിയവരിൽ തൊഴിൽജന്യരോഗങ്ങൾ കണ്ടുവരുന്നു.

10 അമ്മമാരുടേയും കുഞ്ഞുങ്ങളുടേയും ആരോഗ്യത്തിലുള്ള ശ്രദ്ധക്കുറവ്.

11 പുരുഷൻമാരുടെ മദ്യപാനംമൂലം സ്ത്രീകൾക്കുണ്ടാവുന്ന കഷ്ടതകൾ

12 വർദ്ധിച്ചുവരുന്ന ആത്മഹത്യാനിരക്ക്

13 സാങ്കേതികവിദ്യാഭ്യാസത്തിനുള്ള സാധ്യതക്കുറവ്.

14 സ്ത്രീകൾക്ക് AIDS ബാധിക്കാനുള്ള സാദ്ധ്യത കൂടുതൽ

പരിഹാരസാദ്ധ്യതകൾ

1 സ്ത്രീകളുടെ തൊഴിൽസാദ്ധ്യതകൾ വർദ്ധിപ്പിക്കുക. ഇതിനായി വനിതാവികസനകോർപ്പറേഷൻ, ഹൊൾട്ടികൾച്ചർ കോർപ്പറേഷൻ എന്നിവയുടെ സഹായംതേടാം. DWCRA യുടെ യൂണിറ്റുകൾ സ്ഥാപിക്കാം.

വനിതകൾക്കായുള്ള സഹകരണസംഘം അത്യാവിശ്യമാണ്. വനിതാവ്യവസായ സഹകരണസംഘവും ആരംഭിക്കാവുന്നതാണ്.

2 സ്ത്രീകൾക്കായി സാങ്കേതികപരിശീലന സ്ഥാപനം തുടങ്ങുക.

3 പാരാമെഡിക്കൽകോഴ്സുകൾക്ക് പരിശീലനം നൽകുക.

4 സ്ത്രീകൾക്കായി പ്രത്യേക തൊഴിൽപരിശീലന ക്ലാസുകൾസംഘടിപ്പിക്കുക.

5 ഔഷധത്തോട്ടങ്ങൾ, അടുക്കളത്തോട്ടങ്ങൾ എന്നിവഉണ്ടാക്കി പരിപാലിക്കാനാവിശ്യമായ എല്ലാസഹായവും ചെയ്തുകൊടുക്കുക.

6 പരിപൂർണ്ണമായ സ്ത്രീസാക്ഷരത ഉറപ്പാക്കുക. നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസം നൽകുക.

7 സ്ത്രീകളുടേയും കുട്ടികളുടേയും ആരോഗ്യം ഉറപ്പാക്കാൻ വേണ്ടി പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം സജീവമാക്കുക.

8 കശുവണ്ടിതൊഴിലാളികളുടെ കുട്ടികൾക്കായി ക്രഷേകൾ സ്ഥാപിക്കുക. ഉള്ളവ ഫലപ്രദമാക്കുക.

9 ഓരോവാർഡിലും ഈരണ്ട് അംഗനവാടികൾ സ്ഥാപിക്കുക.

10 കശുവണ്ടി, പാറ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളിൽ കണ്ടുവരുന്ന തൊഴിൽജന്യരോഗങ്ങൾ ആരംഭത്തിൽ തന്നെകണ്ടുപിടിച്ചു ചികിത്സിക്കുന്നതിനു നടപടികളെടുക്കുക.

11 സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ള നിയമങ്ങളെ പറ്റി സ്ത്രീകളേയും പുരു

ഷൻമാരേയും മനസ്സിലാക്കാൻ ആവശ്യമായ ബോധവൽക്കരണം നടത്തുക.

12 സ്ത്രീ-പുരുഷസമത്വത്തിന്റെ ആവശ്യകതയും സാദ്ധ്യതകളും പുരുഷൻമാർക്കുകൂടി ബോധ്യംവരത്തക്കവണ്ണം പ്രചരണങ്ങൾ സംഘടിപ്പിക്കുക.

13 സ്ത്രീധനസമ്പ്രദായം, ആഭരണഭ്രമം, സൗന്ദര്യത്തെപ്പറ്റിയുള്ള മിദ്ധ്യാധാരണകൾ എന്നിവഒഴിവാക്കാനാവിശ്യമായ ബോധവൽക്കരണവും പ്രചരണവും സംഘടിപ്പിക്കുക.

14 സ്ത്രീകളുടേയും കുട്ടികളുടേയും പരസ്യകമ്പോളത്തിലെ ഉപകരണങ്ങളാക്കുന്ന ഉഭപോക്തൃസംസ്കാരത്തിനെതിരെ സാംസ്കാരിക മുന്നേറ്റത്തിനാവിശ്യമായ നടപടികൾ എടുക്കുകയും സ്ത്രീകളേയും കുട്ടികളേയും പരസ്യോപാധികളാക്കുന്ന പരസ്യങ്ങൾ നിരോധിക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുക.

15 സമ്പൂർണ്ണമായ മദ്യനിരോധനം നടപ്പാക്കുക.

16 വാർദ്ധക്യകാലപെൻഷൻ, വിധവാപെൻഷ്യൻ, എന്നിവ അർഹതപ്പെട്ടവർക്ക് ലഭ്യമാക്കുക.

17 വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം യഥാസമയം ലഭ്യമാക്കുക.

18 അവശരും ആലമ്പഹീനരുമായ സ്ത്രീകൾക്കായി ഒരു ശരണകേന്ദ്രം ഉണ്ടാക്കുക.

19 AIDS ബോധവൽക്കരണം വ്യാപമായി നടപ്പാക്കുക.

20 എല്ലാവീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ നടപടിയെടുക്കുക. ഇവസ്ഥാപിക്കാനും മെയിന്റനൻസ് നടത്താനുമായി ഒരു ടീമിനെ പരിശീലിപ്പിക്കുക.

◆◆◆

5 - 10

സഹകരണമേഖല

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ റോബർട്ട് ഓവൻ എന്ന മഹാൻ രൂപംനൽകി ആരംഭിച്ചതാണ് സഹകരണപ്രസ്ഥാനം. ശൈശവദശയിൽ ആയിരുന്ന സഹകരണപ്രസ്ഥാനം കടലുകളുടെ സീമകൾ താണ്ടി സമസ്ത മനുഷ്യജീവിത വ്യാപാരമേഖലകളേയും പുൽകി പുണർന്ന് വളർന്നുകഴിഞ്ഞു. സാമ്പത്തികവ്യവസ്ഥയുടെ സ്വഭാവം എന്തുതന്നെയിരുന്നാലും സമസ്ത ജീവിതവ്യാപാരത്തിന്റെയും സമ്പദ്‌വ്യവസ്ഥയുടെയും നിർണ്ണായക ഘടകമായി മാറിയിരിക്കുന്നു ഇന്ത്യയിലെ സഹകരണപ്രസ്ഥാനം. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദിശയിൽ ഭാരതത്തിൽ പിറവിയെടുത്ത് എല്ലാ മേഖലകളിലും ഒരു നിർണ്ണായക ഘടകമായിമാറിയിരിക്കുന്നു സഹകരണ പ്രസ്ഥാനം. ഇന്ത്യയ്ക്കാകെ മാതൃകയായി ഉയർത്തിപ്പിടിക്കാവുന്ന നാനാ മുഖങ്ങളിലുള്ള വളർച്ച കൈവരിച്ച ഒരുപക്ഷേ, ലോകത്തിന് മുന്നിൽ ഇന്ത്യയ്ക്ക് ഉയർത്തിക്കാണിക്കാവുന്ന സമഗ്രതലസ്പർശിയായ സഹകരണപ്രസ്ഥാനമാണ് കേരളത്തിലേത്. സാമ്പത്തിക വിഭവ ആസൂത്രണത്തിനും വിനിമയത്തിനും ഏറ്റവും കൂടുതൽ സംഭാവന ചെയ്യാവുന്ന മേഖല ഗ്രാമതലം മുതൽ വേരുകളുള്ള കേരളത്തിലെ സഹകരണ പ്രസ്ഥാനം മാത്രമാണ്.

നമ്മുടെ പഞ്ചായത്തിൽ ഇളമാട് സർവ്വീസ് സഹകരണ ബാങ്ക് ക്യു.-382, നെട്ടയം-പറങ്കോട് ക്ഷീരവികസന സംഘം നം. ക്യു. ഡി-35 ദി മൈലോട് നാഷണൽ ഹാന്റ് ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി-ലിമിറ്റഡ് നം. 3452, നെട്ടയം ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് സഹകരണസംഘം ക്ലിപ്തം No. C-INDQ-32, ഇളമാട് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്യു.793, കോട്ടയ്ക്കവിള ക്ഷീരവ്യവസായ സഹകരണസംഘം ക്യു-176 (ഡി) ആപ്കോസ്, ഇളമാട് പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം ക്യു.936, തിരുവനന്തപുരം സർവ്വോദയസംഘം ഖാദി ഉൽപ്പാദനകേന്ദ്രം കണ്ണങ്കോട്, അർക്കന്നൂർ ക്ഷീരോൽപ്പാദക സഹകരണസംഘം ക്യു.90-ഡി, ഇളമാട് പഞ്ചായത്ത് സെറികൾച്ചർ സഹകരണസംഘം ഇവയാണ് നമ്മുടെ പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങൾ. ഇവയിൽ ഭൂരിഭാഗവും ഇന്ന് പ്രവർത്തനരഹിതമാണ്.



ഇളമ്മാട് സർവ്വീസ് സഹകരണബാങ്ക്

കൊല്ലം ജില്ലാ സഹകരണ ബാങ്ക്, കൊട്ടാരക്കര അർബൻ ബാങ്ക്, കാർഷിക ഗ്രാമവികസന ബാങ്ക് കൊട്ടാരക്കര ശാഖ, ചടയമംഗലം ഹൗസിംഗ് സഹകരണസംഘം എന്നീ സ്ഥാപനങ്ങളിൽനിന്നും ഈ പഞ്ചായത്ത് നിവാസികൾക്ക് കാർഷികവും, കാർഷികേതരവുമായ വായ്പകൾ നൽകിയിട്ടുണ്ട്.

ഇളമാട് സർവ്വീസ് സഹകരണ ബാങ്ക് 17-11-1967 ലാണ് രജിസ്റ്റർ ചെയ്തത്. ആ കാലഘട്ടത്തിൽ കൊട്ടാരക്കര താലൂക്കിൽ ഇളമാട് പഞ്ചായത്തിൽ മാത്രമേ ഒരു സർവ്വീസ് സഹകരണ സംഘം ഇല്ലാതിരുന്നുള്ളൂ. അന്ന് കൊട്ടാരക്കര അസിസ്റ്റന്റ് രജിസ്ട്രാർ ആയിരുന്ന ശ്രീമാൻ. ജി.കൃഷ്ണപിള്ള അവർകൾ അന്നത്തെ ഇളമാട് പഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീമാൻ ആർ.പത്മനാഭൻ നായർ അവർകളെ ഈ പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണസംഘം രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി പേരിപ്പിക്കുകയും അങ്ങനെ അദ്ദേഹത്തിന്റെ അക്ഷീണ ശ്രമ ഫലമായി ഒരു സർവ്വീസ് സഹകരണസംഘം രൂപീകരിച്ച് 17-11-1967ൽ രജിസ്റ്റർ ചെയ്തു. ദീർഘകാലം ശ്രീമാൻ ആർ.പത്മനാഭൻ നായർ പ്രസിഡന്റായി ഈ സംഘത്തിന് ഇളമാട് ചിറമുക്കിൽ മുന്ന് സെന്റ് വസ്തുവും ഒരു കെട്ടിടവും വെള്ളച്ചാലിൽ 10 സെന്റ് വസ്തുവും ഇപ്പോൾ ബാങ്ക് പ്രവർത്തിക്കുന്ന 20 സെന്റ് വസ്തുവും മനോഹരമായ ഒരു മന്ദിരവുമുണ്ട്.

9165 അംഗങ്ങൾ ഈ ബാങ്കിൽ ഇപ്പോൾ നിലവിലുണ്ട്. ബൈലാ അനുസരിച്ച് 31ലക്ഷം രൂപ അംഗീകൃതമൂലധനമാണ്. എന്നാൽ പിരിഞ്ഞടഞ്ഞിട്ടുള്ള ഓഹരി മൂലധനം പത്തുലക്ഷത്തി ഇരുപത്തി ഒൻപതിനായിരത്തി പതിനഞ്ച് രൂപയാണ്. നിക്ഷേപയിനത്തിൽ 63ലക്ഷം (അറുപത്തിമൂന്ന്ലക്ഷം രൂപയും) ബാങ്കിൽ നിലവിലുള്ളപ്പോൾ വിവിധയിനം വായ്പകളിലായി 1കോടി രൂപ ബാങ്കിൽനിന്നും അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

അർബൻ ബാങ്ക് കൊട്ടാരക്കര ഇളമാട് പഞ്ചായത്തിൽ നൽകിയിട്ടുള്ള വായ്പകൾ

1-4-1995 മുതൽ 31-3-1996വരെ 59പേർക്കായി 12,96,500/-രൂപ ഈ പഞ്ചായത്തിലെ ആളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ആകെ 95 പേർക്കായി 22,33,500 രൂപ ലോണായി നമ്മുടെ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

കാർഷിക ഗ്രാമവികസന ബാങ്ക് കൊട്ടാരക്കര ശാഖ

1995-96, 1996-97 ഈ വർഷങ്ങളിൽ 28 പേർക്കായി 3,07,200/- (മൂന്നുലക്ഷത്തി ഏഴായിരത്തി ഇരുന്നൂറ്) രൂപ കാർഷിക വായ്പയായും 1,10,000/-രൂപ 3 പേർക്ക് കാർഷികേതര വായ്പയായും ഒരാൾക്ക് 2 ,79,000/- രൂപ വെഹിക്കിൾ ലോണായും വിതരണം ചെയ്തിട്ടുണ്ട്. ആകെ 32 പേർക്ക് 6,97,200/- രൂപ ഈ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

ജില്ലാ സഹകരണ ബാങ്ക് ചടയമംഗലം ബ്രാഞ്ച്

ഗൃഹോപകരണങ്ങൾ വാങ്ങുന്നതിന് 11 പേർക്ക് 3,60,000 രൂപയും, 15 പേർക്ക് ഹൗസിംഗ് ലോണായി 12,39,000 രൂപയും 24 പേർക്ക് ബിസിനസ് ലോണായി 29,20,000 രൂപയും ഒരാൾക്ക് വെഹിക്കിൾ ലോണായി 2 ,00,000 രൂപയും അങ്ങനെ 51 പേർക്കായി 47,19,000 രൂപ ഈ പഞ്ചായത്തിൽ വിതരണം നടത്തിയിട്ടുണ്ട്.

ഇളമാട് പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം ക്യു. 936

ആകെ മെമ്പർഷിപ്പ് : 170

ആകെ ലോൺ : 1,31,000

ലോൺ എടുത്ത ആകെ അംഗങ്ങൾ : 130 പേർ

പ്രവർത്തന മൂലധനം : 2,00,000

ഗവൺമെന്റ് ഷെയർ : 10,000

ഇളമാട് സർവ്വീസ് സഹകരണ ബാങ്ക് ക്യു.382

1991 മുതൽ 1996 നവംബർ മാസംവരെ നൽകിയിട്ടുള്ള വിവിധയിനം വായ്പകൾ

ലോൺ	91- 92	92- 93	93- 94	94- 95	95- 96	96- 97 30-11-96
ST	406145	634425	1827750	4314267	5834766	2333605
MT	--	--	370352	547173	1998000	--
LT	--	--	242990	3664424	48963	--
Total	406145	634425	2441092	8525864	7881729	2333605

പിരിഞ്ഞടഞ്ഞ ഓഹരി മൂലധനം : 11,760

ഈ സംഘത്തിന്റെ പ്രവർത്തനം നഷ്ടത്തിലാണ്.

കോട്ടയ്ക്കവിള ക്ഷീരവ്യവസായ സഹകരണ സംഘം ക്യു. 176 ഡി. ആപ്കോസ്

ആകെ മെമ്പർഷിപ്പ് : 205

ഒരുദിവസം ശേഖരിക്കുന്ന പാൽ : 280 ലിറ്റർ

പഞ്ചായത്തിൽത്തന്നെ വിൽക്കുന്നത് : 115 ലിറ്റർ

പുറത്തേയ്ക്ക് അയക്കുന്നത് : 165 ലിറ്റർ

ലാഭത്തിൽ പ്രവർത്തിക്കുന്ന ഒരു സംഘമാണ്. ലാഭവിഹിതം കർഷകർക്ക് ബോണസ്സായി 65% തിരികെ നൽകുന്നു. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. പാൽ ഉൽപ്പന്ന നിർമ്മാണ യൂണിറ്റ പ്രവർത്തിക്കുന്നു. നാല് വനിതകൾക്ക് ലാഭവിഹിതത്തിന്റെ അടിസ്ഥാനത്തിൽ വേതനം നൽകുന്നു.

നെട്ടയം-പാറങ്കോട് ക്ഷീരസംഘം ക്യു.35ഡി

അർക്കന്നൂർ ക്ഷീരോൽപ്പാദക സഹകരണസംഘം Q.90-D

ഒരുവിധം നല്ലരീതിയിൽ അടുത്ത സമയം വരെ പ്രവർത്തിച്ചിരുന്നു. കാലിത്തീറ്റ വിൽപ്പന കേന്ദ്രം ഈ സംഘത്തിന്റെ മേൽനോട്ടത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ യാതൊരുവിധ പ്രവർത്തനവുമില്ല.

തിരുവനന്തപുരം സർവ്വോദയ സംഘം ഖാദി ഉൽപ്പാദനകേന്ദ്രം - കണ്ണങ്കോട്

15 തൊഴിലാളികൾ ഈ സ്ഥാപനത്തിൽ പണിയെടുക്കുന്നു. സ്വന്തമായി 50 സെന്റ് പുരയിടവും ഒരു കെട്ടിടവുമുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്നു.

നെട്ടയം ഖാദി ആന്റ് വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം നമ്പർ - C-I.N.D.Q - 32

135 പേർ അംഗങ്ങളായി ഈ സംഘത്തിൽ ഉണ്ട്. 30-6-94 വരെ ആഡിറ്റ് നടന്നിട്ടുണ്ട്. 47.17രൂപ നീക്കിയിരിപ്പ് ഉണ്ട്. ഇപ്പോൾ യാതൊരുവിധ പ്രവർത്തനവുമില്ല.

മൈലോട് നാഷണൽ ഹാന്റ്ലൂം വീവേഴ്സ് ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ Q-342

ആകെ മെമ്പർഷിപ്പ് - 331

ഫാക്ടറിയ്ക്കുള്ളിൽ പ്രവർത്തനമില്ല. കൂലിയും നൂലും വ്യവസ്ഥയിൽ വീടുകളിലിരുന്ന് മെമ്പറന്മാർ നെയ്തുകൊണ്ടുവരുന്ന സാധനങ്ങൾ തൂക്കിയെടുക്കുന്നു. ഇപ്പോൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു. ജോലിക്കാരുടെ ദൗർലഭ്യം പ്രവർത്തനസ്തംഭനത്തിലാക്കി. പുതുതായി ആളുകളെ എടുത്ത് പഠിപ്പിക്കുന്നതിന് ഒരു ട്രെയിനിംഗ് സെന്ററിന് അപേക്ഷിച്ചിട്ടുണ്ട്. അമ്പലംകുന്ന് കേന്ദ്രമാക്കി ഒരു ഡിപ്പോ സ്ഥാപിച്ചിട്ടുണ്ട്.

കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി Q-793 ഇളമാട്

നല്ലനിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇപ്പോൾ പ്രവർത്തനരഹിതമാണ്.

നെട്ടയം-പാറകോട് ക്ഷീരസംഘം

നെട്ടയം ഖാദി & വില്ലേജ് ഇൻഡസ്ട്രിയൽ സഹകരണസംഘം അർക്കന്നൂർ ക്ഷീരോൽപ്പാദക സഹകരണസംഘം ഇളമാട് പഞ്ചായത്ത് സെറികൾച്ചർ സഹകരണസംഘം ഇളമാട് കൺസ്യൂമർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ ഇന്ന് പ്രവർത്തനരഹിതമാണ്.

മൈലോട് നാഷണൽ ഹാന്റ്ലൂം ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കണ്ണങ്കോട് സർവ്വോദയ സംഘം ഖാദി ഉൽപ്പാദന കേന്ദ്രം എന്നിവ ഇന്നും നഷ്ടത്തിൽ പ്രവർത്തിക്കുകയാണ്.

മേൽപ്പറഞ്ഞ പ്രവർത്തനക്ഷമമല്ലാത്ത സഹകരണസംഘങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്നവ ലാഭകരമാക്കുന്നതിനും വേണ്ടി നടപടികൾ കൈക്കൊള്ളണം.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഷോപ്പിംഗ് കോപ്ലക്സ് ആരംഭിക്കുക.
2. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സഹകരണ ആശുപത്രി സ്ഥാപിക്കുക.
3. കാരാളികോണം, നെട്ടയം, വേങ്ങൂർ-പാറകോട് എന്നീ മേഖലകൾ കേന്ദ്രീകരിച്ച് സഹകരണബാങ്കിന്റെ ശാഖകൾ തുറന്ന് പ്രവർത്തനം ആരംഭിക്കുക.
4. റബ്ബർ ഉൽപ്പാദന സഹകരണസംഘങ്ങൾ സാദ്ധ്യതയ്ക്ക് അനുസരിച്ച് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ആരംഭിക്കുക.
5. നാളീകേരം റബ്ബർ എന്നിവ സഹകരണസംഘങ്ങൾ വഴി വിപണനം നടത്തുന്നതിനുവേണ്ടി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സംഭരണശാലകൾ തുറന്ന് പ്രവർത്തനമാരംഭിക്കുക.
6. പട്ടിക ജതിക്കാരായ ഈറ്റത്തൊഴിലാളികൾക്കുവേണ്ടി ഈറകൊണ്ട് വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കി വിപണനം ചെയ്യുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
7. പാറകോട്, അർക്കന്നൂർ എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് മെറ്റൽ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.
8. റെഡിമെയ്ഡ് ഗാർമെന്റ്സ്, കറി പൗഡർ, സോപ്പ് തീപ്പെട്ടി എന്നിവ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള വനിതാ സഹകരണസംഘങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സാദ്ധ്യതയ്ക്കനുസരിച്ച് ആരംഭിക്കുക.
9. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കോഴിവളർത്തൽ യൂണിറ്റുകൾ, ആടുവളർത്തൽ യൂണിറ്റുകൾ എന്നിവ ആരംഭിക്കുന്നതിനുവേണ്ട വായ്പാ സൗകര്യങ്ങൾ വിവിധ ബാങ്കുകളിൽനിന്ന് അനുവദിക്കുന്നതിനുവേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുക.
10. തോട്ടത്തറ സെറികൾച്ചർ കോംപ്ലക്സ് വക പുരയിടത്തിൽ പച്ചക്കറിക്കൃഷി തോട്ടം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുക.
11. തോട്ടത്തറ കേന്ദ്രീകരിച്ച് ഓല മുടഞ്ഞ് വിൽക്കുന്നതിന് ഒരു യൂണിറ്റ് ആരംഭിക്കുക.

◆◆◆

5 - 11

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഇളമ്മാടു ഗ്രാമപഞ്ചായത്ത് 1962-ൽ നിലവിൽവന്നു. അന്ന് ആറുവാർഡുകളുണ്ടായിരുന്ന പഞ്ചായത്തിൽ ചെറുവക്കൽവാർഡിൽനിന്നാണ് പട്ടികജാതിപ്രതിനിധിയെ തെരഞ്ഞെടുത്തത്. 91ലെ ലൈസൻസ് പ്രകാരം 3122 പട്ടികജാതിക്കാരും 5 പട്ടികവർഗ്ഗക്കാരും ഈ പഞ്ചായത്തിലുണ്ട്. (ചാർട്ട് III.കാണുക.) ജനസംഖ്യയുടെ 13% ആണിത്.

ഇവരിൽ ഭൂരിഭാഗവും കോളനികൾ കേന്ദ്രീകരിച്ചാണ് താമസിക്കുന്നത്. കുറച്ചാളുകൾ ഇടകലർന്നും കഴിയുന്നു. (ചാർട്ട് VIകാണുക.) 50സർക്കാർ ജീവനക്കാരുണ്ട്. ബാക്കിയുള്ളവർ ദാരിദ്ര രേഖയ്ക്ക് താഴെജീവിക്കുന്നവരും കർഷകതൊഴിലാളികളുമാണ്. ഈ വിഭാഗത്തിൽ സ്ത്രീകളിൽ 65% കശുവണ്ടിതൊഴിലാളികളാണ്. ചിലർ പരമ്പരാഗതതൊഴിലായ പായ്നെയ്ത്, കുട്ട, വട്ടി, പരമ്പ് എന്നിവനെയ്തും ജീവിക്കുന്നു. എന്നാൽ കൃഷിക്കാർ ധാന്യവിളകൾ ഉല്പാദിപ്പിക്കുന്നതിൽനിന്നും നാണ്യവിളകൾ ഉൽപാദിപ്പിക്കുന്നതിലേക്ക് മാറിയപ്പോൾ തൊഴിൽദിനങ്ങൾ കുറയുകയും അത് വർഷത്തിൽ 100-120 ദിവസങ്ങളിലായി പരിമിതപ്പെടുത്തുകയും ചെയ്തു. കശുവണ്ടിമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വർഷത്തിൽ മൂന്ന്,നാല് മാസക്കാലമാണ് തൊഴിൽലഭിയ്ക്കുന്നത്. എന്നതിനാൽ അവരും കാർഷികമേഖലയെ ആണ് ആശ്രയിക്കുന്നത്. കുറച്ച് തൊഴിലാളികൾ ഇഷ്ടികനിർമ്മാണത്തിലും കെട്ടിടനിർമ്മാണതൊഴിലുകളിലും ഏർപ്പെടുന്നുണ്ടെങ്കിലും ജീവിത്തിന് ആവശ്യമായ വരുമാനം കണ്ടെത്തുന്നതിന് കഴിയാത്തസാഹചര്യത്തിൽ ഇവർ ക്ഷേമപദ്ധതികൾ വഴി പുതിയ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിച്ച് ഇവരെ ജീവിതദുരിതത്തിൽനിന്ന് രക്ഷിച്ച് ക്ഷേമം ഉറപ്പാക്കേണ്ടതുണ്ട്.

പാർപ്പിടം :

ഈ പഞ്ചായത്തിൽ 25 കോളനികളിലായി പുറംപോക്ക് ഭൂമിയിലും, വനഭൂമിയിലും ഇടകലർന്ന് ജീവിക്കുന്നവരിൽ സ്വന്തമായി ഭൂമിയോ പാർപ്പിടമോ ഇല്ലാത്ത വളരെപേരുണ്ട്. (ചാർട്ട് VI) 4 ലക്ഷംവീട് കോളനികളിലും മറ്റ് സെറ്റിൽമെന്റ് കോളനികളുമായി കഴിയുന്ന ഇവർക്ക് ലക്ഷംവീട് പദ്ധതിപ്രകാരം കിട്ടിയിട്ടുള്ള ഒരു വീട്ടിൽ രണ്ടുകുടുംബം വീതം താമസിക്കുന്നു. ആദ്യകാല വീടുകളിൽ പലതും നിലംപൊത്തുകയും, മറ്റുള്ളവ എപ്പോഴും തകർന്ന് വീഴുന്നതുമായ സാഹചര്യത്തിൽ ജീവൻപണയപ്പെടുത്തിയാണ് അതിൽ കഴിയുന്നത്. അടിയന്തിരമായി അവർക്ക് പാർപ്പിടസൗകര്യം ഉണ്ടാക്കി പ്രശ്നം പരിഹരിക്കേണ്ടതാണ്. കാലാകാലങ്ങളിൽ J.R.Y പദ്ധതിപ്രകാരം ഹരിജൻ വെൽഫയറും മറ്റ് ക്ഷേമപദ്ധതികളിൽനിന്ന് വീടുവെയ്ക്കുന്നതിന് ഈ വിഭാഗങ്ങൾക്ക് ലഭിയ്ക്കുന്ന തുക വളരെ പരിമിതമായതിനാൽ ഉറപ്പുള്ളവീടുവെയ്ക്കുന്നതിന് കഴിയാതെവരുന്നതിനാൽ കാറ്റിലും, മഴയിലും പലവീടുകളും നിലംപതിക്കുന്നു. ഇത് മനസ്സിലാക്കി തുടർന്ന് ആവശ്യമായ ധനസഹായം ലഭ്യമാക്കേണ്ടതാണ്.

പുറംപോക്കുഭൂമിയിലും, വേങ്ങൂർ വനഭൂമിയിലുമായി കഴിയുന്ന ധാരാളം കുടുംബങ്ങളുണ്ട്.ചെറുവയ്ക്കൽ വാർഡിൽപ്പെട്ട വനഭൂമിയിൽ 30 വർഷമായി കുടിൽകെട്ടി കൃഷിചെയ്തു ജീവിക്കുന്ന പാവങ്ങൾ ഇന്നും പട്ടയംകിട്ടാതെ വിഷമിക്കുന്നു. ഇവർക്ക് പട്ടയം ലഭിയ്ക്കാൻ അടിയന്തിരനടപടികൾ സ്വീകരിച്ച് അവരെ ഭൂമിയുടെ നേരവകാശികളാക്കി സർക്കാർആനുകൂല്യം ലഭിയ്ക്കേണ്ടതുണ്ട്. ഈ പഞ്ചായത്ത് സമിതിയുടെ കാലത്താണ് ഈ കുടികിടപ്പുകാർക്ക് വീട്ടുനമ്പർനൽകിയതും തുടർന്ന് റേഷൻകാർഡ് കിട്ടാൻ ഇടയാക്കിയതും മേൽവിവരിച്ച കോള

നികളിൽ താമസിക്കുന്ന ഇവർക്ക് വേണ്ടത്ര സഞ്ചാരയോഗ്യമായ വഴികളും വൈദ്യുതി, കുടിവെള്ളം പ്രാഥമികആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഇവ ഇല്ലാത്തതിനാൽ പകലന്തിയോളം പണിയെടുത്ത് വൈകിട്ട് വീടുകളിൽ എത്തുന്ന ഈ സാധുക്കൾക്ക് മാറാരോഗങ്ങളും പകർച്ചവ്യാധികളും സാധാരണയാണ്. ആരോഗ്യപരിപാലനരംഗത്ത് ഈ മേഖലകളിൽ ഇതുവരെ യാതൊരു പരിഗണനയുമില്ല. ഈ സ്ഥിതിയ്ക്ക് മാറ്റം വരുത്തി ആരോഗ്യക്ഷേമ പദ്ധതികൾ നടപ്പാക്കേണ്ടതാണ്.

വിദ്യാഭ്യാസം

ഈ പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളിലും 9 എൽപി. യു.പി കളിലുമായി പഠിയ്ക്കുന്ന 651 വിദ്യാർത്ഥികളുണ്ട്. (ചാർട്ട് III) നാമമാത്രമായി കോളേജ് വിദ്യാഭ്യാസത്തിന് പോകുന്ന വിദ്യാർത്ഥികളുണ്ട്. മുൻകാലസാക്ഷരത ക്ലാസുകൾ വഴി 90% രക്ഷകർത്താക്കളേയും സാക്ഷരരാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ തുടർവിദ്യാഭ്യാസം കൊടുക്കുവാൻ രക്ഷിതാക്കളെ ബോധവൽക്കരിച്ച് കുട്ടികളെ വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്താൻ അവർക്ക് കഴിയാതെ വരുന്നു. അതിനാൽ രക്ഷിതാക്കൾക്ക് ഇനിയും തുടർവിദ്യാഭ്യാസം നൽകേണ്ടതുണ്ട്.

ഇപ്പോഴും കുട്ടുകളുടെ വിദ്യാഭ്യാസരീതി പരിശോധിക്കുമ്പോൾ പ്രാഥമികവിദ്യാഭ്യാസം കൊടുക്കാൻ കഴിയാത്തതിനാൽ രക്ഷിതാക്കളെ ബോധവൽക്കരിച്ച് കുട്ടികളെ വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെടുത്താൻ അവർക്ക് കഴിയാതെ വരുന്നു. അതിനാൽ രക്ഷിതാക്കൾക്ക് ഇനിയും തുടർവിദ്യാഭ്യാസം നൽകേണ്ടതുണ്ട്.

ഇപ്പോഴുള്ള കുട്ടികളുടെ വിദ്യാഭ്യാസരീതി പരിശോധിക്കുമ്പോൾ പ്രാഥമികവിദ്യാഭ്യാസം പോലും പൂർത്തീകരിക്കാതെ വിദ്യാഭ്യാസരംഗം വിട്ട് തൊഴിൽരംഗത്തേയ്ക്ക് എത്തുന്നതിനാണ് താല്പര്യംപ്രകടിപ്പിക്കുന്നത്. ഇവരുടെ പട്ടിണിയും ദാരിദ്രവുമാണ് ഇതിന് അവരെ പ്രേരിപ്പിക്കുന്നത്. ഇതിന് പരിഹാരം കണ്ട്തുടർവിദ്യാഭ്യാസംനേടി സമൂഹത്തിൽ മറ്റുള്ളവർക്കൊപ്പം എത്തുവാൻ പ്രാപ്തരാക്കേണ്ടതുണ്ട്.

സാമൂഹ്യപുരോഗതി

അരനൂറ്റാണ്ട്കാലത്തിന് മുൻപ് വരെസാമൂഹികമായി പിൻതള്ളപ്പെട്ടുകഴിഞ്ഞിരുന്ന ഈ ജനവിഭാഗം സാമൂഹിക പരിഷ്കർത്താക്കളുടേയും പുരോഗമനപ്രസ്ഥാനങ്ങളുടേയും പ്രവർത്തനഫമായി അനാചാരങ്ങളിലിനിന്നും അന്ധവിശ്വാസങ്ങളിൽനിന്നും മോചിതരാകുന്നതിനു മിച്ചഭൂമിപോലുള്ള സമരങ്ങൾ ഐതിഹാസികസമരങ്ങൾ പങ്കെടുത്ത് ഈ പ്രദേശങ്ങളിൽ ഭൂമിയ്ക്ക് നേർ അവകാശികൾആക്കുകയും ജന്മിത്വത്തിന് എതിരായ സമരത്തിൽ വിജയംനേടുവാൻ കഴിഞ്ഞതും. ഒരു ദശാബ്ദത്തിനപ്പുറം വരെ ജനങ്ങൾക്ക് ചായക്കടകളിലും, ബാർബർഷോപ്പുകളിലും ഇവർക്ക് പൊതുരംഗത്തിൽ പ്രത്യക്ഷപ്പെടുന്നതിനു പോലുള്ള അവകാശം നിഷേധിക്കപ്പെട്ടിരുന്നു. ഇതിനെതിരെ പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങൾക്ക് വലിയസമരങ്ങൾ തന്നെ നടത്തേണ്ടതായി വന്നിട്ടുണ്ട്. ഇത്തരം സമരങ്ങളുടേയും പ്രവർത്തനങ്ങളുടേയും ഫലമായി സാമൂഹികരംഗത്ത് അംഗീകാരം നേടുവാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും സാമൂഹികമാറ്റങ്ങളെ തുറന്നമനസ്സോടെ ഉൾകൊള്ളുവാൻ കഴിയാത്ത ഒരു ചെറുന്യൂനപക്ഷം ഇപ്പോഴുമുണ്ടെന്നുള്ളത് യഥാർത്ഥമാണ്.

സാംസ്കാരിക രംഗം-

കലാസാംസ്കാരികരംഗങ്ങളിൽ ഈ വിഭാഗത്തിന് വേണ്ടത്ര പുരോഗതി നേടുവാൻ കഴിഞ്ഞിട്ടില്ല. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളിൽ മുൻകാലങ്ങളിൽ നിന്ന് പൊതുവെ ചെറുപ്പക്കാർ താല്പര്യം കാണിക്കുന്നില്ല. ഇതിന്റെ ഫലമായി ഈ വിഭാഗത്തിലെ ചെറുപ്പക്കാർക്ക് വായനാശീലം വളർത്തുന്നതിനും സാംസ്കാരികവളർച്ച നേടുന്നതിനും പരിശ്രമിക്കുന്നില്ല. കലാകായികരംഗങ്ങളിൽ ഈ പഞ്ചായത്തിൽ പൊതുവിൽ മറ്റ് ജനവിഭാഗങ്ങളുടെ ഒപ്പം എത്തുവാൻ കഴിഞ്ഞിട്ടുണ്ട്. വായനാശാലകളുമായി ബന്ധപ്പെടുത്തി സാംസ്കാരികപ്രവർത്തനങ്ങളിൽ അഭിവൃദ്ധി നേടുന്നതിന് സൗകര്യം ഉണ്ടാക്കേണ്ടതും ആണ്.

വ്യവസായം തൊഴിൽ:

വ്യവസായരംഗത്ത് പ്രവർത്തിക്കുന്നവർ ഈ പഞ്ചായത്തിൽ നന്നേകുറവാണ്. അഭിരുചിയ്ക്കനുസരിച്ചുള്ള വ്യവസായസംരഭങ്ങളുടെ അഭാവവും സാഹചര്യക്കുറവുമാണ്. ഇതിനുപരിഹാരം കാണുന്നതിന് ഈ പഞ്ചായത്തിലെ ആർക്കന്നൂർ,കണ്ണം, കോട്ട, ചെറുവയ്ക്കൽ, വേങ്ങൂർ വർഡുകളിലെ പാറ—കൾ കേന്ദ്രീകരിച്ച് സംഘങ്ങൾ രജിസ്റ്റർ ചെയ്ത് ഈ വ്യവസായം പുഷ്ടിപ്പെടുത്തി ധാരാളം തൊഴിൽഅവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും.

പരമ്പരാഗതമായി ഈറ്റകൊണ്ടും ചൂരൽകൊണ്ടും നിർമ്മിക്കുന്ന ഗൃഹോപകരണങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടതൊഴിൽപരിശീലനം നൽകി ധാരാളം ചെറുപ്പാക്കാരെ ഈ മേഖലയിലേക്ക് ആകർഷിച്ച്കൊണ്ടുവരാവുന്നതാണ്. ഇതിന് ആവശ്യമായ സമ്പത്ത് സഹകരണസംഘങ്ങൾ രൂപീകരിച്ച് കണ്ടെത്തുകയും വിപണനസാദ്ധ്യതകണ്ടെത്തേണ്ടതുമാണ്. കെട്ടിടനിർമ്മാണങ്ങൾക്ക് ആവശ്യമായ ഹോളോബ്രിക്സ് മറ്റ് മെറ്റീരിയൽസും ഉണ്ടാക്കിവിപണനം നടത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് ക്ഷേമപ്രവർത്തനം ഉറപ്പ് വരുത്തേണ്ടതാണ്.

ആരോഗ്യം.

കോളനി പ്രദേശങ്ങളിൽ രൂക്ഷമായ ആരോഗ്യപ്രശ്നങ്ങൾ ഉണ്ട്. പ്രാഥമിക ആവശ്യങ്ങൾ പോലും നിറവേറ്റുവാൻ കഴിയാത്ത അസൗകര്യങ്ങൾ ശുദ്ധജലത്തിന്റെ ക്ഷാമവും ആളുകൾ തിങ്ങിപ്പാർക്കുന്നതും പരിസര മലിനീകരണവും ആരോഗ്യപ്രവർത്തകരുടെ അനാസ്ഥയും കാരണമാണ്. ഇതിന് പരിഹാരം കാണുന്നതിന് ആരോഗ്യരംഗത്തെ പ്രവർത്തനം മെച്ചപ്പെടുത്തി വർഷത്തിൽ 4 പ്രാവശ്യമെങ്കിലും ആരോഗ്യ ക്യാമ്പ് സംഘടിപ്പിച്ച ബോധവൽക്കരണം നടത്തുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

പ്രശ്നങ്ങൾ

1. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.

2. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും നിരക്ഷരത നിലനിൽക്കുന്നു. വിദ്യാഭ്യാസം പൂർത്തീകരിക്കാതെ ക്ലാസ്സുകളിൽനിന്നും വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.

3. പട്ടിണിയും ദാരിദ്ര്യവും തൊഴിലില്ലായ്മയുമുണ്ട്.

4. കശുവണ്ടി മേഖലയിലെ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ജോലിദിവസം കുറഞ്ഞുവരുന്നതിനാൽ രൂക്ഷമായ തൊഴിലില്ലായ്മയുണ്ട്. ജീവിതം കൂടുതൽ ദുരിതപൂർണ്ണമാകുന്നു.

5. എല്ലാവർക്കും വീടില്ല. വീട് വയ്ക്കാൻ സ്ഥലവുമില്ല.

6. വീട് നിർമ്മാണത്തിന് ലഭിക്കുന്ന ധനസഹായംകൊണ്ട് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുന്നില്ല.

7. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത

8. കുടിവെള്ള പ്രശ്നം രൂക്ഷമാണ്.

9. വൈദ്യുതീകരണം എത്താത്ത കോളനികളാണ് അധികവും.

10. പൊതുശ്മശാനം ആവശ്യമാണ്.

11. മാതൃശിശു, ആരോഗ്യപരിപാലന സംവിധാനമില്ല.

12. അർഹമായ ആനുകൂല്യങ്ങൾ നേടുന്നതിനുള്ള അജ്ഞത

13. IRDP പദ്ധതികൾ ഉൾപ്പെടെയുള്ള മറ്റ് പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല.

14. പട്ടികജാതി-പട്ടികവർഗ്ഗ വികസനകോർപ്പറേഷനും മറ്റ് ധനകാര്യസ്ഥാപനങ്ങളും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായങ്ങളും ലക്ഷ്യം നേടുന്നില്ല. അതിൽ നിലവിലുള്ള വ്യവസ്ഥകൾ ലഘൂകരിക്കണം. പദ്ധതികളെ സംബന്ധിച്ചുള്ള അറിവ് വേണ്ടത്രയില്ല.

സാധ്യതകൾ

ക്ഷേമപദ്ധതികളെക്കുറിച്ച് അറിവുണ്ടാക്കുന്നതിനാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും ആവശ്യമാണ്. ക്ഷേമപദ്ധികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് കിട്ടുന്നതിനുവേണ്ടി നിബന്ധനകൾ ലളിതമാക്കണം. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾവഴി നടപ്പിലാക്കുകയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിന് കഴിയും.

പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം മുൻനിർത്തി അടിയന്തിര ശ്രദ്ധ പതിയേണ്ടചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. കാർഷികമേഖലയും വ്യാവസായികമേഖലയും അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുക.

2. കുടിവെള്ളപ്രശ്നം കുഴൽക്കിണറുകൾ കുഴിച്ചും പൊതുകിണറുകൾ സ്ഥാപിച്ചും പമ്പ് സെറ്റുകൾ സ്ഥാപിച്ചും അടിയന്തിരമായി പരിഹരിക്കുക.

3. വീട് നിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക. അതോടൊപ്പം കക്കൂസ് നിർമ്മാണത്തിനും വൈദ്യുതീകരണത്തിനുമുള്ള ധനസഹായം വർദ്ധിപ്പിക്കുക.

4. പരമ്പരാഗത തൊഴിലുകളായ തഴപ്പായനെയ്ത്ത്, കുട്ടപനമ്പ് നിർമ്മാണം വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും സഹകരണസംഘങ്ങൾവഴി കമ്പോളങ്ങൾ കണ്ടെത്തുകയും ചെയ്യുക.

5. പട്ടികജാതി-പട്ടികവർഗ്ഗ വിവിധോദ്ദേശ സഹകരണ സംഘങ്ങൾ രണ്ടോ മൂന്നോ വാർഡുകൾ കേന്ദ്രീകരിച്ച് രൂപീകരിച്ച് തൊഴിൽരഹിതരായ പെൺകുട്ടികൾക്ക് കൈത്തൊഴിൽ പരിശീലനം നൽകുകയും വേണ്ട സഹായം ചെയ്യുക.

6. ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടുന്ന യുവതീയുവാക്കൾ ട്രെയിനിംഗ് ലഭിക്കുന്ന തൊഴിൽതന്നെ ചെയ്യുമെന്ന ഉറപ്പ് വാങ്ങുകയും പരിശീലനകാലത്ത് നൽകുന്ന ഗ്രാന്റും, കാലാവധിയും വർദ്ധിപ്പിക്കുകയും ചെയ്യുക.

7. വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും കൂടുതൽ ധനസഹായം നൽകുക.

8. പട്ടികജാതി വികസന വകുപ്പ്മുഖേന നടപ്പാക്കിവരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി കൂടുതൽ ഉദാരവൽക്കരിക്കുക. ഇതിനുള്ള ധനസഹായവും വർദ്ധിപ്പിക്കുക.

9. അടുത്തടുത്തുള്ള രണ്ടോ അതിലധികമോ കോളനികൾ കേന്ദ്രീകരിച്ച് ബാലവാടികളും നഴ്സറികളും ഫീഡിംഗ് സെന്ററും ആരംഭിക്കുക.

10. എല്ലാ കോളനികളിലും TV സെറ്റുകൾ സ്ഥാപിക്കുക.

11. കോളനികളിൽ വർഷത്തിൽ ഒരിക്കലെങ്കിലും ബോധവൽക്കരണസെമിനാർ സംഘടിപ്പിക്കുക.

12. മാതാപിതാക്കളില്ലാതെ കുടുംബബാദ്ധ്യത ഏറ്റെടുത്ത് വിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടിവരുന്ന കുട്ടികളെ കണ്ടെത്തി പഠനം തുടരുന്നതിനാവശ്യമായ സഹായം ചെയ്യുക.

13. ഗ്രാമപഞ്ചായത്തിൽ ഒരു പൊതുശ്മശാനം സ്ഥാപിക്കുക.

14. ഭൂരഹിതരായ കോളനിനിവാസികൾക്ക് 4 സെന്റ് ഭൂമി വീതം വാങ്ങിക്കൊടുക്കുന്നതിനാവശ്യമായ നടപടികൾ ഊർജ്ജിതപ്പെടുത്തുക.

15. വൈദ്യുതി എത്തിയിട്ടില്ലാത്ത കോളനികളിൽ വൈദ്യുതി എത്തിക്കുകയും എല്ലാ വീടുകളും വൈദ്യുതീകരിക്കുകയും ചെയ്യുക.

16. ഗതാഗതസൗകര്യമുള്ളകോളനി റോഡുകൾ ടാർ ചെയ്തും വീതി കൂട്ടിയും സംരക്ഷിക്കുക.

17. ചരിഞ്ഞ പ്രദേശങ്ങളിലെ കോളനികളിലെ മണ്ണൊലിപ്പ് തടയുന്നതിനാവശ്യമായ കയ്യാലകൾ കെട്ടുക, മരങ്ങൾ വച്ചുപിടിപ്പിക്കുക.

18. കോളനിയായി പ്രഖ്യാപിക്കാത്ത പ്രദേശങ്ങളിൽ താമ

സിക്കുന്ന പട്ടികജാതിക്കാരെ ഊൽപ്പെടുത്തി സെറ്റിൽമെന്റ് കോളനിയായി പ്രഖ്യാപിക്കുക.

19. വാട്ടർ സപ്ലൈ സ്ക്കീമിന് സൗകര്യമില്ലാത്ത കോളനികളിൽ കിണറുകൾ കുഴിച്ച് ടാങ്ക് സ്ഥാപിച്ച് പൈപ്പ് കണക്ഷൻ ലഭ്യമാക്കുകയും മോട്ടോർ പ്രവർത്തിക്കുന്നതിനാവശ്യമായ വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് അടയ്ക്കുകയും ചെയ്യുക.

20. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾ കൂടുതൽ അധിവസിക്കുന്ന വാർഡുകൾതന്നെ സംവരണവാർഡുകളായി പ്രഖ്യാപിക്കുന്നതിനുള്ള നിയമം നടപ്പിലാക്കുക.

21. കാർഷികാഭിവൃദ്ധിക്കുവേണ്ടി ഈ മേഖലയിൽ കാർഷികോപകരണങ്ങളും യന്ത്രസാമിഗ്രികളും സൗജന്യമായി വിതരണം ചെയ്യുക.

22. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ സൗജന്യമായി നൽകുക. ഇപ്പോൾ കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യം വർദ്ധിപ്പിക്കുക.

23. ഗുരുതരമായ രോഗം ബാധിച്ച് നീണ്ടുനിൽക്കുന്ന ചികിത്സ ആവശ്യമായിവരുന്നവർക്ക് ചികിത്സാസഹായം നൽകുക. ഈ വിഭാഗത്തിൽപ്പെട്ട വികലാംഗർക്കും വികലാംഗ കുട്ടികൾക്കും പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കുക.

24. ഈ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് വിദേശരാജ്യങ്ങളിൽ പോകുന്നതിനുള്ള ധനസഹായം അനുവദിക്കുകയും ഈ സഹായം തവണകളായി തിരിച്ചുപിടിക്കുകയും ചെയ്യുക.

25. പട്ടികജാതി പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട കലാകായിക സാംസ്കാരികരംഗങ്ങളിലെ പ്രതിഭകൾക്ക് പ്രോത്സാഹനം നൽകുകയും മികച്ചപ്രകടനം കാഴ്ചവെയ്ക്കാൻ സൗജന്യധനസഹായം ചെയ്യുക.

26. വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 1914 മുതൽ S.S.L.C വരെയുള്ള പരീക്ഷകളിൽ ഏറ്റവും കൂടുതൽമാർക്ക് വാങ്ങുന്നകുട്ടികൾക്ക് ക്യാഷ്അവാർഡ് നൽകുക.

27. SC/ST വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിത യുവതീയുവാക്കൾക്ക് പശു, ആട്, കോഴിവളർത്തൽ എന്നിവയ്ക്ക് ധനസഹായം നൽകുക.

28. കോളനികളിലും മറ്റും ഉണ്ടായേക്കാവുന്ന പകർച്ചവ്യാധികൾ പിടിപെടാതിരിക്കാൻ വൈദ്യസഹായ പദ്ധതിആവിഷ്കരിക്കുക.

29. നാനാമേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളെ അതാത് ക്ഷേമനിധികളിൽ അംഗങ്ങളാവുന്നതിന് പ്രേരിപ്പിക്കുക.

30. പരീക്ഷകൾക്കും, കൂടിക്കാഴ്ചകൾക്കും മറ്റും പോകുന്ന ഉദ്യോഗാർത്ഥികൾക്ക് യാത്രാപ്പടി ഗ്രാമപഞ്ചായത്ത്വഴി വിതരണംചെയ്യുക.

31. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ മുൻകൈപ്രവർത്തനത്തോടുകൂടി എല്ലാ പട്ടികജാതിവീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുക.

32. മിശ്രവിവാഹിതരായ പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവർക്കുള്ള സാമ്പത്തികസഹായം ഉയർത്തുക.

33. ഈ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിവാഹാവശ്യത്തിന് നൽകികൊണ്ടിരിക്കുന്ന ഗ്രാന്റ് ഉയർത്തുകയും അത് പഞ്ചായത്ത് വഴി വിതരണം ചെയ്യുകയും വേണം.

34. ജനസംഖ്യാനിയന്ത്രണത്തിന്റെ ഭാഗമായി നടപ്പിലാക്കികൊണ്ടിരിക്കുന്ന കുടുംബാസൂത്രണ പദ്ധതിയെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും ഇന്ന് നല്കികൊണ്ടിരിക്കുന്ന സാമ്പത്തികസഹായം വർദ്ധിപ്പിച്ച് പഞ്ചായത്ത് വഴിവിതരണം ചെയ്യുക.

35. കോളനികൾ കേന്ദ്രീകരിച്ച് ഗ്രാമപഞ്ചായത്തിന്റെ നോട്ടീസ് ബോർഡുകൾ സ്ഥാപിച്ച് ക്ഷേമപദ്ധതികളെ കുറിച്ചും ധനസഹായങ്ങളെകുറിച്ചുമുള്ള അറിയുപ്പുകൾ യഥാസമയം പരസ്യപ്പെടുത്തുന്നതിനും ഈ വിഭാഗങ്ങളെ അറിയിക്കുന്നതിനാവിശ്യമായ നടപടികൾ പഞ്ചായത്ത് ചെയ്യുക.

36. പാറമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിച്ച് ജോലിസ്ഥിരത ഉറപ്പുവരുത്തുന്നതിനും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും ആവിശ്യമായ നടപടികൾ കൈക്കൊള്ളുക. ഈ വിഭാഗത്തിലെ മുഴുവൻ തൊഴിലാളികൾക്കുമുള്ള ഇൻഷ്വറൻസ് പ്രീമിയം പഞ്ചായത്തിൽനിന്നും അടയ്ക്കുക.

(അർക്കന്നർ - കണ്ണംകോട് - ചെറുവക്കൽ വേങ്ങൂർ)

37. പട്ടികജാതി പട്ടികവർഗ്ഗസഹകരണ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കുകയും, വായ്പാപ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിന് സ്വയംതൊഴിൽപദ്ധിതി ദീർഘകാലവായ്പാ പദ്ധതിഎന്നിവ നടപ്പിലാക്കണം.

38. കുണ്ടൂർ കോളനി I.H.D.P കോളനിയായി പ്രഖ്യാപിയ്ക്കണം.

39. കുണ്ടൂർ കോളനി കേന്ദ്രീകരിച്ചും അഗ്രോസെന്റർ സ്ഥാപിക്കണം.

40. അർക്കന്നൂർ കോളനി I H D P കോളനിയായി പ്രഖ്യാപിക്കുക.

41. സ്വന്തമായി 10സെന്റ് പൊതുവസ്തുവുള്ള അർക്കന്നൂർ കോളനിയ്ക്ക് മുൻഗണന നൽകി അഗ്രോസെന്റർ സ്ഥാപിക്കുക.

42. അർക്കന്നൂരിൽ ഒരു പായ്നെയ്ത്ത് സഹകരണസംഘം രൂപീകരിക്കുക.

ചാർട്ട് - II

ക്രമ നമ്പർ	കോളനിയുടെപേര്	വീടുകളുടെ എണ്ണം (കുടുംബങ്ങൾ)	വാർഡ്
1.	നല്ലാറ	18	I
2.	കയ്പ്പടക്കുന്ന്	9	I
3.	ഇരവൂർക്കോണം	12	II
4.	അർക്കന്തൂർ മഠത്തിക്കോണം	III	
5.	കണ്ണംകോട്	12	IV
6.	കൊല്ലുകോണം	24	V
7.	കോട്ടയ്ക്കുവിള	24	VI
8.	കുലിക്കോട്	19	VI
9.	കിഴുവറ്റ	54	VI
10.	നെട്ടയം	12	VII
11.	കിളിക്കോട്	25	VII
12.	ഇടവഴിയ്ക്കൽ മേമംഗലം:	15	VII
13.	ഓണോലിൽ	18	VIII
14.	ഞാറയ്ക്കാട്ട് IHDP	22	VIII
15.	ആനക്കോട്ടൂർ	36	IX
16.	ചെറുവല്ലൂർ	22	IX
17.	തേവന്നൂർകുന്നുംപുറം	20	X
18.	കാവനാംകോണം	10	x
19.	കവലയ്ക്കാപ്പച്ച	18	X
20.	കുണ്ടൂർ	160	XI
21.	ചാവരുപാറക്കെട്ട്	32	XI
22.	അമ്പലംമുക്ക് ലക്ഷംവീട്കോളനി		
23.	ഇളവൂർ ലക്ഷംവീട്കോളനി		

പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികൾ

ചാർട്ട് - III

ഹൈസ്കൂൾ	166
യു.പി.എസ്.	250
എൽ.പി.എസ്	235
ആകെ	651

പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ എണ്ണം

പട്ടികജാതി		പട്ടികവർഗ്ഗം	
പുരുഷൻ	സ്ത്രീ	പുരുഷൻ	സ്ത്രീ
1507	1615	3	2
	ആകെ. 3122		ആകെ.5

ചാർട്ട് - IV

പഞ്ചായത്തിലെ പട്ടികജാതി - വർഗ്ഗകോളനികൾ

വാർഡ്	I	II	III	IV	V	VI	VII	VIII	IX	X	XI
കോളനികളുടെ എണ്ണം 25	2	2	2	1	2	3	3	2	2	4	2

5 - 12

വിഭവസമാഹരണം

ജനങ്ങളുടെ ജീവിതത്തെ പടിപടിയായി ഉയർത്തുന്ന ഒരു സാമൂഹികപ്രക്രിയയാണ് വികസനം. സാമൂഹികതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസനപ്രവർത്തനങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതിനുവേണ്ടി വിഭവങ്ങൾ നീക്കിവെക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ആസൂത്രണം. ഈ ആസൂത്രണപ്രക്രിയ ജനങ്ങളിലൂടെ നടപ്പാകുമ്പോൾ അത് ജനകീയ ആസൂത്രണപ്രസ്ഥാനമായി മാറുന്നു. പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് പദ്ധതിയുടെ നടത്തിപ്പിൽ വിഭവത്തിന്റെ അപര്യാപ്തതയുള്ളപ്പോഴാണ് വിഭവസമാഹരണത്തിന്റെ പ്രസക്തിയേറുന്നത്. വികസനപദ്ധതികൾ ഓരോന്നും മുകളിൽനിന്നുള്ള സൗജന്യമാണന്ന ധാരണമാറണം. തങ്ങൾക്ക് എന്തുകിട്ടുമെന്ന ചിന്താഗതി മാറ്റുകയും നാടിന്റെ സമഗ്രപുരോഗതിയ്ക്ക് ഓരോരുത്തർക്കും പരമാവധി എന്തുചെയ്യാൻ കഴിയും എന്നുചിന്തിച്ച് അതിന്വേണ്ടി ആത്മാർത്ഥമായി പ്രവർത്തിക്കുകയും വേണം. അവനവന്റെ ശേഷിയും സാഹചര്യങ്ങളും പരമാവധി മുതലെടുത്ത് ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിവന്റെ പരമാവധി മുതലെടുത്ത് ഉദ്പാദനം വർദ്ധിപ്പിക്കുന്നതിനും കഴിവിന്റെ പരമാവധി വിഭവങ്ങൾ സമാഹരിച്ചും വിട്ടുവീഴ്ചചെയ്തും മാത്രമേ നാടിനെ പുരോഗതിയിലെത്തിക്കാനാവൂ എന്ന ധാരണവളർത്തിയെടുക്കുന്ന

തിനുള്ള ഒരു അവബോധം ഉണ്ടാകണം. അങ്ങിനെ ഒരു പുതിയ വികസന സംസ്കാരം നമ്മുടെ നാട്ടിലുടലെടുത്തില്ലെങ്കിൽ മാത്രമേ ജനകീയ ആസൂത്രണവും പദ്ധതിനടത്തിപ്പും പൂർണ്ണമാകൂ. മനുഷ്യന്റെ കായികവും, ബൗദ്ധികവുമായ വിഭവമാണ് ഏറ്റവും മുഖ്യമായിട്ടുള്ളതാണ്. മനുഷ്യന്റെ സത്താണ് ഏറ്റവും വലിയസമ്പത്ത്. അവരുടെ അദ്ധ്വാനശേഷിബുദ്ധിപരമായി സമൂഹത്തിന്റെ നീതിപൂർവ്വകവും, സ്ഥായിയുമായ ഉന്നമനത്തിന് ഉതകുംവിധം പ്രയോജനപ്പെടുത്താൻ കഴിഞ്ഞാലേ ജനകീയആസൂത്രണ പ്രസ്ഥാനം പൂർണ്ണരൂപത്തിലെത്തൂ. വ്യക്തികളുടെ സ്വകാര്യലാഭം മാത്രം ലക്ഷ്യമാക്കിയുള്ള പ്രവർത്തനം അസമത്വവും അരാജകത്വവും വർദ്ധിപ്പിക്കുകയും സമൂഹത്തിൽ ദാരിദ്രവും അസ്വസ്ഥയും വളർത്തുകയും ചെയ്യും. ഇത് വിഭവങ്ങളുടെ ദുർവിനിയോഗത്തിലേക്കും, സമൂഹത്തിന്റെ അധോഗതിയിലേക്കും നയിച്ചു എന്നതിൽ രണ്ടഭിപ്രായമില്ല.

മാനുഷിക വിഭവങ്ങൾ

നമ്മുടെ പഞ്ചായത്തിലെ 11 ഗ്രാമസഭകളിലും വിഭവസമാഹരണങ്ങൾ നടത്തുവാനുള്ള കാര്യമാത്രപ്രസക്തമായ ചർച്ചയും തീരുമാനവും ഉണ്ടായി എന്നതുതന്നെ ഒരു പുത്തൻ വികസന സംസ്കാരത്തിന്റെ നാന്ദിയാണ്. ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വിഭവം മാനവശേഷിയാണ്. പഞ്ചായത്തിലെ 5/1 ആളുകൾക്ക് പണിയെടുക്കാൻ ആഗ്രഹമുണ്ടെങ്കിൽ പോലും പര്യാപ്തമായ പണിയില്ലാത്ത അവസ്ഥായുണ്ട്.

ശാരീരികവും ബൗദ്ധികവുമായ ശേഷിയെ മുതലാക്കിയെടുക്കുന്നതിന് പര്യാപ്തമായ സാഹചര്യവും, സന്ദർഭവുമില്ലാത്ത അവസ്ഥയുമുണ്ട്. ഇവരെ സന്നദ്ധപ്രവർത്തനങ്ങളിലൂടെ കർമ്മരംഗത്ത് കൊണ്ടുവന്ന് പരമാവധി മുതലെടുക്കാൻ കഴിയണം. ഇതിന് വേണ്ടി സാങ്കേതികപരിജ്ഞാനവും സാമ്പത്തികവും സമാഹരിയ്ക്കാനാകും.

നമ്മുടെ പഞ്ചായത്തിൽനിന്നും വിദേശങ്ങളിൽ പണിയെടുക്കുന്ന നിരവധി സാമ്പത്തികശേഷിയുള്ളവരുണ്ട്. അവരെ സജീവമായി രംഗത്ത്കൊണ്ടവന്ന്

പ്രോത്സാഹനം നൽകിയാൽ അവരുടെ സമ്പത്തിന്റെ നല്ലൊരുഭാഗം ആധുനിക കാർഷിക,ചെറുകിട, വൻകിട വ്യവസായ മേഖലകളിലേക്ക് വിനിയോഗിക്കാൻ കഴിയും. തന്മൂലം നാടിനെ പുരോഗതിയിലേക്ക് നയിക്കാനും തൊഴിലില്ലായ്മ ഒരു പരിധിവരെ പരിഹരിക്കാനും കഴിയും. സാങ്കേതികപരിജ്ഞാനമുള്ളവരും അനുഭവസമ്പത്തുള്ളവരും നിരവധി നമ്മുടെ നാട്ടിലുണ്ട്. അവിദഗ്ധരെ പരിശീലിപ്പിക്കുന്നതിനും അതുമൂലം തൊഴിലാളികളുടെ വൈദഗ്ധ്യംവർദ്ധിപ്പിക്കുന്നതിനും പര്യാപ്തമാകും. അതു തൊഴിലാളികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും പണിയെടുക്കാതെ മാറിനിൽക്കാതെ മാറിനിൽക്കുന്ന ആളുകളുടെ ജാള്യതമാറ്റി തൊഴിൽമേഖലയിലേക്ക് കടന്നുവരുന്നതിന് പ്രോത്സാഹിപ്പിക്കുകയും ചെയ്യും. കായികവും ബൗദ്ധികവും സാങ്കേതികവും സാങ്കേതികവുമായ ജോലിചെയ്യാൻ കഴിയുന്ന ആളുകൾ ആലസ്യംവിട്ടുണർന്ന പാടത്തേക്കും, പണിശാലയിലേക്കും തൊഴിൽശാലയിലേക്കും പോയി അദ്ധ്വാനിയ്ക്കുവാനും അതുമൂലം സമൂഹത്തെ സേവിയ്ക്കാനുള്ള ഒരു പുതിയ അവബോധം വളർത്തിയെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

എന്നെകൊണ്ട് ഒന്നും കഴിയില്ലെന്ന ധാരണമാറ്റി എന്നെ കൊണ്ടും ഈ പണിചെയ്യാനാകും എന്ന ആത്മധൈര്യം ഓരോ രുത്തരും നേടിയെടുക്കുകയും അതിന് വേണ്ടിപൂർണ്ണമനസ്സോടെ മുന്നോട്ട് വരുകയും ചെയ്യുകഎന്നത് പുതിയവികസന സംസ്കാ രത്തിന്റെ ഭാഗമാകണം. ഇപ്പോൾ നിലനില്ക്കുന്ന കോൺട്രാക്ട് വ്യവസ്ഥമാറ്റാനും വികസനപ്രവർത്തനങ്ങൾ കൂടുതൽ ജനകീ യമാക്കാനും പ്രാദേശികസമിതി കളുടേയും സന്നദ്ധസംഘടന കളുടേയും മേൽനോട്ടത്തിൽ അഴിമതിരഹിതമായ നിർമ്മാണ പ്രവർത്തനങ്ങൾക്ക് നടത്താനും കഴിയണം.

പഞ്ചായത്ത് വരുമാനങ്ങൾ

നമ്മുടെ പഞ്ചായത്തിലെ പ്രധാനവരുമാനമാർഗ്ഗങ്ങൾ സർക്കാർ ഗ്രാന്റുകളും നികുതിയുമാണ്. പ്രധാന നികുതിവരു മാനമാർഗ്ഗങ്ങൾ കെട്ടിടനികുതിയും തൊഴിൽനികുതിയുമാണ്. കൂടാതെ പ്രദർശനനികുതി, ചന്തവരവ്, ലൈസൻസ് ഫീസ്, മണൽലേലം, വസ്തുകൈമാറ്റനികുതി എന്നിവയാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്ത് നികുതികൾ തക്കസമയത്ത് പിരിച്ചെടുക്കു ന്നതിൽ വീഴ്ചവരുത്തുന്നു.

2. പഞ്ചായത്തിലുള്ള ധനകാര്യസ്ഥാപനങ്ങൾ വികസന പ്രവർത്തനങ്ങൾക്കായി ധനം വിനിയോഗിക്കുന്നില്ല.

3. മനുഷ്യന്റെ കായികശേഷിയും, ബൗദ്ധികശേഷിയും പൂർണ്ണതോതിൽ വിനിയോഗിക്കുന്നില്ല.

4. കച്ചവടസ്ഥാപനങ്ങൾക്ക് നിർബന്ധമായും ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുക.

5. വികസനപ്രവർത്തനങ്ങൾ ജനകീയ സമിതിയെ ഏല്പി ക്കുക.

നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. കെട്ടിടങ്ങളുടെ നികുതിനിർണ്ണയത്തിലെ ന്യൂനതകൾ പരി ഹരിക്കുകയും അത് സമയോചിതമായി അടയ്ക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുക. കെട്ടിടം ഉടമസത്യസന്ധമായ വിവ രങ്ങൾ കാണിച്ച് നികുതിനിർണ്ണയത്തിന് അപേക്ഷനൽകു ന്നുണ്ടോ എന്ന് പരിശോധിയ്ക്കേണ്ടതും അല്ലാത്തപക്ഷം നട പടിസ്വീകരിക്കേണ്ടതുമാണ്.

2. നിലവിലുള്ള പബ്ലിക്മാർക്കറ്റുകൾ നടത്തിയ്ക്കുന്നതിൽ നാട്ടുകാരെ ബോധവൽക്കരിക്കുകയും, മാർക്കറ്റിന്റെ നില നിൽപ്പും വളർച്ചയും നാടിന്റെ വളർച്ചയാണന്ന ബോധം അവ രിലുണ്ടായിതീർക്കുകയും ന ട്ടിലെ ഉൽപ്പന്നങ്ങൾ മാർക്കറ്റിൽ കൊണ്ടുവന്നുതന്നെ കച്ചവടം ചെയ്യാൻ ബഹുജനങ്ങൾ തയ്യാ റാകുകയും വേണം. യാതൊരുകാരണവശാലും പബ്ലിക്മാർക്ക റ്റിന് പുറത്ത് മത്സ്യം, ഇറച്ചി തുടങ്ങിയസാധനങ്ങൾ കൊണ്ട് വെച്ച് വിൽക്കരുതെന്ന് ബഹുജനങ്ങൾ കച്ചവടക്കാരെ നിഷ്കർഷിക്കുകയും വേണം.

3. കൂടുതൽ പൊതുചന്തകൾ ആരംഭിച്ചും ഫീസ് ഏർപ്പെടു ത്തിയാൽ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

4. പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് മാസത്തിലൊ രിക്കലെങ്കിലും ഒരു കന്നുകാലി ചന്തആരംഭിയ്ക്കുക.

5. പഞ്ചായത്ത് വകയായി ഒരു കമ്യൂണിറ്റിഹാൾ കല്യാണമ ണ്ഡപം നിർമ്മിച്ച് ഫീസ് ഈടാക്കുക.

6. പഞ്ചായത്ത് പ്രദേശങ്ങളിൽ നിന്നും സ്വരൂപിക്കുന്ന നിക്ഷേപങ്ങളുടെ ഭൂരിഭാഗവും ഈ പഞ്ചായത്തിൽ നിന്നുതന്നെ വിനിയോഗിക്കത്തക്കവിധത്തിൽ ധനകാര്യസ്ഥാപനങ്ങളെ പ്രേരി പ്പിക്കുക.

7. പ്ലാന്റേഷൻ ടാക്സ് ഈടാക്കുക.

8. ചുടുകട്ട, പാറകൊറി മേഖലകളിൽ പുതുക്കിയനിരക്കിൽ ലൈസൻസ് ഫീസ് ഏർപ്പെടുത്തുക. പാറകൊറി തുടങ്ങിയ മറ്റു സ്ഥാപനങ്ങൾ പഞ്ചായത്തിന്റെ മുൻകൂട്ടിയ അനുവാദംവാ ങ്ങിയേ തുടങ്ങാവൂ എന്ന് നിഷ്കർഷിക്കുക.

9. പുതുക്കിയ നിരക്കിൽ മുഴുവൻകച്ചവടസ്ഥാപനങ്ങൾക്കും ലൈസൻസ്ഫീസും, കരവും ഏർപ്പെടുത്തുക.

10. കുടിൽവ്യവസായങ്ങളും, ചെറുകിടവ്യവസായങ്ങളും നട ത്താൻ പ്രേരിപ്പിക്കുക.

11. വിദേശവരുമാനമുള്ളവരും, സാമ്പത്തികശേഷിയുള്ള വരും പഞ്ചായത്തിൽ ഷോപ്പിംഗ് സെന്ററുകളും കല്യാണമണ്ഡ പങ്ങളും വ്യവസായസ്ഥാപനങ്ങളും നടത്തുന്നതിന് പ്രേരിപ്പി ക്കുക.

12. പഞ്ചായത്തിൽ സ്ഥാപിക്കുന്നവാണിജ്യ പരസ്യ ബോർഡുകൾക്ക് ഫീസ് ഈടാക്കുക.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

സമയബന്ധിത പരിപാടി

1996 ജൂലൈ	പരിപാടിക്ക് പ്ലാനിംഗ് ബോർഡും കേരള സർക്കാരും അംഗീകാരം നല്കുന്നു.
ആഗസ്റ്റ് 1–15	കരട് പരിപാടിയെകുറിച്ച് വിവിധ തലങ്ങളിലുള്ള കോൺഫ്രൻസുകൾ
ആഗസ്റ്റ് – 17	ജനകീയആസൂത്രണ പ്രസ്ഥാനത്തിന്റെ ഔപചാരിക ഉത്ഘാടനം
	ഉന്നതതല മാർഗ്ഗനിർദ്ദേശക സമിതിയുടെ പ്രഥമയോഗം
ആഗസ്റ്റ് 15–21	കോഴിക്കോട് സംസ്ഥാനതല പരിശീലനം
ആഗസ്റ്റ് 16–22	തൃശൂർ സംസ്ഥാനതല പരിശീലനം
ആഗസ്റ്റ് 18–24	തിരുവനന്തപുരം സംസ്ഥാനതല പരിശീലനം
ആഗസ്റ്റ് 30–സെപ്തംബർ 13	ജില്ലാതല പരിശീലനങ്ങൾ
സെപ്തംബർ 14 – ഒക്ടോബർ 2	ഗ്രാമസഭകൾ/വാർഡ് കൺവൻഷനുകൾ
ഒക്ടോബർ 2 – ഒക്ടോബർ 13	രണ്ടാംഘട്ട പരിശീലനം
ഒക്ടോബർ 13 – നവംബർ 10	ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ സെമിനാറുകൾ
നവംബർ 10 – ഡിസംബർ 10	ഗ്രാമപഞ്ചായത്ത്/മുനിസിപ്പൽ തല ടാസ്ക് ഫോഴ്സുകളുടെ പ്രവർത്തനം
ഡിസംബർ 10 – ഡിസംബർ 25	പഞ്ചായത്ത്/മുനിസിപ്പൽ പദ്ധതിക്ക് രൂപം നൽകൽ
ഡിസംബർ 25 – ജനുവരി 25	ബ്ലോക്ക്തല സെമിനാറുകൾ
1997 ജനുവരി 26 മുതൽ	ജില്ലാതല സെമിനാറുകൾ
ഫെബ്രുവരി അവസാനം	9–ാം പദ്ധതി കരടുരേഖയെകുറിച്ചുള്ള സംസ്ഥാനതല കോൺഗ്രസ്

പങ്കെടുക്കുക | സഹകരിക്കുക

അധികാരം ജനങ്ങളിലേക്ക്

ഒൻപതാം പദ്ധതി ജനകീയപദ്ധതി